# മുഹമ്മദ് നബി (صلى الله عليه وسلم)

## ചരിത്ര സംഗ്രഹം


തയ്യാറാക്കിയത്:

അബ്ദുൽലത്തീഫ് സുല്ലമി മാറഞ്ചേരി.



MALAYALAM 0701011

ഇസ്‌ലാമിക് ഗൈഡൻസ് സെൻറർ സുലൈ (റിയാദ്)

പി. ബി. 1419, റിയാദ് 11431. ഫോ: 2414488, ഫാ: 2411733.

E.mail : sulay5@hotmail.com



الكتب الأجنبية (١٠١)


# سيرة النبي صلى الله عليه وسلم


إعداد

قسم الترجمة بالمكتب



٠٧٠١٠١١ مليباري

المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي

ص .ب. ١٤١٩ الرياض ١١٤٣١ هاتف ٢٤١٠٦١٥ ناسوخ ٢٣٢ - ٢٤١٤٤٨٨

sulay5@hotmail.com : البريد الالكتروني

# മുഹമ്മദ് നബി (ﷺ)
## ചരിത്ര സംഗ്രഹം

തയ്യാറാക്കിയത്:
**അബ്ദുൽ ലത്തീഫ് സുല്ലമി, മാറഞ്ചേരി**

سيرة النبي صلى الله عليه وسلم

إعداد:

عبد اللطيف السلّمي



**നിന്നെ (മുഹമ്മദിനെ) നാം മനുഷ്യർക്ക് ആകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായിട്ടാണ് അയച്ചിരിക്കുന്നത്. പക്ഷെ മനുഷ്യരിൽ അധികപേരും (അത്) അറിയുന്നില്ല.**
**(വിശുദ്ധ ഖുർആൻ 34:28)**

**(പ്രവാചകരേ), പറയുക: മനുഷ്യരേ തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ പ്രവാചകനാകുന്നു.**
**(വിശുദ്ധ ഖുർആൻ 7: 157)**

# ആമുഖം

സർവ്വസ്തുതിയും ജഗന്നിയന്താവും പരിപാലകനുമായ അല്ലാഹുവിന്ന്, അവനെ വാഴ്ത്തുകയും, അവനോട് മാത്രം സഹായം തേടുകയും ചെയ്യുന്നു. അവനോട് മാത്രം പശ്ചാത്തപിക്കുകയും എല്ലാ വിധ മാനസിക ദൂഷ്യങ്ങളിൽ നിന്നും അവനോട് രക്ഷതേടുകയും ചെയ്യുന്നു. അവൻ സന്മാർഗ്ഗത്തിലാക്കിയവരെ പിഴപ്പിക്കാനാർക്കും സാധ്യമല്ല; അവൻ പിഴവിലാക്കിയവർക്ക് മാർഗ്ഗ ദർശനം നൽകാനും ആരുമില്ല.

അല്ലാഹു അവനല്ലാതെ ആരാധനക്കർഹനായി ആരുമില്ലെന്നും മുഹമ്മദ് നബി(സ) അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹു അദ്ദേഹത്തിനും കുടുംബത്തിനും ബന്ധുമിത്രാദികൾക്കും അവൻെറ കരുണാ കടാക്ഷങ്ങൾ ചൊരിഞ്ഞ് അനുഗ്രഹിക്കുമാറാകട്ടെ (ആമീൻ).

നബിചരിത്രം സരളമായി പ്രതിപാദിക്കുന്ന ഒരു ലഘു കൃതിയാണ് നിങ്ങളുടെ കൈകളിലിരിക്കുന്നത്. സർവ്വാംഗീകൃതമായ ചരിത്ര ഗ്രന്ഥങ്ങളാണ് ഇതിൻെറ രചനക്കായി അവലംബിച്ചിട്ടുള്ളത്. ഇതോടൊപ്പം പ്രവാചക പത്നിമാർ, നബി(സ)യുടെ സന്താനങ്ങൾ, സ്വർഗ്ഗം കൊണ്ട് സുവിശേ ഷമറിയിക്കപ്പെട്ട പത്ത് പേരുടെ ചെറുവിവരണം എന്നിവക്ക് പുറമെ നബി(സ)യോട് നമുക്കുള്ള കടപ്പാടുകൾ എന്നിവയും ഹ്രസ്വമെങ്കിലും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നവാഗതരായ മുസ്‌ലിം സഹോദരങ്ങൾക്ക് പ്രവാചക ചരിത്രം മനസ്സിലാക്കാൻ ഉപകരിക്കുന്ന ഒരു കൃതിയുടെ



മുഹമ്മദ് നബി(ﷺ) ചരിത്ര സംഗ്രഹം سيرة النبي صلى الله عليه وسلم

കുറവ് ജാലിയാത്തുകളിൽ നിന്നും പുറത്തിറക്കപ്പെട്ട പുസ്തകങ്ങൾക്കിടയിൽ അനുഭവപ്പെട്ടതാണ് ഇങ്ങിനെ ഒരു ചരിത്ര രചനക്ക് എന്നെ പ്രേരിപ്പിച്ചത്. അല്ലാഹുവിൻെറ അനുഗ്രഹത്താൽ അത് ഏറെക്കുറെ പൂർത്തിയാക്കി വായനക്കാരായ നിങ്ങളുടെ കരങ്ങളിലേക്ക് ഏൽപ്പിക്കുകയാണ്. തികച്ചും കുററമററതാണ് എന്ന് അവകാശപ്പെടുന്നില്ല. വിലയിരുത്തേണ്ടത് നിങ്ങളാണ്. തെററുകൾ മനുഷ്യസഹജമാണല്ലൊ; കാണുന്നവർ ഗുണകാംക്ഷാ മനസ്സോടെ ചൂണ്ടിക്കാണിക്കണമെന്ന് ഉണർത്തുന്നു.

ശൈഖ് മുഹമ്മദ് ബ്നു അബ്ദുൽ വഹാബ്(റ) യുടെ മുഖ്തസ്വറു സീറത്തുർറസൂൽ, സീറതു ഇബ്നു ഹിഷാം, സ്വഫിയ്യുർ റഹ്മാൻ മുബാറക്പൂരിയുടെ റഹീഖുൽ മഖ്തൂം. മുഹമ്മദ് അബൂശഹ്ബയുടെ സീറത്തുന്നബവിയ്യ എന്നീ പ്രസിദ്ധ ചരിത്രഗ്രന്ഥങ്ങളാണ് പ്രധാനമായും ഇതിന് അവലംബമാക്കിയിട്ടുള്ളത്.

പ്രവാചകൻ (സ)യെ സ്നേഹിക്കുകയും അദ്ദേഹത്തിൻെറ ചര്യകൾ ജീവിതത്തിൽ പകർത്തുകയും ചെയ്യാൻ ഈ കൃതി പ്രചോദനമായിത്തീരട്ടെ എന്ന് ആശിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അല്ലാഹുവേ, ഇതൊരു സൽകർമ്മമായി ഞങ്ങളിൽ നിന്ന് സ്വീകരിക്കേണമേ. ഇതിൽ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാവർക്കും മതിയായ പ്രതിഫലം നൽകുകയും ചെയ്യേണമേ (ആമീൻ).

റിയാദ്: അബ്ദുൽലത്തീഫ് സുല്ലമി മാറഞ്ചേരി
2/8/2003 ഇസ്‌ലാമിക് ഗൈഡൻസ് സെൻറർ
സുലൈ (റിയാദ്) സൗദി അറേബ്യ
ഫോൺ: 2414488. ഫാക്സ് 2411733.

## കുടുംബവും പിതാമഹൻമാരും

സുഊദി അറേബ്യയിലെ ഹിജാസ് പ്രവിശ്യയിൽ പെട്ട മക്കയിലെ പ്രമുഖ ഗോത്രമായിരുന്ന ഖുറൈശി ഗോത്രത്തിലെ ഉന്നതമായ ഹാഷിം കുടുംബമാണ് പ്രവാചകൻ(സ) യുടെ കുടുംബ പാരമ്പര്യം.

അദ്ദേഹത്തിൻെറ പ്രപിതാക്കൾ താഴെ പറയും പ്രകാരമാണെന്നാണ് ചരിത്രകാരൻമാർ രേഖപ്പെടുത്തുന്നത്. അബ്ദുല്ല, അബ്ദുൽ മുത്തലിബ്, ഹാശിം, അബ്ദുമനാഫ്, ഖുസ്വയ്യ്, കിലാബ്, മുർറത്ത്, കഅബ്, ലുഅയ്യ്, ഗാലിബ്, ഫിഹ്റ്, മാലിക്, നുള്വറ്, കിനാന:, ഖുസൈമ:, മുദ്‌രിക:, ഇൽയാസ്, മുള്വറ്, നിസാർ, മുഅദ്ദ്, അദ്നാൻ . ഇത്രയും പറയപ്പെട്ട പരമ്പര ഇമാം ബുഖാരി തൻെറ സ്വഹീഹിൽ രേഖപ്പെടുത്തിയതാണ്. (ഫത്ഹുൽ ബാരി 7/169) അദ്നാൻ ഇബ്റാഹീം(അ)യുടെ മകൻ ഇസ്മാഈൽ (അ) യുടെ സന്തതികളിൽ പെട്ട വ്യക്തിയുമാണ്. ഇത്രയും ചരിത്രകാരന്മാരാൽ ഏകാഭിപ്രായമുള്ളതാണ്. എന്നാൽ ആദം(അ) വരെ ചെന്നെത്തുന്ന പരമ്പരകളും ഇബ്നു ഇസ്ഹാഖിനെ പോലുള്ള ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.
മാതാവ് ഖുറൈശിയിൽ പെട്ട ആമിനയും അവരുടെ പരമ്പരയും താഴെ പറയും പ്രകാരം പിതാവിൻെറ പരമ്പരയി ൽ തന്നെ ചെന്നെത്തുന്നതാണ്.

ആമിന അവരുടെ പിതൃ പരമ്പര വഹബ്, അബ്ദുമനാഫ്, സുഹ്റ:, കിലാബ്, മുർറത്ത്, കഅബ്, ലുഅയ്യ് . . . . . . .
പിതാവ് നബി(സ)യുടെ ജനനത്തിന് രണ്ട് മാസം മുമ്പ് തന്നെ മരണപ്പെട്ടിരുന്നു എന്നതാണ് ചരിത്ര രേഖകളിലെ പ്രബലമായ അഭിപ്രായം.





പിതൃവ്യന്മാർ: ഹാരിഥ്, സുബൈർ, ഹംസ, അബ്ബാസ്, അബൂലഹബ്, അബൂത്വാലിബ് എന്നിവരാണ്. ഇവരിൽ ഹംസ, അബ്ബാസ് എന്നിവർ മാത്രമാണ് ഇസ്‌ലാം ഉൾക്കൊണ്ടവർ.
അമ്മായിമാർ (പിതൃ സഹോദരിമാർ): സ്വഫിയ്യ: ഇവർ മുസ്‌ലിമാവുകയും ഹിജ്റ: പോവുകയും ചെയ്തിട്ടുള്ള മഹ തിയാണ്, മറെറാരാൾ അർവ എന്നവരുമാണ്.

## ജനനം

ക്രിസ്താബ്ദം 571 ഏപ്രിൽ 20 ന്, റബീഉൽ അവ്വലിൽ ഒരു തിങ്കളാഴ്ചയായിരുന്നു ലോകാനുഗ്രഹിയായ ആ പുണ്യ പുരുഷൻെറ ജനനം. അത് റബീഉൽ അവ്വലിലെ ഏത് തിയ്യതിയിലായിരുന്നു എന്ന കാര്യത്തിൽ ചരിത്രകാരന്മാർ ഏകാഭിപ്രായക്കാരല്ല. റബീഉൽ അവ്വൽ പന്ത്രണ്ടിനാണെന്ന് പ്രചരിക്കപ്പെട്ടിട്ടുണ്ടെങ്കിലും രണ്ട്, എട്ട്, പത്ത്, പതിനേഴ്, ഇരുപത്തിരണ്ട് എന്നിങ്ങനെ വ്യത്യസ്ത തീയതികളാണെന്ന അഭിപ്രായമുള്ളവരുമുണ്ട് എന്ന് ഇബ്നു കഥീർ (റ) തൻെറ പ്രസിദ്ധ ചരിത്ര ഗ്രന്ഥമായ 'അൽ ബി ദായ വന്നിഹായ 2/260' ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂ ടാതെ ഒമ്പതിനാണെന്ന അഭിപ്രായം വേറെയുമുണ്ട്. ഒരു പക്ഷേ ഇത് അല്ലാഹുവിൻെറ മുൻകൂട്ടിയുള്ള ഒരു തീരു മാനമാകാം ജന്മദിനത്തിൻെറ പേരിൽ പിൽക്കാലത്ത് ഒരു ദുരാചാരം ഉടലെടുക്കാതിരിക്കാനായിരിക്കും എന്ന് മത ബോധമുള്ളവർക്ക് മനസ്സിലാക്കാൻ പ്രയാസമുണ്ടാവുക യില്ല. (കൂടുതൽ അല്ലാഹുവിനറിയാം).

നബി(സ) യുടെ ജനനം നടന്നത്, യമനിലെ ചക്രവർത്തിയായിരുന്ന അബ്രഹത്ത് ഒരു കൂട്ടം ആനകൾ അടങ്ങിയ

സൈന്യവുമായി കഅബാലയം പൊളിക്കാൻ ശ്രമിച്ചു പ രാജയപ്പെട്ട സംഭവം നടന്ന അതേ വർഷമായിരുന്നു പ്ര സ്തുത സംഭവം അനുസ്മരിച്ചുകൊണ്ട് ചരിത്രകാരന്മാർ ആ വർഷത്തിന് ആനക്കലഹ വർഷം (ആമുൽ ഫീൽ) എ ന്നാണ് പറഞ്ഞു വന്നിരുന്നത്. (ഇവിടെ സൂചിപ്പിക്കപ്പെട്ട കഅബ പൊളിക്കാൻ ശ്രമം നടത്തിയവരെ അല്ലാഹു പ രാജയപ്പെടുത്തിയ സംഭവം വിശുദ്ധ ഖുർആനിൽ 105ാം അദ്ധ്യായമായ സൂറത്തുൽ ഫീലിൽ വിവരിക്കുന്നുണ്ട്).

## ശൈശവം

ജനനത്തിന് മുമ്പ് തന്നെ പിതാവ് മരണപ്പെട്ട് അനാഥനാ യി പിറന്ന കുഞ്ഞിൻെറ സംരക്ഷണം പിതാമഹനായ അ ബ്ദുൽ മുത്തലിബ് ആയിരുന്നു ഏറെറടുത്തത്. പുത്രൻ അബ്ദുല്ലയുടെ വേർപാടിൽ ദു:ഖിതനായിരുന്ന അബ്ദുൽ മുത്തലിബ് കുഞ്ഞിനെ അതിരററ ലാളനയിൽ വളർത്തു കയും മുഹമ്മദ് എന്ന് പേരിടുകയും ചെയ്തു.

നബി(സ)യെ സംരക്ഷിക്കുവാനും താരാട്ട് പാടി മുല യൂട്ടുവാനും മാതാവായ ആമിനക്ക് പുറമെ മററ് പലർ ക്കും ഭാഗ്യം കിട്ടിയിട്ടുണ്ട്. അവരിൽ പെട്ടവരാണ് പി താവിൽ നിന്നും അനന്തരമായി ലഭിച്ച ഉമ്മു ഐമൻ (അ വരുടെ യഥാർത്ഥ പേർ ബറക: എന്നാണ്) എന്ന അടിമ സ്ത്രീയും, തൻെറ പിതൃവ്യനായ അബൂലഹബിൻെറ അ ടിമയായിരുന്ന ഥുവൈബ:യും. ഇക്കാര്യം ബുഖാരിയും, ഇബ്നുകഥീർ അൽബിദായ: വന്നിഹായയിലും രേഖപ്പെ ടുത്തിയിട്ടുണ്ട്. പ്രകൃതി രമണീയമായ ഗ്രാമാന്തരീക്ഷ ത്തിലെ പരിശുദ്ധതയിൽ വളരുവാനും അതോടൊപ്പം ക ലർപ്പില്ലാത്ത ശുദ്ധമായ അറബി ഭാഷ സ്വായത്തമാക്കു വാനും വേണ്ടി കുഞ്ഞുങ്ങളെ ഗ്രാമീണസ്ത്രീകളെ ഏ





ൽപ്പിക്കൽ അക്കാല ഘട്ടത്തിൽ പതിവായിരുന്നു. പ്രസ് തുത നാട്ടുനടപ്പ് അനുസരിച്ച് ബനൂസഅദ് ഗോത്രത്തി ലെ സ്ത്രീകൾ കുട്ടികളെ ഏറെറടുക്കാനായി മക്കയിലെ ത്തുകയും സമ്പന്നരുടെ വീടുകളിൽ നിന്നും കുട്ടികളെ ഏറെറടുത്ത് തിരിച്ചു പോവുകയും ചെയ്തു. പലരും അ ബ്ദുൽ മുത്തലിബിൻെറ വീട്ടിലെത്തിയിരുന്നെങ്കിലും അ വിടുത്തെ ദരിദ്രാവസ്ഥ മനസ്സിലാക്കി അനാഥനായ കു ട്ടിയെ ഏറെറടുക്കാതെ മടങ്ങിപ്പോവുകയാണുണ്ടായത്. എന്നാൽ കുട്ടികളെ ഏറെറടുക്കാനായി വീട്ടിൽ നിന്നും ഇറങ്ങിത്തിരിച്ചിരുന്ന ഹലീമ: എന്ന സ്ത്രീ മററു കുട്ടിക ളെയൊന്നും ലഭിക്കാത്തത് കാരണം ദരിദ്രനും യത്തീമു മായ മുഹമ്മദിനെ തന്നെ ഏറെറടുത്തു. ഇതാകട്ടെ അ വരിൽ ഏററവും കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കുവാ നും മററു കൂട്ടുകാരികളെല്ലാം അസൂയപ്പെടുന്ന വിധ ത്തിലുള്ള ഒരവസ്ഥയിലേക്ക് അവരെ എത്തിക്കുകയും ചെയ്തു. പതിവനുസരിച്ച് മുലകുടി പ്രായം കഴിഞ്ഞ് കു ട്ടിയെ മാതാവിനെ തിരിച്ചേൽപ്പിക്കുവാനായി കൊണ്ടു ചെ ന്നെങ്കിലും തങ്ങളുടെ അതീവ താൽപ്പര്യമനുസരിച്ച് മാ താവിൻെറ സമ്മതപ്രകാരം കുറച്ചു കാലം കൂടി, തങ്ങൾ ക്ക് നഷ്ടപ്പെടുമെന്ന് കരുതിയ ആ കാലം അവർക്ക് തി രിച്ചു കിട്ടിയ സന്തോഷത്തോടെ അവർ കുഞ്ഞിനേയും കൊണ്ട് വീട്ടിലേക്ക് മടങ്ങി.

ഈ കാലഘട്ടത്തിൽ മുലകുടിയിലുള്ള തൻെറ സഹോദ രങ്ങളുമൊത്ത് ആടുകളെ മേക്കാൻ പോകുക പ്രവാചക ൻെറ പതിവായിരുന്നു. അങ്ങിനെ ഒരിക്കൽ ആടുകളെ മേക്കുന്നതിനിടയിൽ, വെളുത്ത വസ്ത്രം ധരിച്ച്, മനുഷ്യ രൂപത്തിൽ ജിബ്രീൽ എന്ന മാലാഖ നബിയുടെ അടുക്ക ൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തെ പിടിച്ചു മലർത്തിക്കിട ത്തി. ശേഷം അവിടുത്തെ നഞ്ച് പിളർത്തി, ഹൃദയം പുറ

ത്തെടുത്ത് അതിൽ നിന്നും പൈശാചികം എന്ന് പറഞ്ഞ് ഒരു രക്ത പിൺഡം എടുത്ത് കളഞ്ഞ് ശേഷം ഹൃദയം ഒരു സ്വർണ്ണത്തളികയിൽ വെച്ച് സംസം വെള്ളംകൊണ്ട് കഴുകിയ ശേഷം തൽസ്ഥാനത്ത് വെച്ച് പൂർവ്വാവസ്ഥയി ലേക്ക് മാററുകയും ചെയ്തു. (മുസ്ലിം 1/92) ഈ സംഭ വം കൂട്ടുകാരായി തന്നോടൊപ്പമുണ്ടായിരുന്ന കുട്ടികളേ യും, അവർ പറഞ്ഞതനുസരിച്ച് ഹലീമയേയും ഭയപ്പെ ടുത്തി. താമസിയാതെ കുട്ടിയെ മാതാവിനെതന്നെ തിരി ച്ചേൽപ്പിക്കുകയും ചെയ്തു; അന്ന് അദ്ദേഹത്തിന് ആറ് വയസ്സായിരുന്നു പ്രായം.

## മാതാവിൻെറ വിയോഗം

കുട്ടിയെ ഏററുവാങ്ങി അധികം താമസിയാതെ കുട്ടിയേ യും കൊണ്ട് ഭർത്താവിൻെറ ഖബർ സന്ദർശിക്കുന്നതിനാ യി അടിമയായിരുന്ന ഉമ്മു ഐമൻ ഒന്നിച്ച് മദീനയിലേ ക്ക് പോയി. ഒരു മാസക്കാലം അവിടെ കഴിച്ചു കൂട്ടി. ശേ ഷം മക്കയിലേക്കുള്ള മടക്കയാത്രയിൽ അബവാഅ് എ ന്ന സ്ഥലത്തെത്തിയപ്പോൾ മാതാവായ ആമിന രോഗി യാവുകയും അവിടെ വെച്ചുതന്നെ മരണപ്പെടുകയും ചെ യ്തു. പിന്നീട് പിതാവും മാതാവും നഷ്ടപ്പെട്ട കുട്ടിയുടെ സംരക്ഷണം പരിപൂർണ്ണമായും അബ്ദുൽ മുത്തലിബിൽ വന്നു ചേർന്നു. പക്ഷേ അധിക കാലം അദ്ദേഹത്തിനും അതിന് അവസരം ലഭിച്ചില്ല. പ്രവാചകൻ(സ)ക്ക് എട്ട് വയസ്സും ഏതാനും മാസങ്ങളും പ്രായമായ സമയത്ത് വാൽസല്യ നിധിയായിരുന്ന പിതാമഹനും കുഞ്ഞിനെ വി ട്ടുപിരിഞ്ഞു.





പിതാമഹനായിരുന്ന അബ്ദുൽ മുത്തലിബ് തൻെറ മര ണത്തിന് മുമ്പ്തന്നെ വസിയ്യത്ത് ചെയ്തതനുസരിച്ച് പി ന്നീട് പ്രവാചകൻെറ സംരക്ഷണചുമതല ഏറെറടുത്തത് പിതൃവ്യനായിരുന്ന അബൂത്വാലിബ് ആയിരുന്നു.

## പിതൃവ്യൻെറ ലാളനയിൽ

ധനികനല്ലെങ്കിലും തൻെറ സഹോദര പുത്രനെ പ്രയാസ ങ്ങളറിയിക്കാതെ എല്ലാ നിലക്കുമുള്ള സഹായങ്ങളും പ രിഗണനകളും നൽകി അബൂത്വാലിബ് സംരക്ഷിച്ചു പോ ന്നു. എന്നാൽ പ്രവാചകൻ(സ)യാകട്ടെ തനിക്കാവുന്ന കാര്യങ്ങളിലെല്ലാം പിതൃവ്യനെ സഹായിച്ചു പോന്നു. ബ നൂ സഅദ് ഗോത്രത്തിലെ ഹലീമാ ബീവിയോടൊത്തുള്ള കാലത്ത് തന്നെ ആടുകളെ മേക്കാൻ പരിചയിച്ച പ്രവാച കൻ അബൂത്വാലിബിൻെറ ആടുകളെ മേക്കൽ പതിവാ ക്കി. സ്വയം അദ്ധ്വാനത്തിലൂടെയുള്ള ജീവിതത്തിൻെറ മ ഹത്വം പ്രവാചകൻ അന്നുതന്നെ മനസ്സിലാക്കിയിരുന്നു, എന്നു വേണം കരുതാൻ. പ്രവാചകൻമാരെല്ലാം സ്വന്തം അദ്ധ്വാനത്തിലൂടെ ജീവിതം നയിച്ചവരായിരുന്നു എന്നും സ്വന്തം അദ്ധ്വാനത്തിലൂടെ കഴിക്കുന്ന ഭക്ഷണത്തേക്കാൾ ഉത്തമമായ ഭക്ഷണം ഒരാളും കഴിച്ചിട്ടില്ലെന്നും പ്രവാച കൻ വ്യക്തമാക്കിയത് ഹദീസു ഗ്രന്ഥങ്ങളിൽ കാണാവു ന്നതാണ്.

''ആടുകളെ മേച്ചിരുന്നവരെയല്ലാതെ അല്ലാഹു നബിയാ യി നിയോഗിച്ചിട്ടില്ല'' എന്നും ''ഞാൻ മക്കക്കാർക്ക് ഏതാ നും നാണയത്തുട്ടുകൾക്ക് ആടുകളെ മേച്ചിരുന്ന വ്യക്തി യായിരുന്നു''(ബുഖാരി) എന്ന് നബി(സ) പിന്നീട് വ്യക്ത മാക്കിയതും ഹദീസുകളിൽ കാണാവുന്നതാണ്.

## ക്രിസ്തീയ പാതിരിയുടെ കൂടിക്കാഴ്ച:

ആടുകളെ മേക്കുന്നതിൽ മാത്രം തൻെറ സഹോദര പുത്രൻ പ്രാവീണ്യം നേടിയാൽ പോര, എന്ന് മനസ്സിലാക്കിയ അബൂതാലിബ് കച്ചവടാവശ്യാർത്ഥമുള്ള തൻെറ ശാം യാത്രയിൽ പ്രവാചകനേയും കൊണ്ട്പോകാൻ തീർച്ചപ്പെടുത്തുകയും, രണ്ട്പേരും കൂടി യാത്രാസംഘത്തോടൊപ്പം പുറപ്പെടുകയും ചെയ്തു. വഴിമദ്ധ്യേ ബുസ്റ എന്ന സ്ഥലത്ത് എത്തിയപ്പോൾ വിശ്രമിക്കാനായി അവർ അവിടെ താവളമടിച്ചു. അന്നേരം അവിടെയുണ്ടായിരുന്ന ബുഹൈറ എന്ന് അറിയപ്പെട്ടിരുന്ന ജർജീസ് എന്ന് പേരുള്ള ക്രിസ്തീയ പാതിരി യാത്രാസംഘത്തിലുണ്ടായിരുന്ന പ്രവാചകനെ തിരിച്ചറിയുകയും അവരെ മാന്യമായി സൽ ക്കരിക്കുകയും ചെയ്തു. പതിവിനു വിപരീതമായി കച്ച വട സംഘക്കാർക്ക് അനുഭവപ്പെട്ട സൽക്കാരത്തിൽ അവ ർ അൽഭുതപ്പെടുകയും കാരണം തിരക്കുകയും ചെയ്ത പ്പോൾ പുരോഹിതൻ പ്രവാചക(സ)യുടെ കൈപിടിച്ച് ഇ പ്രകാരം പറഞ്ഞു: ''തീർച്ചയായും ഈ കുട്ടി ലോകത്തി ന് നേതാവായിത്തീരും ഇദ്ദേഹം ലോകാനുഗ്രഹിയായി നിയോഗിക്കപ്പെടാൻ പോകുന്ന പ്രവാചകനുള്ള എല്ലാ ല ക്ഷണങ്ങളും ഒത്തിണങ്ങിയ വ്യക്തിയായി ഞാൻ കാണു ന്നു.ഞങ്ങളുടെ വേദഗ്രന്ഥത്തിൽ സൂചിപ്പിക്കപ്പെട്ട പ്രവാ ചക മുദ്രപോലും ഞാൻ ഇദ്ദേഹത്തിൽ കാണുന്നുണ്ട്. അത്കൊണ്ട് യഹൂദ ഭൂരിപക്ഷ പ്രദേശമായ ശാമിലേക്ക് ഇദ്ദേഹത്തെ കൊണ്ടുപോകാതിരിക്കുക''ഇത്രയും കേട്ടപ്പോൾ ശാമിലേക്ക് പ്രവാചകനെ കൊണ്ടുപോകാതിരിക്കലാണ് ഉത്തമമെന്ന് മനസ്സിലാക്കിയ അബൂത്വാലിബ് അദ്ദേഹ





ത്തെ മക്കയിലേക്ക് തന്നെ മടക്കി അയച്ചു. അന്ന് പ്രവാചകന് പന്ത്രണ്ട് വയസ്സായിരുന്നു പ്രായം.

## വ്യാപാര രംഗത്തേക്ക്

പ്രവാചകൻ (സ) ബാല്യത്തിൽ ആടുകളെ മേച്ചായിരുന്നു കഴിഞ്ഞുകൂടിയത് എങ്കിൽ കച്ചവടരംഗത്ത് ആയിരുന്നു തൻെറ യുവത്വം കഴിച്ചുകൂട്ടിയത്. അക്കാലത്തെ പ്രമുഖ കച്ചവടക്കാരിയായിരുന്ന ഖുവൈലിദിൻെറ മകൾ ഖദീജ(റ) പ്രവാചകൻെറ സത്യസന്ധതയും സ്വഭാവ മഹിമയും കേട്ടറിഞ്ഞ് പ്രവാചകനെ തൻെറ വ്യാപാര രംഗത്തേ ക്ക് ക്ഷണിച്ചു. നല്ല തുക കൂലിയായി വാഗ്ദാനം ചെയ്യുക യും ചെയ്തു. സാമ്പത്തിക പരാധീനതകളാൽ പ്രയാസ പ്പെട്ടിരുന്ന അബൂത്വാലിബിനും ഇത് ആശ്വാസമായി. അ ങ്ങിനെ പ്രവാചകൻ അബൂത്വാലിബിൻെറ സമ്മതപ്രകാരം ഖദീജയുടെ കച്ചവടച്ചരക്കുമായി തൻെറ ഇരുപത്തഞ്ച് വയസ്സിനോടടുത്ത സമയത്ത് സിറിയയിലേക്ക് യാത്ര ചെയ്തു. കൂടെ സഹായത്തിനായി ഖദീജ(റ)യുടെ ഭൃത്യനായിരുന്ന മൈസറയുമുണ്ടായിരുന്നു.

മുഹമ്മദ് (സ)യെ തൻെറ കച്ചവടത്തിൻെറ നേതൃത്വം ഏൽപ്പിച്ചതിന് ശേഷമുണ്ടായ പുരോഗതിയിലും നേട്ടങ്ങളിലുമെല്ലാം ഖദീജ(റ) അങ്ങേയററം സന്തുഷ്ടയായിത്തീർന്നു. അതോടൊപ്പം തൻെറ ഭൃത്യനായിരുന്ന മൈസറയിൽ നിന്നും കേട്ടറിഞ്ഞ പ്രവാചകൻെറ സ്വഭാവമഹിമയും സത്യസന്ധതയും വിശ്വസ്തതയും യാത്രാവിവരണവുമെ ല്ലാം അവരിൽ അളക്കാനാകാത്ത സ്നേഹവും വിസ്മയ വുമുണ്ടാക്കി. ഇതെല്ലാം അവരുടെ മനസ്സിൽ ഒരു പുതിയ ചിന്തക്ക് തിരികൊളുത്തുകയും; മുഹമ്മദ് എന്ന ഈ ഖു റൈശി

യുവാവിനെ തനിക്ക് ഭർത്താവായി ലഭിച്ചെങ്കിലെ ന്ന് ആശിക്കുകയും ചെയ്തു.

## വിവാഹം

ഖദീജ(റ) തന്നിലുദിച്ച ആഗ്രഹം തൻെറ തോഴിയായ നുഫൈസയെ അറിയിക്കുകയും, പ്രവാചകൻെറ താൽപ്പര്യം അറിയുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഇക്കാര്യത്തെ സംബന്ധിച്ച് നുഫൈസ പ്രവാചകനോട് സംസാരിച്ചപ്പോൾ, താൻ അതിനുള്ള സാമ്പത്തിക ശേഷിയുള്ള വ്യക്തിയല്ലെന്നും, തന്നയുമല്ല പ്രമുഖരും സമ്പന്നരുമായ പലരും വിവാഹാഭ്യാർത്ഥന നടത്തി അതെല്ലാം നിരസിച്ചിട്ടുള്ള ഖദീജ(റ)യുമായി അതെങ്ങനെ തനിക്ക് സാധ്യമാകും എന്ന് മാത്രമായിരുന്നു പ്രവാചകൻെറ അന്നേരത്തെ മറുപടി. ഇക്കാര്യം നുഫൈസ ഖദീജ(റ)യെ അറിയിച്ചപ്പോൾ താങ്കളുടെ കുടുംബമഹിമ, വിശ്വസ്തത, സൽ സ്വഭാവം, സത്യസന്ധത എന്നിവയിലാണ് താൻ താൽപ്പര്യം കാണുന്നത്. അതിനാൽ തന്നെ മറെറാന്നും തനിക്ക് പ്രശ്നമല്ലെന്ന കാര്യം അദ്ദേഹത്തിനെ അറിയിക്കുകയും ചെയ്തു.

മുഹമ്മദ്(സ)യുടെ സമ്മതം അറിഞ്ഞ ഖദീജ(റ) ഇക്കാര്യം തൻെറ പിതൃവ്യനായ അംറുബ്നു അസദിനെ അറിയിക്കുകയും അദ്ദേഹം നബി(സ)യുടെ പിതൃവ്യനായ അബൂത്വാലിബിനോട് ഔപചാരികമായി അറിയിക്കുകയും വിവാഹാന്വേഷണം നടത്തുകയും ചെയ്തു. അബൂത്വാലിബ് തൻെറ സഹോദര പുത്രന് കൈവന്ന ഈ ഭാഗ്യത്തിൽ സന്തോഷിക്കുകയും ഇരു കുടുംബത്തിൻേറയും സന്തോഷ സാന്നിദ്ധ്യത്തിൽ





പ്രവാചകൻ(സ) തൻെറ ഇരുപത്തഞ്ചാമത്തെ വയസ്സിൽ ഖദീജ(റ)യെ വിവാഹം കഴിക്കുകയും ചെയ്തു. നേരത്തെ രണ്ട് തവണ വിവാഹിതയായെങ്കിലും ഭർത്താക്കൾ മരണപ്പെട്ട് വിധവയായി കഴിയുകയായിരുന്ന ഖദീജ(റ)ക്ക് അന്ന് നാൽപ്പത് വയസ്സായിരുന്നു പ്രായം.

ഖദീജ(റ)യുമായി നടന്ന വിവാഹത്തിന് പ്രവാചകൻ 20 ഒട്ടകമായിരുന്നു മഹ്റായി നൽകിയത് എന്നും അബൂത്വാലിബ് ആയിരുന്നു വിവാഹ ഖുത്വുബ നിർവ്വഹിച്ചത് എന്നും ചരിത്രത്തിൽ കാണാവുന്നതാണ്.
നബി(സ)യുടെ ഒന്നാമത്തെ വിവാഹമായിരുന്നു അത്. നീണ്ട ഇരുപത്തഞ്ച് വർഷത്തെ അവരുടെ ദാമ്പത്യജീവിതം സംതൃപ്തി നിറഞ്ഞതും മാതൃകാപരവുമായിരുന്നു. ഖദീജ(റ) യിൽ കാസിം, അബ്ദുല്ല എന്നീ രണ്ട് ആൺമക്കളും സൈനബ, റുഖിയ്യ, ഉമ്മുകുൽഥൂം, ഫാത്വിമ: എന്നീ നാല് പെൺമക്കളും ജനിച്ചു. അറുപത്തഞ്ചാം വയസ്സിൽ ഖദീജ(റ) മരണപ്പെടുന്നത് വരെ നബി(സ) മററാരേയും വിവാഹം കഴിച്ചിട്ടില്ല.

## അൽ അമീൻ (വിശ്വസ്തൻ)

നബി(സ) അക്കാലത്ത് നടപ്പുണ്ടായിരുന്ന എല്ലാ നിലക്കുമുള്ള ജീവിതക്രമങ്ങളിൽ നിന്നും വ്യത്യസ്തമായി, മഹത്തായ സ്വഭാവ ഗുണങ്ങളുടെ ഉടമയായിട്ടായിരുന്നു തൻെറ ജീവിതം നയിച്ചിരുന്നത്. അത്കൊണ്ട് തന്നെ എല്ലാവരുടേയും സ്നേഹാദരവുകളും പ്രശംസകളും പിടിച്ചുപററാൻ അദ്ദേഹത്തിന് കഴിഞ്ഞു. അക്കാലത്ത് തൻെറ സമപ്രായക്കാരായ യുവാക്കളിലും ചെറുപ്പക്കാരിലും കാണപ്പെട്ടിരുന്ന വൃത്തികേടുകളിലോ മററ് ചീത്ത നടപടി

ക്രമങ്ങളിലോ ഒന്നും അദ്ദേഹം ഇടപെട്ടിരുന്നില്ല. എന്ന്
മാത്രമല്ല അതിനോട് വെറുപ്പും അറപ്പുമുള്ള മനസ്സുമായി
ട്ടായിരുന്നു അദ്ദേഹം ജീവിച്ചുപോന്നത്. ചെറുപ്പം മുതൽ
ക്ക് തന്നെ താൻ അറിയുകയോ, പ്രതീക്ഷിക്കുകയോ ചെ
യ്യാതെത്തന്നെ അല്ലാഹു അദ്ദേഹത്തെ ഒരു പ്രത്യേക ല
ക്ഷ്യത്തിന്ന് ഒരുക്കിക്കൊണ്ട് വന്നിരുന്നു എന്ന് വേണം
ക രുതാൻ. ഇക്കാര്യത്തെ ബലപ്പെടുത്തുന്ന ഒരു സംഭവം
ഇമാം ബുഖാരി തൻെറ സ്വഹീഹിൽ ഉദ്ധരിക്കുന്നത്
കാണു ക: ‘‘ജാബിർ(റ)ൽ നിന്ന് നിവേദനം, കഅബ
പുനർ നിർമ്മാണം നടക്കുന്ന സമയം നബി(സ)യും
അബ്ബാസ്(റ)വും കൂടി കല്ലുകൾ എടുത്ത് കൊണ്ട്പോകു
ാൻ സഹായിക്കുകയുണ്ടായി. അന്നേരം അബ്ബാസ്(റ),
നബി(സ) കുട്ടിയായിരുന്നതിനാൽ തൻെറ ഉടുതുണി
അഴിച്ച് ചുമലിൽ വെച്ചാൽ വേദനിക്കുകയില്ല എന്ന്
പറയുകയും, നബി (സ) അത് അനുസരിക്കുകയും
ചെയ്തു. പക്ഷേ പെട്ടന്ന് നബി(സ) ബോധം നഷ്ടപ്പെട്ട
നായി നിലത്ത് വീഴുകയും തൻെറ കണ്ണുകൾ ആകാശ
ത്തക്ക് ഉയർത്തി ‘ൻെറ തുണീ,എൻെറ തുണീ’.. എന്ന്
പറയുകയും അങ്ങിനെ മററുള്ളവർ അദ്ദേഹത്തെ തുണി
ുടുപ്പിക്കുകയും ചെയ്തു’’. ഇത് പോലെ വേറെയും സംഭ
ങ്ങൾ കാണാൻ സാധിക്കും.

മേൽ പറയപ്പെട്ട നിലക്കുള്ള സ്വഭാവ മാഹാത്മ്യവും വി
ശ്വസ്തതയും കാരണത്താൽ ഏവർക്കും പ്രിയങ്കരനും ക
ണ്ണിലുണ്ണിയുമായി അദ്ദേഹം വളരുകയും എല്ലാവരും അ
ദ്ദേഹത്തെ അൽ അമീൻ (വിശ്വസ്തൻ) എന്ന് വിശേഷി
പ്പിക്കുകയും; ആ പേരിൽ അദ്ദേഹം അറിയപ്പെടുകയും
ചെയ്തു.





# തർക്കത്തിന് പരിഹാരം കാണുന്നു

നബി(സ)ക്ക് മുപ്പത്തഞ്ച് വയസ്സ് പ്രായമായ സമയത്ത്,
അതിശകതമായ നിലക്കുണ്ടായ വെള്ളപ്പൊക്കവും മററും
കാരണത്താൽ കഅബാലയത്തിന് കേടുപാടുകൾ സംഭ
വിക്കുകയും ഖുറൈശികൾ അത് പുതുക്കിപ്പണിയാൻ
തീരുമാനിക്കുകയും ചെയ്തു. വലീദ് ബ്നു മുഗീറയുടെ
നേതൃത്വത്തിൽ കഅബ പുതുക്കിപ്പണിയുന്ന ജോലി ആ
രംഭിച്ചു. നാട്ടുപ്രമാണിമാരും ഗോത്രത്തലവന്മാരും പ്രസ്
തുത പുണ്യകർമ്മത്തിൽ സഹായിക്കുകയും സഹകരി
ക്കുകയും ചെയ്തു. വേശ്യാവൃത്തി പലിശ തുടങ്ങിയ
തെററായ മാർഗ്ഗത്തിലൂടെയുള്ള സമ്പാദ്യങ്ങൾ ഒരു
കാരണവശാലും പ്രസ്തുത കർമ്മത്തിന്ന് ഉപയോഗിക്കു
യില്ല; മറിച്ച് വിശിഷ്ഠ മാർഗ്ഗത്തിലൂടെയുള്ള വരുമാനം
മാത്രമേ കഅബാ നിർമ്മാണത്തിന് ഉപയോഗിക്കൂ എന്ന
അന്നത്തെ അവരുടെ തീരുമാനം എടുത്ത് പറയേണ്ടതും;
കഅബയുടെ നേരെ അവരുടെ മനസ്സിലുണ്ടായിരുന്ന പ
വിത്രതയും ആദരവും എത്രമാത്രമുണ്ടായിരുന്നു എന്ന്
വിളിച്ചോതുന്നതുമായിരുന്നു പ്രസ്തുത സംഭവം. എന്നാ
ൽ പ്രസ്തുത കർമ്മം നടക്കുന്നതിനിടയിലുണ്ടായ ഒരു
സംഭവം പ്രത്യേകം ശ്രദ്ധേയമാണ്. എല്ലാ ഗോത്രങ്ങളും
തങ്ങളുടേതായ പങ്ക് നിർവ്വഹിച്ചിരുന്നു എന്നത് നേരത്തെ
സൂചിപ്പിച്ചിരുന്നുവല്ലോ. അത്കൊണ്ട് തന്നെ കഅബയു
ടെ ആരംഭം മുതൽക്ക് തന്നെ കഅബയുടെ ഒരു മൂലയി
ൽ സൂക്ഷിച്ചു പോരുന്ന അതിപുരാതനമായ ഒരു കറുത്ത
കല്ലുണ്ട്. ഹജറുൽ അസ്വദ് (കറുത്ത കല്ല്) എന്നാണ് അ
തിന് പറഞ്ഞുവരുന്നത്. മനുഷ്യന്, അല്ലാഹുവിനെ

മാത്രം ആരാധിക്കുന്നതിന് ഭൂമിയിൽ സ്ഥാപിക്കപ്പെട്ട
ആദ്യ മന്ദി രം അതിൻെറ തുടക്കം മുതൽ
ഏകദൈവാരാധനക്ക് സാ ക്ഷ്യം വഹിച്ച ഒരു കല്ല്
അതിൻെറ നിലനിൽപ്പ് കാലമത്ര യും
സംരക്ഷിക്കപ്പെടുക എന്നത് അല്ലാഹുവിൻെറ ഒരു
തീരുമാനമാകാം. ചരിത്രപരമായി അതിന് പ്രാധാന്യവും
പ്രത്യേകതയുമുണ്ട് എന്നത് നിഷേധിക്കാനാകാത്ത ഒരു
വസ്തുതയാണ് എന്നതിൽ തർക്കമില്ല; പ്രവാചകൻ (സ)
കഅബ പ്രദക്ഷിണ സമയം ആരംഭം കുറിക്കാനുള്ള അ
ടയാളമായി അത് നിശ്ചയിക്കുകയും ചെയ്തു. അതിനെ
ചുംബിക്കുകയോ തൊട്ടുമുത്തുകയോ അതിനും കഴിയാ
ത്ത പക്ഷം കൈ കൊണ്ട് അതിനുനേരെ ആംഗ്യം കാണി
ക്കുകയോ ചെയ്തുകൊണ്ടായിരിക്കണം തവാഫ് (പ്രദ
ക്ഷിണം) ആരംഭിക്കേണ്ടത്. അതിൽ കവിഞ്ഞ പ്രത്യേക
തയോ ദിവ്യത്തമോ അതിന് സങ്കൽപ്പിച്ചു കൂടാത്തതുമാ
ണ്. മഹാനായ രണ്ടാം ഖലീഫ ഉമർ(റ) ഒരിക്കൽ കഅബ
പ്രദക്ഷിണം ചെയ്യുന്ന സമയം ഹജറുൽ അസ്വദ് ചും
ബിച്ചുകൊണ്ട് പറഞ്ഞ വാക്കുകൾ നാം പ്രത്യേകം മന
സ്സിലാക്കിയിരിക്കേണ്ടതാണ്. ‘‘കല്ലേ, നീ ഒരു കല്ല് മാത്രമാ
ണ് എന്ന് എനിക്ക് അറിയാം. നിനക്ക് എന്തെങ്കിലും ഉപ
കാരം ചെയ്തു തരാനോ ഉപദ്രവത്തിൽ നിന്ന് എന്നെ ര
ക്ഷപ്പെടുത്താനോ കഴിയുകയില്ല. നബി(സ) നിന്നെ ചും
ബിക്കുന്നത് ഞാൻ കണ്ടില്ലായിരുന്നുവെങ്കിൽ ഞാനൊരി
ക്കലും നിന്നെ ചുംബിക്കുമായിരുന്നില്ല’’ (ബുഖാരി).

കഅബയുടെ പുനർ നിർമ്മാണ സമയത്ത് ഹജറുൽ അ
സ്വദ് വെക്കേണ്ട സ്ഥാനം എത്തിയപ്പോൾ പ്രസ്തുത ക
ർമ്മം ആര് നിർവ്വഹിക്കണമെന്ന കാര്യത്തിൽ അവർ
അഭി പ്രായ വ്യത്യാസത്തിലാവുകയും ഓരോരുത്തരും
തങ്ങൾ ക്ക് അത് നിർവ്വഹിക്കണമെന്ന് വാദിക്കുകയും



മുഹമ്മദ് നബി(ﷺ) ചരിത്ര സംഗ്രഹം سيرة النبي صلى الله عليه وسلم

ചെയ്തു. അവസാനം തർക്കപരിഹാരത്തിനായി അവർ
കണ്ടെത്തി യ മാർഗ്ഗം ഇനി ആദ്യം കഅബയുടെ
അടുത്തേക്ക് കട ന്നുവരുന്ന വ്യക്തിയാരാണോ
അദ്ദേഹത്തിൻെറ തീരുമാ നത്തിന് വിടാം
എന്നതായിരുന്നു. അങ്ങിനെ അവരെല്ലാം
ആകാംക്ഷയോടെ കാത്തിരിക്കുന്നതിനിടയിൽ പ്രവാചക
ൻ(സ) ആയിരുന്നു അങ്ങോട്ട് കടന്നുവന്നത്; അവരെല്ലാ
വരും വിളിച്ചു പറഞ്ഞു ‘‘അതാവരുന്നു അൽ അമീൻ,
ഞങ്ങൾ അദ്ദേഹത്തിൻെറ തീരുമാനം അംഗീകരിക്കുന്ന
താണ്’’ അവർ പ്രവാചകനെ വിഷയം ധരിപ്പിച്ചു. അദ്ദേ
ഹം ഒരു തുണി കൊണ്ടുവരാൻ പറഞ്ഞു. അങ്ങിനെ അ
ത് വിരിച്ചു അതിലേക്ക് തൻെറ കൈകൊണ്ട് ഹജറുൽ
അസ്വദ് എടുത്ത് വെച്ച ശേഷം എല്ലാ ഗോത്രത്തലവന്മാ
രോടും അതിൻെറ ഓരോ ഭാഗം പിടിച്ച് പൊക്കാൻ ആ
വശ്യപ്പെടുകയും കല്ല് വെക്കേണ്ടതായ സ്ഥാനത്തെത്തി
യപ്പോൾ പ്രവാചകൻ(സ) തന്നെ കല്ല് യഥാസ്ഥാനത്ത്
സ്ഥാപിക്കുകയും ചെയ്തു. അങ്ങിനെ എല്ലാവരുടേയും
പരിപൂർണ്ണ സംതൃ പ്തിയോടുകൂടി, സംഘട്ടനത്തിൻെറ
വക്കിനോളം എത്തിയിരുന്ന പ്രശ്നം പ്രവാചകൻ (സ)
സമംഗളമായി പരിഹരിച്ചു.

## പ്രവാചകത്വത്തിൻെറ തുടക്കം

നബി(സ) ക്ക് പ്രായം നാൽപ്പത് വയസ്സോടടുത്തപ്പോൾ
അദ്ദേഹം ചില സ്വപ്നങ്ങൾ കാണാൻ തുടങ്ങുകയും നേ
രം പുലരുമ്പോൾ അവയത്രയും പകൽവെളിച്ചം പോലെ
പുലരുന്നതായും അനുഭവപ്പെട്ടുകൊണ്ടിരുന്നു. അതോ
ടൊപ്പം മക്കയിൽ അക്കാലത്ത് നിലനിന്നിരുന്ന വിഗ്രഹാ
രാധന, മദ്യപാനം, ചൂതാട്ടം പലിശ തുടങ്ങിയ ജനദ്രോഹ

പരവും നീചവുമായ കാര്യങ്ങളോട് അങ്ങേ അററം അമർഷം തോന്നുകയും അതിൽനിന്നും അത്തരം ദുർവൃത്തികളിൽ ർപ്പെട്ടുകൊണ്ടിരിക്കുന്നവരിൽ നിന്നും അകന്ന് ഏകനായി ജീവിക്കാനുള്ള താൽപ്പര്യം ജനിക്കുയും അതിനായി മക്കയിൽ ഏതാനും കിലോ ീററർ മാത്രം ദൂരമുള്ള ജബൽനൂർ എന്ന പർവ്വതമു ളിലെ ഹിറാ ഗുഹ അദ്ദേഹം കണ്ടെത്തുയും ചെയ്തു. ആഴ്ചകളും മാ ങ്ങളും അവിടെ കഴിച്ചുകൂട്ടൽ അദ്ദേഹത്തിൻെറ പതിവായിത്തീർന്നു. ഇത്രയും കാലത്തേക്ക് വേണ്ട ഭക്ഷ സാധനങ്ങൾ നേരത്തെ തന്നെ തൻെറ ജീവിതപങ്കാളി യായ ഖദീജ(റ) തയ്യാറാക്കിക്കൊടുക്കും. ചിലപ്പോൾ തി രിച്ചു വരുന്ന ദിവസം വൈകുമ്പോൾ അവർ ഭക്ഷണം അങ്ങോട്ട് എത്തിച്ചുകൊടുക്കുകയും പതിവാക്കിയിരു ന്നു.

അങ്ങിനെ ഒരുനാൾ തൻെറ ഏകാന്തതയെ ഭേദിച്ചുകൊ ണ്ട് ഗുഹാമുഖത്ത് ഒരാൾ പ്രത്യക്ഷപ്പെട്ടു. അപ്രതീക്ഷിത മായ ഈ സംഭവത്തിൽ ഭയവിഹ്വലനായി നിന്ന അദ്ദേഹ ത്തോട് വന്നയാൾ ''ഇഖ്റഅ്'' (നീ വായിക്കുക) എന്ന് പറഞ്ഞു; അതുകേട്ട് എഴുത്തും വായനയും എന്തെന്ന് അറിയാത്ത പ്രവാചകൻ ''മാ അന ബിഖാരിഇൻ'' (എനിക്ക് വായിക്കാനറിഞ്ഞു കൂട) എന്ന് മറുപടി പറഞ്ഞു. അന്നേരം, വന്നയാൾ അദ്ദേഹത്തെ ശക്തിയായി തന്നിലേക്ക് ചേർത്ത്പിടിച്ചു; വിട്ടശേഷം വീണ്ടും ആദ്യ ചോദ്യവും മ റുപടിയും ആവർത്തിച്ചു. മൂന്നാം തവണ ആഗതൻ വിശു ദ്ധ ഖുർആനിലെ 96ാം അദ്ധ്യായത്തിൻെറ ആദ്യഭാഗത്തുള്ള വചനങ്ങൾ അദ്ദേഹത്തിന് ഓതിക്കൊടുത്തു:

''ഇഖ്റഅ് ബിസ്മി റബ്ബികല്ലദീ ഖലഖ്, ഖലഖൽ ഇൻസാന മിൻ അലഖ്, ഇഖ്റഅ് വ റബ്ബുകൽ അക്റം,





അല്ലദീ അല്ലമ ബിൽ ഖലമി അല്ലമൽ ഇൻസാന മാലം യഅ്ലം''. ''സൃ ഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ വായി ക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചി രിക്കുന്നു. നീ വായിക്കുക, നിൻെറ രക്ഷിതാവ് പേനകൊ ണ്ട് പഠിപ്പിച്ചവനായ ഏററവും വലിയ ഔദാര്യവാനാകു ന്നു. അവൻ മനുഷ്യന് അറിയാത്തത് പഠിപ്പിച്ചിരിക്കുന്നു.''

ഇതായിരുന്നു പ്രവാചകൻെറ നുബുവ്വത്തിൻെറ (പ്രവാച കത്വത്തിൻെറ) തുടക്കം. ക്രിസ്താബ്ദം 610 ആഗസ്ത് മാ സം10ന് തിങ്കളാഴ്ച, റമദാൻ 17 ന് ആയിരുന്നു ഇതെന്നാ ണ് ചരിത്ര രേഖകളിൽ നിന്നും മനസ്സിലാകുന്ന പ്രബലമാ യ അഭിപ്രായം.

പ്രസ്തുത വചനങ്ങൾ ഓതിക്കൊടുത്ത് ആഗതൻ അപ്ര ത്യക്ഷമായി; അസാധാരണമായുണ്ടായ ഈ അനുഭവം പ്രവാചകനെ പേടിപ്പെടുത്തുകയും പരിഭ്രാന്തനായി നേരെ വീട്ടിലേക്ക് ചെന്ന് ഖദീജ(റ)യോട് 'എനിക്ക് പുതച്ച് തരൂ' എന്ന് പറയുകയും ഖദീജ(റ) അദ്ദേഹത്തെ പുതപ്പിട്ട് മൂടി ഇപ്രകാരം സമാധാനിപ്പിക്കുകയും ചെയ്തു. ''ഇല്ല, അല്ലാഹു ഒരിക്കലും അങ്ങയെ നിന്ദിക്കുകയില്ല. താങ്കൾ കുടും ബബന്ധം ചേർക്കുന്നു, മററുള്ളവരുടെ ഭാരങ്ങൾ ഏറെറടുക്കുന്നു, ഇല്ലാത്തവന് സമ്പാദിച്ചു കൊടുക്കുന്നു, അതിഥിയെ മാനിക്കുന്നു, വിപത്തുകളിൽ സഹായം നൽകുന്നു'' ശേഷംഭയമെല്ലാം നീങ്ങിയപ്പോൾ സംഭവിച്ച കാ ര്യങ്ങളെല്ലാം ഖദീജ(റ) ചോദിച്ചറിയുകയും നബി(സ) വിവരിച്ചുകൊടുക്കുക യും ചെയ്തു. അന്നേരം ഇക്കാര്യത്തി ൻെറ പൊരുളെന്തെന്ന് അറിയാനായി ഖദീജ(റ)യുടെ പി തൃവ്യ പുത്രനും വേദപണ്ഢിതനുമായിരുന്ന വറഖത്തു ബ്നു നൗഫൽ എന്ന വ്യക്തിയുടെ അടുത്തേക്ക് ഖദീ

ജ(റ) നബി(സ)യേയും കൊണ്ട് പോകുകയും സംഭവങ്ങൾ വിശദീകരിച്ചുകൊടുക്കുകയും ചെയ്തു. അന്നേരം അദ്ദേഹം നബി(സ)യെ സമാശ്വസിപ്പിക്കുക യും ഇങ്ങനെ പറയുകയും ചെയ്തു.

''നിശ്ചയം മൂസയുടെ അടുക്കൽ വന്ന മാലാഖയാണ് താങ്കളുടെ അടുക്കൽ വന്നത് എന്ന് ഞാൻ മനസ്സിലാക്കു ന്നു. താങ്കൾ ഭയപ്പെടേണ്ടതില്ല, സന്തോഷിക്കൂ. നിങ്ങൾ ഈ സമൂഹത്തിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനാണ്. ശേഷം അദ്ദേഹം ഇതുംകൂടി ചേർത്ത് പറഞ്ഞു: നിങ്ങളെ ഈ നാട്ടിൽ നിന്നും സമൂഹം ആട്ടിപ്പുറത്താക്കുന്ന സമ യം ഞാൻ ഉണ്ടാകുമെങ്കിൽ, തീർച്ചയായും ഞാൻ നി ങ്ങൾക്ക് ശക്തി പകർന്നുകൊണ്ട് നിങ്ങളുടെ കൂടെയു ണ്ടായിരിക്കും.'' ഇത്രയും പറഞ്ഞുകേട്ടപ്പോൾ നബി(സ) അൽഭുതത്തോടെ ചോദിച്ചു. ''ഈ ജനത എന്നെ ആട്ടിപ്പു റത്താക്കുമെന്നോ !?'' അദ്ദേഹം പറഞ്ഞു: മുമ്പുകഴിഞ്ഞു പോയ എല്ലാ പ്രവാചകന്മാരുടേയും അവസ്ഥ അപ്രകാ രമായിരുന്നു.

## പ്രബോധനത്തിൻെറ തുടക്കം

നബി(സ)ക്ക് തൻെറയടുക്കൽ വന്നത് അല്ലാഹുവിൽ നിന്നു ള്ള മലക്ക് ആയിരുന്നു എന്ന് ബോധ്യപ്പെടുകയും അങ്ങിനെ തന്നിലേൽപ്പിക്കപ്പെട്ട ഉത്തരവാദിത്വത്തെ സംബന്ധിച്ച് ബോധവാനാവുകയും ചെയ്തു. അതോടെ വീണ്ടും ഹിറാഗുഹയിൽ കണ്ട ആ മാലാഖ പ്രത്യക്ഷപ്പെട്ടിരുന്നു വെങ്കിൽ എന്ന് ആഗ്രഹിച്ചു. പക്ഷേ കുറച്ച് കാലത്തേക്ക് പിന്നീട് വഹ്യ് (ദിവ്യസന്ദേശം) ഒന്നും ലഭിക്കുയുണ്ടായില്ല. നബിക്കതിൽ ദു:ഖവും പ്രയാസവുമുണ്ടായി. അന്നേരം വീണ്ടും പ്രവാചകർക്ക്





വഹ്യ് എത്തിച്ചുകൊടുക്കുന്ന മലക്ക് ജിബ്രീൽ നബിയുടെ അടുത്ത് പ്രത്യക്ഷപ്പെടു കയും ഖുർആനിലെ 74ാം അദ്ധ്യായമായ സൂറത്തുൽ മുദ്ദഥ്ഥിറിലെ ആദ്യഭാ ഗങ്ങൾ ഓതിക്കേൾപ്പിക്കുകയും ചെയ്തു. അതനുസരിച്ച് പ്രവാചകൻ തൻെറ ഏററവും അടുത്ത ആളുകളോട് പ്രബോധനം ആരംഭിച്ചു.

ഭാര്യ ഖദീജ(റ)ക്ക് ശേഷം നബിയിൽ വിശ്വസിച്ചവർ കു ട്ടികളിൽ നിന്ന് പിതൃവ്യപുത്രനായ അലി(റ)വും, കുടും ബക്കാരല്ലാത്തവരിൽ നിന്ന് തൻെറ സുഹൃത്തായിരുന്ന അബൂബക്കർ(റ)വും അടിമകളുടെകൂട്ടത്തിൽ നിന്ന് സൈ ദ്(റ)വും ആയിരുന്നു.

ഏകദേശം മൂന്ന് വർഷത്തോളം അടുത്തവരോടും കു ടുംബക്കാരോടുമായി പ്രബോധന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. അതിന് ശേഷം തൻെറ ഉത്തരവാദി ത്വം പരസ്യമാക്കണമെന്ന അല്ലാഹുവിൻെറ കൽപ്പനയു ണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ പ്രബോധനം പര സ്യപ്പെടുത്താൻ തന്നെ തീരുമാനിച്ചു.

## പരസ്യപ്രബോധനം

''നിൻെറ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകു ക'' എന്ന, സൂറത്ത് ശുഅറാഇലെ 214 ാം വചനം അവത രിച്ചപ്പോൾ നബി(സ) സ്വഫാ കുന്നിൻെറ മുകളിൽ കയറി നിന്നുകൊണ്ട് തൻെറ കുടുംബക്കാരെയെല്ലാം വിളിച്ചു വ രുത്തുകയും അവർ ഓരോ ഗോത്രങ്ങളേയും, ഫിഹ്ർ സ ന്തതികളേ, അദിയ്യ് സന്തതികളേ, ഖുറൈശി സമൂഹമേ എ ന്നിങ്ങനെ ഓരോരുത്തരേയും പേരെടുത്ത് വിളിച്ച് അവ രോടായി ഇപ്രകാരം പറഞ്ഞു. ഖുറൈശീ സമൂഹമേ നി ങ്ങൾ നിങ്ങളുടെ ശരീരത്തെ നരകത്തിൽ

നിന്നും രക്ഷ പ്പെടുത്തുക, അല്ലയോ കഅബിൻെറ
സന്തതികളേ നിങ്ങ ൾ നിങ്ങളുടെ ശരീരത്തെ
നരകത്തിൽ നിന്നും രക്ഷപ്പെടു ത്തുക, അല്ലയോ
പ്രവാചകൻെറ മകളായ ഫാത്വിമാ നിൻെറ ശരീരത്തെ
നീ നരകത്തിൽ നിന്നും രക്ഷപ്പെടുത്തുക. നിശ്ചയം
അല്ലാഹുവിങ്കൽ നിങ്ങൾക്ക്വേണ്ടി യാതൊ ന്നും
ചെയ്യാൻ കഴിയുകയില്ല. ശേഷം അവരോട് എല്ലാവ
രോടുമായി ചോദിച്ചു: ഇതാ ഈ പർവ്വതത്തിനു പുറകി
ലായി ഒരു വലിയ കുതിരപ്പട നിങ്ങളെ അക്രമിക്കാനായി
വന്നിരിക്കുന്നു എന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വ
സിക്കുമോ ? അവർ എല്ലാവരും ഏകസ്വരത്തിൽ ഇങ്ങി
നെ പറഞ്ഞു; തീർച്ചയായും ഞങ്ങൾ വിശ്വസിക്കും. കാര
ണം ഞങ്ങൾക്ക് സത്യമല്ലാതെ നിന്നിൽ നിന്നും പരിചയ
മില്ല. അന്നേരം പ്രവാചകൻ(സ) പറഞ്ഞു: ഞാൻ അല്ലാ
ഹുവിങ്കൽ നിന്നും നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്ര
വാചകനാണ്, ഒരു വലിയ ശിക്ഷയെ സംബന്ധിച്ച് ഞാ
നിതാ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുവാൻ പോവുകയാ
ണ്. ഉടനെത്തന്നെ പ്രവാചകൻെറ പിതൃവ്യൻ കൂടിയായ
അബൂ ലഹബ് ഇപ്രകാരം ആക്രോശിച്ചു: തബ്ബൻ ലക് അ
ലിഹാദാ ജമഅ്തനാ ? (എടാ, നിനക്ക് നാശം ഇതിനാ
ണോ നീ ഞങ്ങളെ വിളിച്ചു ചേർത്തത്).

അത് ഒരു പൊട്ടിത്തെറിയുടെ തുടക്കമായിരുന്നു. എന്നാ
ൽ അല്ലാഹു അതേ ശൈലിയിൽ തന്നെ അതിന് തിരിച്ചടി
നൽകി!! *തബ്ബത് യദാ അബീലഹബിൻ വ തബ്ബ് ....* (അ
ബൂലഹബിൻെറ ഇരു കൈകളും നശിച്ചിരിക്കുന്നു. അ
വൻ നാശമടയുകയും ചെയ്തിരിക്കുന്നു) എന്ന് തുടങ്ങു
ന്ന വിശുദ്ധ ഖുർആനിലെ 111 ാം അദ്ധ്യായമായ സൂറത്ത്
ലഹബിൻെറ അവതരണം പ്രസ്തുത സംഭവവുമായി ബ
ന്ധപ്പെട്ടുകൊണ്ടായിരുന്നു.





എന്നാൽ പ്രവാചകൻ(സ) തന്നിലേൽപ്പിക്കപ്പെട്ട ദൗത്യ
വുമായി മുന്നോട്ട് പോകുകതന്നെ ചെയ്തു. വിഗ്രഹാരാ
ധനയുടെ പൊള്ളത്തരങ്ങളെ സംബന്ധിച്ച് പരസ്യമായി
അവരെ ബോധവൽക്കരിച്ച് സംസാരിക്കാൻ തുടങ്ങി.
അതോടൊപ്പം തങ്ങൾ ഇബ്റാഹീം നബിയുടെ പിൻതലമു
റക്കാരാണ് എന്ന അവരുടെ വാദത്തിൻെറ അർത്ഥ
ശൂന്യത അവരെ അറിയിച്ചു; കാരണം ഇബ്റാഹീം നബി
ഒരിക്കലും വിഗ്രഹാരാധകനായിരുന്നില്ല എന്ന് മാത്രമല്ല
അദ്ദേഹം ആ കാലത്തെ വിഗ്രഹാരാധകർക്കെതിരിൽ
ആഞ്ഞടിച്ച പടവാളായിരുന്നു എന്നും അവരെ
തെര്യപ്പെടുത്തി. അതു പോലെ ഞങ്ങൾ ഞങ്ങളുടെ
കാക്കകാരണവന്മാരുടെ മാർഗ്ഗങ്ങൾ കയ്യൊഴിക്കുകയില്ല
എന്ന എക്കാലത്തെയും സത്യനിഷേധികളുടെ വാദത്തെ
പ്രവാചകൻ മുൻകഴിഞ്ഞ പ്രവാചകരുടെ ചരിത്രം
ഉദ്ധരിച്ച് അവരെല്ലാം കാക്കകാരണവന്മാരെ അനുസരിച്ച
വർ ആയിരുന്നില്ല മറിച്ച് സത്യത്തേയും തെളിവുക
ളേയും പിന്തുണച്ചവരായിരുന്നു എന്ന് അവരെ പഠിപ്പി
ക്കാൻ ശ്രമിച്ചു. പക്ഷേ ഇതൊന്നും കേൾക്കുവാനോ
അംഗീകരിക്കുവാനോ അവർ തയ്യാറായില്ല. മുഹമ്മദ്
തങ്ങളുടെ ദൈവങ്ങളെ അധിക്ഷേപിക്കുക യും
തങ്ങളുടെ പൂർവ്വികരെ വിഡ്ഢികളാക്കുകയും ബു
ദ്ധിയെ കളിയാക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞ് വി
ശ്വാസികളേയും പ്രവാചകനേയും മർദ്ദിച്ച് ഒതുക്കാൻ ത
ന്നെ തീർച്ചപ്പെടുത്തി.

തുടർന്നങ്ങോട്ടുള്ള ജീവിതം പ്രവാചകനും അനുയായിക
ൾക്കും മർദ്ദനങ്ങളുടേയും കഷ്ടപ്പാടുകളുടേയും കാല
മായിരുന്നു.

**ഇസ്ലാം ആശ്ലേഷിച്ചതിൻെറ പേരിൽ വിശ്വാസികൾ ഏൽക്കേണ്ടിവന്ന കഷ്ടതകൾ കുറച്ചൊന്നുമായിരുന്നില്ല. ഉമയ്യത്തു ബ്നു ഖലഫിൻെറ അടിമയായിരുന്ന ബിലാൽ (റ) വിനെ യജമാനൻ കഴുത്തിൽ കയറിട്ട് നിലത്തുകൂടെ വലിപ്പിക്കുകയും, ചുട്ടുപൊള്ളുന്ന മണലിൽ മലർത്തിക്കിടത്തി നെഞ്ചത്ത് വലിയ പാറക്കല്ലുകൾ കയററിവെച്ച് ചാട്ടവാർ കൊണ്ട് അടിക്കുക വരെ ചെയ്തു. പക്ഷേ അതൊന്നും ത ൻെറ വിശ്വാസത്തിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കാ നായില്ല എന്ന് മാത്രമല്ല; ഓരോ അടിയേൽക്കുന്ന സമയത്തും അഹദ്... അഹദ്. . . എന്ന് (അല്ലാഹു ഏകനാണ്) എന്ന് വിളിച്ചു പറയുകയായിരുന്നു അദ്ദേഹം ചെയ്തിരുന്നത്. ഇത്തരത്തിൽ മർദ്ധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സമയത്ത് അതിലൂടെ കടന്നുവന്ന അബൂബക്കർ(റ) ഉമയ്യത്തി ൽ നിന്നും അയാൾ പറഞ്ഞ വിലകൊടുത്ത് ബിലാൽ(റ)നെ വില കൊ ടുത്ത് വാങ്ങി സ്വതന്ത്രനാക്കി.**

ഇതുപോലെത്തന്നെ അബൂജഹൽ അടക്കമുള്ള ഖുറൈശി പ്രമുഖർ യാസിർ കുടുംബത്തിന് ഏൽപ്പിച്ച മർദ്ധനത്തിനും കണക്കില്ലായിരുന്നു, അമ്മാർ പിതാവ് യാസിർ മാതാവ് സുമയ്യ എന്നിവരെ മണലിൽ മലർത്തിക്കിടത്തി ചുട്ട് പഴുപ്പിച്ച ഇരുമ്പ് ദൺഡുകൾ ശരീരത്തിൽ കുത്തിയിറക്കിയായിരുന്നു മർദ്ധിച്ചിരുന്നത്. ഇങ്ങനെയുള്ള മർദ്ധനത്തിൻെറ കാഠിന്യത്താൽ സുമയ്യ(റ) ഇസ്ലാമിന്ന് വേണ്ടി ആദ്യത്തെ രക്തസാക്ഷി എന്ന പദവിയിലേക്ക് എത്തിച്ചേർന്നു. ഒരിക്കൽ നബി(സ) അവർ മർദ്ധിക്കപ്പെട്ട് കൊണ്ടിരിക്കുന്നതിന് അടുത്തുകൂടെ നടന്നുപോയപ്പോൾ അവരോടായി പറഞ്ഞ വാക്ക് **സ്വബ്റൻ യാ ആല യാസിർ ഇന്ന മൗഇദകുമുൽ ജന്നഃ** (യാസിർ കുടുംബമേ, ക്ഷ





മിക്കൂ തീർച്ചയായും നിങ്ങൾക്കുള്ള വാഗ്ദത്തം സ്വർഗ്ഗമാണ്) എന്നായിരുന്നു.

**മററു ചിലരെ റൂമുകളിൽ അടച്ചുപൂട്ടി പുകയിട്ടു ബുദ്ധിമുട്ടിച്ചു, ചിലർക്ക് ഇരുമ്പ് ദൺഡുകൾ കൊണ്ടുള്ള പ്രഹരങ്ങൾ ഏൽക്കേണ്ടിവന്നു. പ്രവാചകൻ (സ) യേയും അവർ മർദ്ദനങ്ങളിൽ നിന്നും ഒഴിവാക്കിയില്ല. ഒരിക്കൽ നബി(സ) കഅബയുടെ അടുത്ത് വെച്ച് നമസ്കരിച്ചുകൊണ്ടിരിക്കെ അത് കണ്ട്കൊണ്ട് വന്ന അബൂജഹലും കൂട്ടരും ഇപ്രകാ രം പറഞ്ഞു: ആരുണ്ട് ഇപ്പോൾ ഒരു ഒട്ടകത്തിൻെറ കുടൽ മാല കൊണ്ടുവന്ന് മുഹമ്മദിൻെറ കഴുത്തിൽ ചാർത്താൻ അന്നേരം ദുഷ്ടനായ ഉഖ്ബത്ത് ബ്നു അബീമുഈത് ആവേശത്തോടുകൂടി ആ കൃത്യം നിർവ്വഹിക്കുക തന്നെ ചെയ്തു; പ്രവാചകൻ നമസ്കാരത്തിൽ സുജൂദിലായിരിക്കെ അദ്ദേഹത്തിൻെറ കഴുത്തിൽ ചീഞ്ഞളിഞ്ഞ കുടൽ മാല വലിച്ചുകൊണ്ട് വന്ന് ഇടുകയും മററുള്ളവരെല്ലാം അത് കണ്ട് ആഹ്ളാദിക്കുകയും ചെയ്തു. പ്രവാചകന്ന് സുജൂദിൽ നിന്നും തല ഉയർത്താൻ കഴിയാതെ പ്രയാസപ്പെടുകയും അവസാനം പ്രവാചകപുത്രി ഫാത്വിമ(റ) വിവരമറിഞ്ഞു ഓടിയെത്തി പിതാവിൻെറ കഴുത്തിൽ നിന്നും അത് വലിച്ചുമാററുകയും ചെയ്തു. തല ഉയർത്തിയ ശേഷം നബി (സ) ഖുറൈശീ പ്രമുഖരായ അബൂജഹൽ, ഉത്ബത്, ശൈബത്, വലീദ് ബ്നു ഉത്ബ:, ഉമയ്യത്തു ബ്നു ഖലഫ്, ഉഖ്ബത് ബ്നു അബീ മുഈത്വ് എന്നീ ശത്രു പ്രധാനികളുടെ പേരെടുത്ത് പറഞ്ഞ് അവർക്കെതിരിൽ പ്രാർത്ഥിക്കുകയുണ്ടായി. ഇബ്നു മസ്ഊദ്(റ) പറഞ്ഞതായി ഇമാം ബുഖാരി രേഖപ്പെടുത്തിയതനുസരിച്ച് മേൽപ്പറയപ്പെട്ട എല്ലാവരും ബദറിൽ കൊല്ലപ്പെട്ടതായി കാ ണാവുന്നതാണ്. അതുപേലെത്തന്നെ പ്രവാചകൻ**

നടന്നു പോകുന്ന വഴികളിൽ പോലും മാലിന്യങ്ങളും മ്ലേഛവസ് തുക്കളും വലിച്ചെറിഞ്ഞ് തൻെറ പിതൃവൻ അബൂലഹ ബും ഭാര്യ ഉമ്മു ജമീലും ഉപദ്രവങ്ങളിൽ പങ്ക്ചേർന്നു.

മേൽ പറഞ്ഞ നിലക്കുള്ള മർദ്ദനങ്ങളുടെ പട്ടിക വിവരി ക്കുകയാണ് എങ്കിൽ അത് നീണ്ട് പോവുക തന്നെ ചെ യ്യും. പ്രവാചകൻ(സ)യും അനുയായികളും ഇസ്ലാമിന് വേണ്ടി സഹിക്കേണ്ടി വന്ന ത്യാഗത്തിൻെറ ചരിത്രം മന സ്സിലാക്കി, വിശ്വാസികളായ നാം നമ്മുടെ വിശ്വാസം വർ ദ്ധിപ്പിച്ച് മതത്തോടു നമുക്കുള്ള ബാധ്യതകൾ നിർവ്വഹി ക്കാനാണ് ഇത്തരുണത്തിൽ ശ്രദ്ധിക്കേണ്ടത്.

## സാഹിത്യകാരന്മാർ മുട്ടുമടക്കുന്നു

എന്നാൽ മേൽപ്പറഞ്ഞ നിലക്കുള്ള മർദ്ധനങ്ങളും പീഠന ങ്ങളുമെല്ലാം അവർക്ക് മതത്തിലുള്ള വിശ്വാസം ഉറപ്പിക്കു വാനല്ലാതെ തെല്ലും അതിൽനിന്ന് അവരെ പിന്തിരിപ്പിക്കാ നാവുന്നില്ലെന്ന് കണ്ട ഖുറൈശികൾ മററാരു അടവ് പ്ര യോഗിക്കാൻ തീരുമാനിച്ചു. ഖുറൈശീ പ്രമുഖരെല്ലാവരും കൂടി അക്കാലഘട്ടത്തിലെ പേരുകേട്ട സാഹിത്യ സാ മ്രാട്ടായിരുന്ന വലീദ് ബ്നു മുഗീറയെ സമീപിച്ചുകൊണ്ട് ഇപ്രകാരം ആവശ്യപ്പെട്ടു: മുഹമ്മദിൻെറ പ്രസ്ഥാനം ദി നേനെ എന്നോണം മക്കയിലും പരിസരത്തും വ്യാപിച്ചു വരികയാണ്, അതിനെ തടയിടാനായി മുഹമ്മദ് ഓതിക്കൊ ടുക്കുന്ന വചനങ്ങളെ ഇകഴ്ത്തിക്കാണിക്കുകയും അവൻ പറയുന്നതിനെ പരാജയപ്പെടുത്തിക്കൊണ്ട് അതിനെ വെ ല്ലുന്ന നിലക്കുള്ളതുമായ എന്തെങ്കിലും ഒരു വചനം താ ങ്കൾ ജനങ്ങളോട് പറയണം; അതിന് പ്രാപ്തനായി താങ്ക ളെയല്ലാതെ മററാരേയും ഞങ്ങൾ കാണുന്നില്ല. ജനങ്ങളി





ൽ അവൻ പറയുന്നത് ജനങ്ങളിൽ സ്വാധീനിക്കാതിരി ക്കാൻ ഇനി അതല്ലാത്തൊരു മാർഗ്ഗവും ഞങ്ങൾ കാണു ന്നുമില്ല. അന്നേരം വലീദ് തന്നെ സമീപിച്ചവരോടായി പറ ഞ്ഞു; ഞാൻ എന്ത് പറയണം എന്നാണ് നിങ്ങൾ ആവശ്യ പ്പെടുന്നത് ? പറയൂ നമുക്കൊന്നായി അത് ജനങ്ങളോട് പറയാം. അന്നേരം അവർ പറഞ്ഞത്, അവൻ ഒരു ജോ ൽസ്യനാണ് എന്ന് പറയണം. അന്നേരം വലീദ് പറഞ്ഞു. അല്ലാഹുവാണെ അത് ശരിയല്ല. കാരണം അവൻ ഒരിക്ക ലും ജോൽസ്യനല്ല. ജോൽസ്യന്മാരേയും ജോൽസ്യന്മാരു ടെ വചനങ്ങളും നന്നായി അറിയുന്നവനാണ് ഞാൻ. അ വൻ പറയുന്നത് അതൊന്നുമല്ല. അന്നേരം അവർ പറഞ്ഞു
അവൻ ഒരു സാഹിർ (ആഭിചാരകനാണ്) എന്ന് പറയാം. അന്നേരം അയാൾ പറഞ്ഞു. അല്ല അവൻ ആഭിചാരകനു മല്ല, അവരുടെ പ്രവചനവുമല്ല അവൻ പറയുന്നത്.എന്നാ ൽ അവൻ ഭ്രാന്തനാണെന്ന് പറയാം, അന്നേരം അയാൾ പറഞ്ഞു ഭ്രാന്തിൻെറ പല ലക്ഷണങ്ങളും നാം കാണാറു ണ്ട് എന്നാൽ അതൊന്നും അവനിലില്ല. അപ്പോൾ പിന്നെ നാം എന്ത് പറയും ? അന്നേരം അയാൾ പറഞ്ഞത്: അല്ലാഹുവാണെ സത്യം അവൻ പറയുന്ന വാക്കുകൾ ക്ക് വല്ലാത്തൊരു മധുരമാണ് അനുഭവപ്പെടു ന്നത്. അത്കൊണ്ട് എനിക്കൽപ്പം സാവകാശം തരൂ ഞാനൊ ന്ന് ചിന്തിക്കട്ടെ എന്നു പറഞ്ഞു അയാൾ ഒഴിഞ്ഞുമാറുക യാണുണ്ടായത്.

## ഒന്നാം ഹിജ്റ:

പ്രവാചകൻെറ പ്രബോധന പ്രവർത്തനങ്ങൾ നാൾക്കു നാൾ വിജയത്തിലേക്ക് നീങ്ങി; വിശ്വാസികളുടെ എണ്ണം കൂടിക്കൊണ്ടിരുന്നു. ഇത് ശത്രുക്കളിൽ പരിഭ്രാന്തി

പരത്തി. അവർ പ്രവാചകപിതൃവ്യനെ കണ്ട് നബി (സ)ക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് പറഞ്ഞുനോക്കി; പക്ഷേ ഫലം നിരാശ മാത്രം. തങ്ങളുടെ എല്ലാ അടവുകളും പാളിപ്പോയപ്പോൾ അവർ മർദ്ദനത്തിൻെറ കക്തി കൂട്ടാൻ തന്നെ തീരുമാനിക്കുകയും വിശ്വാസികളെ സർവ്വവിധേനെയും ഉപദ്രവിക്കുകയും ചെയ്തു. സഅദ് ബ്നു അബീവഖാസ്(റ) വിനെ അവർ വെട്ടി പരിക്കേൽപ്പിച്ചു.

ഈ സന്ദർഭത്തിൽ പ്രവാചകൻ(സ) വിശുദ്ധ ഖുർആനിലെ കഴിഞ്ഞകാല വിശ്വാസികളുടെ അനുഭവങ്ങൾ വിവരിച്ചുകൊണ്ട് സമാശ്വസിപ്പിക്കുകയും താൽക്കാലികമായ ഒരു ആശ്വാസമെന്ന നിലക്ക് അബ്സീനയിലേക്ക് ഹിജ്റ പോകുവാൻ (പാലായനം ചെയ്യാൻ) അനുമതിനൽകുകയും ചെയ്തു.

അബ്സീനിയയിലെ അക്കാലത്തെ രാജാവായിരുന്ന നജ്ജാശി മുസ്ലിമല്ലാ എങ്കിൽ പോലും ജനങ്ങളോട് നീതിയോടും ഗുണകാംക്ഷയോടും വർത്തിക്കുന്ന വ്യക്തിയായിരുന്നു എന്നത് പ്രസിദ്ധമായിരുന്നു. ഇസ്ലാമികേതര രാഷ്ട്രത്തിലും വിശ്വാസികൾക്ക് മുസ്ലിമായി ജീവിക്കുന്നതിന് പ്രശ്നമൊന്നുമില്ലാ എന്ന് ഇത് വ്യക്തിമാക്കിത്തരുന്നു. അതോടൊപ്പം മതത്തെ സംരക്ഷിച്ച് അല്ലാഹുവിനെ മാത്രം ആരാധിച്ച് ഒരിടത്ത് ജീവിക്കുവാൻ പ്രയാസമായി വരുമ്പോൾ, നിർബന്ധ സാഹചര്യത്തിൽ പോലും ശിർക്ക് ചെയ്യാൻ ഇസ്ലാം അനുവദിക്കുന്നില്ല എന്ന് കാണാൻ കഴിയും. ഒന്നുകിൽ ഹിജ്റ പോവുക അതല്ലെങ്കിൽ അതിൻെറ മാർഗ്ഗത്തിൽ രക്തസാക്ഷിത്വം വരിക്കുക എന്നത് മാത്രമാണ് ഇസ്ലാം തുറന്ന് വെക്കുന്ന മാർഗ്ഗം.





പ്രവാചകത്വത്തിൻെറ അഞ്ചാം വർഷം റജബ് മാസത്തിലായിരുന്നു വിശ്വാസികളുടെ ഒന്നാമത്തെ ഹിജ്റ സംഘം അബീസീനിയയിലേക്ക് നീങ്ങിയത്. ഉഥ്മാൻ(റ)വിൻെറ നേതൃത്വത്തിൽ പന്ത്രണ്ട് പുരുഷന്മാരും നാല് സ്ത്രീകളുമായിരുന്നു പ്രസ്തുത സംഘത്തിലുണ്ടയിരുന്നത്.

തങ്ങളുടെ നാട്ടിൽ അഭയം തേടിയെത്തിയ മുസ്ലിംകൾക്ക് നജ്ജാശി രാജാവ് എല്ലാവിധ സംരക്ഷണവും സഹായങ്ങളും ചെയ്തു കൊടുത്തു. രണ്ട് മാസത്തോളം അവിടെ താമസിച്ച വിശ്വാസികൾ പിന്നീട് മക്കയിലേക്ക് തന്നെ മടങ്ങുകയുണ്ടായി.

## ഹിജ്റയും
## ഖുറൈശികളുടെ കുതന്ത്രവും

ആദ്യ ഹിജ്റ സംഘം അബ്സീനിയയിലായിരുന്ന സന്ദർഭത്തിൽ പ്രവാചകൻ(സ) ഒരിക്കൽ റമദാൻ മാസം കഅബയുടെ അടുത്ത് ചെന്ന് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. ഖുറൈശീ പ്രമുഖരും നേതാക്കളുമടക്കം ഒരു വലിയ സംഘം അവിടെ ഹാജറുണ്ടായിയിരുന്നു; പ്രവാചകൻ ഓതിയിരുന്ന സൂറത്ത് നജ്മ് ഖുറൈശികൾ ശ്രദ്ധപൂർവ്വം കേട്ടു നിൽക്കുകയും അതിലെ അവസാന വചനമായ *ഫസ്ജുദൂ ലില്ലാഹി വഅ്ബുദൂഹു* (നിങ്ങൾ അല്ലാഹുവിന് സാഷ്ടാംഗം ചെയ്യുകയും അവനെ ആരാധിക്കുകയും ചെയ്യുക) എന്ന് എത്തിയപ്പോൾ പ്രവാചകൻ സുജൂദ് (സാഷ്ടാംഗം) ചെയ്തു. അതോടൊപ്പം അത് ശ്രദ്ധിച്ചുനിന്നിരുന്ന ഖുറൈശീ ശത്രു പ്രമുഖരടക്കം എല്ലാവരും സുജൂദ് ചെയ്തു. ഇത്

ജനങ്ങ ൾക്കിടയിൽ വലിയ സംസാരവിഷയമായി. ഇതാകട്ടെ അബ്സീനിയിലുണ്ടായിരുന്ന മുസ്ലിംകളുടെ കാതിൽ മക്കാ ഖുറൈശീ പ്രമുഖരെല്ലാം ഇസ്ലാം വിശ്വസിച്ചു എന്ന നിലക്കായിരുന്നു എത്തിയിരുന്നത്. അത് സത്യമാ യിരിക്കും എന്ന് തെററിദ്ധരിച്ചായിരുന്നു ആദ്യ ഹിജ്റാ സംഘം മക്കയിലേക്ക് തിരിച്ചുവന്നത്.

മുസ്ലിംകൾക്ക് നജ്ജാശീ രാജാവ് മാന്യമായ സംരക്ഷണം നൽകി; എന്ന വിവരം അറിഞ്ഞ ഖുറൈശികൾ തങ്ങൾ നടത്തിക്കൊണ്ടിരുന്ന മർദ്ദനമുറകൾ രൂക്ഷമാക്കി; എല്ലാ നിലക്കും വിശ്വാസികളെ കഷ്ടപ്പെടുത്താൻ തന്നെ തീരുമാനിച്ചു. അത് മനസ്സിലാക്കിയ പ്രവാചകൻ (സ) വിശ്വാസികളോട് വീണ്ടും അബ്സീനിയയിലേക്ക് പാലായനം ചെയ്യാൻ നിർദ്ദേശിച്ചു. അതനുസരിച്ച് എൺപത്തിരണ്ട് പുരുഷന്മാരും പത്തൊമ്പത് സ്ത്രീകളുമടങ്ങുന്ന ഒരു വലിയ സംഘം രണ്ടാമതും നജ്ജാശിയുടെ നാട്ടിലേക്ക് പാലായനം ചെയ്തു.

മുസ്ലിംകൾ വീണ്ടും അബ്സീനയിലേക്ക് പുറപ്പെടുന്നതിൽ അരിശംപൂണ്ട ഖുറൈശികൾ തങ്ങളുടെ കൂട്ടത്തിലെ സമർത്ഥരും ശക്തരുമായ രണ്ടാളുകളെ തിരഞ്ഞെടുത്ത് ഒരു പാട് വിലപിടിപ്പുള്ള പാരിതോഷികങ്ങളുമായി മുസ്ലിംകൾക്ക് സംരക്ഷണം കൊടുക്കരുതെന്ന ആവശ്യവുമായി നജ്ജാശിയുടെ അടുത്തേക്ക് പറഞ്ഞയച്ചു. അം റുബ്നുൽ ആസ്വിയും, അബ്ദുല്ലാഹിബ്നു അബീ റബീഅയുമായിരുന്നു പ്രസ്തുത രണ്ട് വ്യക്തി കൾ.

മേൽപറയപ്പെട്ട രണ്ടാളുകളും നജ്ജാശിയുടെ അടുക്കൽ ചെന്ന് ഇങ്ങിനെ പറഞ്ഞു: അല്ലയോ രാജാവേ, ഞങ്ങളുടെ നാട്ടിൽനിന്നും ഒരുകൂട്ടം വിഡ്ഢികളായ ആളുകൾ ഇതാ താങ്കളുടെ നാട്ടിലേക്ക് കുടിയേറി വന്നിരിക്കുന്നു;





അവർ അവരുടെ ജനതയുടെ മതം ഉപേക്ഷിച്ചുകൊണ്ടാണ് വന്നിരിക്കുന്നത് എന്നാൽ താങ്കളുടെ മതത്തിലേക്ക് പ്രവേശിച്ചിട്ടുമില്ല. അവർ താങ്കൾക്കോ ഞങ്ങൾക്കോ പരിചയമില്ലാത്ത ഒരു പുതിയ മതവുമായാണ് വന്നിരിക്കുന്നത്. അതുകൊണ്ട് അവർക്ക് സംരക്ഷണം കൊടുക്കാതെ അവരെ ഞങ്ങളുടെ നാട്ടിലേക്ക് തന്നെ തിരിച്ചയക്കണം എന്ന് പറയാൻ ഞങ്ങളിലെ പ്രമുഖരും മാന്യന്മാരുമാണ് ഞങ്ങളെ താങ്കളുടെ അടുത്തേക്ക് പറഞ്ഞയച്ചിട്ടുള്ളത്.

ഇത്കേട്ടപ്പോൾ നേരത്തെ പാരിതോഷികങ്ങളിൽ നിന്നും ഒരു വിഹിതം നൽകി ഒരുക്കി നിറുത്തിയിരുന്ന പുരോഹിതന്മാർ അത് ശരിവെച്ചുകൊണ്ട് അവരെ തിരിച്ചയക്കുകയാണ് നല്ലതെന്ന് അഭിപ്രായപ്പെട്ടു. – സമ്പത്തും പാരിതോഷികങ്ങളും കിട്ടുമെന്ന് കണ്ടാൽ ഏത് നെറികേടുകൾക്കും കൂട്ടുനിൽക്കുന്നവർ എക്കാലത്തുമുണ്ടായിരുന്നു എന്ന് മനസ്സിലാക്കാം !! - എന്നാൽ മാന്യനും ബുദ്ധിമാനുമായിയുന്ന രാജാവ് രണ്ട് ഭാഗത്ത് നിന്നുമുള്ള സംസാരം കേൾക്കാതെ ഒന്നും പ്രവർത്തിക്കുകയില്ലെന്ന് അറിയിച്ചു മുസ്ലിംകളോട് തന്റെ മുന്നിൽ ഹാജറാകുവാൻ ആവശ്യപ്പെടുകയും സത്യാവസ്ഥ അന്വേഷിക്കുകയും ചെയ്തു.

രാജാവ് ചോദിച്ചു : നിങ്ങൾ നിങ്ങളുടെ പൂർവ്വീകരുടെ മതം ഉപേക്ഷിച്ച് ഒരു പുതിയ മതം ഉൾക്കൊണ്ടിരിക്കുന്നു എന്ന് കേൾക്കുന്നുവല്ലൊ എന്താണ് നിങ്ങൾക്ക് പറയാനുള്ളത് ?

അന്നേരം മുസ്ലിംകളുടെ ഭാഗത്ത് നിന്ന് ജഅ്ഫറു ബ്നു അബീത്വാലിബ് താഴെ പറയുന്ന വിധം പ്രസംഗിച്ചു: '' അല്ലയോ മഹാരാജാവേ, ഞങ്ങൾ അജ്ഞാന കാലത്ത് വിഗ്രഹാരാധകരും, ശവം ഭക്ഷിക്കുന്നവരും, അധർമ്മങ്ങൾ

പ്രവർത്തിക്കുന്നവരും, അന്യോന്യം അക്രമിക്കുന്നവരും, കുടുംബം വിച്ഛേദിക്കുന്നവരും, അയൽ പക്കത്തെ മാനിക്കാത്തവരുമായിട്ടായിരുന്നു കഴിഞ്ഞിരുന്നത്. അങ്ങിനെ ഞങ്ങളിൽ ഉയർന്ന ഗോത്രക്കാരനും സത്യസന്ധനും വിശ്വസ്തനുമായ ഞങ്ങൾക്ക് നേരിട്ട് അറിയുന്ന ഒരു വ്യക്തിയെ അല്ലാഹു ഞങ്ങളിലേക്ക് പ്രവാചകനായി നിയോഗിച്ചു. അദ്ദേഹം ഞങ്ങളെ തൗഹീദിലേക്ക് (അല്ലാ ഹുവിനെ മാത്രം ആരാധിക്കുന്നതിലേക്ക്) ക്ഷണിക്കുക യും ഞങ്ങളും ഞങ്ങളുടെ പൂർവ്വീകരും ആരാധിച്ചുവന്ന വിഗ്രഹങ്ങളെയെല്ലാം കയ്യൊഴിക്കണമെന്ന് ആവശ്യപ്പെടുകയും,സത്യസന്ധതയോടും വിശ്വസ്തതയോടെയും വർത്തിക്കുവാനും, കുടുംബ ബന്ധം ചേർത്തുവാനും അയൽപക്കത്തെ മാനിക്കുവാനും ഞങ്ങളോട് കൽപിച്ചു. പരസ്പരമുള്ള കലഹങ്ങളും രക്തച്ചൊരിച്ചിലും മ്ലേച്ചകാര്യങ്ങളുമെല്ലാം അദ്ദേഹം ഞങ്ങളോട് വിലക്കി. നമസ്കാരവും സകാത്തും നോമ്പുമെല്ലാം അനുഷ്ഠിക്കാനായി ഞങ്ങളോട് ആവശ്യപ്പെട്ടു ഞങ്ങളത് അംഗീകരിക്കുകയും അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്തു.'' അന്നേരം അദ്ദേഹം നിങ്ങൾക്ക് ഓതിത്തന്ന എന്തെങ്കിലും നിങ്ങളുടെ പക്കലുണ്ടോ എന്ന് രാജാവ് അവരോട് ചോദിച്ചു. തദവസരം ജഅ്ഫർ(റ), സൂറത്ത് മറിയമിലെ ആദ്യഭാഗം അദ്ദേഹത്തിന് ഓതിക്കേൾപ്പിച്ചു; അത് കേട്ട് അദ്ദേഹം തൻെറ താടിരോമങ്ങൾ പോലും നനയുമാറ് കരഞ്ഞു പോവുകയും തീർച്ചയായും ഞാനീ കേട്ട വചനങ്ങൾ ഈസബ്നു മറിയമിന് അവതരിച്ചിരുന്ന അതേ കേന്ദ്രത്തിൽ നിന്നാണെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു എന്ന് അവരോട് പറയുകയും ചെയ്തു. ശേഷം അംറുബ്നുൽ ആസ്വിനോടും അബ്ദുല്ലാഹിബ്നു അബീ റബീഅയോ





ടുമായി പറഞ്ഞു: നിങ്ങൾ ഇറങ്ങിപ്പോവുക ഞാനൊരിക്കലും ഇവരെ നിങ്ങൾക്ക് വിട്ടുതരുന്നതല്ല. പിന്നീട് അടുത്ത ദിവസം ഇവർ ഈസബ്നു മറിയമിനെ സംബന്ധിച്ച് മോശമായി പറയുന്നവരാണ് എന്ന് പറഞ്ഞുനോക്കി അന്നേരം രാജാവ് ആവശ്യപ്പെട്ടത് അനുസരിച്ച് ജഅ്ഫർ(റ), അദ്ദേഹം അല്ലാഹുവിൻെറ ദാസനും റസൂലും ആത്മാവും കന്യകയായ മറിയമിലേക്ക് അല്ലാഹു ഇട്ടുകൊടുത്ത വചനവുമാണ് എന്ന് പറഞ്ഞു. ഇത് കേട്ട രാജാവ് പറഞ്ഞത് ഇതുതന്നെയാണ് ഈസ ബ്നു മറിയമിനെ സംബ ന്ധിച്ച വാസ്തവമായിട്ടുള്ള കാര്യങ്ങൾ എന്നായിരുന്നു. തുടർന്ന് മുസ്ലിംകളോട് നിങ്ങൾ എൻെറ ദേശത്ത് എല്ലാ വിധ നിർഭയത്വത്തോടു കൂടി കഴിഞ്ഞുകൊള്ളുക എന്നും ഖുറൈശികളോട് അവർ കൊണ്ടുവന്ന പാരിതോഷികങ്ങളുമായി സ്ഥലം വിട്ടുകൊള്ളാനും ആവശ്യപ്പെട്ടു. അങ്ങിനെ ആ കുതന്ത്രവും വിഫലമായി.

## അബൂത്വാലിബിൻെറ മുന്നിൽ

തങ്ങളുടെ കുതന്ത്രങ്ങളൊന്നും ഫലിക്കുന്നില്ലെന്ന് കണ്ട ഖുറൈശികൾ അബൂത്വാലിബിനെ സമീപിച്ച് തൻെറ സംരക്ഷണത്തിൽ കഴിയുന്ന പ്രവാചകന് സംരക്ഷണത്തിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കാനാണ് തീരുമാനിച്ചത്. അതനുസരിച്ച് അവർ അബൂത്വാലിബിനെ സമീപിച്ച് ഇങ്ങിനെ അറിയിച്ചു ''താങ്കൾ ഞങ്ങളിൽ തല മുതിർന്ന, സ്ഥാനമാനങ്ങളുള്ള മാന്യതയുള്ള ഒരു വ്യക്തിയാണ്. ഞങ്ങൾ ഇതിന് മുമ്പ് മുഹമ്മദിൻെറ പ്രവർത്തനങ്ങളിൽ നിന്നും അവനെ തടയണമെന്ന് ആവശ്യപ്പെട്ടിരുന്നു, എന്നാൽ ഇനി ഞങ്ങൾ ക്ഷമിക്കുകയില്ല. നമ്മുടെ പൂവ്വീകരെ വിഡ്ഢികളാക്കി, ദൈവങ്ങളെ അധിക്ഷേപിക്കുന്ന

പ്രവർത്തനങ്ങളിൽ നിന്നും നിങ്ങൾ അവനെ തടയുക; അതല്ലെങ്കിൽ അവനെ ഞങ്ങൾക്ക് എൽപ്പിച്ചു തരിക''

ഇത് അബൂത്വാലിബിൽ വലിയ പ്രയാസമുണ്ടാക്കി അദ്ദേഹം നബി(സ)യെ വിളിച്ചു സംഭവങ്ങൾ വിശദീകരിച്ച ശേഷം, നിൻെറ ഈ പ്രവർത്തനങ്ങൾ എന്നെ പ്രയാസപ്പെടുത്തിയിരിക്കുകയാണ്, അതിനാൽ എനിക്ക് താങ്ങാവുന്നതിലുമപ്പുറം എന്നെ ബുദ്ധിമുട്ടിക്കരുത് എന്ന് പറഞ്ഞു. ഇത് കേട്ട പ്രവാചകൻ (സ) പിതൃവ്യൻ കൂടി തന്നെ കയ്യൊഴിച്ചു എന്ന് മനസ്സിലാക്കുകയും ശേഷം താഴെ പറയുന്ന വിധം കനപ്പെട്ട വാക്കുകൾ പറഞ്ഞ് കണ്ണീരോടുകൂടി അവിടെനിന്നും എഴുന്നേററു; ''ഇല്ല മൂത്താപ്പാ, നിങ്ങളെ ഞാനൊരിക്കലും പ്രയാസപ്പെടുത്തുന്നില്ല. എന്നാ ൽ അവരെല്ലാവരും കൂടി എനിക്ക് സൂര്യനെ മുന്നിൽ വെച്ചുതന്നുകൊണ്ട് ഇതിൽ നിന്നും പിന്തിരിയണമെന്ന് പറഞ്ഞാലും ഞാൻ പിന്തിരിയുന്നതല്ല. ഒന്നുകിൽ എൻെറ ദൗത്യം വിജയിക്കുക അതല്ലെങ്കിൽ ആ മാർഗ്ഗത്തിൽ ഞാ ൻ പിടഞ്ഞു മരിക്കുക'' ഇതും പറഞ്ഞ് ഇറങ്ങിപ്പോകാൻ ശ്രമിച്ച പ്രവാചകനെ അബൂത്വാലിബ് തിരിച്ചു വിളിച്ചു കൊണ്ട് പറഞ്ഞു; ''ഇല്ല മകനേ ഞാനൊരിക്കലും നിന്നെ അവർക്ക് ഏൽപ്പിക്കുകയില്ല. നീ നിൻെറ ഇഷ്ടമനുസരിച്ച് പ്രവർത്തിച്ചു കൊള്ളുക, എൻെറ തല മണ്ണിൽ തട്ടുന്നത് വരെ നിന്നെ ഒരാൾക്കും ഉപദ്രവിക്കാൻ ഞാൻ അനുവദിക്കുന്നതല്ല'' എന്ന് സധൈര്യം പറഞ്ഞു.

അബൂ ത്വാലിബ് മുഹമ്മദിനെ കയ്യൊഴിക്കുന്നില്ലെന്ന് അറിഞ്ഞ ഖുറൈശികൾ സുമുഖനും ആരോഗ്യവാനുമായ ഇമാറത്തു ബ്നു വലീദ് ബ്നു മുഗീറയേയും കൊണ്ട് അബൂത്വാലിബിനെ സമീപിച്ചുകൊണ്ട് പറഞ്ഞു: ഇതാ ഖുറൈശികളിൽ സുന്ദരനും തൻേറടിയും ആരോഗ്യവാനുമായ യുവാവിനേയും കൊണ്ടാണ് ഞങ്ങളിപ്പോൾ വന്നിരിക്കുന്നത്. നിങ്ങളിവനെ മകനായി സ്വീകരിക്കുക പകരം മുഹമ്മദിനെ ഞങ്ങൾക്ക് ഏൽപ്പിച്ചുതരിക ഞങ്ങളവൻെറ കഥകഴിക്കുകയും ചെയ്യാം. ഇതുകേട്ട് ബുദ്ധിമാനായ അബൂത്വാലിബ് പറഞ്ഞു: നിങ്ങളുടെ തീരുമാനം രസകരം തന്നെ; എൻെറ മകനെ ഞാൻ നിങ്ങൾക്ക് കൊല്ലാൻ ഏൽപ്പിച്ചു തരിക എന്നിട്ട് നിങ്ങളുടെ മകനെ ഞാൻ തീററി പ്പോററി വളർത്തുകയും ചെയ്യുക; നാണമില്ലേ നിങ്ങൾക്കിത് പറയാൻ. ഇറങ്ങിപ്പോവുക എൻെറ മുന്നി ൽ നിന്നും. അങ്ങിനെ അതിലും പരാജയപ്പെട്ട അവർ ഇളിഭ്യരായി തിരിച്ചുപോയി.

## ഹംസ (റ)വിൻെറ ഇസ്ലാം മതാശ്ലേഷണം

ഖുറൈശികളുടെ കുതന്ത്രങ്ങളൊന്നും വിലപ്പോകുന്നില്ലെന്ന് കണ്ടപ്പോൾ അവർ പ്രവാചകനെ കെലപ്പെടുത്താൻ തന്നെ തീരുമാനിച്ചു. അതിനായി ഓരോരുത്തരും തനിക്ക് കഴിയുന്നതിൽ മൽസര ബുദ്ധിയോടെ പ്രവർത്തിച്ചു തുടങ്ങി. അങ്ങിനെ ഒരിക്കൽ പ്രവാചകൻ(സ) കഅബയുടെ പരിസരത്ത് സഫയുടെ അടുത്തുകൂടെ നടന്നു പോകുകയായിരുന്നു; അന്നേരം അബൂ ജഹൽ അദ്ദേഹത്തെ വളരെ മോശമായ നിലയിൽ അസഭ്യങ്ങൾ പറഞ്ഞു. പ്രവാചകൻ(സ) തിരിച്ചൊന്നും പറയാതെ നടന്നുപോകുന്നത് കണ്ട അബൂജഹൽ ഒരു കല്ലെടുത്ത് പ്രവാചകനെ ശക്തിയായി മർദ്ദിക്കുകയും, തൽഫലമായി നബി(സ)യുടെ തലക്ക് മുറിവു പററി രക്തം ധാരയായി ഒഴുകാൻ തുടങ്ങി. ഇതെല്ലാം കണ്ടു നിന്നിരുന്ന അബ്ദുല്ലാഹിബ്നു ജദ്ആനിൻെറ ഒരു അടിമ ഇക്കാര്യം ഹംസ(റ)വിൻെറ ശ്രദ്ധയി

ൽ പെടുത്തി. ഹംസ (റ) തൻെറ ആയുധങ്ങളുമെടുത്ത്
അബൂ ജഹലിൻെറ നേരെ ചെന്നുകൊണ്ട് പറഞ്ഞ വാക്ക്
പ്രവാചകൻേറയും വിശ്വാസികളുടേയും മനസ്സിൽ തേൻ
മഴ വർഷിക്കുന്നതായിരുന്നു. അത് ഇപ്രകാരമായിരുന്നു.
''നീ എൻെറ സഹോദര പുത്രനെ ചീത്ത വിളിക്കുകയും
മർദ്ദിക്കുകയും ചെയ്തു അല്ലേ, എന്നാൽ ഇനി അതൊന്ന്
ആവർത്തിച്ചു നോക്കൂ; ഞാനും ഇതാ അവൻെറ മത
ത്തിൽ ചേർന്നിരിക്കുന്നു'' അത് തുടക്കത്തിൽ തൻെറ സ
ഹോദര പുത്രനേററ പ്രയാസമറിഞ്ഞുള്ള രോഷാഗ്നിയാ
യിരുന്നു വെങ്കിലും അല്ലാഹു, ആ മനസ്സിൽ നിന്നും പുറ
ത്ത് വന്ന വാക്കിനെ അന്വർത്ഥമാക്കും വിധം അദ്ദേഹ
ത്തിൻെറ മനസ്സിന് ഇസ്ലാം ഉൾക്കൊള്ളാൻ വിശാലത
നൽകി. അതാകട്ടെ തൻെറ രക്ത സാക്ഷിത്വം നടക്കു
ന്നത് വരെ ഇസ്ലാമിനും മുസ്ലിംകൾക്കും വൻ ശക്തി
യായി പരിണമിച്ചു.

## ഉമറും ഇസ്ലാമിലേക്ക് !

ഈ അവസരത്തിൽ തന്നെയാണ് ഉമർ (റ) ഹുവിൻെറ
ഇസ്ലാം ആസ്ശ്ലേഷണവും നടക്കുന്നത്. നുബുവ്വത്തി
ൻെറ ആറാം വർഷം ദുൽഹജ്ജ് മാസത്തിലായിരുന്നു
അത്. ഹംസ(റ) വിൻെറ ഇസ്ലാം വിശ്വാസത്തിൻെറ മൂ
ന്നാം ദിവസമായിരുന്നു പ്രസ്തുത സംഭവം. ശത്രുക്ക
ളുടെ മർദ്ദനങ്ങൾ കൂടിവന്നപ്പോൾ പ്രവാചകൻ(സ) ''അ
ല്ലാഹുവേ ഉമറു ബ്നുൽ ഖത്താബ്, അംറു ബ്നു ഹിശാം
(അബൂ ജഹൽ) ഇവരിൽ നീ ഇഷ്ടപ്പെടുന്ന വ്യക്തി
യെക്കൊണ്ട് ഇസ്ലാമിന് ശക്തി പകരേണമേ'' എന്ന്
പ്രാർത്ഥിച്ചിരുന്നതായി ഹദീസുകളിൽ കാണാവുന്നതാ
ണ്. അല്ലാഹു ആ ഭാഗ്യത്തിന് ഉമർ(റ) യാണ് തിരഞ്ഞെ
ടുത്തത്.





ഹംസ(റ) വിൻെറ ഇസ്ലാം സ്വീകരണം ഖുറൈശികൾ
ക്ക് വലിയ തലവേദന തന്നെ ഉണ്ടാക്കിത്തീർത്തു. അ
തനുസരിച്ച് ഇനി എന്തായാലും മുഹമ്മദിനെ വകവരു
ത്തുക തന്നെ വേണം എന്ന് തീർച്ചപ്പെടുത്തി. അതിനായി
അവരുടെ കൂട്ടത്തിലെ ഏററവും കരുത്തരിൽ ഒരാളായ
ഉമറിനെ തന്നെ അവർ തിരഞ്ഞെടുത്തു.

എല്ലാവരും കൂടി തന്നിലേൽപ്പിച്ച ആത്മവിശ്വാസം അത്
ശരിവെച്ചുകൊണ്ട് അദ്ദേഹം തൻെറ വാളുമെടുത്ത് ആ
കർത്തവ്യം നിർവ്വഹിക്കാനായി ഒരുങ്ങിത്തന്നെ പുറ
പ്പെട്ടു. വഴിയിൽ വെച്ച് നഈമുബ്നു അബ്ദുല്ല എന്ന വ്യ
ക്തി അദ്ദേഹത്തെ കണ്ട് മുട്ടുകയും യാത്രയുടെ ഉദ്ദേശ്യ
ത്തെ അന്വേഷിക്കുകയും ചെയ്തു. വിഷയം മനസ്സിലാ
ക്കിയ അദ്ദേഹം, സ്വന്തം കുടുംബത്തെ നേരെയാക്കിയിട്ട്
പോരെ മററുള്ളവരെ നേരെയാക്കൽ; എന്ന് പറഞ്ഞു
കൊണ്ട് തങ്കളുടെ സഹോദരിയും ഭർത്താവും മതം മാറി
യിരിക്കുന്നു എന്ന വിവരം അറിയിച്ചു. ഇതു കേൾക്കേണ്ട
താമസം ഉമറിന് മുഹമ്മദിനോട് ഉണ്ടായിരുന്നതിനേ
ക്കാൾ ദേഷ്യത്തോടെ സഹോദരിയുടെ വീട്ടിലേക്ക്
ചെന്നു. ഖബ്ബാബ്ബ്നു അറത് (റ) അവരെ ഖുർആൻ പഠി
പ്പിക്കു കയായിരുന്നു അന്നേരം.

ഉമറിനെ കണ്ട മാത്രയിൽ ഖബ്ബാബ് ഒളിച്ചിരുന്നു. ഉമർ
നേരെ സഹോദരീ ഭർത്താവിനെ ശക്തമായി പ്രഹരിച്ചു
കൊണ്ട് താൻ കേട്ട വാർത്തയെയും, അവർ പാരായണം
ചെയ്തിരുന്ന വചനങ്ങളെയും സംബന്ധിച്ച് ചോദിച്ചു.
അന്നേരം, താൻ ഉൾക്കൊണ്ടതിനപ്പുറമാണ് സത്യം എന്ന്
മനസ്സിലായതിനാൽ .... ഉടനെ വീണ്ടും തൻെറ വാളുമാ
യി ഓങ്ങുമ്പോഴേക്കും ഭർത്താവിനെ രക്ഷപ്പെടുത്താനാ
യി സഹോദരി ഫാത്വിമ ഇടപെടുകയും അത് അവരുടെ

മുഖത്ത് മുറിവേൽപ്പിക്കുകയും രക്തം ഒഴുക്കുകയും ചെയ്തു. അത് ശ്രദ്ധിക്കാതെ അവർ ധീരമായി പറഞ്ഞു. ''ഉമറേ നീ വിശ്വസിച്ചിരിക്കുന്നതിലല്ല സത്യം. ഞങ്ങൾ മുസ്ലിമായിരിക്കുന്നു എന്ന് പറഞ്ഞ് ശഹാദത്ത് ഉറക്കെ ഉച്ചരിച്ചു.'' ഇതെല്ലാം ഉമറിനെ നിരാശനാക്കിയെങ്കിലും സഹോദരിയുടെ ധീരമായ പ്രഖ്യാപനത്തിൽ അൽഭുത പ്പെടുകയും അതിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു. അതോടൊപ്പം സഹോദരിയുടെ ശരീരത്തിൽ നിന്നും ഒഴു കുന്ന രക്തം കണ്ട് അദ്ദേഹത്തിൽ മാനസാന്തര മുണ്ടാ വുകയും ശാന്തനായിക്കൊണ്ട് അവർ പാരായണം ചെയ് തിരുന്ന ഖുർആൻ സൂക്തങ്ങൾ താൻ ആവശ്യപ്പെടുക യും ചെയ്തു. ഇത് അവരിൽ പ്രതീക്ഷയുണ്ടാക്കി. അ ന്നേരം സഹോദരി പറഞ്ഞു ഉമറേ അത് പരിശുദ്ധമായ ദൈവീക വചനങ്ങളാണ് അശുദ്ധിയുള്ള നിന്നെ അത് ഏൽപ്പിച്ചു കൂടാ. അന്നേരം ഉമർ ശുദ്ധിയായി വന്ന് ഒരു കൊച്ചു കുട്ടിയെപ്പോലെ ആ ഏടുകൾ വായിച്ചുനോക്കി: ''ത്വാഹാ മാ അൻസൽനാ അലൈക്കൽ ഖുർആന ലി തശ്ഖാ, ഇല്ലാ തദ്കിറത്തൻ ലിമൻ യഖ്ശാ'' (ത്വാഹാ, നിനക്ക് നാം ഖുർആൻ അവതരിപ്പിച്ചു തന്നത് നീ കഷ്ട പ്പെടാൻ വേണ്ടിയല്ല. ഭയപ്പെടുന്നവർക്ക് ഉൽബോധനം നൽകാൻ വേണ്ടി മാത്രമാണ്). എന്നു തുടങ്ങുന്ന ഖുർആ നിലെ 20ാം അദ്ധ്യായമായ സൂറത്ത് ത്വാഹയായിരുന്നു അത്. പ്രസ്തുത വചനങ്ങൾ പാരായണം ചെയ്ത അദ്ദേഹം ഇതിൽ നിന്നാണോ ആളുകൾ ഓടിപ്പോകുന്നത് !? എന്ന് പറഞ്ഞ് മുഹമ്മദ് എവിടെയാണ് എന്ന് എനിക്ക് പറഞ്ഞുതരൂ എന്ന് ആവശ്യപ്പെട്ടു. അന്നേരം ഒളിച്ചിരുന്നിരുന്ന ഖബ്ബാബ് (റ) പുറത്ത് വന്ന് ഇങ്ങിനെ പറഞ്ഞു: ''ഉമറേ നീ ഭാഗ്യവാ നാ ണ്, കഴിഞ്ഞ ദിവസം പ്രവാചകൻ (സ) ഉമർ, അംറ്





ഇവരിൽ രണ്ടാലൊരാളെക്കൊണ്ട് നാഥാ നീ ഇസ്ലാമിന് ശക്തി പകരേണമേ എന്ന് പ്രാർത്ഥി ച്ചത് ഞാൻ കേട്ടിരുന്നു'' എന്ന് പറഞ്ഞു പ്രവാചകനും അനു യായികളും കഴിഞ്ഞുകൂടുന്ന വീട് പറഞ്ഞു കൊ ടുത്തു. ഉമർ നേരെ അങ്ങോട്ട് ചെന്ന് പ്രവാചകനെ ആലിംഗനം ചെയ്തുകൊണ്ട് അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്നക്ക റസൂലുല്ലാഹ് എന്ന് ചൊല്ലി മുസ്ലിമായി. അല്ലാഹു അക്ബർ !

ഈ സംഭവം വിശ്വാസികൾക്ക് എന്തെന്നില്ലാത്ത ആനന്ദ വും ശത്രുക്കൾക്ക് ഏററ ഒരു ഇടിത്തീയുമായിരുന്നു. ഉ മർ പ്രവാചകനോട് ചോദിച്ചു. നബിയേ നാം ജീവിച്ചാലും മരിച്ചാലും സത്യത്തിൻെറ വക്താക്കളല്ലെ ? നബി(സ) അതെ, എന്ന് ഉത്തരം നൽകി. എങ്കിൽ ഇനി നാം ഒളിച്ചി രുന്നുകൂടാ. എന്ന് പറഞ്ഞുകൊണ്ട് വിശ്വാസികളെ രണ്ട് അണികളാക്കി ഒരണിയുടെ മുന്നിൽ ഹംസ(റ) വും മ റെറാന്നിൻെറ മുന്നിൽ ഉമർ(റ)വും നേതൃത്വം നൽകി അ വർ പരസ്യമായി കഅബയിലേക്ക് മാർച്ച് ചെയ്ത് ത്വവാ ഫും നമസ്കാരവും നിർവ്വഹിച്ചു. അന്നാണ് പ്രവാചക ൻ(സ) ഉമർ(റ)വിനെ ഫാറൂഖ് (സത്യവും അസത്യവും വേർതിരിച്ചവൻ) എന്ന പേര് നൽകി അനുമോദിച്ചത്.

ഉമർ(റ) വിൻെറ ഇസ്ലാം മത വിശ്വാസത്തിന് ശേഷം മാ ത്രമാണ് ഞങ്ങൾക്ക് കഅബയുടെ അടുത്ത് വെച്ച് നമസ് കരിക്കുവാനും ത്വവാഫ് ചെയ്യുവാനും കഴിഞ്ഞിട്ടുള്ളത് എന്ന് സ്വഹാബികളിൽ പലരിൽ നിന്നും റിപ്പോർട്ട് ചെയ് തിട്ടുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

## ഉത്ബത്തിൻെറ ഭരണ വാഗ്ദാനം

ഹംസ, ഉമർ (റ) എന്നിവരുടെ ഇസ്‌ലാം മതാശ്ലേഷണം ഖുറൈശികളുടെ ഉറക്കം കെടുത്തുക തന്നെ ചെയ്തു. ഒരിക്കൽ നബി(സ) കഅബയുടെ പരിസരത്ത് ഒററക്ക് ഇരിക്കുന്നത് കണ്ട മുശ്‌രിക്കുകളുടെ കൂട്ടത്തിലെ തലയെടുപ്പുള്ള നേതാവായ ഉത്ബത്ത് (അബുൽ വലീദ്) തൻെറ അനുയായികളോട് ചിലത് സംസാരച്ച ശേഷം ഇപ്രാവശ്യം എന്തായാലും ഞാൻ മുഹമ്മദിനെ കീഴ്പ്പെടുത്തുക തന്നെ ചെയ്യും എന്ന് പറഞ്ഞ് പ്രവാചകൻെറ നേർക്ക് ചെന്നു. ശേഷം ഇപ്രകാരം പറഞ്ഞു: മുഹമ്മദേ നീ ഞങ്ങളിലെ മാന്യനും ഉന്നതനുമാണ്. പക്ഷേ നമ്മൾ പൂർവ്വീകരായി ചെയ്തു ശീലിച്ച ആചാരങ്ങളിൽ നിന്നും മാറിക്കൊണ്ട് നീ ഒരു പുതിയ ആശയവുമായി പുറപ്പെട്ടിരിക്കുകയാണല്ലൊ. എന്താണ് ഇതിൻെറ പിന്നിലെ നിൻെറ ലക്ഷ്യം ? നീ ഇവിടുത്തെ ഭരണമാണ് ആഗ്രഹിക്കുന്നത് എങ്കിൽ നിന്നെ ഞങ്ങൾ ഭരണം ഏൽപ്പിച്ച് നേതാവാക്കാം, അതല്ല ധനമാണ് നിൻെറ ലക്ഷ്യമെങ്കിൽ നീ ആവശ്യപ്പെടുന്ന സമ്പത്ത് ഞങ്ങൾ സ്വരൂപിച്ച് നൽകാം, അതല്ല വല്ല പെൺകുട്ടികളേയും വിവാഹം കഴിക്കാനാണ് നിൻെറ ഒരുക്കമെങ്കിൽ അതിന് ഞങ്ങൾ അവസരം ഉണ്ടാക്കി തരാം. അതല്ല നിനക്ക് വല്ല രോഗവുമാണ് എങ്കിൽ ഞങ്ങൾ ചികിൽസിച്ച് മാററാം.

ഇത് പറഞ്ഞു തീർന്നപ്പോൾ നബി(സ) ഖുർആനിലെ 41ാം അദ്ധ്യായമായ സൂറത്ത് ഹാമീം സജദയിലെ (ഫുസ്വിലത്ത്) ആയത്തുകൾ ഓതിക്കൊടുക്കാൻ തുടങ്ങി. ''ഫഇൻ അഅ്റളൂ ഫ ഖുൽ അൻദർതുകും സ്വാഇഖതൻ മിഥ്ല സ്വാഇഖതി ആദിൻ വ ഥമൂദ്'' (ഇനി അവർ തിരിഞ്ഞു കളയുകയാണ് എങ്കിൽ പറഞ്ഞേക്കുക, ആദ്, ഥമൂദ് എന്നീ സമൂഹങ്ങൾക്ക് നേരിട്ട ഭയങ്കര ശിക്ഷ പോലുള്ള ഒരു ശിക്ഷയെപ്പററി ഞാനിതാ നിങ്ങൾക്ക് താക്കീത്





നൽകുന്നു) എന്ന വചനം എത്തിയപ്പോൾ ഉത്ബത്ത് എഴുന്നേററു, കുടുംബത്തെ വിചാരിച്ച് നീ അൽപം കാരുണ്യം കാണിക്കണം എന്നു പറഞ്ഞ് നബി(സ)യുടെ വായ പൊത്തുകയും ഉടനെ അവിടുന്ന് സ്ഥലം വിടുകയും ചെയ്തു.

ഉത്ബത്തിൻെറ മടക്കം കണ്ട ഉടനെ, കണ്ട് നിന്നവർ പറഞ്ഞു: ''ഉത്ബത്ത് പോയ ഉഷാറോടുകൂടിയല്ല വരുന്നത്''. വന്ന ഉടനെ ഖുറൈശീ സമൂഹമേ, നിങ്ങൾ ആ മനുഷ്യനെ വിട്ടേക്കുക. ഞാൻ ഒരു വാക്ക് കേട്ടു അവനിൽനിന്ന്. അതുപോലൊന്ന് മുമ്പ് ഒരിക്കലും ഞാൻ കേട്ടിട്ടേയില്ല. അത് കവിതയുമല്ല, ജോൽസ്യവുമല്ല. അതുകൊണ്ട് അവനെ വിട്ട് ഒഴിഞ്ഞ് മാറുന്നതാണ് നല്ലത്. അത്തരത്തിലുള്ള ഭീകരമായ ഒന്നായിരുന്നു അവൻ എന്നെ കേൾപ്പിച്ചത്.

## ബഹിഷ്കരണം

അവസാനത്തെ അടവ് എന്ന നിലക്ക് പിന്നീട് ഖുറൈശികൾ കണ്ടെത്തിയ മാർഗ്ഗം നബി(സ)ക്കും അനുയായികൾക്കും ഊരുവിലക്കും ബഹിഷ്കരണവും ഏർപ്പെടുത്തുക എന്നതായിരുന്നു. മുസ്‌ലിംകളുമായുള്ള വിവാഹം, മററ് ഇടപാടുകൾ, പരസ്പരമുള്ള സമ്പർക്കങ്ങൾ, കച്ചവടം (വാങ്ങലും വിൽക്കലും), സംസാരം അടക്കം എല്ലാ നിലക്കുമുള്ള സഹായ സഹകരണങ്ങളും സമ്പർക്കവും നിർത്തൽ ചെയ്തുകൊണ്ട് ഒരു കരാർ എഴുതിയുണ്ടാക്കി കഅബയിൽ കെട്ടിത്തൂക്കി.

തദടിസ്ഥാനത്തിൽ വിശ്വാസികൾക്ക് അവർ ഭക്ഷണ പാനീയങ്ങൾ പോലും വിലക്കി. കൈവശം ഉണ്ടായിരുന്ന പണം കൊണ്ട് പോലും പ്രയോജനമില്ലാതെയായി. യുദ്ധം നിഷിദ്ധമാക്കപ്പെട്ട മാസങ്ങളിൽ പുറം നാടുകളിൽ നി

ന്നും കച്ചവടക്കാർ വരുന്ന അവസരങ്ങളിൽ മാത്രമായിരുന്നു എന്തെങ്കിലും കൊള്ളക്കൊടുക്കകൾ നടത്താൻ കഴിഞ്ഞിരുന്നത്. അല്ലാത്ത അവസരങ്ങളിൽ തങ്ങൾ കാലിൽ ധരിച്ചിരുന്ന തോലിൻെറ ചെരുപ്പുകൾ വെള്ളത്തിലിട്ട് കുതിർത്തി അത് പോലും കടിച്ച് തിന്നു നോക്കിയിരുന്നു, എന്നും. പച്ചിലകൾ കടിച്ചു തിന്ന്, ആടുകൾ കാഷ്ടിക്കുന്നത് പോലെയായിരുന്നു ഞങ്ങൾ കാഷ്ടിച്ചിരുന്നത് എന്നും സ്വഹാബികളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിനിടയിൽ ഖദീജ (റ) യുടെ സഹോദരപുത്രൻ ഇടക്ക് തൻെറ അമ്മായി എന്ന ബന്ധം പരിഗണിച്ച് ചോളവും മററും എത്തിച്ചുകൊടുത്തിരുന്നത് ഒഴിച്ച് മറെറല്ലാ സമ്പർക്കവും നബി(സ)ക്കും അനുയായികൾക്കും തടയപ്പെട്ടു. പൂർണ്ണമായും ഉപരോധം തന്നെയായിരുന്നു. ഈ അവസ്ഥയിൽ മൂന്ന് കൊല്ലം കഴിച്ചുകൂട്ടേണ്ടി വന്നു !!.

എന്നാൽ ഖുറൈശികൾക്ക് ഇടയിൽ തന്നെ പ്രവാചകനും സ്വഹാബികളും അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രയാസങ്ങളിൽ അനുകമ്പയുള്ള ചിലയാളുകളുണ്ടായിരുന്നു. അക്കൂട്ടത്തിലൊരാളായ ഹിഷാമ് ബ്നു അംറ്, നബിയുമായി കുടുംബ ബന്ധമുണ്ടായിരുന്ന സുഹൈറ് ബ്നു അബീ ഉമയ്യയെ (ഇദ്ദേഹം നബിയുടെ പിതൃ സഹോദരിയായ ആതിഖയുടെ മകനാണ്) ചെന്ന് കാണുകയും നമ്മുടെ കുടുംബക്കാരായ ഒരു കൂട്ടം ആളുകളോട് ഈ രൂപത്തിൽ ക്രൂരായി പെരുമാറാൻ മാത്രം എന്ത് തെററാണ് അവർ ചെയ്തത് ? വർഷങ്ങളായി ഭക്ഷണം പോലും തടയപ്പെട്ടിരിക്കുന്നു !. അന്നേരം ഞാൻ ഒററക്ക് എന്ത് ചെയ്യാനാണ് ? എന്നായിരുന്നു അയാളുടെ മറുപടി. അന്നേരം ഹിശാം പറഞ്ഞത് ഒരാൾ മാത്രമല്ല രണ്ടാമനായി ഞാനുമുണ്ട് മൂന്നാമനായി മുത്ഇമു ബ്നു അദിയ്യിനേയും അതുപോലെ അബുൽ ബുഹ്തുരിയേയും ഈ വി





ഷയത്തിൽ തങ്ങളോടൊപ്പം ലഭിച്ചു. അങ്ങിനെ നാലു പേരും കൂടി ഖുറൈശികളോടായി കരാർ വലിച്ചു കീറുന്നതിനെ സംബന്ധിച്ച് സംസാരിച്ചു. അന്നേരം അബൂജഹൽ നീ പറയുന്നത് നടക്കാൻ പോകുന്നില്ല എന്ന് പറഞ്ഞു. ഉടനെ ആദ്യം സംസാരിച്ച സുഹൈറിനോടൊപ്പമുണ്ടായിരുന്ന മററ് മൂന്ന് പേരും കൂടി അത് നടക്കുക തന്നെ ചെയ്യും എന്ന് പറഞ്ഞു. ഈ സന്ദർഭത്തിൽ പ്രസ്തുത സംസാരങ്ങൾ ശ്രദ്ധിച്ചിരുന്ന അബൂത്വാലിബ് പറഞ്ഞു: നി ങ്ങൾ തർക്കിക്കേണ്ടതില്ല, അത് അല്ലാഹു തന്നെ ഏറെറ ടുത്ത് കഴിഞ്ഞിരിക്കുന്നു. ഇക്കാര്യം അല്ലാഹു മുഹമ്മദി നെ അറിയിച്ചു കഴിഞ്ഞു. ഇത് കേട്ട മുത്ഇമു ബ്നു അദി യ്യ് കരാർ പത്രം വലിച്ചു കീറുന്നതിനായി ചെന്ന് നോ ക്കിയപ്പോൾ തുടക്കത്തിൽ എഴുതപ്പെട്ടിരുന്ന **ബിസ്മികല്ലാഹുമ്മ** (അല്ലാഹുവിൻെറ നാമത്തിൽ) എന്ന വചനം ഒ ഴിച്ച് ബാക്കിയുള്ളതെല്ലാം ചിതൽ തിന്ന് നശിപ്പിക്കപ്പെട്ടി രുന്നു !! അതോടെ ആ ബഹിഷ്കരണവും അവസാനിച്ചു.
പ്രവാചകനും സ്വഹാബികളും ശഅബ് അബൂത്വാലിബിൽ (അബൂത്വാലിബിൻെറ മലഞ്ചെരുവിൽ) നിന്നും മക്കയിലേക്ക് തിരിച്ചുവന്നു.

## ദു:ഖ വർഷം

പ്രവാചകത്വത്തിൻെറ പത്താം വർഷം പ്രവാചകനെ സംബന്ധിച്ചേടത്തോളം തങ്ങാവുന്നതിലുമപ്പുറം ദു:ഖവും പ്രയാസവും അനുഭവിക്കേണ്ടതായി വന്ന വർഷമായിരുന്നു. അതുകൊണ്ട് തന്നെ ചരിത്രകാരന്മാർ ദു:ഖ വർഷം എന്നാണ് പ്രസ്തുത വർഷത്തിന് പേരു നൽകിയിട്ടുള്ളത്. വിശ്വാസിയായില്ലെങ്കിലും മരണം വരെ തന്നെ സംരക്ഷിക്കുന്നതിലും, സഹായിക്കുന്നതിലും അതീവ ശ്രദ്ധാ

ലുവായിരുന്ന അബൂത്വാലിബിൻേറയും അവിടുത്തെ പ്രിയ പത്നി ഖദീജ(റ) യുടേയും വിയോഗമായിരുന്നു അതിനു ള്ള കാരണം.

## അബൂത്വാലിബിൻെറ വേർപാട്

പ്രവാചകനും അനുയായികളും ശിഅബ് അബൂത്വാലിബിലെ ഉപരോധം കഴിഞ്ഞ് പുറത്ത് വന്ന് അധികം കഴിഞ്ഞില്ല; അപ്പോഴേക്കും പ്രവാചകന് താങ്ങും തണലുമായി വർത്തിച്ചിരുന്ന അബൂ ത്വാലിബ് മരണപ്പെട്ടു.

അദ്ദേഹത്തിൻെറ മരണം ആസന്നമായ അവസരത്തിൽ പ്രവാചകൻ(സ) അവിടെ കടന്നുചെല്ലുകയും സങ്കടത്തോടുകൂടി അദ്ദേഹത്തോട് ''മൂത്താപ്പാ, നിങ്ങളൊന്ന് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയൂ. എങ്കിൽ അത് വെച്ച് എനിക്ക് അല്ലാഹുവിങ്കൽ ഒന്ന് വാദിച്ചു നോക്കാം''. എന്ന് ആവശ്യപ്പെട്ടു. അന്നേരം അവിടെ സന്നിഹിതരായിരുന്ന അബൂജഹൽ അബ്ദുല്ലാഹിബ്നു അബീഉമയ്യ എന്നിവർ പറഞ്ഞു. അബൂ ത്വാലിബ്, നിങ്ങൾ അബ്ദുൽ മുത്തലിബിൻെറ മതം കയ്യൊഴിക്കുകയാണോ!? അന്നേരം അബൂ ത്വാലിബ് പ്രവാചകനോടായി പറഞ്ഞത് ഇങ്ങിനെയാണ്. മോനേ, നിൻെറ മതമാണ് ഏററവും നല്ല മതം എന്ന് എനിക്കറിയാം. പക്ഷേ ഈ ജനതയുടെ ആക്ഷേപം ഇല്ലായിരുന്നുവെങ്കിൽ നിന്നിൽ വിശ്വസിക്കുന്ന ഒന്നാമത്തെ വ്യക്തി ഞാനാകുമായിരുന്നു. ഇത് പറഞ്ഞുകൊണ്ട് അബ്ദുൽ മുത്തലിബിൻെറ മതത്തിലായിക്കൊണ്ട് എന്ന് പറഞ്ഞ് അബൂത്വാലിബ് കണ്ണടക്കുകയാണുണ്ടായത്. ഇത് പ്രവാചകനിൽ അങ്ങേയററം പ്രയാസമുണ്ടാക്കി.





ദു:ഖ ഭാരത്താൽ, ''എന്നോട് വിരോധിക്കാത്തതു വരെ ഞാൻ അങ്ങേക്ക് വേണ്ടി പാപമോചനത്തിനായി പ്രാർത്ഥിക്കും''. എന്ന് പ്രവാചകൻ പറഞ്ഞു. പക്ഷേ അല്ലാഹു ഇപ്രകാരം ഖുർആൻ വചനം അവതരിപ്പിച്ച് അത് തിരുത്തുക തന്നെ ചെയ്തു. ''ബഹു ദൈവ വിശ്വാസികൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളാണെന്ന് തങ്ങൾക്ക് വ്യക്തമായിക്കഴിഞ്ഞതിനു ശേഷം അവർക്കു വേണ്ടി പാപമോചനം തേടുവാൻ, അവർ അടുത്ത ബന്ധമുള്ളവരായാൽ പോലും പ്രവാചകനും സത്യവിശ്വാസി കൾക്കും പാടുള്ളതല്ല'' (ഖുർആൻ 9: 113)

''നിശ്ചയം, നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാൻ ആവില്ല'' (ഖുർആൻ 28: 56)

## ഖദീജാ ബീവി(റ)യുടെ വഫാത്ത്

അബൂത്വാലി ബിൻെറ മരണത്തിന് ശേഷം രണ്ടോ മൂന്നോ മാസം പിന്നിടുമ്പോഴേക്ക്, നബിയെ സാമ്പത്തികമായും ശാരീരികമായും മാനസികമായും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്തിരുന്ന അവിടുത്തെ പ്രിയപത്നി ഖദീജ(റ)യും വേർപിരിഞ്ഞു. നുബുവ്വത്ത് പത്താം വർഷം റമദാൻ മാസത്തിലായിരുന്നു അത്. അന്ന് അവർക്ക് 65 വയസ്സും നബി(സ)ക്ക് 50 വയസ്സുമായിരുന്നു പ്രായം.

ഇരുപത്തഞ്ച് വർഷത്തെ ആ ദാമ്പത്യജീവിതം പ്രവാചകൻ(സ) തൻെറ ജീവിതത്തിൽ എന്നുമെന്നും ഓർക്കാറുണ്ടായിരുന്നു. ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ നബി(സ) ഖദീജ(റ)യെ അനുസ്മരിച്ച് പറഞ്ഞത് നമുക്ക് ഇങ്ങിനെ കാണാം. ''എല്ലാവരും എന്നിൽ അവിശ്വസിച്ചപ്പോൾ ഖദീജ(റ) എന്നിൽ വിശ്വസിച്ചു, എ

ല്ലാവരും എന്നെ കളവാക്കിയപ്പോൾ അവർ എന്നെ സത്യപ്പെടുത്തി. ജനങ്ങൾ എന്നെ തടഞ്ഞപ്പോൾ അവർ അവരുടെ സമ്പത്ത്കൊണ്ട് എന്നെ സഹായിച്ചു, അവരിലാണ് അല്ലാഹു എനിക്ക് സന്താനങ്ങളെ നൽകിയതും'' (അഹ്മദ്).
മറ്റൊരു ഹദീസ് കൂടി കാണുക: ''ഒരിക്കൽ ജിബ്‌രീൽ (അ) നബി(സ)യുടെ അടുക്കൽ വന്നു പറഞ്ഞു: ഖദീജ (റ) ഇപ്പോൾ താങ്കളുടെ അടുത്ത് വരും അവർ എത്തിയാൽ അല്ലാഹു അവർക്ക് സലാം പറഞ്ഞയച്ചതായി അറിയിക്കുക. അതുപോലെ അല്ലാഹു അവർക്കായി ഒരു ഭവനം ഒരുക്കി വെച്ചതായും സന്തോഷമറിയിക്കുക'' (ബുഖാരി).

## പ്രവാചകൻ(സ) ത്വാഇഫിലേക്ക്

അബൂത്വാലിബിൻേറയും ഖദീജ(റ) യുടേയും വേർപാട് ഖുറൈശികൾ തികച്ചും മുതലെടുത്തു. അവർ, തങ്ങൾ നടത്തിവന്നിരുന്ന മർദ്ദന മുറകൾക്ക് ശക്തി കൂട്ടി. ഇത് പ്രവാചകനിൽ കൂടുതൽ ദു:ഖവും പ്രയാസവുമുണ്ടാക്കി. സഹിക്കാവുന്നതിലും അപ്പുറമായപ്പോൾ പ്രവാചകൻ തൻെറ മാതൃ കുടുംബക്കാരുടെ പ്രദേശമായ ത്വാഇഫിലേക്ക് പുറപ്പെട്ടു.

നുബുവ്വത്ത് പത്താം വർഷം ശവ്വാൽ മാസം പ്രവാചകൻ(സ) തൻെറ അടിമയായിരുന്ന സൈദ്ബ്നു ഹാരിഥുമൊത്ത് ത്വാഇഫിലേക്ക് പുറപ്പെട്ടു. എന്നാൽ തൻെറ പ്രതീക്ഷകളെയെല്ലാം തകിടം മറിക്കുന്ന വിധത്തിലായിരുന്നു അനുഭവങ്ങൾ.

പത്ത് ദിവസത്തോളം ത്വാഇഫിൽ കഴിച്ചുകൂട്ടി തൻെറ ദൗത്യം അവരുടെ മുന്നിൽ വിശദീകരിച്ചു. പക്ഷേ ഒരാൾ





പോലും അത് സ്വീകരിക്കാൻ തയ്യാറായില്ല എന്ന് മാത്രമല്ല അവർ തങ്ങളുടെ നാട്ടിൽ നിന്നും ഇറങ്ങിപ്പോകുവാൻ ആവശ്യപ്പെടുകയും പ്രവാചകനെ അസഭ്യം പറയുവാനും കല്ലെടുത്തെറിയുവാനും അങ്ങാടിപ്പിള്ളേരെ സജ്ജരാക്കുകയുമാണ് ചെയ്തത്. അങ്ങിനെ പ്രവാചകൻെറ ശരീരത്തിൽ നിന്നും രക്തം പൊട്ടി ഒഴുകുമാറ് പ്രവാചകനും കൂടെയുണ്ടായിരുന്ന സൈദും ഉപദ്രവങ്ങൾ ഏൽപ്പിക്കപ്പെട്ടു. അവസാനം പ്രവാചകൻ (സ) നിരാശനായി അവിടെനിന്നും യാത്ര തിരിച്ചു.

മടക്കയാത്രയിൽ, ഒരാൾ പോലും തന്നെ സഹായിക്കുവാനോ തന്നിൽ വിശ്വസിക്കുവാനോ തയ്യാറാകാത്തതിൽ മനം നൊന്ത് അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ക്ഷീണം അധികമായപ്പോൾ റബീഅ:യുടെ മക്കളായ ഉത്ബത്തിൻേറയും ശൈബത്തിൻേറയും മുന്തിരിത്തോട്ടത്തിൽ അൽപം വിശ്രമിക്കാനായി കടന്നുചെന്നു; അവിടെയുണ്ടായിരുന്ന ഒരു മതിലിൽ ചാരി ഇരുന്നു. അന്നേരം അല്ലാഹു ജിബ്‌രീൽ എന്ന മലക്കിനോടൊപ്പം പർവ്വതങ്ങളുടെ ചുമതലയുള്ള മലക്കിനെ പറഞ്ഞയച്ച് നബി(സ)യെ ഉപദ്രവിച്ച സമൂഹത്തെ നശിപ്പിക്കാൻ അനുവാദം ചോദിച്ചു. ഉടനെ കാരുണ്യത്തിൻെറ പ്രവാചകൻ അതിന് അനുവാദം നൽകിയില്ല; എന്നു മാത്രമല്ല അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിക്കുകയാണ് ചെയ്തത്. ''അല്ലാഹുവേ ഈ ജനത അവർക്ക് വിവരമില്ലാത്തത് കൊണ്ട് ചെയ്തു പോയതാണ്. അതിനാൽ അവർക്ക് നീ പൊറുത്ത് കൊടുക്കേണമേ. അവർക്ക് ജനിക്കുന്ന പിൻ തലമുറയിൽ നിന്നെങ്കിലും ഒരാൾ നിന്നെ മാത്രം ആരാധിക്കുന്നവനായി ഉണ്ടാകുന്നുവെങ്കിൽ അതാണ് ഞാൻ ആഗ്രഹിക്കുന്നത്.''

അങ്ങിനെ പ്രവാചകൻ ഖുറൈശീ പ്രമുഖരിൽ പെട്ട മുത്ഇമു ബ്നു അദിയ്യിൻെറ സംരക്ഷണത്തിൽ മക്കയിലേക്ക് തന്നെ തിരിച്ചു വന്നു.

## ഇസ്റാഉം മിഅ്റാജും

പ്രവാചകൻ(സ) എല്ലാ നിലയിലും ദു:ഖാകുലനായി കഴിഞ്ഞു കൂടുന്ന സന്ദർഭത്തിലായിരുന്നു ഇസ്റാഅ് മിഅ്റാജ് എന്നീ അൽഭുത സംഭവങ്ങൾ നടന്നത്. എല്ലാവരും അല്ലാഹു അടക്കം പ്രവാചകനെ കയ്യൊഴിച്ചു എന്ന് വരെ ശത്രുക്കൾ കൊട്ടിഘോഷിക്കാൻ തുടങ്ങി. ഈ അവസരത്തിലാണ് അല്ലാഹു പ്രവാചകനെ ഒരു പ്രത്യേക കൂടിക്കാഴ്ചക്കായി അവസരമൊരുക്കിയത് എന്ന് പറയാവുന്ന വിധത്തിൽ പ്രസ്തുത സംഭവങ്ങൾക്ക് പ്രവാചകൻ(സ) യെ തിരഞ്ഞെടുത്തത്.

ഈ സംഭവങ്ങൾ ഏത് വർഷത്തിൽ ഏത് തീയതിയിലാണ് എന്ന കാര്യത്തിൽ ചരിത്രകാരന്മാർ ഏകാഭിപ്രായക്കാരല്ല. എന്നാൽ മദീന ഹിജ്റയുടെ ഒരു വർഷം മുമ്പാണ് എന്നിടത്താണ് പലരും എത്തി നിൽക്കുന്നത്. ആ ദിവസം ഏതെന്ന് അറിയുന്നതിൽ പ്രത്യേക നേട്ടമുണ്ടായിരുന്നുവെങ്കിൽ അതൊരിക്കലും അല്ലാഹു അവ്യക്തമാക്കുമായിരുന്നില്ല. ഒരു പക്ഷേ, പിൽക്കാലത്ത് ജനങ്ങൾ അതിൻെറ പേരിൽ ആഘോഷങ്ങളും ആരാധനകളും സംഘടിപ്പിക്കാതിരിക്കാനായി ഒളിപ്പിച്ചു വെച്ചതുമായേക്കാം.

മക്കയിലെ മസ്ജിദുൽ ഹറമിൽ നിന്ന് ഫലസ്തീനിലെ മസ്ജിദുൽ അഖ്സ്വയിലേക്ക് അല്ലാഹു പ്രവാചകൻ (സ)





യെ രാത്രി സഞ്ചരിപ്പിച്ചതിന് ഇസ്റാഅ് എന്നും അവിടെ നിന്നും വാനലോകത്തേക്കുള്ള സഞ്ചാരത്തെ മിഅ്റാജ് എന്നും പറയുന്നു. ഇത് രണ്ടും ശാരീരികമായും ഒരേ രാത്രിയിൽ തന്നെയുമായിരുന്നു എന്നും ഹദീസുകളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

ഹദീസുകളിലും തഫ്സീറുകളിലും വന്നിട്ടുള്ള സ്വഹാബികളുടെ വാക്കുകളിൽ നിന്നും പ്രസ്തുത സംഭവത്തെ ന മുക്ക് താഴെ പറയും വിധം മനസ്സിലാക്കാവുന്നതാണ്.

നബി(സ) യുടെ അടുക്കൽ രാത്രിയിൽ ജിബ്രീൽ (അ)

ബുറാഖ് എന്ന ഒരു പ്രത്യേക തരം വാഹനവുമായി – അത് കഴുതയേക്കാൾ വലുതും കോവർ കഴുതയേക്കാൾ ചെറുതും വെള്ള നിറത്തോട് കൂടിയതുമായിരുന്നു എന്ന്

ഹദീസുകളിൽ വന്നിട്ടുണ്ട് – വരികയും പ്രവാചകനേയും കൊണ്ട് ബൈതുൽമുഖദ്ദസ് വരെ യാത്ര ചെയ്യുകയും ചെയ്തു. കണ്ണെത്താവുന്ന അത്ര ദൂരത്തിലായിരുന്നു അതിൻെറ ഓരോ കാലുകളും പറിച്ചുവെച്ചിരുന്നത് എന്ന പ്രവാചക വചനത്തിൽ നിന്ന് അതിൻെറ വേഗത നമുക്ക് മനസ്സിലാക്കാവുന്നതാണ്. ബൈതുൽ മുഖദ്ദസിൻെറ കവാടത്തിൽ ബുറാഖിനെ ബന്ധിച്ച ശേഷം പ്രവാചകൻ (സ) അതിനു ള്ളിൽ കയറി രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്കരിച്ചു. ശേഷം അല്ലാഹു മററ് പ്രവാചകന്മാരെയെല്ലാം നബി(സ)ക്ക് മുന്നിൽ ഹാജറാക്കുകയും അവർക്ക് നേതൃത്വം വഹിച്ചുകൊണ്ട് പ്രവാചകൻ (സ) നമസ്കരിക്കുകയും ചെയ്തു. ഈ സംഭവമാണ് ഇസ്റാഅ് എന്ന് അറിയപ്പെടുന്നത്.

പിന്നീട് ഗോവണി പോലുള്ള പ്രത്യേക തരത്തിലുള്ള ഒരു വാഹനം കൊണ്ട് വരപ്പെടുകയും അതിലൂടെ ആ

കാശ ലോകത്തേക്ക് അല്ലാഹുവിൻെറ അനുഗ്രഹത്താൽ കയറിപ്പോവുകയും ചെയ്തു. ഒന്നാമത്തെ ആകാശത്ത് വെച്ച് ആദം നബി(അ)യെ കണ്ടു. അന്യോന്യം സലാം പറഞ്ഞ ശേഷം അല്ലാഹു അദ്ദേഹത്തിന് സജ്ജനങ്ങളുടെയും ദുർജനങ്ങളുടെയും ആത്മാക്കളെ കാണിച്ചുകൊടുത്തു. രണ്ടാം ആകാശത്ത് യഹ്‌യ, ഈസ (അ), മൂന്നാം ആകാശത്തിൽ യൂസുഫ്(അ), നാലാം ആകാശത്ത് ഇദ്‌രീ സ് (അ), അഞ്ചാം ആകാശത്ത് ഹാറൂൻ (അ), ആറാം ആ കാശത്ത് മൂസാ(അ), ഏഴാം ആകാശത്ത് ഇബ്റാഹീം (അ) എന്നിവരേയും കണ്ടു. എല്ലാവരും പ്രവാചകനെ സ്വാഗതം ചെയ്യുകയും അദ്ദേഹത്തിൻെറ പ്രവാചക ത്വ ത്തെ അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് വാനലോകത്തുള്ള സിദ്‌റത്തുൽ മുൻതഹ: എന്ന പ്രത്യേക വൃക്ഷവും, ഭൂമിയിലെ കഅബക്ക് തുല്യമായി വാനലോകത്തെ മന്ദിരമായ **ബൈത്തുൽ മഅ്മൂറു** മെല്ലാം കണ്ട ശേഷം അല്ലാഹുവിൻെറ അത്യുന്നത സ്ഥാ നത്തിനോടടുത്ത് എത്താറാകുകയും അവിടെ വെച്ച് അ ല്ലാഹു അദ്ദേഹവുമായി സംസാരിക്കുകയും അൻമ്പത് സ മയങ്ങളിലുള്ള നമസ്കാരം വിശ്വാസികളുടെ മേൽ നിർ ബന്ധ മാക്കുകയും ചെയ്തു. അതിനു ശേഷം മടക്കയാത്രയിൽ ആറാം ആകാശത്ത് മൂസാ(അ)നെ വീണ്ടും കണ്ട്മുട്ടുകയും അല്ലാഹുവിൽ നിന്നും എന്താണ് പാരിതോഷികമായി ലഭിച്ചിട്ടുള്ളെതെന്നത് എന്ന് അന്വേഷിക്കുകയും ചെയ്തു. അമ്പത് സമയത്തെ നമസ്കാരത്തെ സംബന്ധിച്ച് പ്രവാചകൻ (സ) അറിയിച്ചു. അന്നേരം, താങ്കളുടെ സമൂഹത്തേക്കാൾ ശാരീരികമായും മാനസികമായും ശക്തരും കരുത്തരും എല്ലാം ആയിരുന്ന എൻെറ സമുദായത്തിന് ഇതിലും കുറഞ്ഞ ആരാധനകൾ ചുമ





ത്തിയിട്ട് അത് അവർക്ക് നിർവ്വഹിക്കാനായിരുന്നില്ല. അതിനാൽ അല്ലാഹുവിങ്കലേക്ക് തിരിച്ചുപോയി ലഘൂകരിക്കാൻ ആവശ്യപ്പെടുക എന്ന് പറഞ്ഞു. അത് അനുസരിച്ച് പ്രവാചകൻ(സ) പല പ്രാവശ്യങ്ങളിലായി ലഘൂകരിക്കാൻ ആവശ്യപ്പെട്ട് അമ്പത് സമയമുള്ളത് അഞ്ച് സമയമാക്കി ചുരുക്കി നിശ്ചയിക്കപ്പെട്ടു. അന്നേരം പ്രവർത്തനത്തിൽ ലഘൂകരണം വരുത്തിയെങ്കിലും പ്രതിഫലത്തിൻെറ കാര്യത്തിൽ നാം തീരുമാനം മാററാൻ ഉദ്ദേശിക്കുന്നില്ല എന്ന് അല്ലാഹു അറിയിക്കുകയും ചെയ്തു.

കൂടാതെ പ്രവാചകൻ (സ) ക്ക് അല്ലാഹു പ്രസ്തുത യാത്രയിൽ സ്വർഗ നരകങ്ങളെയും അതിലെത്തിപ്പെടുന്നതിനുള്ള കാരണങ്ങളേയും കാണിച്ചുകൊടുക്കുകയുണ്ടായി. വ്യത്യസ്ത റിപ്പോർട്ടുകളായി വന്നിട്ടുള്ള വിഷയങ്ങളിൽ ഏതാനും ചിലത് മാത്രം താഴെ ചേർക്കുന്നു.

**അനാഥകളുടെ സ്വത്ത് തിന്നുന്നവർ:** ഒട്ടകത്തിൻെറ വായകളാടുകൂടിയുള്ള ഒരു വിഭാഗം ആളുകൾ അവർ തീക്കട്ടകൾ വിഴുങ്ങുകയും അത് അവരുടെ പിൻഭാഗത്തിലൂടെ താഴെക്ക് വീഴുകയും ചെയ്യുന്നു. അനാഥകളുടെ സ്വത്ത് ഭുജിക്കുന്നവർക്ക് ഉണ്ടാകാൻ പോകുന്ന അനുഭവമായിരിക്കും ഇത് എന്ന് ജിബ്‌രീൽ വിവരിച്ചു കൊടുത്തു.

**പലിശ തിന്നുന്ന ആളുകൾ**: അവർ വലിയ കെട്ടിടങ്ങൾ പോലുള്ള വയറുകളോട് കൂടി പ്രയാസപ്പെടുന്നു.

**വ്യഭിചാരികൾ**: അവർ നല്ല മാംസം ഒരു ഭാഗത്ത് ഉള്ളതിലേക്ക് ശ്രദ്ധിക്കുക പോലും ചെയ്യാതെ ചീഞ്ഞളിഞ്ഞ്

ദുർഗന്ധം വമിക്കുന്ന മാംസം തിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

തങ്ങൾക്ക് ജനിച്ച സന്താനങ്ങളെ പിതാക്കളിലേക്കല്ലാതെ ചേർത്ത് പറയുന്ന സ്ത്രീകൾ അവരുടെ സ്തനങ്ങളിൽ കെട്ടിത്തൂക്കപ്പെട്ട നിലയിൽ പ്രയാസപ്പെടുന്നു.

**ഫജ്ർ നമസ്കാര സമയത്ത് കിടന്നുറങ്ങുന്നവർ:**

അവരുടെ മുഖം മറ്റൊരു വിഭാഗം ആളുകൾ കല്ലുകൊണ്ട് ഇടിച്ച് വികൃതമാക്കുകയും മുഖം വികൃതമായാൽ കല്ല് കയ്യിൽ നിന്നും വീണ് ഉരുണ്ട് പോകുകയും അത് എടുത്ത് വരുമ്പോഴേക്ക് മുഖം പഴയ രൂപത്തിലായിരിക്കും. വീണ്ടും അവർ ചതച്ച് വികൃതമാക്കപ്പെടുന്നു. ഇപ്രകാരം ആ വർത്തിച്ചു കൊണ്ടേയിരിക്കുന്നു.

ഇങ്ങനെ വിവിധ തരത്തിലുള്ള കുററകൃത്യങ്ങൾക്കുള്ള ശിക്ഷാരീതികൾ കാണിക്കപ്പെട്ടു.

അപ്രകാരം തന്നെ സ്വർഗവും കാണിക്കപ്പെട്ടു. സ്വർഗീയ സൗകര്യങ്ങളും, ചെറുപ്രായത്തിൽ മരണപ്പെട്ട കുട്ടികൾ ഇബ്റാഹീം (അ) യോടൊപ്പം ഒന്നിച്ച് ആഹ്ലാദിച്ച് കഴിയുന്നതും അദ്ദേഹത്തിന് കാണിച്ചുകൊടുത്തു. അങ്ങിനെ എല്ലാം കണ്ടശേഷം അതേ രാത്രിയിൽ തന്നെ പ്രവാചകൻ(സ) തിരിച്ചെത്തുകയും ചെയ്തു.

നേരം പുലർന്നപ്പോൾ നടന്ന സംഭവങ്ങളെല്ലാം പ്രവാചകൻ (സ) സ്വഹാബികൾക്ക് വിവിരിച്ചു കൊടുത്തു. വിവരം അറിഞ്ഞ മുശ്രികുകൾ പരിഹസിക്കാൻ തുടങ്ങി. അത് കണ്ട് വിശ്വാസം ഉറച്ചിട്ടില്ലാത്ത ആളുകളിൽ പോലും സംശയത്തിൻെറ വക്കിനോളം എത്തിച്ചു അത്. എന്നാൽ പ്രസ്തുത സംഭവം വിവരിക്കുന്ന സമയത്ത് സ്ഥലത്തില്ലാതിരുന്ന അബൂബക്കറിനെ ചെന്നു കണ്ട് ഖുറൈശികൾ വിവരം ധരിപ്പിച്ചു. അന്നേരം പ്രവാചകൻ





അങ്ങിനെ പറ ഞ്ഞിട്ടുണ്ടെങ്കിൽ ഞാനത് വിശ്വസിക്കുക തന്നെ ചെയ്തി രിക്കുന്നു എന്നായിരുന്നു അബൂബക്കർ(റ)വിൻെറ പ്രതി കരണം. ഇത് അറിഞ്ഞ പ്രവാചകൻ(സ) അബൂബക്കർ (റ)ന് സിദ്ദീഖ് (സത്യപ്പെടുത്തിയവൻ) എന്ന സ്ഥാനപ്പേര് നൽകി അനുമോദിക്കുകയും ചെയ്തു.

എന്നാൽ മുശ്രികുകൾ പ്രവാചകനോട് ബൈതുൽ മുഖദ്ദസിൻെറ വിശേഷണങ്ങളെ സംബന്ധിച്ച് പല ചോദ്യങ്ങളും ചോദിച്ചു. അതിനെല്ലാം കൃത്യമായി മറുപടി പറഞ്ഞപ്പോൾ അവർക്ക് അത് ശരിവെക്കുകയല്ലാതെ നിർവ്വാഹമുണ്ടായിരുന്നില്ല. പിന്നീട് അവർ മറെറാരു ചോദ്യത്തിലേക്ക് തിരിഞ്ഞു. അവരുടെ ഒരു കച്ചവട സംഘം സിറിയയുടെ ഭാഗത്തേക്ക് പോയിട്ടുണ്ടായിരുന്നു. അതിനെക്കുറിച്ചുള്ള വിവരണങ്ങളും അത് എപ്പോൾ തിരിച്ചെത്തും എന്നെല്ലാം അവർ പ്രവാചകനോട് ചോദിച്ചു. എല്ലാററിനും കൃത്യമായി മറുപടി പറയുകയും അതുമായി സംഭവങ്ങൾ യോജിച്ചു വരികയും ചെയ്തങ്കിലും അവർ ഇത് മുഹമ്മദിൻെറ ജാലവിദ്യയാണ് എന്ന് പറഞ്ഞ് നിഷേധത്തിൽ തുടരുക തന്നെ ചെയ്തു.

## ഒന്നാം അഖബ: ഉടമ്പടി

മുശ്രികുകളുടെ മർദ്ദനങ്ങൾക്ക് ശക്തികൂടിയപ്പോൾ പ്രവാചകൻ(സ) പ്രബോധന പ്രവർത്തനങ്ങൾ മക്കയുടെ പുറംനാടുകളിലേക്ക് വ്യാപിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചു.അതിന് വേണ്ടി ഹജ്ജ് സമയങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് യഥ്രിബിൽ നിന്നും ഹജ്ജിന്നായി വന്നിരുന്ന ആളുകളുമായി സംസാരിക്കുകയും അവരിൽ ചിലർ അത് ഉൾക്കൊള്ളാൻ തയ്യാറാവുകയും ചെയ്തു. അതനുസരിച്ച് ആറ് പേർ മുസ്ലി

മാവുകയും അവർ നാട്ടിൽ ഈ സത്യം മററുള്ളവരെ അറിയിക്കുമെന്നും, കൂടുതൽ ആളുകളെ ലഭിക്കുകയാണെങ്കിൽ അടുത്ത വർഷം അവരെയും താങ്കളുടെ അടുക്കലേക്ക് കൊണ്ടുവരും എന്നും വാഗ്ദത്തം ചെയ്ത് പിരിഞ്ഞു. ഈ സംഭവങ്ങൾ പ്രവാചകത്വത്തിൻെറ പതിനൊന്നാം വർഷത്തിലായിരുന്നു.

മേൽ പറയപ്പെട്ട ആറ് വ്യക്തികൾ യഥ്രിബിൽ തിരിച്ചെത്തി, യഥ്രിബിൽ നടത്തിയ പ്രബോധന പ്രവർത്തനങ്ങളുടെ ഫലമായി അടുത്തവർഷം നുബുവ്വത്തിൻെറ പന്ത്രണ്ടാം വർഷം ആദ്യം നബിയിൽ വിശ്വസിച്ചവരിൽ പെട്ട അഞ്ച് പേർ ഉൾപ്പടെ പന്ത്രണ്ട് പേർ ഹജ്ജിനായി മക്കയിൽ വരികയും മിനക്ക് സമീപം അഖബയിൽ വെച്ച് നബി (സ)യുമായി കൂടിക്കാഴ്ച നടത്തി മഹത്തായ ഒരു ഉടമ്പടിയിൽ ഒപ്പുവെച്ചു.

''അല്ലാഹുവിനെയല്ലാതെ ആരാധിക്കുകയില്ല, വ്യഭിചാരം, കവർച്ച, ശിശുഹത്യ, അപവാദം പറഞ്ഞു പരത്തുക എന്നിവ പൂർണ്ണമായും വർജ്ജിക്കുക, ഒരിക്കലും പ്രവാച കനോട് എതിര് പ്രവർത്തിക്കാതിരിക്കുക'' എന്നിവയായി രുന്നു കരാറിലെ പ്രധാന വ്യവസ്ഥകൾ.

ഈ കരാർ ആണ് ഒന്നാം അഖബ: ഉടമ്പടി എന്ന പേരിൽ അറിയപ്പെടുന്നത്.

## രണ്ടാം അഖബ: ഉടമ്പടി

ഒന്നാം ഉടമ്പടി കഴിഞ്ഞ് യഥ്രിബിലേക്ക് തിരിച്ചുപോയ സംഘത്തോടൊപ്പം മിസ്അബ് ബ്നു ഉമൈർ (റ) വിനെ പ്രബോധന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി പറഞ്ഞയച്ചു. മിസ്അബ് (റ) വിൻെറ നേതൃത്വത്തിൽ യഥ്രിബിലെ ദഅ്വത്ത് ശക്തിപ്പെടാൻ തുടങ്ങി. തൽഫല





മായി അടുത്ത വർഷം നുബുവ്വത്ത് പതിമൂന്നാം വർഷം എഴുപത്തിരണ്ട് പുരുഷന്മാരും രണ്ട് സ്ത്രീകളും യഥ്രിബിൽ നിന്നും ഹജ്ജിനു വന്ന മുശ്രികുകളോടൊപ്പം മക്കയിൽ എത്തി. അവർ പ്രവാചകൻ(സ)യും വിശ്വാസികളും അനുഭവിക്കുന്ന മർദ്ദനങ്ങളെ സംബന്ധിച്ച് മനസ്സിലാക്കി; സത്യ ദീനിൻെറ പേരിൽ പ്രവാചകൻ(സ) പ്രയാസപ്പെടുന്നത് ശരിയല്ല എന്ന് അവർ പരസ്പരം പറയാൻ തുടങ്ങി. അങ്ങിനെ അവർ പ്രവാചകനെ യഥ്രിബിലേക്ക് സ്വാഗതം ചെയ്തു; അക്കാര്യം പ്രവാചകനോട് അറിയിച്ചു. നിങ്ങളുടെ പ്രയാസങ്ങൾ ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നു; അതിനാൽ നിങ്ങൾ ഞങ്ങളുടെ നാട്ടിലേക്ക് വരികയാണ് എങ്കിൽ നിങ്ങൾക്ക് എല്ലാവിധ സംരക്ഷണവും സഹായങ്ങളും നൽകാൻ ഞങ്ങൾ തയ്യാറാണ് എന്ന് അറിയിച്ചു.

അങ്ങിനെ അവർ പ്രവാചകനുമായി താഴെ പറയുന്ന വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് ഒരു കരാറിൽ ഒപ്പുവെച്ചു. ഇതായിരുന്നു രണ്ടാം അഖബ: ഉടമ്പടി.

എല്ലാ നിലയിലും പ്രവാചകനെ അനുസരിക്കുക.

പ്രയാസത്തിൻേറയും എളുപ്പത്തിൻേറയും അവസരത്തിൽ ഇസ്ലാമിക മാർഗ്ഗത്തിൽ ചിലവഴിക്കുക.

നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക.

ഒരാളുടെ ആക്ഷേപവും വകവെക്കാതെ മതത്തിൽ ഉറച്ച് നിൽക്കുക.

ഞാൻ നിങ്ങളിലേക്ക് വന്നാൽ നിങ്ങളുടെ മക്കളേയും ഭാര്യമാരേയും സംരക്ഷിക്കും പ്രകാരം, സ്വർഗ്ഗം മാത്രം ലക്ഷ്യം വെച്ച് എന്നെ സംരക്ഷിക്കുക.

അങ്ങിനെ സംഘത്തിലുണ്ടായിരുന്ന ഓരോരുത്തരും മേ
ൽ വ്യവസ്ഥകൾ പാലിക്കു മെന്ന് നബി(സ)യുടെ കൈ
പിടിച്ചുകൊണ്ട് (രണ്ട് സ്ത്രീകൾ ഒഴികെ) തന്നെ ഉടമ്പടി
ചെയ്തു. തദടിസ്ഥാനത്തിൽ പ്രവാചകൻ(സ) അവരി
ലെ ഓരോ ഗോത്രത്തിൽ നിന്നും പ്രസ്തുത കരാർ പാലി
ക്കുന്ന ഉത്തരവാദിത്വം ഏൽപ്പിച്ച് ഓരോ നേതാക്കളെ
യും തിരഞ്ഞെടുത്തു.

## ഹിജ്റയുടെ തുടക്കം

അഖബാ ഉടമ്പടിയോടുകൂടി യഥ്രിബിൻെറ മണ്ണിൽ ഇ
സ്ലാമിൻെറ വ്യാപനം ദ്രുതഗതിയിൽ നടക്കുന്നത് മന
സ്സിലാക്കിയ മുശ്രികുകൾ തങ്ങളുടെ സർവ്വ ശക്തിയും
ഉപയോഗിച്ച് പ്രവാചകനേയും വിശ്വാസികളേയും പ്രയാ
സപ്പെടുത്താൻ തുടങ്ങി. അത് മനസ്സിലാക്കിയ പ്രവാച
കൻ (സ) വിശ്വാസികളോട് യഥ്രിബിലേക്ക് പാലായനം
ചെയ്തുകൊള്ളാൻ അനുമതി നൽകി.

പ്രവാചകനിൽ നിന്നുള്ള അനുമതി ലഭിച്ചതോടെ വിശ്വാ
സികൾ യഥ്രിബിലേക്ക് യാത്രയാരംഭിച്ചു. എന്നാൽ മുശ്
രികുകൾ അവിടേയും എതിർപ്പുകളുമായി വന്നു. പ്രയാ
സങ്ങൾ കാരണം പലർക്കും ഒളിച്ചുകൊണ്ട് മാത്രം ഹി
ജ്റ പോകേണ്ടതായി വന്നു.

ആദ്യമായി യാത്ര പുറപ്പെട്ട അബൂസൽമ: ഭാര്യയും
(ഉമ്മു സൽമ) യും മകനും കൂടിയുള്ള യാത്രയിൽ,
ശത്രു ക്കൾ അവരെ തടയുകയും ഭാര്യയേയും
കുഞ്ഞിനേയും രണ്ട് സ്ഥലത്തായി
തടഞ്ഞുവെച്ചുകൊണ്ട് അബൂ സൽമ യെ മാത്രം
പോകാൻ അനുവദിച്ചു. എല്ലാം മതത്തിനു വേണ്ടി
ത്യജിച്ച് ആദർശ സംരക്ഷണാർത്ഥം നാടു വിടാൻ





ഒരുങ്ങിയ വിശ്വാസികൾക്ക് നേരിടേണ്ടി വന്ന കഷ്ടതക
ൾ കുറച്ചൊന്നുമായിരുന്നില്ല. ഉമ്മുസൽമ(റ), ഭർത്താവിൽ
നിന്നും പിഞ്ചു മകനിൽ നിന്നും വേർ പിരിയേണ്ടിവന്ന
ദു:ഖഭാരത്താൽ തന്നെ പാർപ്പിച്ച തടവറയുടെ (വീടി
ൻെറ) മുററത്ത് അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ച് യഥ്രി
ബിൻെറ വഴിയിലേക്ക് നോക്കി കരഞ്ഞു കൊണ്ട് കഴി
ഞ്ഞു കൂടി. ഈ അവസ്ഥയിൽ നീണ്ട മാസങ്ങൾ കഴിച്ചു
കൂട്ടി. ഏകദേശം ഒരു കൊല്ലം പിന്നിട്ട ശേഷം അതുവഴി
കടന്നുവന്ന അബൂസൽമയുടെ കുടുംബത്തിൽ പെട്ട, ത
ന്നെ തടഞ്ഞുവെച്ചവരിൽ ഒരാൾക്ക് അവരുടെ അവസ്ഥ
യിൽ അലിവു തോന്നി അവരെ യഥ്രിബിലേക്ക് പറഞ്ഞ
യക്കാൻ കൂട്ടുകാരോട് ആവശ്യപ്പെട്ടു. അങ്ങിനെ അവർ
ക്ക് തൻെറ മകനെ തിരിച്ചുകൊടുത്ത് ഇറക്കിവിട്ടു. അ
ഞ്ഞൂറോളം കിലോ മീററർ അകലെയുള്ള യഥ്രിബ് ല
ക്ഷ്യം വെച്ച് അവർ മകനേയും കൊണ്ട് നടത്തം തുടങ്ങി.
ഈ അവസരത്തിൽ അതുവഴി വന്ന ഉഥ്മാനു ബ്നു ത്വൽ
ഹ: അവരെ കണ്ടുമുട്ടുകയും അവരുടെ അവസ്ഥകൾ
മനസ്സിലാക്കി, അവരെ യഥ്രിബിനടുത്തുള്ള ഖുബാഅ് വ
രെ കൊണ്ട് ചെന്നാക്കി. നിങ്ങളുടെ ഭർത്താവ് ഇവിടെകാ
ണും എന്ന് പറഞ്ഞു തിരിച്ചുപോയി. അന്ന് അദ്ദേഹം മു
സ്ലിമായിരുന്നില്ല.

ഹിജ്റയുടെ പേരിൽ ദുരിതങ്ങൾ അനുഭവിക്കേണ്ടി വന്ന
സുഹൈബ് (റ) വിനെ മക്കക്കാർ തടഞ്ഞുകൊണ്ട്, റോമി
ൽ നിന്നും അഭയാർത്ഥിയായി എത്തിയ നീ ഞങ്ങളുടെ
ദേശത്ത് വന്ന് സമ്പാദിച്ച സമ്പത്തുമായി നിന്നെ ഞങ്ങൾ
പോകാൻ അനുവദിക്കില്ല എന്നു പറഞ്ഞ് തടഞ്ഞു. അദ്ദേ
ഹത്തിന് കൂടുതൽ ആലോചിക്കാനുണ്ടായിരുന്നില്ല, നി
ങ്ങൾക്ക് എൻെറ സമ്പത്ത് അല്ലേ ആവശ്യം; എന്നു പറ
ഞ്ഞ് ദീർഘകാലത്തെ തൻെറ സമ്പാദ്യം മുഴുവനും നൽ

കിക്കൊണ്ട് തൻെറ ആദർശവുമായി യഥ്രിബിലേക്ക് നീങ്ങി !. ഇത് അറിഞ്ഞ പ്രവാചകൻ(സ) റബിഹ സുഹൈബ്, റബിഹ സുഹൈബ് (സുഹൈബ് ലാഭം കൊയ്തു) എ ന്നു പറഞ്ഞ് അദ്ദേഹത്തെ അനുമോദിച്ചു.

എന്നാൽ ഉമർ(റ) മേൽ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായി തന്നെ ഹിജ്റ പോയ വ്യക്തിയായിരുന്നു. അദ്ദേഹം കഅബയുടെ സമീപത്ത് ചെന്ന് പരസ്യമായി ത്വവാഫ് നിർവ്വഹിച്ച ശേഷം ഞാനിതാ ഹിജ്റ പോവുകയാണ്. ആരെങ്കിലും തങ്ങളുടെ കുട്ടികളെ അനാഥരാക്കാനും ഭാര്യമാരെ വിധവകളാക്കാനും മാതാക്കളെ മക്കൾ നഷ്ടപ്പെട്ട ദു:ഖത്തിലാക്കാനും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ എന്നെ വന്ന് തടഞ്ഞുകൊള്ളട്ടെ. ഇതും പറഞ്ഞ് എല്ലാവരും നോക്കി നിൽക്കേ തൻെറ യാത്രയാരംഭിച്ചു.

അബൂബക്കർ യാത്രക്ക് അനുമതി ചോദിച്ചപ്പോൾ പ്രവാചകൻ (സ) പറഞ്ഞു: തിരക്ക് കൂട്ടാതിരിക്കുക; അല്ലാഹു താങ്കൾക്ക് ഒരു കൂട്ടുകാരനെ കൂടി കണ്ടെത്തിയേക്കും. അലി (റ)യെ ചില ആവശ്യങ്ങൾക്കായി പ്രവാചകൻ തടഞ്ഞുനിർത്തി. ബാക്കി മുസ്ലിംകളെല്ലാം ത്യാഗപൂർണ്ണമാ യ ജീവിതത്തിലൂടെ, അല്ലാഹു പ്രശംസിച്ച മുഹാജിറുകൾ എന്ന പട്ടികയിൽ ഉൾപ്പെട്ടുകഴിഞ്ഞിരുന്നു.

## മുശ്രികുകൾ ദാറുന്നദ്വയിൽ

മുസ്ലിംകളുടെ പാലായനം കണ്ട മുശ്രികുകൾ ഏറെ താമസിയാതെ പ്രവാചകനും ഹിജ്റപോകുമെന്ന് മനസ്സിലാക്കി. അതാകട്ടെ മക്കയുടെ പുറത്ത് ഇസ്ലാമിൻെറ പ്രചരണത്തിനു കാരണമാകും എന്ന് ചിന്തിച്ച് എത്രയും പെട്ടെന്ന് അത് തടയിടാൻ എന്ത് ചെയ്യണം എന്ന് ആലോചി





ക്കാനായി അവരുടെ പാർലമെൻറ് മന്ദിരമായ ദാറുന്നദ്വയിൽ അടിയന്തിര യോഗം ചേർന്നു.
മുശ്രികുകളിലെ എല്ലാ പ്രമുഖരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നു. കൂടാതെ സാക്ഷാൽ ഇബ്ലീസ് തന്നെയും ഈ വിഷയത്തിൽ അവരോട് പങ്ക് ചേരുകയുണ്ടായി എന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്.

ആദ്യം അവരിൽ ഒരാൾ പ്രവാചകനെ നാടുകടത്താം എന്ന് അഭിപ്രായപ്പെട്ടു. അങ്ങിനെയായാൽ അവൻെറ ശല്യം നീങ്ങിക്കിട്ടും. അന്നേരം അതിനെ ഖൺഡിച്ചു കൊണ്ടുള്ള എതിരഭിപ്രായങ്ങൾ വന്നു. അവൻെറ സ്വഭാവവും പെരുമാററവും ആരെയാണ് വശീകരിക്കാത്തത്, അവൻ ചെല്ലുന്നിടത്ത് അനുയായികളെയുണ്ടാക്കി അവൻ തിരിച്ചുവരും. അതിനാൽ നാടുകടത്തൽ ഫലപ്രദമല്ല; നമുക്കവനെ ബന്ധനസ്ഥനാക്കാം എന്നതായിരുന്നു അടുത്ത നിർദ്ദേശം. അതും അംഗീകരിക്കപ്പെടുകയുണ്ടായില്ല. അവസാനം എല്ലാ ഗോത്രത്തിൽ നിന്നും ശക്തരും കരുത്തരുമായ ഓരോരുത്തർ മുന്നോട്ട് വന്ന് എല്ലാവരും കൂടി ഒന്നിച്ച് അവനെ വെട്ടി കൊലപ്പെടുത്തുക എന്ന തീരുമാനത്തിലാണ് അവർ എത്തിച്ചേർന്നത്. അങ്ങിനെയാവുമ്പോൾ എല്ലാവരോടും കൂടി പ്രതികാരം ചോദിക്കാൻ മുഹമ്മദിൻെറ കുടുംബത്തിനാവുകയില്ല. ഇനി അവർ പ്രായശ്ചിത്തം ആവശ്യപ്പെടുകയാണ് എങ്കിൽ എല്ലാവർക്കും കൂടി നിഷ്പ്രയാസം അത് കൊടുത്തുവീട്ടുകയും ആവാം. ഈ തീരുമാനം എത്രയും പെട്ടന്ന് നടപ്പിലാക്കാനായി അവർ തീയതിയും സമയവും കണ്ടെത്തി സഭ പിരിഞ്ഞു. പക്ഷേ അല്ലാഹു അവരുടെ കുതന്ത്രങ്ങൾക്ക് മീതെ തന്ത്രം പ്രയോഗിക്കുക തന്നെ ചെയ്തു.

അല്ലാഹു പറയുന്നത് കാണുക: ''നിന്നെ ബന്ധനസ്ഥനാക്കുകയോ കൊല്ലുകയോ നാട്ടിൽ നിന്ന് പുറത്താക്കുക

യോ ചെയ്യാൻ വേണ്ടി നിനക്കെതിരായി സത്യനിഷേധിക ൾ തന്ത്രം പ്രയോഗിച്ചിരുന്ന (സന്ദർഭം) ഓർക്കുക. അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗി ക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കു ന്നവരിൽ മെച്ചപ്പെട്ടവൻ'' (ഖുർആൻ 8: 30)

## പ്രവാചകൻ(സ) യുടെ ഹിജ്റ

മുശ്രികുകളുടെ കുതന്ത്രങ്ങൾ അതേ സന്ദർഭത്തിൽ ത ന്നെ അല്ലാഹു പ്രവാചകനെ അറിയിക്കുകയും ഹിജ്റക്ക് വേണ്ടി തയ്യാറെടുത്ത് കൊള്ളാൻ അനുവാദം നൽകുക യും ചെയ്തു.

അല്ലാഹുവിൽ നിന്നും അനുമതി ലഭിച്ച ഉടനെ പ്രവാചക ൻ(സ) അബൂബക്കർ(റ) വീട്ടിൽ ചെന്ന് വിരം അറിയിച്ചു. ഈ സന്ദർഭത്തിൽ അബൂബക്കർ(റ) ചോദിച്ചു: എനിക്കും താങ്കളോടൊപ്പം . . .? നബി(സ) പറഞ്ഞു: ഉണ്ട്, തയ്യാറെ ടുത്ത് കൊള്ളുക. പ്രസ്തുത സന്ദർഭത്തെ സംബന്ധിച്ച് ആയിഷ(റ) പറഞ്ഞത്: ഒരാൾ സന്തോഷത്താൽ കരയു മെന്നത് എൻെറ പിതാവ് അന്ന് കരഞ്ഞത് കണ്ടപ്പോഴാണ് എനിക്ക് മനസ്സിലായത്.

അബൂബക്കർ (റ) രണ്ട് വാഹനം തയ്യാറാക്കി, യഥ്രിബി ലേക്ക് വഴികാട്ടിയായി മുശ്രിക്കായിരുന്ന അബ്ദുല്ലാഹി ബ്നു ഉറൈകത്ത് എന്ന വ്യക്തിയേയും, മക്കയിലെ സം സാരവിഷയങ്ങൾ എത്തിക്കാൻ തൻെറ മകൻ അബ്ദുല്ല യേയും, യാത്രയിൽ അവർക്ക് ആവശ്യത്തിന് പാൽ കൊ ടുക്കാൻ തൻെറ അടിമയായ ആമിറുബ്നു ഫുഹൈറ എ ന്ന ആട്ടിടയനേയും സജ്ജരാക്കി നിർത്തി.





മുശ്രികുകൾ അവരുടെ യോഗ തീരുമാന പ്രകാരം വ്യത്യ സ്ത ഗോത്രങ്ങളിൽ നിന്നായി കരുത്തരായ പതിനൊന്ന് പേരെ തിരഞ്ഞെടുക്കുകയും, അബൂജഹലിൻെറ നേതൃത്വ ത്തിൽ അവർ പ്രവാചകൻെറ വീട് വളയുകയും ചെയ് തു. പ്രവാചകൻ(സ) പ്രഭാതത്തിൽ എഴുന്നേറ്റ് പുറത്ത് വരുന്നതും പ്രതീക്ഷിച്ച് അവർ ഉറക്കമൊഴിച്ച് കാത്ത് നിന്നു.

എന്നാൽ ഈ വിവരം അല്ലാഹു നേരത്തെ തന്നെ നബി (സ)യെ അറിയിച്ചത് അനുസരിച്ച്, പ്രവാചകൻ (സ) അ ലി (റ)നെ തൻെറ വിരിപ്പിൽ താൻ പുതക്കാറുള്ള പുതപ്പ് പുതച്ച് കിടക്കാൻ ചുമതലപ്പെടുത്തുകയും, അതോടൊ പ്പം തൻെറ പക്കൽ സൂക്ഷിക്കാൻ ഏൽപ്പിച്ചിരുന്ന അമാ നത്ത് വസ്തുക്കൾ (സൂക്ഷിപ്പ് മുതലുകൾ) ഉടമസ്ഥർക്ക് തിരിച്ചുനൽകാനും അദ്ദേഹത്തെ ഏർപ്പാട് ചെയ്തു.

മുശ്രികുകൾ വാതിൽ പഴുതിലൂടെ അകത്തേക്ക് എത്തി നോക്കിയപ്പോൾ ഒരാൾ പുതച്ച് ഉറങ്ങുന്നത് കണ്ട് സമാ ധാനിച്ചു. നേരം പുലരുന്നതും കാത്ത് അക്ഷമരായി കാ ത്ത് നിന്നു.

പ്രവാചകൻ(സ) അല്ലാഹുവിൻെറ കൽപ്പന പ്രകാരം ഒരു പിടി മണൽ വാരി എറിഞ്ഞ് ഖുർആനിലെ 36ാം അ ദ്ധ്യായ മായ സൂറത്ത് യാസീനിലെ 9ാം വചനം ഉരുവിട്ട് കൊണ്ട് അവർക്ക് നടുവിലൂടെ വീട്ടിൽ നിന്നും പുറത്തി റങ്ങി! നുബുവ്വത്തിൻെറ പതിനാലാം വർഷം സഫർ 27 ാം തീയതി വ്യാഴായ്ചയായിരുന്നു അത്.

''നാം അവരുടെ മുമ്പിൽ ഒരു തടസ്സവും പിന്നിൽ ഒരു തടസ്സവും ഉണ്ടാക്കി. അങ്ങിനെ നാം അവരെ മൂടിക്കള

ഞ്ഞു. അതിനാൽ അവർക്ക് കണ്ണ് കാണാൻ കഴിഞ്ഞില്ല'' (സൂറ: യാസീൻ 9).

പ്രവാചകൻ (സ) നേരെ തൻെറ കൂട്ടുകാരനായ അബൂബക്കർ(റ) വിൻെറ വീട്ടിലേക്ക് ചെന്നു. അസ്മാഅ് (റ) തയ്യാറാക്കിയിരുന്ന ഭക്ഷണം ഒരു സഞ്ചിയിലാക്കി നൽകി. എന്നാൽ അത് കെട്ടി ഭദ്രമാക്കി വാഹനപ്പുറത്ത് വെച്ചു കെട്ടാൻ ആവശ്യമായ കയറ് കിട്ടാതെ പ്രയാസപ്പെട്ടു. അർദ്ധരാത്രി എന്ത് ചെയ്യും ? ഉടനെ അസ്മാഅ് (റ) തൻെറ വസ്ത്രത്തിൻെറ കയർ അഴിച്ചു അത് രണ്ടായി കീറി പകുതി ഭക്ഷണ സഞ്ചി വെച്ചുകെട്ടാനായി നൽകി. അതിനാ ൽ അവർ **ദാതു നിത്വാഖൈനി** (രണ്ട് ചരടിൻെറ ഉട മ) എന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെട്ടു. ശേഷം യമ നിൻെറ ഭാഗത്തേക്കുള്ള വഴിയിലൂടെ സഞ്ചരിച്ച് മക്കയി ൽ നിന്നും അഞ്ച് കിലോ മീററർ ദൂരെയുള്ള ഥൗർ മലയി ലെ ഗുഹയിൽ കയറി ഒളിച്ചു. ജനങ്ങൾക്കിടയിൽ സ്വഭാ വികമായും ഉണ്ടാകാനിടയുള്ള തിരച്ചിൽ അവസാനിക്ക ട്ടെ എന്നു കരുതി മൂന്ന് ദിവസം പ്രസ്തുത ഗുഹയിൽ കഴിച്ചു കൂട്ടി.

എന്നാൽ മുശ്രികുകളുടെ കാത്തിരിപ്പ് തുടരുകയായിരുന്നു. അന്നേരം അതു വഴി വന്ന ഒരാൾ നിങ്ങൾ ആരെയാണ് പ്രതീക്ഷിക്കുന്നത്? എന്ന് ചോദിക്കുകയും മുഹമ്മദിനെ എന്ന് അവർ മറുപടി പറയുകയും ചെയ്തു. അന്നേരം മുഹമ്മദ് നിങ്ങളുടെ തലയിൽ മണ്ണ് വാരിയെറിഞ്ഞ് പുറത്ത് പോയത് നിങ്ങൾ അറിഞ്ഞില്ലേ? എന്നായിരുന്നു അയാളുടെ ചോദ്യം. അവർ തലയിൽ തടവി നോക്കിയപ്പോൾ മണൽ കാണുകയും അതോടൊപ്പം അലി(റ) പുറത്ത് വരുന്നതുമാണ് അവർ കണ്ടത്. അവർ പരസ്പരം മുഖത്തോടു മുഖം നോക്കി പകച്ചു നിന്നു. അവസാനം അ





ബൂജഹൽ മുഹമ്മദിനെ പിടിച്ചു കൊണ്ടുവരുന്നവർക്ക് നൂ റ് ഒട്ടകം ഇനാം പ്രഖ്യാപിച്ചു. നേരെ അബൂബക്കർ(റ) ൻെറ വീട് ലക്ഷ്യംവെച്ച് ഓടി. അവിടെ എത്തി വാതിലിൽ ശക്തിയായി മുട്ടി. പുറത്ത് വന്ന അസ്മാഅ്(റ)യോട് എവിടെ നിൻെറ പിതാവ് എന്ന് ചോദിച്ചുകൊണ്ട് അലറി. എനിക്ക് അറിയില്ല എന്ന മറുപടി കേട്ട എടനെ അതിശക്തിയായി അവരുടെ മുഖത്ത് അടിച്ചു; അടിയുടെ ശക്തിയാൽ അവർ കാതിൽ ധരിച്ചിരുന്ന കമ്മൽ പോലും ഊരി തെറിച്ചുപോയി. ഹിജ്റയുടെ പേരിൽ ഏതൊക്കെ നിലക്കുള്ള പ്രയാസങ്ങളാണ് അവർ ഓരോരുത്തരം സഹിക്കേണ്ടതായി വന്നത് !! നമ്മുടെ മുൻഗാമികൾ മതത്തിനുവേണ്ടി അനുഭവിക്കേണ്ടി വന്ന യാതനകളും പീഢനങ്ങളും കുറച്ചൊന്നുമായിരുന്നില്ല. !!

## ഥൗർഗുഹയിലെ അനുഭവങ്ങൾ

നൂറ് ഒട്ടകം മോഹിച്ചു പലരും വിവിധ ദിക്കുകളിലൂടെ തിരച്ചിൽ ആരംഭിച്ചു. ചിലർ നബി(സ)യും അബൂബക്കർ (റ)വും ഒളിച്ചിരിക്കുന്ന ഗുഹാമുഖത്തോളമെത്തി. അബൂബക്കർ(റ) പറഞ്ഞു: നബിയേ, അതാ ശത്രുക്കൾ നമ്മുടെ മുന്നിലെത്തിയിരിക്കുന്നു. അവരൊന്ന് കുനിഞ്ഞു നോക്കിയാൽ നമ്മളിപ്പോൾ പിടിക്കപ്പെടും. അന്നേരം പ്രവാചകൻ (സ) പറഞ്ഞത് ''അബൂബക്കറേ, ശാന്തനാകൂ. നീ ദു: ഖിക്കാതിരിക്കൂ, അല്ലാഹു നമ്മോടൊപ്പമുണ്ട്.'' അന്നേരം നബിയേ, എൻെറ കാര്യത്തിലല്ല. അങ്ങേക്ക് എന്തെങ്കി ലും സംഭവിക്കുമോ എന്നതിലാണ് എൻെറ പ്രയാസം എ ന്നായിരുന്നു അബൂബക്കർ(റ) വിൻെറ മറുപടി. നോക്കൂ ആ സ്നേഹത്തിൻെറ ആഴം. പ്രസ്തുത സംഭവം അ ല്ലാഹു ഇങ്ങനെയാണ് ലോകത്തിന് മുന്നിൽ അനാവ രണം ചെയ്തിരിക്കുന്നത്: ''നിങ്ങൾ

അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധിക ൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടു പേരിൽ ഒരാളായിരിക്കുക യും ചെയ്ത സന്ദർഭത്തിൽ അഥവാ, അവർ രണ്ടു പേരും (നബിയും അബൂബ ക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹ ത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം ത ൻെറ കൂട്ടുകാരനോ 'നീ ദു:ഖിക്കേണ്ട അല്ലാഹു നമ്മുടെ കൂടെയുണ്ട്' എന്നു പറഞ്ഞ സന്ദർഭം. അപ്പോൾ തൻെറ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടു ക്കുകയും, നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹ ത്തിന് പിൻബലം നൽകുകയും സത്യനിഷേധിക ളുടെ വാക്കിനെ അവൻ അങ്ങേയററം താഴ്ത്തിക്കളയുക യും ചെയ്തു. അല്ലാഹുവിൻെറ വാക്കാണ് ഏററവും ഉയ ർന്നു നിൽക്കുക. അല്ലാഹു പ്രതാപിയും യുക്തിമാനും ആകുന്നു'' (ഖുർആൻ 9 തൗബ: 40)

നേരത്തെ ഏർപ്പാട് ചെയ്തത് അനുസരിച്ച് അബ്ദുല്ല മ ക്കയിലെ വിവരങ്ങൾ രാത്രി സമയം ഗുഹയിലേക്ക് എ ത്തിച്ചുകൊണ്ടിരുന്നു. അബ്ദുല്ലയുടെ കാൽപ്പാടുകൾ മാ യ്ക്കപ്പെടാനായി ആമിറുബ്നു ഫുഹൈറ ആടുകളേയും കൊണ്ട് അതുവഴി സഞ്ചരിക്കുകയും ഗുഹയിലെത്തി ന ബിക്കും അബൂബക്കറിനും ആടുകളെ കറന്ന് പാല് നൽ കുകയും ചെയ്തു കൊണ്ടിരുന്നു. പിന്നീട് നേരത്തെ പറ ഞ്ഞത് അനുസരിച്ച് വഴികാണിക്കാനായി അബ്ദുല്ലാഹി ബ്നു ഉറൈഖത്തും വന്നു. അങ്ങിനെ മൂന്ന് ദിവസത്തെ ഗുഹാവാസത്തിനു ശേഷം അവർ യഥ്രിബ് ലക്ഷ്യം വെ ച്ച് യാത്ര ആരംഭിച്ചു.

## യാത്രയിലെ അനുഭവങ്ങൾ





വഴിക്ക് വെച്ച് അബൂബക്കർ(റ) വിനോട് ഒരാൾ, ആരാണ് നിൻെറ കൂടെയുള്ള വ്യക്തി ? എന്ന ചോദ്യത്തിന് അബൂ ബക്കർ(റ) പറഞ്ഞു 'അദ്ദേഹം എൻെറ വഴികാട്ടിയാണ്' എന്ന്. എല്ലാ അർത്ഥത്തിലും വഴികാട്ടി തന്നെയാണല്ലൊ പ്രവാചകൻ(സ).

നബി(സ) യെ പിടിച്ചുകൊടുത്ത് നൂറ് ഒട്ടകം വാങ്ങു ന്നതി നായി സുറാഖത്ബ്നു മാലികും വാഹനമെടുത്ത് പുറപ്പെട്ടു. അയാൾ നബിയേയും അബൂബക്കറിനേയും കാണുകയും അവരുടെ അടുത്ത് എത്തുകയും ചെയ്തു. ഉട നെ അയാളുടെ ഒട്ടകം കാലിടറുകയും അയാൾ മറിഞ്ഞു വീഴുകയും ചെയ്തു. വീണ്ടുംപരിശ്രമിച്ച് അടുത്ത് എത്താറായി. നബി(സ) അന്നേരം ഖുർആൻ പാരായണം ചെയ്തു കൊണ്ടിരുന്നത് പോലും കേൾക്കത്തക്ക നിലയിൽ സുറാഖത്ത് അടുത്തെത്തി. അപ്പോഴേക്കും ഒട്ടകത്തിൻെറ കൈകൾ നിലത്ത് പൂണ്ട് നടക്കാൻ പററാത്ത വിധ മായിക്കഴിഞ്ഞു. ഇത് ആവർ ത്തിച്ചപ്പോൾ ഇതിലെന്തോ അമാനുഷികമായ ഒന്ന് ഒളിഞ്ഞിരിപ്പുണ്ട് എന്ന് ബോധ്യപ്പെട്ട സുറാഖത്ത് ഇങ്ങി നെ വിളിച്ചു പറഞ്ഞു: ''ഞാൻ സുറാഖയാണ്. നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നത് ഒന്നും എന്നിൽ നിന്നും ഇനി പ്രതീക്ഷിക്കേണ്ടതില്ല'' എന്ന് വിളി ച്ചു പറഞ്ഞ് അയാൾ തൻെറ ശ്രമത്തിൽ നിന്നും ദയനീ യമായി പിന്തിരിഞ്ഞു.

വഴി മദ്ധ്യേ ഉണ്ടായ മറെറാരു സംഭവം. അവർ ശക്തമാ യി ദാഹവും വിശപ്പും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സമയം അടുത്ത് കണ്ട ഒരു ടൻറിൽ പ്രവേശിച്ചു. അത് ഉമ്മു മഅ്ബദിൻെറ ടൻറായിരുന്നു. അവിടെ കണ്ട വൃദ്ധയായ സ്ത്രീയോട് തങ്ങൾക്ക് നൽകാനായി എന്തെങ്കലും ഉണ്ടോ എന്ന് അന്വേഷിച്ചു. ഒന്നുമില്ല ആുകളാണെങ്കിൽ കറവ് വററിയതുമാണ്, എന്നായിരു

ന്നു അവരുടെ മറുപടി. ഉടനെ, ഒരാടിനെ കറക്കാൻ എന്നെ അനുവദിക്കുമോ എന്ന് പ്രവാചകൻ അനുമതി ചോദിച്ച്; അവരുടെ സമ്മതപ്രകാരം അല്ലാഹുവിൻെറ നാമം ഉച്ചരിച്ച് ആടിനെ കറന്നു. അങ്ങിനെ അവരെല്ലാം ആവശ്യമായത്ര പാൽ കുടിച്ചു. ശേഷം അവിടെ ഉണ്ടായിരുന്ന ഒരു വലിയ പാത്രം നിറയെ പാൽ കറന്ന് വീട്ടുടമക്ക് നൽകി അവർ സ്ഥലം വിട്ടു. തികഞ്ഞ അൽ ഭുതത്തോടെ ഇതെല്ലാം കണ്ട് നിന്ന ഉമ്മു മഅ്ബദ് തരിച്ചിരുന്നു.

അൽപം കഴിഞ്ഞ് വീട്ടിലെത്തിയ അവരുടെ ഭർത്താവ് അബൂമഅ്ബദ് പാൽ നിറഞ്ഞിരിക്കുന്ന പാത്രം കണ്ട് അ ൽഭുതപ്പെട്ടു. ഉമ്മുമഅ്ബദ് കാര്യങ്ങളെല്ലാം വിവരിച്ചു. എ ല്ലാം കേട്ട അദ്ദേഹം പറഞ്ഞു; തീർച്ചയായും അത് മക്ക ക്കാർ അന്വേഷിച്ചു നടക്കുന്ന ആൾ തന്നെയാണ് എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. എനിക്കും അദ്ദേഹത്തെ ഒന്ന് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ !!

അങ്ങിനെ സഫർ 27 ന് യാത്ര പുറപ്പെട്ട പ്രവാചകൻ(സ) യും അബൂബക്കർ(റ) വും റബീഉൽ അവ്വൽ 8 ന് തിങ്കളാ ഴ്ച യഥ്രിബിന് സമീപമുള്ള ഖുബാഇൽ എത്തിച്ചേർന്നു. നാല് ദിവസം ഖുബാഇൽ താമസിച്ച പ്രവാചകൻ അതിനി ടയിൽ ഖുബാഇൽ പള്ളി പണിയുകയും അവിടെ നമസ് കാരം ആരംഭിക്കുകയും ചെയ്തു. അതായിരുന്നു ഹിജ്റ ക്ക് ശേഷം ആദ്യമായി സ്ഥാപിച്ച പള്ളി; എന്ന് മാത്രമല്ല, പ്രവാചകൻെറ നുബുവ്വത്തിനു ശേഷം ആദ്യമായി പണി ത പള്ളിയും അത് തന്നെയായിരുന്നു. അഞ്ചാം ദിവസം വെള്ളിയാഴ്ച ഖുബാഇൽ നിന്നും യഥ്രിബിന് നേരെ യാ ത്രയാരംഭിച്ചു. യാത്ര **വാദി ബനീ സാലിമിൽ** എത്തിയപ്പോൾ





അവിടെവെച്ച് ആദ്യത്തെ ജുമുഅയും നിർവ്വഹി ച്ചു. നൂറോളം ആളുകൾ പ്രസ്തുത ജുമുഅയിൽ പങ്കെടു ക്കുകയുണ്ടായി എന്നാണ് ചരിത്രം രേഖപ്പെടുത്തപ്പെട്ടി രിക്കുന്നത്. ഈ സ്ഥലത്താണ് ഇന്ന് മസ്ജിദ് ജുമുഅ: എന്ന പേരിലുള്ള പള്ളി നിർമ്മിക്കപ്പെട്ടിട്ടുള്ളത്.

## യഥ്രിബിലേക്കുള്ള വരവേൽപ്പ്

പ്രവാചകൻ(സ) യുടെ വരവും പ്രതീക്ഷിച്ച് നീണ്ട ദിവ സങ്ങൾ കാത്തിരുന്ന യഥ്രിബ് (മദീന) നിവാസികൾക്ക് ആ സുദിനം സന്തോഷത്തിൻെറ മുഹൂർത്തമായിരുന്നു. അവർ ഉയർന്ന കുന്നിൻേറയും മരങ്ങളുടേയും മുകളിൽ നേരത്തെ തന്നെ നിലയുറപ്പിച്ചു. അറകളിൽ നിന്നും കന്യ കമാർ പോലും വഴിയോരങ്ങളിൽ കാത്ത് നിന്നു. ആവേ ശപൂർവ്വമായ വരവേൽപ്പായിരുന്നു അവർ പ്രവാചകന് ന ൽകിയത്. അനസ് (റ) പറയുന്നു: നബി(സ) മദീനയിൽ എത്തിയ സുദിനത്തിന് ഞാൻ സാക്ഷിയായിരുന്നു. അന്ന ത്തേക്കാൾ ആനന്ദവും ആമോദവും നിറഞ്ഞ ഒരു ദിനം എൻെറ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഓരോരുത്തരും പ്ര വാചകൻ എൻെറ അടുക്കൽ ഇറങ്ങിയിരുന്നെങ്കിൽ എന്ന ആഗ്രഹത്തിലായിരുന്നു. എന്നാൽ പ്രവാചകൻ പറഞ്ഞു: ഒട്ടകത്തിന് വിട്ടുകൊടുക്കുക, അത് കൽപ്പിക്കപ്പെട്ടതാണ്.

അങ്ങിനെ ഇന്ന് മസ്ജിദുന്നബവി നിൽക്കുന്ന സ്ഥലത്ത് ഒട്ടകം മുട്ടുകുത്തി. ശേഷം പ്രസ്തുത സ്ഥലത്തിനോട് ഏററവും അടുത്ത വീടായ അബൂ അയ്യൂബിൽ അൻസ്വാ രിയുടെ വീട്ടിൽ പ്രവാചകൻ (സ) താമസിച്ചു. ക്രിസ്താ ബ്ദം 622 സപ്തംബർ 27, റബീഉൽ അവ്വൽ പന്ത്രണ്ട് വെ ള്ളിയാഴ്ചയായിരുന്നു പ്രസ്തുത സുദിനം. അന്നു മുതൽ യഥ്രിബ് മദീനത്തുർറസൂൽ (റസൂലിൻെറ പട്ടണം) അത്

പിന്നീട് മദീന എന്ന പേരിൽ പ്രസിദ്ധമായി. യഥ്രിബ് എന്ന നാമം ചരിത്ര ഗ്രന്ഥങ്ങളിൽ മാത്രം ഒതുങ്ങുകയും ചെയ്തു

ജീവനേക്കാളും കുടുംബത്തേക്കാളും സമ്പത്തിനേക്കാളും അധികം ആദർശത്തെ സ്നേഹിച്ച പാലായനത്തിൻെറ ചരിത്രമാണ് ഹിജ്റ. ചരിത്രത്തിലെ തുല്യതയില്ലാത്ത മഹാത്യാഗത്തിൻെറ കഥയാണത് നമ്മെ അനുസ്മരിപ്പിക്കുന്നത്. അത് ഇസ്ലാമിക ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായത്തിൻെറ തുടക്കമായിരുന്നു. ഏതൊരു വിജയ ത്തിൻെറ പിന്നിലും ത്യാഗങ്ങളുടെ മാർഗ്ഗമാണ് കാണപ്പെടുക എന്ന തത്വവും ഹിജ്റ നമ്മെ ഓർമ്മപ്പെടുത്തുന്നു.എ ക്കാലഘട്ടത്തി ലേയും വിശ്വാസികൾക്ക് പാഠവും ആവേ ശവുമായ പ്രസ്തുത സംഭവമാണ് പിൽക്കാലത്ത് മുസ് ലിം കാലഗണനക്കായി ഉമർ (റ)വിൻെറ കാലത്ത് തിരഞ്ഞെടുക്കപ്പെട്ടതും. അന്നു മുതലാണ് ഹിജ്റ കലണ്ടർ കണക്കുകൂട്ടി വരുന്നതും.

മദീനയിലെത്തിയ പ്രവാചകൻ(സ)ൻെറ ആദ്യ സംരംഭം മസ്ജിദുന്നബവിയുടെ നിർമ്മാണമായിരുന്നു.ബനുന്നജ്ജാർ ഗോത്രത്തിൽ പെട്ട സഹ്ല്, സുഹൈൽ എന്നീ പേരുകളിലുള്ള രണ്ട് അനാഥക്കുട്ടികളുടെ അവകാശത്തിലുണ്ടായിരുന്ന സ്ഥലം വിലക്കുവാങ്ങിയാണ് പള്ളി നിർമ്മാണം നടത്തിയത്. പ്രവാചകനും അനുയായികളും ആവേശത്തോടു കൂടി അതിൽ വ്യാപൃതരായി. പണി പൂർത്തിയായപ്പോൾ പ്രവാചകന് താമസിക്കാനുള്ള സൗകര്യവും പള്ളിയോട് ചേർന്ന് നിർമ്മിക്കപ്പെട്ടു. അതിനു ശേഷം പ്രവാചകൻ(സ) അബൂഅയ്യുബിൽഅൻസ്വാരിയുടെ വീട്ടിൽ നിന്നും പള്ളിയോട് ചേർന്ന് നിർമ്മിക്കപ്പെട്ട ഭവനത്തിലേക്ക് താമസം മാററി.





മസ്ജിദുന്നബവി, അതാണ് പിന്നീട് പ്രവാചകൻെറ കാലഘട്ടത്തിലെ സർവ്വകലാശാലയും കോടതിയും പാർലിമെൻറ് മന്ദിരവും അശരണരായ ആളുകൾക്കുള്ള വീടും എല്ലാം എല്ലാം ആയിത്തീർന്നത്. അവിടെവെച്ച് നിർവ്വഹിക്കപ്പെടുന്ന നമസ്കാരത്തിന് (മസ്ജിദുൽഹറമല്ലാത്ത) മററു പള്ളികളിൽ വെച്ച് നിർവ്വഹിക്കുന്ന ആരാധനകളേക്കാൾ ആയിരം ഇരട്ടി പ്രതിഫലവും അല്ലാഹു നിശ്ചയിച്ചു.

വീടിൻേറയും മററും പണി പൂർത്തിയായപ്പോൾ പ്രവാചക പത്നി സൗദ(റ) മക്കളായ ഫാതിമ: ഉമ്മുകുൽഥൂം (റ) നബിയുടെ വളർത്തുമാതാവായ ഉമ്മു ഐമൻ, പോററു മകനായ സൈദ്(റ)വിൻെറ മകൻ ഉസാമത്തുബ്നു സൈദ് എന്നിവരും നബിയോടൊപ്പം എത്തിച്ചേർന്നു.

## മുഹാജിറുകളും അൻസ്വാറുകളും

അല്ലാഹുവിൻെറ പ്രീതി മാത്രം ആഗ്രഹിച്ച് ആദർശ സംരക്ഷണാർത്ഥം മദീനയിലെത്തിയ അഭയാർത്ഥികൾക്ക് മുഹാജിറുകൾ എന്നും അവർക്ക് എല്ലാം നൽകി സ്വീകരിക്കുകയും സഹായിക്കുകയും ചെയ്ത മദീനാ നിവാസികൾക്ക് അൻസ്വാറുകൾ (സഹായികൾ) എന്നുമാണ് ഖുർആനും ഹദീസും നാമകരണം ചെയ്തിരിക്കുന്നത്.

മുഹാജിറുകൾക്കും അൻസ്വാറുകൾക്കും ഇടയിൽ ശക്തമായ സൗഹൃദവും സാഹോദര്യവുമാണ് പ്രവാചകൻ ഉണ്ടാക്കിയെടുത്തത്. അൻസ്വാരികളിൽ നിന്നു ഓരോരുത്തർക്കും മുഹാജിറായ ഓരോ സഹോദരനെ വീതം പ്രവാചകൻ(സ) വീതിച്ചുകൊടുത്തു. അബ്ദുർറഹ്മാനുബ്നുഔഫ് തന്നെ ഏൽപ്പിച്ചു കൊടുത്ത സഅദിനെ സംബന്ധിച്ച് പറയുന്നത് ഇമാം ബുഖാരി രേഖപ്പെടു

ത്തുന്നത് കാണുക: ''സഅദ് (റ) എന്നോട് പറഞ്ഞു: അബ്ദുർ റഹ്മാൻ എനിക്ക് ധാരാളം സമ്പത്തുണ്ട്. അത് ഞാനിതാ രണ്ടായി തിരിക്കുന്നു; ഇനി അതിൽ ഒരു ഭാഗം താങ്കളുടേതാണ്. എനിക്ക് രണ്ട് ഭാര്യമാരുണ്ട്. അവരെ നീ കാണുക. എന്നിട്ട് നീ ഇഷ്ടപ്പെടുന്നത് ആരെയാണ് എന്ന് പറയുക. അവരെ ഞാൻ വിവാഹമോചനം നടത്തുന്നതാണ്. ഇദ്ദ കാലം കഴിഞ്ഞ ശേഷം നീ അവരെ വിവാഹം കഴിക്കുകയും വേണം. ഞാൻ പറഞ്ഞു: സഅദേ, താങ്കളുടെ ധനത്തിലും കുടുംബത്തിലും അല്ലാഹു താങ്കൾക്ക് ബർക്കത്ത് ചൊരി യട്ടെ. എനിക്ക് ഇവിടുത്തെ മാർക്കററ് പരിചയപ്പെടുത്തി തന്നാൽ മതി. ഞാൻ കച്ചവടം ചെയ്തു ജീവിച്ചുകൊള്ളാം എന്നായിരുന്നു.

ഇതുപോലുള്ള അനുഭവങ്ങൾ തന്നെയായിരുന്നു ഓരോരുത്തർക്കും പറയാനുണ്ടായിരുന്നത്. അത്കൊണ്ട് തന്നെയാണ് അൻസ്വാരികളെ പ്രശംസിച്ചുകൊണ്ട് അല്ലാഹു ഇപ്രകാരം വ്യക്തമാക്കിയതും ''മുഹാജിറുകൾ എത്തും മുമ്പ് വിശ്വസിക്കുകയും അവർക്ക് ഭവനമൊരുക്കുകയും ചെയ്തവർ. അവർ തങ്ങളുടെ അടുത്തേക്ക് അഭയാർത്ഥികളായി വന്നവരെ സ്നേഹിക്കുന്നു. അവർക്ക് നൽകപ്പെട്ടതിൽ നിന്ന് എന്തെങ്കിലും ലഭിക്കണമെന്ന ആവശ്യം അവരുടെ മനസ്സിലില്ല. സ്വന്തം അത്യാവശ്യമുണ്ടെങ്കിൽ പോലും അവർ മററുള്ളവർക്ക് പ്രാധാന്യം നൽകുന്നു'' (ഖുർആൻ 59: 9). നോക്കൂ എന്തൊരു മഹനീയ മാതൃക !

## ജൂതന്മാരുമായുള്ള കരാർ

നബി(സ) മദീനയിൽ എത്തിയതോടു മുഹാജിറുകളും അൻസ്വാറുകളും തമ്മിൽ സൗഹൃദത്തിലായത് പോലെ





തന്നെ വളരെക്കാലമായി കലഹത്തിലും ശത്രുതയിലുമായിരുന്ന ഔസ്, ഖസ്റജ് എന്നീ ഗോത്രങ്ങൾ തമ്മിലും രമ്യതയും സൗഹൃദവും നിലവിൽ വന്നു. പിന്നീട് മദീനയിൽ നില നിന്നിരുന്ന പ്രധാന ജൂത ഗോത്രങ്ങളായിരുന്ന ബനൂ ഖയ്നുഖാഅ്, ബനുന്നളീർ, ബനൂ ഖുറൈള എന്നീ ഗോത്രങ്ങൾക്കും പരസ്പരം സൗഹാർദ്ദത്തിൽ കഴിയുന്നതിനും അവർക്ക് എല്ലാ നിലക്കുമുള്ള സംരക്ഷണം ഉറപ്പ് നൽകുന്നതിനുമായി അവരുമായി ഉടമ്പടിയുണ്ടാക്കി. എല്ലാ വിഭാഗത്തിനും അവരുടെ മതമനുസരിച്ച് ജീവിക്കുന്നതിന് സ്വാതന്ത്ര്യം നൽകുന്നതോടൊപ്പം പുറത്ത് നിന്നും വരുന്ന പൊതു ശത്രുവിനെ എല്ലാവരും കൂടി കൂട്ടായി ചെറുത്ത് നാട്ടിലെ സമാധാനം കാത്ത് സൂക്ഷിക്കുന്നതിന് ഉടമ്പടിയിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിരുന്നു. അഭ്യന്തരമായുണ്ടാകുന്ന പൊതു കാര്യങ്ങളിലെ തീർപ്പ് കൽപ്പിക്കുന്നതിന് പ്രവാചകൻ (സ) യുടെ തീരുമാനം അന്തിമമായിരിക്കുന്നാണ് എന്നും കരാറിൽ വ്യവസ്ഥ ചെയ്തു.

## ബദർയുദ്ധം

മുസ്ലിംകൾ മദീനയിൽ തങ്ങളുടെ പ്രബോധന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നത് മുശ്രികുകൾക്ക് ഒട്ടും സഹിക്കാൻ കഴിഞ്ഞിരുന്നില്ല. അവർ പല നിലയിലും പ്രവാചകനേയും മുസ്ലിംകളേയും ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു. ഈ അവസരത്തിൽ അല്ലാഹു യുദ്ധത്തിന് അനുമതി നൽകിക്കൊണ്ടുള്ള വചനം അവതരിപ്പിച്ചു. ''യുദ്ധത്തിന് ഇരയാകുന്നവർക്ക്, അവർ മർദ്ദിക്കപ്പെട്ടവരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു'' (ഖുർആൻ 22: 29)

മദീനയിൽ ഇസ്ലാം വളർന്നു; മുസ്ലിംകളുടെ എണ്ണ വും ശക്തിയും കൂടിക്കൊണ്ടിരുന്നു. ഇതിൽ അസൂയപൂ ണ്ട മുശ്രികുകൾ എല്ലാവരും കൂടി ഒരു പുതിയ തീരുമാ നത്തിലെത്തി. അവരിലെ എല്ലാ ഗോത്രങ്ങൾക്കും പങ്കാളി ത്വം നൽകി ഒരു കച്ചവട സംഘത്തെ സിറിയിലേക്ക് ഒരു ക്കുകയും അതിലെ ലാഭം ഇസ്ലാമിനും മുസ്ലിംകൾ ക്കുമെതിരിലുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗി ക്കാനും തീരുമാനിച്ചു.

ഈ വിവരം അറിഞ്ഞ പ്രവാചകൻ(സ) സ്വഹാബികളു മായി കൂടിയാലോചിച്ച ശേഷം കച്ചവട സംഘത്തെ തടു ക്കുവാനായി 313 പേരടങ്ങുന്ന ഒരു സംഘവുമായി റമദാ ൻ മൂന്നിന് മദീനയിൽ നിന്നും സിറിയയുടെ ഭാഗത്തേക്ക് പുറപ്പെട്ടു. രണ്ട് കുതിരയും എഴുപത് ഒട്ടകവും മാത്രമാ യിരുന്നു അവരോടൊപ്പമുണ്ടായിരുന്ന വാഹനങ്ങൾ. സാ ധാരണ കൂടെ കരുതാറുള്ള ആയുധങ്ങളല്ലാതെ ഒരു യു ദ്ധത്തിനായുള്ള യാതൊരു മുന്നൊരുക്കളും അവരിൽ ഉ ണ്ടായിരുന്നില്ലതാനും.

എന്നാൽ വിവരം അറിഞ്ഞ അബൂസുഫ്യാൻ, മുഹമ്മ ദും അനുയായികളും കച്ചവട സംഘത്തെ തടുക്കാനായി പുറപ്പെട്ടിട്ടുണ്ടെന്നും അതിനാൽ ഉടനെ ഒരു സംഘം ആ ളുകളെ തങ്ങളെ സഹായിക്കാനായി മദീനയിലേക്ക് അയ ക്കണമെന്നും അബൂസുഫ്യാൻ മക്കയിലേക്ക് വിവരം അറിയിച്ചു. അത് കേൾക്കേണ്ട താമസം മുഹമ്മദിനേയും മുസ്ലിംകളേയും എങ്ങിനെയെങ്കിലും വകവരുത്തണം എന്ന് ആലോചിച്ചു കൊണ്ടിരുന്ന മക്കാ മുശ്രികുകൾ എ ല്ലാ വിധ സന്നാഹങ്ങളോടും കൂടി ആയിരത്തോളം വരു ന്ന ഒരു വൻ സൈന്യത്തെ മദീനയിലേക്ക് അയച്ചു. എ ന്നാൽ പ്രസ്തുത സൈന്യം എത്തുന്നതിനു മുമ്പ് അബൂ





സുഫ്യാൻ കച്ചവട സംഘവുമായി മറ്റൊരു മാർഗ്ഗത്തി ലൂടെ മക്കയിലേക്ക് രക്ഷപ്പെട്ടു.

അബുസുഫ്യാൻ കച്ചവടസംഘവുമായി മക്കയിലേക്ക് രക്ഷപ്പെട്ട വിവരം ഖുറൈശികളെ അറിയിച്ചുവെങ്കിലും അ വർ മടങ്ങാൻ തയ്യാറായില്ല. മദീനക്ക് അടുത്ത് ബദറിൽ എത്തി ഒരു യുദ്ധത്തിനായി താവളമുറപ്പിച്ചു.

ഈ വിവരം അറിഞ്ഞ പ്രവാചകൻ അനുയായികളുമായി കൂടിയാലോചിച്ചു. കാരണം ഒരു യുദ്ധത്തിനുള്ള മുന്നൊ രുക്കത്തോടെയായിരുന്നില്ല അവരുടെ പുറപ്പാട്. മറ്റൊ രു കാരണം മദീനക്കുള്ളിൽ വെച്ചുള്ള സംരക്ഷണമായി രുന്നു നേരത്തെ ഉടമ്പടിയിൽ രേഖപ്പെടുത്തപ്പെട്ടിരുന്നത്; ബദർ മദീനക്ക് പുറത്തുമാണല്ലൊ. കാര്യമായ അഭിപ്രായ വ്യത്യാസങ്ങളില്ലാതെ മുഹാജിറുകൾ തങ്ങളുടെ യോജി പ്പ് വ്യക്തമാക്കി. പിന്നെയും പ്രവാചകൻ (സ) അഭിപ്രാ യങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. അന്നേരം മുഹാജിറു കളിൽ നിന്ന് മിഖ്ദാദ് (റ) ഇപ്രകാരം പറഞ്ഞു: ''പ്രവാച കരെ, അങ്ങെന്താണ് ഞങ്ങളെ സംശയിക്കുന്നുണ്ടോ? ഞ ങ്ങൾ ഒരിക്കലും ഇസ്റാഈൽ ജനത മൂസാ നബിയോട് പറഞ്ഞത് പോലെ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്തുകൊള്ളുക, ഞങ്ങൾ ഇവിടെ ഇരിക്കാം. എന്നു പ റയുകയില്ല, മറിച്ച്, നിങ്ങൾ കൽപ്പിച്ചുകൊള്ളുക ഞങ്ങൾ നിങ്ങളോടൊപ്പം യുദ്ധം ചെയ്തുകൊള്ളാം'' എന്നായിരി ക്കും പറയുക. ഈ മറുപടി കേട്ടിട്ടും പ്രവാചകൻ (സ) ക്ക് സമാധാനമാവാത്തത് പോലെ തോന്നി. ഉടനെ അൻ സ്വാറുകളിൽ നിന്നും സഅദ്ബ്നു മുആദ് (റ) പറഞ്ഞു: ''പ്രവാചകരെ അങ്ങ് ഇനി ഞങ്ങളുടെ അഭിപ്രായത്തെ യാണോ കാത്ത് നിൽക്കുന്നത് ? അവിടുന്ന് ഞങ്ങളോട് ഒരു സമുദ്രത്തിലേക്ക് എടുത്ത് ചാടണം എന്ന് കൽപ്പിച്ചാ

ലും ഞങ്ങളത് കേൾക്കുന്ന മാത്രയിൽ അത് അനുസരിക്കുക തന്നെ ചെയ്യും'' ഇത് കൂടി കേട്ടപ്പോൾ പ്രവാചകന് സമാധാനമായി. അനുയായികളുടെ ഈ മറുപടി കേട്ട പ്രവാചകൻ(സ) പറഞ്ഞു നമുക്ക് ധൈര്യമായി മുന്നോട്ട് നീങ്ങാം. ഒന്നുകിൽ കച്ചവട സംഘം അല്ലെങ്കിൽ വിജയം രണ്ടാലൊന്ന് അല്ലാഹു എനിക്ക് ഉറപ്പ് തന്നിരിക്കുന്നു. ക ത്രുക്കളുടെ പതനം ഞാനിതാ കൺമുന്നിൽ കാണുന്നു; എന്നു പറഞ്ഞ് പ്രവാചകൻ(സ) സ്വഹാബികളെ ആവേശ ഭരിതരാക്കുകയുണ്ടായി.

മുസ്‌ലിംകൾ തങ്ങൾക്ക് ആവശ്യാനുസരണം വെള്ളം ലഭിക്കത്തക്ക നിലക്കുള്ള ഒരിടത്ത് സ്ഥാനമുറപ്പിച്ചു. ഇതിൽ അമർഷംപൂണ്ട മുശ്‌രിക്കുകൾ മുസ്‌ലിംകൾ കയ്യടക്കിയ വെള്ളത്തടാകം കയ്യേറാനായി മുന്നോട്ട് വന്നു. അവരിൽ പെട്ട അസ്‌വദു ബ്നു അബ്ദിൽ അസ്‌വദ് അതിനായി മുന്നോട്ട് വന്നു. അന്നേരം ഹംസ(റ) അയാളുടെ കാലിനു വെട്ടി നിലത്തിടുകയും വധിക്കുകയും ചെയ്തു. ഇതോടെ യുദ്ധത്തിനു തുടക്കമായി. തുടർന്ന് ശത്രുക്കളിൽ നിന്ന് ഉത്ബ, ശൈബ, വലീദ് എന്നിവർ വെല്ലുവിളികളുമായി ദ്വന്ദയുദ്ധത്തിനായി മുന്നോട്ടു വന്നു. അന്നേരം ഹംസ ശൈബയേയും, അലി വലീദിനേയും കൊന്നു വീഴ്ത്തി. ഉബൈദ് (റ) ഉത്ബയുമായി മല്ലടിച്ചുകൊണ്ടിരിക്കെ അലിയും ഹംസ(റ) സഹായത്തിനായി എത്തി വലീദിനേയും കൊലപ്പെടുത്തി. അതോടൊപ്പം ഉബൈദ് (റ)വും രക്തസാക്ഷിയായി.

റമദാൻ 17 വെള്ളിയാഴ്ച യുദ്ധം കൊടുമ്പിരി കൊണ്ടു. വിശ്വാസികൾക്ക് അല്ലാഹു കൂടുതൽ ശക്തി പകർന്നു. അവരെ സഹായിക്കാൻ മലക്കുകളെ ഇറക്കിക്കൊടുത്തു.





പ്രവാചകൻ(സ) ബദറിൽ സുജൂദിലായിക്കിടന്ന് ദീർഘമായി ഇങ്ങനെ പ്രാർത്ഥിച്ചു: **“അല്ലാഹുമ്മ ഇൻ തുഹ്‌ലിക ഹാദിഹിൽ ഇസ്വാബ: ലൻ തുഅ്ബദ്. അൻജിസ് ലനാ മാ വഅദ്തനാ** (അല്ലാഹുവേ ഈ ചെറു സംഘത്തെ നീ ഇവിടെ വെച്ച് പരാജയപ്പെടുത്തിയാൽ നിന്നെ മാത്രം ആരാധിക്കപ്പെടുന്ന ഒരവസ്ഥ ഉണ്ടാവുകയില്ല. അത്കൊണ്ട് ഞങ്ങൾക്ക് വാഗ്ദത്തം ചെയ്ത വിജയം നീ നൽകേണമേ'' എന്ന് പ്രാർത്ഥിച്ചു. ബദറിലേക്ക് പുറപ്പെടുമ്പോൾ അബൂ ജഹൽ പ്രാർത്ഥിച്ചതും ചരിത്രം രേഖപ്പെടുത്തുന്നുണ്ട്.

''അല്ലാഹുമ്മ ഉൻസ്വുർ അഅ്‌ലൽ ജുൻദൈനി, അല്ലാഹുമ്മ ഉൻസ്വുർ അക്റമൽ ഫിഅതൈനി, അല്ലാഹുമ്മ ഉൻസ്വുർ അശറഫൽ ഖബീലതൈനി (അല്ലാഹുവേ, ഞങ്ങൾ രണ്ടു സൈന്യങ്ങളിൽ ഉന്നതരെ നീ സഹായിക്കേണമേ, അല്ലാഹുവേ ഞങ്ങൾ രണ്ടു കക്ഷികളിൽ മാന്യന്മാരെ നീ സഹായിക്കേണമേ, അല്ലാഹുവേ ഞങ്ങൾ രണ്ട് ഗോത്ര ങ്ങളിൽ ശ്രേഷ്ഠരെ നീ സഹായിക്കേണമേ)'' എന്നാൽ പ്രതിസന്ധി ഘട്ടങ്ങളിൽ അല്ലാഹുവോടും അല്ലാത്തപ്പോൾ മററുള്ളവരോടും പ്രാർത്ഥിക്കുന്ന രീതിയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ലെന്നും ബദറിൽ തെളിയിക്കപ്പെട്ടു. അ പ്പോൾ ബദർ നടന്നത് 'മാത്രം' എന്നതിന്. അതായത് എല്ലാ പ്രാർത്ഥനകളും ആരാധനകളും അല്ലാഹുവിനോട് ആയിരിക്കണം എന്നതിന് വേണ്ടിയല്ല. മറിച്ച് അല്ലാഹുവിനോട് മാത്രമായിരിക്കണം എന്നതിനു വേണ്ടിയായിരുന്നു എന്ന് സാന്ദർഭികമായി ഓർമ്മപ്പെടുത്തട്ടെ.

രണാങ്കണം സംഘർഷഭരിതമായി, രക്തച്ചൊരിച്ചിലും ആർപ്പുവിളികളുമായി അന്തരീക്ഷം ശബ്ദമുഖരിതമായി.

വിശ്വാസികൾ പലരും തങ്ങളെ മർദ്ദിച്ച് കഷ്ടപ്പെടുത്തിയിരുന്ന ശത്രുനേതാക്കളെ പ്രത്യേകം തിഞ്ഞെടുത്ത് വകവരുത്തി. ബിലാൽ(റ), തൻെറ യജമാനനായിരുന്ന ഉമയ്യത്തിനെ അരിഞ്ഞുവീഴ്ത്തി. മുആദ്ബ്നു അംറു(റ) അബൂജഹലിനേയും കൊന്നിട്ടു. അങ്ങിനെ ശത്രുനേതാക്കൾ ഏതാണ്ട് എല്ലാവരും കൊല്ലപ്പെട്ടു. അങ്ങിനെ എഴുപത് പേർ ശത്രുപക്ഷത്ത് നിന്നും കൊല്ലപ്പെട്ടു. എഴുപത് പേർ ബന്ധനസ്തരായി പിടിക്കപ്പെടുകയും ചെയ്തു. മുസ്ലിം പക്ഷത്ത് നിന്നും പതിനാല് പേർ രക്തസാക്ഷികളായി.

മുസ്ലിംകൾക്ക് അല്ലാഹു വാഗ്ദാനം നൽകിയ വിധം ലഭ്യമായ പ്രസ്തുത വിജയം ഇസ്ലാമിക ചരിത്രത്തിലെ ഏററവും വലിയ ഒരു നാഴികക്കല്ലായി മാറി. ആളും അർത്ഥവും അല്ല; അചഞ്ചലമായ ഈമാനും ത്യാഗബോധവും അത് മാത്രമാണ് വിജയത്തിൻെറ അടിസ്ഥാനം എന്ന് തെളിയിക്കപ്പെട്ടു. അതെ ''നിങ്ങൾ വിശ്വാസികളാണ് എങ്കിൽ നിങ്ങൾ തന്നെയായിരിക്കും ഉന്നതർ'' എന്ന ഖുർആനിക പ്രഖ്യാപനം പുലർന്നു!! അങ്ങിനെ വിശ്വാസികൾ യുദ്ധാർ ജിത സമ്പത്തു (ഗനീമത്ത്) മായി മദീനയിലേക്ക് മടങ്ങി. സത്യവും അസത്യവും വേർതിരിക്കപ്പെട്ട ഈ യുദ്ധത്തെ ഖുർആൻ 'ഫുർഖാൻ' എന്ന് വിശേഷിപ്പിച്ചു.

മുശ്രികുകൾക്കാകട്ടെ വല്ലാത്ത പരാജയമാണ് യുദ്ധം വരുത്തിവെച്ചത്. അവരിലെ നായകരെല്ലാം യുദ്ധത്തിൽ വധിക്കപ്പെട്ടു. യുദ്ധത്തിൽ പങ്കെടുത്തിട്ടില്ലാത്ത അബൂലഹബും യുദ്ധം നടന്ന ഉടനെ, അധികം താമസിയാതെ മരണപ്പെട്ടു.

യുദ്ധത്തടവുകാരെ മോചനദ്രവ്യം വാങ്ങി വിട്ടയക്കാൻ തീരുമാനിച്ചു. സാമ്പത്തിക ശേഷിയില്ലാത്തവർക്ക് അവർ





എഴുത്തും വായനയും അറിയുന്നവരാണ് എങ്കിൽ മദീനയിലെ പത്ത് വീതം കുട്ടികൾക്ക് എഴുത്തും വായനയും പഠിപ്പിച്ചു കൊടുക്കുകയാണ് എങ്കിൽ മോചിതരാകാം; എന്ന നിബന്ധനയും കൂട്ടിച്ചേർത്തു! നോക്കൂ ആയിത്തിനാനൂറ് കൊല്ലം മുമ്പ് ഇസ്ലാം സാക്ഷരതക്ക് നൽകിയ പ്രാധാന്യവും സംഭാവനകളും. !!!

## ഉഹ്ദ് യുദ്ധം

ബദർ യുദ്ധത്തിൽ മുശ്രിക്കുകൾക്ക് നേരിടേണ്ടി വന്ന പരാജയം അവരെ എല്ലാ അർത്ഥത്തിലും തകർത്തുകളഞ്ഞു. എങ്കിലും അവർ വിശ്വാസികളോട് പകരം വീട്ടുവാനായി മറെറാരു യുദ്ധത്തെക്കുറിച്ച് ആലോചിക്കാൻ തുടങ്ങി. ബദർ യുദ്ധത്തിൻെറ മുന്നോടിയായി പറയപ്പെട്ട കച്ചവട സംഘത്തിലെ ലാഭം മുസ്ലിംകളോട് പകരം വീട്ടുവാനായി നീക്കിവെച്ചു. തങ്ങളോട് സഹകരിക്കുന്ന മുഴുവൻ ഗോത്രങ്ങളിൽ നിന്നും സഹായ സഹകരണങ്ങൾ നേടിയെടുത്ത് കൊണ്ട് മുസ്ലിംകളോടുള്ള പക തീർക്കുന്നതിനായി മുവ്വായിരം പേരടങ്ങിയ ഒരു സൈന്യവുമായി ഖുറൈശികൾ മദീനയിലേക്ക് പുറപ്പെട്ടു. സൈന്യം പിന്തിരിഞ്ഞ് ഓടാതിരിക്കുന്നതിനും അവർക്ക് ആവേശം പകരുന്നതിനുമായി സ്ത്രീകളേയും പ്രസ്തുത സൈന്യത്തിൽ പങ്കെടുപ്പിച്ചു എന്നത് ഈ യുദ്ധത്തിൻെറ ഒരു പ്രത്യേ കതയായിരുന്നു. കൂടാതെ വാദ്യോപകരണങ്ങൾ മദ്യം എന്നിവയും സൈനികർക്കായി പ്രത്യേകം തയ്യാർ ചെയ്തു.

ശത്രുക്കളുടെ പടയൊരുക്കത്തെ സംബന്ധിച്ച് നബി (സ) ക്ക് വിവരം ലഭിച്ചു. നബി(സ) അനുചരന്മാരുമായി കൂടിയാലോചിച്ചു. മദീനയിലേക്ക് എത്തുകയാണ് എങ്കി

ൽ നമുക്ക് ഇവിടെ വെച്ച് നേരിടാം എന്നായിരുന്നു അബ്ദുല്ലാഹിബ്നു ഉബയ്യു ബ്നു സുലൂൽ അടക്കമുള്ള പ്രായം ചെന്ന ആളുകളുടെ അഭിപ്രായം. എന്നാൽ ഭൂരിപക്ഷം വരുന്ന ചെറുപ്പക്കാർ മുന്നോട്ട് വെച്ച അഭിപ്രായ മനുസരിച്ച് ശത്രുക്കളെ മദീനക്ക് പുറത്ത് ചെന്ന് തന്നെ നേരിടണമെന്ന അഭിപ്രായത്തോടാണ് നബി(സ) അനുകൂലിച്ചത്. അതനുസരിച്ച് ആയിരം പേരടങ്ങിയ ഒരു സൈന്യവുമായി  നബി(സ) ഹിജ്റ മൂന്നാം കൊല്ലം ശഅ്ബാൻ അഞ്ച് വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിന് ശേഷം ശത്രുക്കളെനേരിടുന്നതിന് ഉഹ്ദിലേക്ക് മാർച്ച് ചെയ്തു.

എന്നാൽ മുനാഫിഖുകളുടെ നേതാവായിരുന്ന അബ്ദുല്ലാ ഹിബ്നു ഉബയ്യു ബ്നു സുലൂൽ മുഹമ്മദ്, തൻെറ അഭിപ്രായം മുഖവിലക്കെടുക്കാതെ തള്ളിക്കളഞ്ഞു, എന്ന വാദം ഉന്നയിച്ച് മൂന്നിലൊരു ഭാഗം സൈന്യത്തേയും കൊണ്ട് ഇടക്ക് വെച്ച് പിന്തിരിഞ്ഞുപോയി. അവർ മുനാഫിഖുകൾ (കപടവിശ്വാസികൾ) ആയിരുന്നു.

ബാക്കിവരുന്ന സൈന്യത്തേയും കൊണ്ട് നബി(സ) ഉഹ്ദിലേക്ക് നീങ്ങി. സൈന്യത്തെ വളരെ കൃത്യമായി ക്രമീകരിച്ചു. കൊടിവാഹകനായി മിസ്അബ് ബിനു ഉമൈർ (റ)വിനെ  നിശ്ചയച്ചു. മലയുടെ പിൻഭാഗത്ത് നിന്നുമുള്ള ശത്രുക്കളുടെ ആക്രമണത്തെ തടയാനായി അബ്ദല്ലാഹിബ്നു ജുബൈറിൻെറ കീഴിൽ അമ്പത് അമ്പെയ്ത്തുകാരെ യാതൊരു കാരണവശാലും പ്രവാചകൻെറ അനുമതി കൂടാതെ പ്രസ്തുത സ്ഥലം വിട്ടുപോകരുത് എന്ന നിബന്ധനയോടെ പ്രത്യേകം സജ്ജമാക്കി നിർത്തുകയും ചെയ്തു.

യുദ്ധം ആരംഭിച്ചു. ആദ്യം ദ്വന്ദയുദ്ധം നടന്നു. അലി(റ), ഹംസ(റ) എന്നിവർ സധീരം പൊരുതി. അതോടെ ശത്രു

സൈന്യം ഒന്നാകെ ഇളകി. ശത്രു പക്ഷത്ത്നിന്നും പലരും പിടഞ്ഞുമരിച്ചു. അതോടെ ബാക്കിയുള്ളവർ തങ്ങളുടെകൈവശമുള്ളതെല്ലാം വലിച്ചെറിഞ്ഞു ഓടി. അപ്പോഴേക്കും മുസ്ലിം ഭടന്മാർ ശത്രുക്കൾ ഉപേക്ഷിച്ചു പോയ സ്വത്തുക്കൾ വാരിക്കൂട്ടാൻ തുടങ്ങി. ഒരിക്കലും പ്രവാചകൻ(സ)യുടെ നിർദ്ദേശം ലഭിക്കുന്നതിന് മുമ്പ് സ്ഥലം വിട്ട് പോകരുത് എന്ന് പറഞ്ഞ് മലമുകളിൽ നിറുത്തിയിരുന്ന അമ്പെയ്ത്തുകാർ ഇത് കണ്ടു. യുദ്ധം അവസാനിച്ചുവല്ലോ ഇനി എന്തിന് നാം ഇവിടം നിൽക്കണം, എന്ന് പറഞ്ഞ് നബി(സ)യുടെ നിർദ്ദേശം തെററിച്ചുകൊണ്ട് മലമുക ളിൽ നിന്നും ഏതാനും പേർ അല്ലാത്ത ബാക്കിയെല്ലാ വരും അവടം വിട്ട് ഇറങ്ങി ശത്രുക്കൾ കൈവിട്ടു പോയ ദുനിയാവ് വാരിക്കൂട്ടുന്നതിൽ വ്യാപൃതരായി.

ഈ തക്കം നോക്കി സൈഫുല്ല (അല്ലാഹുവിൻെറ വാൾ) എന്ന് വിശേഷിപ്പിക്കപ്പെട്ട ഖാലിദ് ബിനുൽ വലീദ്(റ) – അന്ന് അദ്ദേഹം മുസ്ലിമായിട്ടുണ്ടായിരുന്നില്ല– മലയുടെ പിൻ ഭാഗത്തിലൂടെ സൈന്യത്തെ തിരിച്ചുവിട്ട് മുസ്ലിംകളെ പെട്ടന്ന് ആക്രമിച്ചു. മുസ്ലിംകളാകട്ടെ സമരാർജ്ജിത സമ്പത്ത് വാരിക്കൂട്ടുന്ന തിരക്കിൽ ചിന്നഭിന്നമായ അവസ്ഥയിലുമായിരുന്നു. രംഗം ആകെ മോശമായ നിലയിലായി ആർക്കും മറെറാരാളെ സഹായിക്കാൻ പററാത്ത നില വന്നു. തമ്മതമ്മിൽ തന്നെ പലരും ഏററുമുട്ടി. അതിനിടെ ആരോ മുഹമ്മദ് വധിക്കപ്പെട്ടു എന്ന് വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു. ഇത് മുസ്ലിംകളിൽ ബാക്കിയുണ്ടായിരുന്ന ആവേശവും നിർവീര്യമാക്കി. മുസ്ലിം പക്ഷത്ത് നിന്ന് പലരും ശഹീദായി (രക്തസാക്ഷിയായി). പ്രവാചകൻെറ പിതൃവ്യൻ ഹംസ(റ), മിസ്അബ് ബിൻ ഉമൈർ(റ) അനസ് ബ്നു നളീർ എന്നിവർ മുസ്ലിം പക്ഷത്ത്





നിന്നും കൊല്ലപ്പെട്ടവരിൽ പ്രധാനികളായിരുന്നു. നബി (സ) ശത്രുക്കൾ കുഴിച്ചിരുന്ന ഒരു ചതിക്കുഴിയിൽ വീണു. അവിടുത്തെ തലക്കും കവിളിലുമെല്ലാം മുറിവ് പററി. മുൻപല്ല് പൊട്ടിപ്പോയി. മുറിവുകളിൽ നിന്നും നിലക്കാത്ത വിധം രക്തം വന്നുകൊണ്ടിരുന്നു. ഉടനെ യുദ്ധക്കളത്തിൽ പങ്കെടുത്തിരുന്ന മകൾ ഫാത്വിമ:(റ) ഒരു പായയുടെ കഷ്ണം എടുത്ത് കരിച്ച് അതിൻെറ ചാരം പ്രവാചകന് ഏററ മുറിവിൽ വെച്ച് കെട്ടി രക്തം ശമിപ്പിച്ചു.

ഉഹ്ദ് യുദ്ധവുമായി ബന്ധപ്പെട്ട, ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു പാട് രംഗങ്ങൾ ചരിത്രങ്ങളിൽ തിളങ്ങി നിൽക്കുന്നത് നാം മനസ്സിരുത്തി ഓർക്കേണ്ടതായിട്ടുണ്ട് അവയിൽ ചിലത് മാത്രം താഴെ ചേർക്കുന്നു.

മക്കയിൽ സമ്പന്നതയുടെ തൊട്ടിലിൽ ജനിച്ച സുമുഖനായ വ്യക്തിയായിരുന്നു മിസ്അബ് (റ). അദ്ദേഹം രക്തസാക്ഷിയായി കഫൻചെയ്യുന്ന രംഗം!. സ്വഹാബികൾ പ്രവാചകനോട് വന്ന് പറഞ്ഞ വാക്കുകൾ. നബിയേ ഞങ്ങൾ അദ്ദേഹത്തിൻെറ തല മറച്ചാൽ കാല് പുറത്ത് വരും, കാല് മറക്കുമ്പോൾ തല പുറത്ത് വരും എന്ത് ചെയ്യണം ? നോക്കൂ അദ്ദേഹത്തിൻെറ അവസ്ഥ ! ആർക്കും സഹായിക്കാനും കഴിയാത്ത ദാരിദ്ര്യം. പ്രവാചകൻ(സ) അവിടെ ചെന്നുകൊണ്ട് പറഞ്ഞ വാക്കുകൾ . . .മക്കയുടെ മണ്ണിൽ വെച്ച് ... . . സുമുഖനായി . . . മനോഹരമായ വ സ്ത്രം ധരിച്ച് . . .സുന്ദരമായ മുടിയോട് കൂടി കണ്ടിരുന്ന ..നീ.. എന്ന് പറഞ്ഞ് വാക്കുകൾ പൂർത്തിയാക്കാൻ ക ഴിയാതെ വിതുമ്പിയ രംഗം !! അവസാനം ഉള്ള വസ്ത്രം കൊണ്ട് തല മറക്കാൻ പറഞ്ഞ് കാലിൻെറ ഭാഗത്ത് ഇദ് ഖിർ എന്ന പുല്ല് പറിച്ചിട്ട് മൂടാനും പറഞ്ഞു. സമ്പനായി ജനിച്ച

അദ്ദേഹം മയ്യത്ത് പൊതിയാനുള്ള വസ്ത്രം പോലുമില്ലാതെ ഈ ലോകത്ത് നിന്നും യാത്രയായി.

ഉഹ്ദിൽ നബി(സ) സംരക്ഷിക്കാനായി ത്വൽഹത്(റ) വിനോടൊപ്പം ഒരു കൂട്ടം സ്വഹാബികൾ അക്ഷരാർത്ഥത്തിൽ മനുഷ്യമതിൽ തന്നെ തീർത്തിരുന്നു ! ശത്രുക്കളിൽ നിന്നും ഏററിരുന്ന അമ്പുകളാൽ പലരുടേയും ശരീരം മുള്ളൻപന്നിയെ പോലെ ആയിരുന്നു. ജീവൻ നൽകിയും പ്രവാചകനെ സംരക്ഷിക്കാനും സ്നേഹിക്കാനും തയ്യാറായിരുന്നു അവർ. ഏതെങ്കിലും പ്രത്യേക ദിവസത്തിൽ തയ്യാറാക്കുന്ന വിഭവസമൃദ്ധമായ ഭക്ഷണത്തിലൂടെ മാത്രമുള്ള പ്രവാചക സ്നേഹമായിരുന്നില്ല അവരിലുണ്ടാ യിരുന്നത്!

ത്വൽഹയെ നോക്കി പ്രവാചകൻ(സ) അന്നേരം പറഞ്ഞു: ''ഭൂമിയിലൂടെ ഒരു ശഹീദ് (രക്തസാക്ഷി) നടന്ന് പോകുന്നത് ആർക്കെങ്കിലും കാണണമെങ്കിൽ അവൻ ത്വൽഹത് ബ്നു ഉബൈദുല്ലയെ നോക്കിക്കൊള്ളട്ടെ'' അദ്ദേഹം ജമൽ യുദ്ധത്തിൽ ശഹീദാവുകയാണുണ്ടായത്.

നബി(സ) യെ ഏററവും കൂടുതൽ വേദനിപ്പിച്ച സംഭവമായിരുന്നു ഹംസ(റ)വിൻെറ വധം. നബി(സ) അദ്ദേഹത്തെയാണ് സയ്യിദു ശ്ശുഹദാഅ് (രക്തസാക്ഷികളുടെ നേതാവ്) എന്ന് വിശേഷിപ്പിച്ചത്. ബദ്റിൽ ഉത്ബയെയും ത്വുഐമയേും കൊന്നത് ഹംസ(റ)വായിരുന്നു. അവരുടെ കുടുംബക്കാർ അതിന് പ്രതികാരം ചെയ്യാൻ ഒരുങ്ങി നടക്കുകയായിരുന്നു. ത്വുഅ്മയുടെ സഹോദര പുത്രനായ ജുബൈറുബ്നു മുത്ഇബ് തൻെറ അടിമയായിരുന്ന വഹ് ശിയോട് നീ ഹംസയെ യുദ്ധത്തിൽ വധിച്ചാൽ നി ന്നെ സ്വതന്ത്രനാക്കാം എന്ന് വാഗ്ദത്തം നൽകി. അതനു സരിച്ച് വഹ്ശി





ഹംസ(റ)വിനെ തന്ത്രപൂർവ്വം ചാട്ടുളി പ്ര യോഗിച്ച് കൊലപ്പെടുത്തി. ഉത്ബയുടെ മകളായിരുന്ന ഹിന്ദ് അദ്ദേഹത്തിൻെറ നെഞ്ച് കുത്തിക്കീറി കരൾ പുറത്തെടുത്ത് ചവച്ച് തുപ്പി നൃത്തമാടി. കണ്ണും കാതുമെല്ലാം അരിഞ്ഞെടുത്ത് മയ്യത്ത് പോലും വികൃതമാക്കി. പ്രസ്തുതരംഗം നബിയെ അങ്ങേയററം വേദനിപ്പിച്ചു. ഹംസ (റ) വിൻെറ ഘാതകനായ വഹ്ശിയും ഹിന്ദും പിന്നീട് മുസ്ലിംകളായിത്തീർന്നു. വഹ്ശി മക്കം ഫത്ഹിനോട് അനുബന്ധിച്ച് മുസ്ലിമായ ദിവസം, നബി അദ്ദേഹത്തോടായി പറഞ്ഞ വാക്കുകൾ അദ്ദേഹത്തിൻെറ മനസ്സിലെ അടക്കാൻ കഴിയാത്ത ദു:ഖവും മറക്കാനാവാത്ത രംഗവും നമുക്ക് മനസ്സിലാക്കിത്തരുന്നു. നബി(സ) പറഞ്ഞു: വഹ്ശീ താങ്കളെ കാണുമ്പോൾ എൻെറ പിതൃവ്യൻെറ മറക്കാൻ കഴിയാത്ത രംഗം. . . . അതിനാൽ താങ്കൾക്ക് ബുദ്ധിമുട്ടാവുകയില്ലെങ്കിൽ എൻെറ മുന്നിൽ വരാതിരിക്കുക. അത് കേട്ട വഹ്ശി പറഞ്ഞു: ഇല്ല, ഇനി ഞാൻ ഒരിക്കലും അങ്ങയെ വിഷമിപ്പിക്കുകയില്ല എന്ന് പറഞ്ഞ് മദീനയിൽ നിന്നും അകന്ന് പോയിജീവിക്കുകയാണുണ്ടാ യത്. നബി(സ)യുടെ മരണം വരെ അദ്ദേഹം പിന്നീട് ന ബിയുടെ മുന്നിൽ വന്നിട്ടില്ല. അബൂബക്കർ (റ)വിൻെറ കാലത്ത് നബിത്വം വാദിച്ച കള്ളപ്രവാചകൻ മുസൈലി മയെ വധിച്ചത് വഹ്ശിയായിരുന്നു. അന്ന് അദ്ദേഹം പറഞ്ഞു: ഇപ്പോൾ എൻെറ മനസ്സ് അൽപം സമാധാനമായി; അന്ന് ഇസ്ലാമിൻെറ ഏററവും വലിയ ഒരു കാവൽ ഭട നെ ഞാൻ കൊന്നു; ഇന്ന് ഇസ്ലാമിൻെറ ഒരു ശത്രുവി നെ എനിക്ക് കൊല്ലാൻ കഴിഞ്ഞു.

യുദ്ധക്കളത്തിൽ കണ്ട മറെറാരു രംഗം ഹൻളല:(റ) അദ്ദേഹത്തിൻെറ വിവാഹ സുദിനം. മധുവിധുവിൻെറ അവ

സരത്തിലായിരുന്നു തൻെറ കൂട്ടുകാർ സ്വർഗ്ഗം മോഹിച്ച് യുദ്ധക്കളത്തിലേക്ക് പോകുന്നത്. അദ്ദേഹം മറ്റൊന്നും ആലോചിച്ചില്ല തൻെറ പ്രിയതമയുടെ മാറിൽ നിന്നും എഴുന്നേററ്, ഇനി ഒരു പക്ഷേ, ബാക്കി ജീവിതം നമുക്ക് സ്വർഗ്ഗത്തിൽ വെച്ച് എന്ന മനസ്സുമായി യുദ്ധക്കളത്തിലേക്ക് പോയി രക്തസാക്ഷിയായി. രക്തസാക്ഷികളെ കുളിപ്പിക്കാതെയാണ് മറവുചെയ്യുക. എന്നാൽ ഹൻളല(റ) വിൻെറ കാര്യത്തിൽ പ്രവാചകൻ പറഞ്ഞു: അദ്ദേഹത്തെ മലക്കുകൾ കുളിപ്പിക്കുന്നതായി എനിക്ക് കാണാൻ കഴിഞ്ഞു. കാരണം അദ്ദേഹം ജനാബത്തുകാരനായിരുന്നു. ചരിത്രത്തിൽ അദ്ദേഹം 'ഗസീലുൽ മലാഇക:' (മലക്കുകൾ കുളിപ്പിച്ച വ്യക്തി) എന്നാണ് അറിയപ്പെടുന്നത്.!

നബി(സ) ഉഹ്ദ് യുദ്ധരംഗം അനുസ്മരിക്കുമ്പോഴെല്ലാം എടുത്ത് പറഞ്ഞിരുന്നു, എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയ ഒരു മഹതിയായിരുന്നു ഉമ്മു അമ്മാറ(റ) ധീരമായി യുദ്ധക്കളത്തിൽ ശത്രുക്കളെ അരിഞ്ഞുവീഴ്ത്താൻ അവർ മുൻപന്തിയിലുണ്ടായിരുന്നു. ''ഞാൻ ഇടത്തോട്ട് നോക്കിയാലും വലത്തോട്ട് നോക്കിയാലും എനിക്ക് അവിടെ ഉമ്മുഅമ്മാറയെയാണ് കാണാൻ കഴിഞ്ഞിരുന്നത് '' എന്ന് നബി(സ) അവരെ സംബന്ധിച്ച് പറയാറുണ്ടായിരുന്നു. യുദ്ധക്കളത്തിൽ വെച്ചല്ലെങ്കിലും യുദ്ധത്തിൽ ഏററ മുറിവുകാരണത്താലാണ് അവർ മരണപ്പെട്ടത്. നോക്കൂ ഇസ്ലാമിക ചരിത്രത്തിലെ മഹിളാ രത്നങ്ങൾ മതത്തിനു വേണ്ടി അനുഭവിച്ച ത്യാഗപരിശ്രമങ്ങൾ സമൂഹം മനസ്സിലാക്കിയിരുരുന്നുവെങ്കിൽ!.

ഉഹ്ദ് യുദ്ധ ദിവസം എവിടെ മുഹമ്മദ്, ഞാൻ അവൻെറ കഥകഴിക്കും എന്ന് ആക്രോശിച്ച് വന്ന ഒരു ദുഷ്ടനായിരുന്നു ഉബയ്യ് ബ്നു ഖലഫ്. ഉടനെ നബി(സ) അൻസ്വാരികളിൽ പെട്ട ഒരാളുടെ കുന്തം വാങ്ങി അവനെ ആഞ്ഞ് ഒരു കുത്ത് കൊടുത്തു. മുഹമ്മദ് എന്നെ കൊന്നു കളഞ്ഞ് എന്ന് പറഞ്ഞ് അവൻ പിന്നോട്ട് തിരിഞ്ഞോടി. ആ കുത്ത് കാരണത്താൽ അവൻ ഏറെ താമസിയാതെ മരണപ്പെടുകയും ചെയ്തു. നബിയുടെ കയ്യാൽ വധിക്കപ്പെട്ട ഏക വ്യക്തിയാണ് അവൻ.





യുദ്ധം കഴിഞ്ഞ് എല്ലാവരും തിരിച്ച് പോകാൻ ഒരുങ്ങവെ അബൂസുഫ്യാൻ മല മുകളിൽ കയറി നിന്ന് വിളിച്ച് പറഞ്ഞു: '' എവിടെ മുഹമ്മദ് , . . അബൂബക്കറും ഉമറും എവിടെ. . . നിങ്ങൾക്ക് മതിയായില്ലേ. '' ഉമർ വിളിച്ച് പറഞ്ഞു ''അല്ലയോ ദുഷ്ടാ, അല്ലാഹുവിൻെറ അനുഗ്രഹത്താൽ നീ പറഞ്ഞവർക്കൊന്നും യാതൊന്നും സംഭവിച്ചിട്ടില്ല.'' പിന്നെ അബൂസുഫ്യാൻ ''ഉഅ്ലു ഹുബുൽ'' (ഹുബുൽ വിഗ്രഹം നീണാൾ വാഴട്ടെ) എന്ന് പറഞ്ഞു. അതിന് ഉമർ (റ) ''അല്ലാഹു അഅ്ലാ വ അജല്ല്'' (അല്ലാഹുവാണ് ഉന്നതനും മഹാനുമായവൻ) എന്നും പറഞ്ഞു. ശേഷം ഞങ്ങൾക്ക് ഉസ്സയും ലാതയും ഉണ്ട് നിങ്ങൾക്ക് അതില്ല. അതിന് അല്ലാഹുവാണ് ഞങ്ങളുടെ രക്ഷകൻ എന്ന അർത്ഥമുള്ള അല്ലാഹു മൗലാനാ എന്ന് വിളിച്ചു പറയാൻ നബി(സ) അവരോട് പറഞ്ഞു. പിന്നീട് അവൻ ചോദിച്ചു: മുഹമ്മദ് കൊല്ലപ്പെട്ടുവോ ? ഇല്ല നിൻെറ സംസാരം വരെ ഇപ്പോൾ അദ്ദേഹം കേട്ടു കൊണ്ടിരിക്കുന്നുണ്ട് എന്ന് പറഞ്ഞു. ഇത് കേട്ട അബൂസുഫ്യാൻ 'നീയാണ് എൻെറയടുക്കൽ ഏററവും സത്യവാൻ' എന്ന് പ്രതിവചിച്ചു.

ഉഹ്ദ് യുദ്ധത്തിലൂടെ വിശ്വാസികൾക്ക് ഒരുപാട് പാഠങ്ങൾ പഠിക്കാൻ കഴിഞ്ഞു. മുനാഫിഖുകളുടെ തനിനിറം വ്യക്തമായ ഒന്നാമത്തെ അവസരമായിരുന്നു അത്. അതോ

ടൊപ്പം ദുനിയാവിൻെറ ആർത്തിപൂണ്ട് പ്രവാചക കൽപ്പന ലംഘിച്ചതിൻെറ തിക്താനുഭവം അവർ ശരിക്കും അനുഭവിച്ചറിഞ്ഞു. ഇത് എക്കാലത്തേയും മുസ്ലിംകൾക്കുള്ള ഒരു ചൂണ്ടുപലകകൂടിയാണ്.

## റജീഅ്, ബിഅ്ർ മഊന: സംഭവങ്ങൾ

ഹിജ്റ: നാലാം വർഷം സ്വഫർ മാസത്തിൽ അള്ൽ, ഖാറ: (العضل والقارة ) എന്നീ ഗോത്രങ്ങളിൽ പെട്ട ഒരു സംഘം ആളുകൾ പ്രവാചകൻെറ അടുക്കൽ വന്ന് തങ്ങളുടെ പ്രദേശത്തേക്ക് കുറച്ച് പ്രബോധകരെ ആവശ്യപ്പെട്ടു. നബി (സ) അന്നേരം ആസ്വിമ് ബ്നു ഥാബിതിൻെറ നേതൃത്വത്തിൽ പത്ത് ആളുകളെ അയച്ചുകൊടുത്തു. എന്നാൽ റജീഅ് എന്ന സ്ഥലത്തെത്തിയപ്പോൾ ആയുധധാരികളായ ഒരു കൂട്ടം ആളുകളെയാണ് കാണാൻ കഴിഞ്ഞത്. ഭയവിഹ്വലരായ വിശ്വാസികളോട് അവർ പറഞ്ഞു. നിങ്ങൾ ഇസ്ലാമിനെതിരിൽ ഞങ്ങളെ സഹായിക്കുകയാണ് എങ്കിൽ നിങ്ങളെ കൊല്ലുന്നതല്ല. വിശ്വാസികൾ അന്നേരം പറഞ്ഞു: ''ഇസ്ലാമിനെ വഞ്ചിച്ചുകൊണ്ട് ഞങ്ങൾ ജീവിക്കാൻ ആഗ്രഹിക്കുന്നില്ല.'' അങ്ങിനെ അവരിൽ ആസ്വിം, ഖുബൈബ് (റ) എന്നിവരൊഴിച്ച് മററുള്ളവരെല്ലാം വധിക്കപ്പെട്ടു.

ആസ്വിം(റ)വിനേയും, ഖുബൈബ്(റ)വിനെയും മക്കയിലെ ചില ഗോത്രക്കാർക്ക് വിററു. ഖുബൈബ്(റ) വിനെ പിന്നീട് ബനൂ ഹാരിഥ് ഗോത്രക്കാർ ഭക്ഷണം പോലും കൊടുക്കാതെ തടവിലാക്കുകയും ശേഷം തൂക്കുമരത്തിലേററി കൊലപ്പെടുത്തുകയും ചെയ്തു. തടവിലാക്കിയിരുന്ന സമയത്ത് അവിടെയുണ്ടായിരുന്ന വേലക്കാർ ചെന്നുനോക്കുന്ന സമയം പലപ്പോഴും, അന്ന് മക്കയിലൊന്നും ലഭ്യമല്ലാത്ത പുതിയ മുന്തിരി ഭക്ഷിക്കുന്നതായി കാണപ്പെട്ടത് റിപ്പോർട്ട് ചെയ്യപ്പെട്ടത് പ്രത്യേകം ശ്രദ്ധേയമാണ്. തൂക്കിലേററപ്പെടുന്നതിന് മുമ്പ് തൻെറ അന്ത്യാഭിലാഷമായി ആവശ്യപ്പെട്ടത് രണ്ട് റക്അത്ത് നമസ്കരിക്കാൻ അവസരം തരണം എന്നായിരുന്നു !! നമസ്കരിച്ച് വന്ന് അദ്ദേഹം തൂക്കുമരത്തിൽ വെച്ച് പാടിയതായി പറയപ്പെടു ന്ന രണ്ട് വരി കവിത കാണുക:

വലസ്തു ഉബാലീ ഹീന ഉഖ്തലു മുസ്ലിമൻ
അലാ അയ്യി ജൻബിൻ കാന ലില്ലാഹി മസ്റഈ. . .

''അല്ലാഹുവിൻെറ മാർഗ്ഗത്തിൽ വധിക്കപ്പെടുന്നതിൽ എനിക്ക് യാതൊരു പ്രശ്നവുമില്ല. എവിടെയായിരുന്നാലും അല്ലാഹുവിങ്കലേക്ക് പോകാനുള്ളവരാണല്ലൊ'' നോക്കൂ അവരുടെ വിശ്വാസം !

ആസ്വിം(റ)വും പിന്നീട് വധിക്കപ്പെട്ടു. അന്നേരം ഹുദൈൽകാർ അദ്ദേഹത്തിൻെറ തല അറുത്തെടുത്ത് സുലാഫ ബിൻത് സഅദിന് വിൽക്കാനായി ഒരുങ്ങിപ്പുറപ്പെട്ടു. കാരണം അവരുടെ രണ്ട് മക്കൾ ഉഹ്ദിൽ ആസ്വിം(റ)വിൻെറ കയ്യാൽ കൊല്ലപ്പെട്ട ദിവസം ആസിമിൻെറ തലച്ചോറ് കൂട്ടി മദ്യം കുടിക്കാൻ അവർ നേർച്ചയാക്കിയിരുന്നു. എന്നാൽ ശത്രുക്കൾ അദ്ദേഹത്തിൻെറ തലയറുക്കാൻ ചെന്ന അവസരത്തിൽ വലിയ ഒരു കടന്നൽ കൂട്ടത്തെ അയച്ച് അവർക്ക് അങ്ങോട്ട് അടുക്കാൻ പോലും കഴിയാത്ത വി ധത്തിൽ അല്ലാഹു അദ്ദേഹത്തെ സംരക്ഷിച്ചു. അല്ലാഹുവിങ്കലേക്ക് അടുക്കുന്ന ആളുകൾക്ക് അല്ലാഹു നൽകുന്ന കറാമത്തിന് (ബഹുമതികൾക്ക്) ഉദാഹരണമാണ് ഖുബയ്ബ്(റ) ഭക്ഷണമായി ലഭിച്ച മുന്തിരിയും, ആസ്വിം(റ)വിന് കടന്നെല്ലുകളെക്കൊണ്ട് സംരക്ഷണം നൽകപ്പെട്ടതും!!.

മേൽ പറഞ്ഞ സ്വഭാവത്തിലുള്ള മറ്റൊരു സംഭവമായിരുന്നു ബിഅ്ർ മഊന സംഭവം. അബൂ ബർറാഅ് ആമിറുബ്നു മാലിക് എന്ന ബനൂആമിറിലെ നേതാവ് നബി(സ) യുടെയടുക്കൽ ഒരു നിവേദകസംഘത്തേയും കൊണ്ട് എത്തി. അന്നേരം പ്രവാചകൻ അദ്ദേഹത്തെ ഇസ്ലാമിലേക്ക് ക്ഷണിച്ചു, പക്ഷേ വിശ്വസിക്കാൻ വൈമനസ്യം കാണിച്ച. എന്നാൽ അയാൾ കുറച്ച് ആളുകളെ പ്രബോ ധകരായി നജ്ദ് പ്രദേശത്തേക്ക് അയച്ചുതന്നാൽ അത് ഗു ണകരമാകും എന്ന് പ്രവാചകരോട് അറിയിച്ചു. അത് അ നുസരിച്ച് പ്രവാചകൻ എഴുപത് ആളുകളെ പ്രബോധക രായി അയാളോടൊപ്പം അയച്ചു കൊടുത്തു. എന്നാൽ ഇ വരെയും കൊണ്ട് ബിഅ്റു മഊന: എന്ന സ്ഥലത്ത് എ ത്തിയപ്പോൾ ബനൂസുലൈം ഗോത്രത്തിൽ പെട്ട ഉസ്വയ്യ്, രിഅ്ല്, ദക്വാൻ എന്നീ വിഭാഗക്കാർ അവരുടെ മേൽ ചാടിവീണ് അക്രമിക്കുകയും അവരിൽ നിന്നും കഅബ്ബ്നു സൈദ് എന്ന വ്യക്തിയെ ഒഴിച്ച് ബാക്കി എല്ലാവരേ യും കൊലപ്പെടുത്തുകയും ചെയ്തു. അദ്ദേഹമാകട്ടെ മരിച്ചു എന്ന നിലക്ക് അക്രമകാരികൾ സ്ഥലം വിട്ടതായി രുന്നു.

ഈ വിവരം അറിഞ്ഞ നബി(സ) അങ്ങേ അററം വ്യസനിക്കുകയും അവർക്ക് ഗുണത്തിന് വേണ്ടിയും കൊലയാളികളായ വിഭാഗത്തിൻെറ പേര് എടുത്ത് പറഞ്ഞ് അവർക്ക് ശാപത്തിനായി പ്രാർത്ഥിച്ച് കൊണ്ടും ഒരു മാസക്കാലം നമസ്കാരങ്ങളിൽ ഖുനൂത്ത് ഓതുകയുണ്ടായി. അതാകട്ടെ എല്ലാ നമസ്കാരങ്ങളിലുമായിരുന്നു. പിന്നീട് നബി (സ) അത് ഉപേക്ഷിക്കുകയും ചെയ്തു.

നോക്കൂ മേൽ പറയപ്പെട്ട രണ്ട് സംഭവങ്ങളും അല്ലാഹുവിൻെറ സൃഷ്ടികളിൽ ഉത്തമരായ പ്രവാചകൻ(സ) ക്ക്





പോലും അല്ലാഹു അറിയിച്ചു കൊടുക്കുന്ന കാര്യങ്ങളല്ലാ തെ അദൃശ്യമായ ഒന്നും അറിയാനുള്ള കഴിവ് ഇല്ല എന്ന് നമുക്ക് പഠിപ്പിച്ചു തരുന്നു.

## ബനൂ മുസ്ത്വലഖ് യുദ്ധം

ഹിജ്റ: അഞ്ചാം വർഷം നടന്ന പ്രധാന സംഭവങ്ങളിൽ ഒന്നായിരുന്നു ബനൂ മുസ്ത്വലഖുമായി നടന്ന യുദ്ധം.

ഉഹ്ദ് യുദ്ധത്തിൽ മുസ്ലിംകൾക്കെതിരിൽ ഖുറൈശികളെ വൻ സൈന്യവുമായി സഹായിച്ചിരുന്ന വ്യക്തിയായി രുന്ന ഹാരിസ് അബിദ്ളിറാർ വീണ്ടും മുസ്ലിംകളെ ആ ക്രമിക്കാൻ ഒരുങ്ങുന്ന വിവരം നബി(സ)ക്ക് ലഭിച്ചു. പ്ര വാചകൻ സ്വഹാബികളുമായി കൂടിയാലോചിച്ച ശേഷം എഴുനൂറ് പേരടങ്ങുന്ന ഒരു സൈന്യത്തേയും കൊണ്ട് ബ നൂ മുസ്ത്വലകിന് നേരെ പുറപ്പെട്ടു. മുറൈസീഅ് എന്ന അവരുടെ വെള്ളസ്ഥലത്ത് എത്തിയപ്പോൾ പരസ്പരം അമ്പെയ്ത്ത് തുടങ്ങിയെങ്കിലും ശത്രുക്കൾ മുസ്ലിംകളുടെ ശക്തിയും ആവേശവും കണ്ട് ഭയപ്പെട്ട് ഓടിപ്പോയി. കാരണം യുദ്ധം ആരംഭിച്ചപ്പോഴേക്ക് തന്നെ പത്തോളം പേരെ അവരിൽ നിന്നും കൊലപ്പെടുത്തിക്കഴിഞ്ഞിരുന്നു. ശത്രു പക്ഷത്ത് നിന്നും സ്ത്രീകൾ അടക്കം ധാരാളം പേരെ ബന്ധനസ്ഥരായി പിടിക്കാനും വലിയ അളവിൽ ഗനീമത്ത് സ്വത്ത് കരസ്ഥമാക്കാനും ഇതിലൂടെ വിശ്വാസികൾക്ക് സാധിച്ചു. യുദ്ധത്തടവുകാരിൽ ശത്രുപക്ഷത്തെ നേതാവ് ഹാരിസിൻെറ മകൾ ജുവൈരിയ്യയും ഉൾപ്പെട്ടിരുന്നു. അവരെ പിന്നീട് നബി(സ) വിവാഹം ചെയ്തു ഭാര്യയായി സ്വീകരിച്ചു.

# ഹദീസുൽ ഇഫ്ക്: (അപവാദാരോപണം)

ബനീ മുസ്ത്വലഖ് യുദ്ധം അത്രമാത്രം പ്രാധാന്യമർഹിക്കുന്നത് അല്ലെങ്കിലും അതിനോടനുബന്ധമായി നടന്ന ആയിഷ(റ)ക്കെതിരിലുള്ള ആരോപണമാണ് ചരിത്രത്തിൽ കൂടുൽ സ്ഥാനം പിടിച്ചിട്ടുള്ളത്.

പതിവനുസരിച്ച് ബനീമുസ്ത്വലഖിലേക്ക് പുറപ്പെടുമ്പോൾ ഭാര്യമാരിൽ ആരെ കൂടെ കൊണ്ടുപോകണമെന്ന് നറു ക്കിട്ടതനുസരിച്ച്, ആയിഷ(റ)ക്കായിരുന്നു അവസരം.

തിരിച്ചുപോരുന്ന അവസരത്തിൽ നബി(സ)യും സംഘവും വിശ്രമിക്കാനായി ഇടക്ക് തങ്ങുകയുണ്ടായി. തൽസമയം ആയിഷ(റ) തന്റെ ആവശ്യനിർവ്വഹണത്തിന് പുറത്ത്പോയി തിരിച്ചുവരുമ്പോൾ കഴുത്തിലുണ്ടായിരുന്ന മാല നഷ്ടപ്പെട്ടിരുന്നു, അത് തിരഞ്ഞ് നടന്ന് അവസാനം മാ ല കിട്ടിയെങ്കിലും മടങ്ങി വന്നപ്പോൾ യാത്രാ സംഘം ആ യിഷ(റ) ഉണ്ട് എന്ന് കരുതി കൂടാരം ഒട്ടകപ്പുറത്ത് എടു ത്ത്വെച്ച് യാത്ര പുറപ്പെട്ടിരുന്നു. കൂടെയുണ്ടായിരുന്ന പ്രവാചകനോ തന്റെ പിതാവടക്കമുള്ള സ്വഹാബികളോ ഗൈബ് (അദൃശ്യം) അറിയുകയില്ലല്ലൊ !.

ആയിഷ(റ) ആരെങ്കിലും തിരഞ്ഞ് വരാതിരിക്കില്ല എന്ന കരുതലോടെ അവിടെ ഇരുന്നു. അൽപം കഴിഞ്ഞു ഉറങ്ങിപ്പോയി അവർ. അപ്പോഴേക്കും യാത്രാ സംഘത്തിൽ നിന്നും എന്തെങ്കിലും കൊഴിഞ്ഞുപോകുകയോ മററോ ഉണ്ടായാൽ അത് കണ്ടെത്തുന്നതിനായി നിയോഗിക്കപ്പെട്ടിരുന്ന സ്വഫ്വാനു ബ്നു മുഅത്തൽ എന്ന സ്വഹാബി അവിടെ എത്തുകയും ആയിഷ(റ)യെ കണ്ടപ്പോൾ സന്ദർഭം മനസ്സിലാക്കി, അപകടാവസരങ്ങളിൽ പറയാൻ പഠിപ്പിക്ക





പ്പെട്ട ''ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ എന്ന് '' എന്ന് പറഞ്ഞു. അത് കേട്ട് ഉണർന്ന ആയിഷ(റ) തന്റെ മുന്നിൽ മുട്ടുകുത്തിയ ഒട്ടകപ്പുറത്ത് കയറി സഫ്വാൻ (റ)വിന്റെ കൂടെ മദീനയിൽ എത്തി. ഇത് കണ്ട മുനാഫിഖുകൾ അവസരം തീർത്തും പ്രയോജനപ്പെടുത്തി. കഥ മദീനയിൽ ആകെ പ്രചരിച്ചു. പലരും സംശയിച്ച പോലെ പ്രവാചകനും വിഷയത്തിന്റെ സത്യാവസ്ഥ പുലരാൻ കാത്തിരുന്നു.

അതിനിടെ ആയിഷ(റ) രോഗിയായി. അവർ വിവരമൊന്നും അറിഞ്ഞിരുന്നില്ല. പക്ഷേ സാധാരണ രോഗിയായിരിക്കുമ്പോൾ പ്രവാചകനിൽ നിന്നും ഉണ്ടാകാറുള്ള പരിചരണങ്ങൾ കാണാത്തതിൽ എന്തോ ഒരു പന്തികേട് അവർക്കും തോന്നി. അങ്ങിനെ, ഒരിക്കൽ രാത്രി തങ്ങളുടെ കുടുംബവുമായി ബന്ധമുള്ള ഉമ്മു മിസ്തഹിന്റെ കൂടെ പുറത്തിറങ്ങിയപ്പോൾ അവരിൽ നിന്നും ജനങ്ങൾക്കിടയിലെ സംസാര വിഷയത്തെ സംബന്ധിച്ച് അവർ ശരിക്കും മനസ്സിലാക്കി. അതോടെ രോഗം വർദ്ധിച്ചു. നബിയോട് അനുവാദം വാങ്ങി സ്വന്തം വീട്ടിലേക്ക് പോയി. അവിടെ എത്തിയപ്പോൾ മാതാപിതാക്കൾ പ്രവാചകനോട് മാപ്പ് ചോദിക്കാൻ വേണ്ടി പറഞ്ഞു. ഞാൻ നിരപരാധിയാണ് എന്നത് അല്ലാഹുവിന് അറിയാം അല്ലാഹു ഒരു തീരുമാനമുണ്ടാക്കട്ടെ എന്നതിൽ അവർ ഉറച്ച് നിന്നു.

പ്രവാചകൻ(സ) സ്വഹാബികളോടും വീട്ടിലെ പരിചാരികയോടുമെല്ലാം ആയിഷ(റ)യെക്കുറിച്ച് അന്വേഷിച്ചു. അവരിൽ നിന്നെല്ലാം നല്ലത് മാത്രമാണ് ലഭിച്ചതെങ്കിലും കാര്യം അല്ലാഹു വെളിപ്പെടുത്തുന്നത് വരെ കാത്ത് നിൽക്കാൻ തന്നെ തീരുമാനിച്ചു. ഏകദേശം ഒരു മാസത്തോളം പിന്നിട്ടു. അങ്ങിനെ ഒരു ദിവസം പ്രവാചകൻ(സ) വന്നുകൊണ്ട് പറഞ്ഞു: ''ആയിഷാ നീ തെററു ചെയ്തിട്ടു

ണ്ടെങ്കിൽ അല്ലാഹുവിനോട് പശ്ചാത്തപിക്കുക.'' ഇത് കേട്ട അവരുടെ പ്രയാസം വർദ്ധിക്കുകയും അവർ ഇ പ്രകാരം പറയുകയും ചെയ്തു: ''എനിക്ക് യഅ്ഖൂബ് ന ബി(അ) പറഞ്ഞതല്ലാതെ മറ്റൊന്നും ഇക്കാര്യത്തിൽ പറ യാനില്ല. സ്വബ്റുൻ ജമീൽ; വല്ലാഹുൽ മുസ്തആൻ (അ ല്ലാഹുവിൽ സഹായം പ്രതീക്ഷിച്ച് ക്ഷമിക്കുക തന്നെ!'' ഈ സംസാരം കഴിഞ്ഞ് അധികം താമസിച്ചില്ല, അല്ലാഹു ആയിഷ(റ) യുടെ നിരപരാധിത്വം തെളിയിച്ചുകൊണ്ട് സൂ റത്ത് നൂറിലെ 11 മുതൽ20 വരെയുള്ള ആയത്തുകൾ അ വതരിപ്പിച്ചു.

നബി(സ), ഇക്കാര്യം ആയിഷ(റ)യുടെ മാതാ പിതാക്കൾ അടക്കമുള്ള സദസ്സിൽ വെച്ച് ആയിഷ(റ)യെ അറിയിച്ചു. ഉടനെ ആയിഷ (റ) യുടെ മാതാവ് പ്രവാചകനോട് നന്ദി പറയാൻ ആയിഷ(റ)യോട് പറഞ്ഞു. അന്നേരം അവർ പറഞ്ഞു: ഇല്ല, ഞാൻ ഇക്കാര്യത്തിൽ അല്ലാഹുവിനോട ല്ലാതെ മററാരരോടും നന്ദി പറയേണ്ടതില്ല. അതോടുകൂടി സത്യാവസ്ഥ ബോധ്യപ്പെട്ടു. അപവാദം പ്രചരിപ്പിച്ചതിൽ പങ്കാളികളായവർക്ക് ഖുർആനിക നിയമപ്രകാരം 80 അടി വീതം നൽകി ശിക്ഷിക്കുകയും ചെയ്തു.

## ഖൻദഖ് (അഹ്സാബ് ) യുദ്ധം

ഹിജ്റ: അഞ്ചാം വർഷം തന്നെ നടന്ന മറെറാരു പ്രധാന സംഭവമായിരുന്നു. ഖൻദഖ് യുദ്ധം. അത് അഹ്സാബ് എ ന്ന പേരിലും പ്രസിദ്ധമാണ്.

ഉഹ്ദിൽ വെച്ച് മുസ്ലിംകളോട് വീരവാദം മുഴക്കിയ അ ബൂസുഫ്യാൻ അടുത്ത കൊല്ലങ്ങളിൽ മുസ്ലിംകളുമാ യുള്ള ഒരു യുദ്ധത്തിന് അവസരം ലഭിച്ചില്ലെങ്കിലും പ്രസ് തുത ദുരാഗ്രഹവുമായി ജീവിക്കുകയായിരുന്നു. ഈ സ





ന്ദർഭത്തിൽ മുസ്ലിംകളെ നശിപ്പിക്കണമെന്ന ആഗ്രഹവു മായി കഴിയുന്ന ജൂതന്മാർ ഒരു യുദ്ധത്തിനായി ആഗ്രഹി ച്ചു. അത് ഖുറൈശികളുടെ മുന്നിൽ അവതരിപ്പിച്ചപ്പോൾ അവർ സർവ്വാത്മനാ അതിനെ സ്വാഗതം ചെയ്തു. കൂടാ തെ ഗത്ഫാൻ ഗോത്രമുൾപ്പടെ മററു കക്ഷികളും സഹാ യ വാഗ്ദാനവുമായി അവരോട് സഖ്യത്തിലേർപ്പെട്ടു. അ ങ്ങിനെ അബൂസുഫ്യാൻെറ നേതൃത്വത്തിൽ ഖുറൈശിക ളും മററ് അറബി ഗോത്രങ്ങളും ജൂതന്മാരുമുൾപ്പടെ പതി നായിരത്തോളം വരുന്ന ഒരു സൈന്യം മദീന ലക്ഷ്യം വെച്ച് പുറപ്പെട്ടു.

വിവരം മനസ്സിലാക്കിയ പ്രവാചകൻ(സ) സ്വഹാബി കളുമായി കൂടിയാലോചിച്ചു. സ്വഹാബികളുടെ അഭിപ്രാ യ മനുസരിച്ച് മദീനയിൽ നിന്നും പുറത്ത് പോകേണ്ടതി ല്ലെന്ന് തീരുമാനിച്ചു. ശത്രുക്കൾ മദീനയിൽ പ്രവേശി ക്കാതിരിക്കുതിന് മദീനക്ക് ചുററും കിടങ്ങ് കുഴിക്കാമെ ന്ന സൽമാനുൽ ഫാരിസി മുന്നോട്ട് വെച്ച പുതിയ ആശ യം ശരിവെക്കപ്പെട്ടു. യുദ്ധത്തിൻെറ മുന്നോടിയായി പ്ര വാചകൻ(സ) അടക്കം എല്ലാവരും അണിനിരന്ന് മദീന ക്ക് ചുററും കിടങ്ങ് തീർത്തു. അതിനാലാണ് പ്രസ്തുത യുദ്ധം കിടങ്ങ് എന്ന അർത്ഥമുള്ള ഖൻദഖ് എന്ന പേരി ൽ അറിയപ്പെടാൻ ഇടയായത്. വിവിധ കക്ഷികൾ ഉൾ പ്പെട്ടത് എന്നിനാൽ അഹ്സാബ് എന്നും അറിയപ്പെട്ടു.

ശക്തമായ ദാരിദ്ര്യം കാരണത്താൽ പ്രവാചകൻ അട ക്കം സ്വഹാബികളിൽ പലരും വയററത്ത് കല്ലുകൾ വെച്ച് കൊണ്ടായിരുന്നു പ്രസ്തുത കിടങ്ങ് കീറിയിരുന്നത് എ ന്നിട്ടും ഓരോ പത്ത് പേർക്ക് നാൽപ്പത് മുഴം തോതിൽ കിടങ്ങ് കുഴിക്കാൻ ഏൽപ്പിച്ചുകൊടുത്തു. എന്നതെല്ലാം പ്രത്യേകം പ്രസ്താവ്യമാണ്.

ഈ അവസരത്തിൽ മദീനയിൽ മുസ്‌ലിംകളുമായി കരാറിലേർപ്പെട്ടിരുന്ന ബനൂഖുറൈള എന്ന ജൂതഗോത്രവും കരാർ ലംഘിച്ചു മുസ്‌ലിംകൾക്കെതിരിൽ രഹസ്യമായി സഹായിക്കാൻ ധാരണയിലെത്തിയിരുന്നു.

കിടങ്ങ് കണ്ട ശത്രുക്കൾ ദിവസങ്ങളോളം അമ്പരന്ന് നിന്നു. പിന്നീട് അസ്ത്രയുദ്ധം ചെയ്തുനോക്കി. അവസാനം വീതികുറഞ്ഞ ഭാഗം നോക്കി ചിലർ തങ്ങളുടെ കുതിരകളെ എടുത്ത് ചാടിച്ചു. അവരിൽ പ്രമുഖനായിരുന്നു അംറു ബ്നു അബ്ദ് വുദ്ദ്. അയാൾ ബദറിലേററ മുറിവ് കാരണത്താൽ ഉഹ്ദിൽ പങ്കെടുക്കാൻ കഴിയാത്ത ദു:ഖം തീർക്കാൻ കൂടിയാണ് ഈ യുദ്ധത്തിൽ പങ്കെടുക്കുന്നത് എന്ന അടയാളവും പേറിക്കൊണ്ടായിരുന്നു യുദ്ധത്തിന് വന്നിരുന്നത്. കിടങ്ങ് ചാടിക്കടന്ന ഉടനെ, ധൈര്യമുള്ളവർ രംഗത്ത് വരട്ടെ. ആയിരം പേരെ ഞാൻ ഇന്ന് അരിഞ്ഞ് വീഴ്ത്തും എന്നും പറഞ്ഞായിരുന്നു അയാൾ രംഗത്ത് വന്നത്. ഉടനെ അലി(റ) അയാളെ നേരിടുകയും ഓരാളെ പോലും കൊലപ്പെടുത്തുന്നതിന് മുമ്പായി അയാളുടെ പണികഴിക്കുകയും ചെയ്തു. അവരിലെ ഏററവും പേരെടുത്ത ഒരു കുതിരപ്പടയാളിക്ക് പററിയ ഈ പതനം കണ്ട് ബാക്കിയുള്ളവരെല്ലാം ജീവനുംകൊണ്ട് തടിയെടുത്തു. കിടങ്ങ് ചാടിക്കടന്ന മറെറാരാളായ നൗഫൽ കിടങ്ങ് ചാടി തിരിച്ചോടുമ്പോൾ കിടങ്ങിൽ വീണു. അന്നേരം മുസ്‌ലിംകൾ അയാളുടേയും കഥകഴിച്ചു. ഈ അവസരത്തി ൽ അവരുടെ മൃത ശരീരങ്ങൾ വിട്ട് കിട്ടാൻ അബൂ സുഫ്‌യാൻ 100 ഒട്ടകങ്ങൾ വാഗ്ദാനം ചെയ്തു. അന്നേരം പ്രവാചകൻ(സ) അത് നിരസിച്ചുകൊണ്ട് പറഞ്ഞു: കൊണ്ടുപോകൂ ശവങ്ങൾ, ഞങ്ങൾ ശവം വിററ് ഭക്ഷിക്കുന്ന വരല്ല.





പിന്നീട് അവർ വീണ്ടും അമ്പുകൾ വർഷിക്കാൻ തുടങ്ങി. മുസ്‌ലിംകൾ അതും ചെറുത്ത് തോൽപ്പിക്കുകയുണ്ടായി. ഇതിനിടയിൽ മുസ്‌ലിം പക്ഷത്ത് കൂടിയിരുന്ന മുനാഫിഖുകൾ മുസ്‌ലിംകളെ വഞ്ചിച്ച് പിൻമാറിയത് മുസ്‌ലിംകളുടെ ശക്തി അൽപ്പം ക്ഷയിപ്പിച്ചു. കൂടാതെ നേരത്തെ സൂചിപ്പിച്ച ബനൂ ഖുറൈളയുടെ കൂറുമാററവും. എല്ലാം കൂടി മുസ്‌ലിംകൾക്ക് വല്ലാത്ത ഒരു പരീക്ഷണം തന്നെയായിരുന്നു അഹ്സാബ് യുദ്ധം. അതോടൊപ്പം പട്ടിണിയും കൊടും തണുപ്പും.!!

എങ്കിലും അവർ ധീരമായി പൊരുതിക്കൊണ്ടിരുന്നു. അതിനിടയിൽ ശത്രുക്കളുമായി പൊരുതിക്കൊണ്ടിരിക്കുന്നതിന് പിൻഭാഗത്ത് സ്ത്രീകളെയും കുട്ടികളേയും പാർപ്പിച്ചിരുന്ന കോട്ടയുടെ ഭാഗത്തേക്ക് ബനൂഖുറൈളയിലെ ഭടന്മാരിൽ ഒരാൾ യുദ്ധത്തിൻെറ ഭാഗമായി നുഴഞ്ഞുകയറി ആക്രമിക്കാനായി രംഗത്ത് വന്നു. ഇത് കണ്ട പ്രവാ ചകൻ(സ)യുടെ അമ്മായിയായ സ്വഫിയ്യ(റ) കോട്ടയുടെ ഭാഗം ശ്രദ്ധിക്കാൻ നിറുത്തിയിരുന്ന ഹസ്സാനുബ്നുഥാബിത്(റ)നോട് അയാളെ വകവരുത്താൻ പറഞ്ഞു. രോഗിയായിരുന്ന ഹസ്സാൻ(റ) അത് അത്ര കാര്യമാക്കിയില്ല. അന്നേരം നോക്കിയിരിക്കാൻ ക്ഷമ നഷ്ടപ്പെട്ട സ്വഫിയ്യ (റ) ഒരു മരപ്പലകയുമെടുത്ത് ധൈര്യം സംഭരിച്ച് രംഗത്ത് വന്ന് അയാളെ വകവരുത്തുകയുണ്ടായി !!

ഇങ്ങനെ എല്ലാ ഭാഗത്തിലൂടെയും മുസ്‌ലിംകൾ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനിടയിൽ ശത്രുപക്ഷത്തുണ്ടായിരുന്ന ഗത്ഫാൻ ഗോത്രത്തിലെ പ്രമുഖരിൽ ഒരാളായ നഈമ് ബ്നു മസ്ഊദ് നബി(സ)യുടെ അടുക്കൽ വന്ന് താൻ മുസ്‌ലിമായ വിവരം പ്രഖ്യാപിച്ചു. അതാകട്ടെ അയാളുടെ ഗോത്രത്തിലാരെയും അറിയിച്ചിരുന്നില്ല. അന്നേ

രം പ്രവാചകൻ(സ) അത് രഹസ്യമായി സൂക്ഷിക്കാൻ അയാളോട് ആവശ്യപ്പെടുകയും ''യുദ്ധമെന്നാൽ ഒരർത്ഥ ത്തിലുള്ള വഞ്ചനയാണ് അതിനാൽ നിനക്ക് കഴിയുന്ന രൂപത്തിൽ ശത്രു പാളയത്തിൽ നിന്ന് പ്രവർത്തിക്കുക'' എന്ന് കൽപ്പിക്കുകയും ചെയ്തു.

നബി(സ)യുടെ കൽപ്പന അനുസരിച്ച് നഈം (റ) ബനൂ ഖുറൈളയേയും ഖുറൈശികളേയും ഗത്ഫാൻകാരെയും പരസ്പരമുള്ള വിശ്വാസം നഷ്ടപ്പെട്ടവിധം ആക്കിത്തീർ ക്കാനായി പ്രവർത്തിച്ചു. അതി സമർത്ഥമായ തൻെറ പ്ര വർത്തനം വിജയിക്കുകയും ചെയ്തു.

അതോടൊപ്പം പ്രവാചകനും മുസ്ലിംകളും നിരന്തര മായി പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. അല്ലാഹു പ്രാർത്ഥന സ്വീകരിച്ചു. ശത്രുക്കളിൽ ഭീതിയുളവാകുന്ന വിധം ഒരു ഭാഗത്ത് മലക്കുകളെ ഇറക്കി സഹായിച്ചു. അതോടൊപ്പം മററൊരുനിലക്ക് അതി ശക്തമായ നിലക്കുള്ള കാററും അടിച്ചുവീശിക്കൊണ്ടിരുന്നു. കാററ് മൂലം അവരുടെ ടെ ൻറുകൾ തകർന്നു. അടുപ്പത്തിരുന്ന കഞ്ഞിക്കലങ്ങൾ പോ ലും പാറിപ്പറന്നുപോയിരുന്നു എന്ന് ചരിത്രങ്ങൾ രേഖപ്പെ ടുത്തുന്നുണ്ട്. അതിശക്തമായ മഴയിലും ശത്രുപാളയ ത്തിൽ കൂട്ടക്കരച്ചിലും രോദനങ്ങളും ഉയർന്നു. അതിനിട യിൽ വാളുകളും കുന്തങ്ങളും കൂട്ടിമുട്ടുന്ന ശബ്ദങ്ങളും. ആകെ ഭീതി നിറഞ്ഞ അന്തരീക്ഷം ശക്തമായ കൂരിരുട്ടും!! ഈ അവസരത്തിൽ അവരുടെ വിവരങ്ങൾ കൃത്യ മായി അറിയാൻ ആരെയെങ്കിലും പറഞ്ഞയക്കാൻ പ്രവാ ചകൻ തീരുമാനിച്ചു. പക്ഷേ കൊടും തണുപ്പത്ത് ആരെ അയക്കും?! ഉടനെ പ്രവാചകൻ (സ) ഇങ്ങിനെ പറഞ്ഞു: ''ശത്രുക്കളുടെ തമ്പിൽ പോയി വിവരം അറിഞ്ഞു വരു ന്നവൻ എൻെറ കൂടെ സ്വർഗ്ഗത്തിൽ ഉണ്ടായിരിക്കാൻ





ഞാ നിതാ പ്രാർത്ഥിക്കുന്നു. ആരുണ്ട് പോയി വരാൻ ?'' ഉട നെ ഹുദൈഫത്ത് ബ്നുൽ യമാൻ (റ) അതിന് തയ്യാറാ യി. അദ്ദേഹം ചെന്ന് നോക്കിയപ്പോൾ അല്ലാഹുവിൻെറ സൈന്യത്തെയല്ലാതെ മററാരെയും മനസ്സിലാക്കാൻ കഴി ഞ്ഞില്ല. അബൂസുഫ്യാൻ അന്നേരം വിളിച്ചു പറയുന്നത് കേട്ടു. ഓരോരുത്തരും തൻെറ അടുത്താരാണ് എന്ന് അറിഞ്ഞിരിക്കണം. ഉടനെ ഹുദൈഫ(റ) അടുത്തുള്ള ആളുടെ കൈ പിടിച്ച് നിങ്ങളാരാണ് എന്ന് ചോദിച്ചു; എന്ന് അ ദ്ദേഹം പിന്നീട് പ്രവാചക സന്നിധിയിൽ വന്ന് വിവരിച്ച കൂട്ടത്തിൽ പറഞ്ഞത് പ്രത്യേകം ശ്രദ്ധേയമാണ്. പിന്നീട് അബൂസുഫ്യാൻെറ ശബ്ദം കേട്ടത് ''ഇനി ഇവിടെ നിൽ ക്കുന്നത് അപകടമാണ്. കുതിരകളും ഒട്ടകങ്ങളും എല്ലാം നഷ്ടപ്പെടും അതിനാൽ ഉടനെ പുറപ്പെടുക. നമുക്ക് മട ങ്ങാം'' എന്ന് വിളിച്ചു പറയുന്നതായിരുന്നു. അങ്ങിനെ രാ ത്രിക്ക് രാത്രി തന്നെ അവർ ഓടി രക്ഷപ്പെട്ടു.
വിശ്വാസികൾ വിജയശ്രീലാളിതരായി അല്ലാഹുവിന് ശു ക്റ് രേഖപ്പെടുത്തി മദീനയിലെ തങ്ങളുടെ താമസ സ്ഥല ത്തേക്കും മടങ്ങി. അല്ലാഹു വിശ്വാസികളുടെ വിഷമങ്ങ ളും പ്രയാസങ്ങളും അതോടെ നീക്കുകയും ചെയ്തു.

പ്രവാചകനും അനുയായികളും ഇപ്രകാരം പറഞ്ഞുകൊ ണ്ടായിരുന്നു മടങ്ങിയിരുന്നത്. ''ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ. ആയിബൂൻ താഇബൂൻ ആബിദൂൻ സാജിദൂൻ ലിറബ്ബിനാ ഹാമിദൂൻ. ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, സ്വദക വഅ്ദഹു, വ നസ്വറ അബ്ദഹു വ ഹസമൽ അഹ്സാബ വഹ്ദഹു ഫ ലാ ശൈഅ ബഅ്ദഹു.''

(അല്ലാഹു ഏകനാണ്. അവനല്ലാതെ ആരാധ്യനില്ല. അവന്ന് ആരും പങ്കുകാരില്ല. അവനാണ് അധികാരങ്ങൾ. സ്തോത്രങ്ങളും അവന്. അവൻ സർവ്വശക്തനാണ്. റബ്ബിനെ സ്തുതിക്കുന്നവരും, ആരാധിക്കുന്നവരും, അവൻെറ മുന്നിൽ മാത്രം നമിക്കുന്നവരും, പശ്ചാതാപ മനസ്കരുമായി ഞങ്ങളിതാ മടങ്ങുന്നു. അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല, അവൻ ഏകനാണ്. അവൻ വാഗ്ദത്തം പൂർത്തീകരിച്ചു, തൻെറ ദാസനെ അവൻ സഹായിച്ചു, ശേഷം ഒന്നുമില്ലാത്ത വിധം ശത്രുസേനകളെ അവൻ ഒററക്ക് പരാജയപ്പെടുത്തി).

അഹ്സാബിന് ശേഷം മക്കാ വിജയം വരെ മുസ്ലിംകൾക്ക് എല്ലാ നിലക്കും വിജയങ്ങളുടേയും സഹായങ്ങളുടേയും കാലമായിരുന്നു.

സൂറ: അഹ്സാബിലെ 9 മുതൽ ദീർഘമായ ആയത്തുകൾ പ്രസ്തുത സംബന്ധമായി അവതരിച്ചിട്ടുള്ളതാണ്.

## അറിഞ്ഞിരിക്കേണ്ട മററു കാര്യങ്ങൾ

ഇമാം ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ നമുക്ക് ഇങ്ങനെ കാണാം ''ഉമർ(റ), നബി(സ)യുടെ അടുക്കൽ വന്ന് മുശ്രികുകളെ ചീത്ത വിളിച്ചു കൊണ്ട് പറഞ്ഞു: നബിയേ, അസ്തമിക്കുന്നത് വരെ അസ്റ് നമസ്കരിക്കാൻ കഴിഞ്ഞില്ലല്ലൊ ! അപ്പോൾ നബി (സ)യും അത് തന്നെ പറയുകയും. ശേഷം സ്വഹാബിക ളേയും താഴ്ഭാഗത്തേക്ക് ഇറക്കി വുദുവെടുത്ത് ആദ്യം അസ്വറും (അസ്തമിച്ച ശേഷം) പിന്നീട് മഗ്രിബും നമസ്കരിച്ചു. പിന്നീട് ശത്രുക്കൾക്ക് എതിരിൽ പ്രാർത്ഥിച്ച വചനങ്ങൾ കാണുക: മലഅല്ലാഹു അലൈഹിം ക്വുബൂറഹും വ ബുയൂത്വഹും നാറാ, കമാ ശഗലൂനാ അനി സ്വലാതിൽ വുസ്ത്വാ ഹത്താ ഗാബതിശ്ശംസ് (അസ്തമിക്കുന്നത് വരെ സ്വലാതുൽ വുസ്ത്വ(അസ്വർ നമസ്കാരം) നിർവ്വ ഹിക്കാൻ കഴിയാത്ത വിധം ഞങ്ങളെ അശ്രദ്ധയിലാക്കിയ വിഭാഗത്തിൻെറ വീടുകളും ഖബറുകളും നാഥാ നീ നരകം കൊണ്ട് നിറക്കേണമേ)'' നോക്കൂ സ്വന്തം ശരീരത്തിന് താങ്ങാൻ കഴിയാത്ത കടുത്ത മർദ്ദനങ്ങൾ ഏൽപ്പി ച്ച ശത്രുക്കൾക്ക് പൊറുത്ത് കൊടുക്കാൻ പ്രാർത്ഥിച്ച പ്രവാചകൻ(സ) നമസ്കാരം അശ്രദ്ധയിലാക്കിയവർക്ക് വേണ്ടി പ്രാർത്ഥിച്ചതാകട്ടെ നരകം കൊടുക്കാൻ !!





ഉറക്കമോ മറവിയോ കാരണം സമയം തെററിയാലും ആദ്യത്തെ നമസ്കാരം നിർവ്വഹിച്ചതിന് ശേഷമായിരിക്കണം പിന്നീട് ഉള്ള നമസ്കാരം നിർവ്വഹിക്കേണ്ടത്. എന്ന കാര്യവും ഇതിലൂടെ നമുക്ക് മനസ്സിലാക്കാം.

തുർമുദി റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ അബൂത്വൽഹ (റ) പറയുന്നു: ''ഞങ്ങൾ വിശപ്പ് സഹിക്കാനാവാതെ നബി (സ)യുടെ അടുക്കൽ ചെന്ന് വസ്ത്രം പൊക്കി വയർ കാ ണിച്ചുകൊണ്ട് നബിയേ, കല്ല് വെച്ച് കെട്ടിയിട്ട് പോലും നിൽക്കാനാകുന്നില്ലെന്ന് പറഞ്ഞു. അന്നേരം പ്രവാചകൻ (സ) തൻെറ വസ്ത്രം പൊക്കി വയർ കാണിച്ചപ്പോൾ നബി(സ)യുടെ വയററത്ത് രണ്ട് കല്ലുകൾ വെച്ചുകെട്ടിയിരു ന്നതായി ഞങ്ങൾ കണ്ടു.'' നോക്കൂ പ്രവാചകജീവിതത്തി ലെ ഓരോ സംഭവങ്ങൾ !

ഇമാം ബുഖാരി രേഖപ്പെടുത്തിയ മററൊരു സംഭവം ''പ്രവാചകൻെറ വിഷമാവസ്ഥ മനസ്സിലാക്കിയ ജാബിറുബ്നു അബ്ദുല്ല(റ) ഒരു ആട്ടിൻ കുട്ടിയെ അറുക്കുകയും

തൻെറ ഭാര്യയോട് അത് പാകം ചെയ്ത് പ്രവാചകന് നൽകാൻ പറഞ്ഞു. അവർ അൽപം ഗോതമ്പ് കൊണ്ട് റൊട്ടിയുണ്ടാക്കി. നബി(സ)യോട് ഏതാനും ആളുകളെ മാത്രം കൂട്ടി തൻെറ വീട്ടിലേക്ക് വരാൻ പറഞ്ഞു. പ്രവാചകൻ(സ) യാകട്ടെ ഖൻദഖിലുണ്ടായിരുന്ന ആയിരത്തോളം വരുന്ന സ്വഹാബികളേയും കൊണ്ട് ചെന്നു. അവർ എല്ലാവരും സുഭിക്ഷമായി അതിൽ നിന്നും ഭക്ഷിച്ചു. എന്നിട്ടും കറിപ്പാത്രവും റൊട്ടിയുടെ പാത്രവും അതേ പോലെ തീരെ എടുക്കാത്ത വിധം നിറഞ്ഞുതന്നെ അവ ശേഷിക്കുകയും ചെയ്തു.'' നബി(സ)യുടെ മുഅ്ജിസത്ത് (അമാനുഷിക സംഭവം) പ്രകടമായ ഈ രൂപത്തിലുള്ള വേറേയും കഥകൾ മററ് ഗ്രന്ഥങ്ങളിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതേ ഖൻദഖിലാണ് പ്രവാചകനും അനുയായികളും വിശപ്പ് കാരണം വയററത്ത് കല്ലുകൾ കെട്ടിയിരുന്നതും. അപ്പോൾ ഒരുകാര്യം വ്യക്തം. അമാനുഷിക സംഭവങ്ങൾ പ്രവാചകന്മാർക്ക് അവർക്ക് ആവശ്യമുള്ളപ്പോൾ അവർക്ക് തോന്നുന്ന വിധം പ്രവർത്തിക്കാൻ കഴിയുന്ന ഒന്നല്ല; മറിച്ച് അല്ലാഹു ഉദ്ദേശിക്കുന്ന വിധം അവരിലൂടെ പ്രകടമാകുന്ന ഒന്നാണത് എന്ന് വ്യക്തം.

ഖൻദഖ് യുദ്ധത്തിൽ മുറിവ് പററിയ സ്വഹാബിയായ സഅദ്ബ്നു മുആദ്(റ) വിനെ നബി(സ) താമസിപ്പിച്ച് ചികിൽസിച്ചിരുന്നത് പള്ളിയിൽ പ്രത്യേകം ടെൻറ് കെട്ടിക്കൊണ്ടായിരുന്നു. കാരണം പള്ളി ജനോപകാരപ്രദമായ ഏത് ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്. അദ്ദേ ഹത്തിൻെറ മുറിവിൽ നിന്നും ഒരിക്കൽ അടുത്ത ടെൻറു കാരുടെ അടുത്തേക്ക് രക്തം ഒലിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ട് ചെന്ന് നോക്കിയപ്പോഴാണ് അദ്ദേഹം രക്തസാ ക്ഷിയായ വിവരം സ്വഹാബികൾ അറിഞ്ഞത്.





അദ്ദേഹ ത്തെ സംബന്ധിച്ച് നബി(സ)പറഞ്ഞത് ഇമാം ബുഖാരി രേഖപ്പെടുത്തുന്നത് കാണുക : ''ഇഹ്തസ്സ അർശുർറഹ് മാനി ലിമൗതി സഅദ് ബ്നു മുആദ്. (സഅദ് ബ്നു മുആ ദിൻെറ മരണം കാരണം അല്ലാഹുവിൻെറ സിംഹാസനം കുലുങ്ങുകയുണ്ടായി''.

## ഹുദൈബിയ്യ സന്ധി

ഹിജ്റ: ആറാം കൊല്ലം നടന്ന ഏററവും പ്രധാനപ്പെട്ട സംഭവങ്ങളിൽ ഒന്നായിരുന്നു ഹുദൈബിയ്യ സന്ധി.

മക്കയോട് വിടപറഞ്ഞിട്ട് വർഷങ്ങൾ ആറ് പിന്നിട്ടുകഴിഞ്ഞു. മുസ്‌ലിംകൾ പലരും പൂർവ്വികരായി ആദരിച്ചു വന്നിരുന്ന, തങ്ങൾ നമസ്കാരത്തിൽ തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്ന കഅബയൊന്ന് സന്ദർശിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന തങ്ങളുടെ ആഗ്രഹം പ്രവാചകൻെറ മുന്നിൽ പ്രകടിപ്പിച്ചു. ആ അവസരത്തിൽ നബി(സ)യും അനുയായികളും നിർഭയരായി തലമുടി കളഞ്ഞവരും മുടി വെട്ടിയവരുമായ നിലയിൽ കഅബയിൽ പ്രവേശിക്കുന്നതായി ഒരു സ്വപ്നം കാണുകയും ചെയ്തു. ഖുർആൻ ഫത്ഹ് 27ാം വചനത്തിൽ വിവരിക്കുന്നുണ്ട്.

പ്രവാചകൻ(സ) താൻ കണ്ട സ്വപ്നത്തെ സംബന്ധിച്ച് സ്വഹാബികളെ അറിയിച്ചു. അതനുസരിച്ച് അവരോട് ഉംറ നിർവ്വഹിക്കാൻ പുറപ്പെടാൻ ആഹ്വാനം ചെയ്തു. പ്രവാചകൻ(സ) യുടെ കൽപ്പന കേട്ട്, 1500 പേരടങ്ങുന്ന ഒരു സംഘം ഉംറക്ക് തയ്യാറെടുത്തു. നബി(സ) അവരേയും കൊണ്ട് മക്കയിലേക്ക് പറപ്പെട്ടു. അവർ യുദ്ധം ചെയ്യാനുള്ള ഉദ്ദേശ്യത്തിലല്ല വരുന്നതെന്ന് അറിയാൻ ഇഹ്റാമിൻെറ വസ്ത്രം ധരിച്ച് തൽബിയത്ത് (ഉംറക്കോ ഹജ്ജിനോ പ്രവേശിച്ചു കഴിഞ്ഞാൽ ചൊല്ലിക്കൊ

ണ്ടിരിക്കുന്ന കീർത്തനം) ചൊല്ലി, ബലിമൃഗത്തേയും കൊ ണ്ടായിരുന്നു പുറപ്പെട്ടിരുന്നത്. പക്ഷേ മക്കയുടെ ഏക ദേശം അടുത്ത്, ഹുദൈബിയ്യയിൽ എത്തിയപ്പോൾ ന ബി(സ)യുടെ വാഹനം അവിടെ മുട്ടുകുത്തിയത് അനു സരിച്ച് അവർ ഹുദൈബിയ്യയിൽ ഇറങ്ങി.

ഈ പുറപ്പാടിനെ സംബന്ധിച്ച് വിവരം ലഭിച്ച ഖുറൈശി കൾ വിവരംഅറിയാൻ ബുദൈലു ബ്നു വറഖാഅ്, മിക്റ സ്, ഹുലൈസു ബ്നു അർഖമ: തുടങ്ങിയ പലരേയും മു സ്ലിംകളുടെ അടുത്തേക്ക് അയച്ചു. എല്ലാവരും മുസ്ലിം കൾ യുദ്ധത്തിനായല്ല വരുന്നത് എന്ന് ബോധ്യപ്പെടുത്തി യെങ്കിലും യാതൊരു ഉപാധിയും കൂടാതെ വിശ്വാസികൾ മക്കയിൽ പ്രവേശിച്ചു എന്നതിലുള്ള അപമാനം കാരണ ത്താൽ ചില വ്യവസ്ഥകൾക്ക് അനുസരിച്ച് മാത്രമേ അ നുവദിച്ചുകൂടൂ എന്നതിൽ ഉറച്ചുനിന്നു.

ഈ അവസരത്തിൽ മക്കക്കാരുടെ ഉദ്ദേശ്യം അറിയാൻ നബി(സ) ഉഥ്മാൻ (റ) വിനെ അവരിലേക്ക് അയച്ചു. ഉഥ് മാൻ (റ)വിനോട് അവർ ത്വവാഫ് ചെയ്തുകൊള്ളാൻ പറഞ്ഞു. അന്നേരം പ്രവാചകനെ അനുവദിക്കാത്ത നില ക്ക് ഞാൻ ത്വവാഫ് ചെയ്യില്ലെന്ന് പറഞ്ഞു പിൻമാറി. ഖു റൈശികളാകട്ടെ ഉഥ്മാനെ മക്കയിൽ പിടിച്ചുവെച്ചു. എ ന്നാൽ ഈ അവസരത്തിൽ ഉഥ്മാൻ(റ) കൊല്ലപ്പെട്ടിരി ക്കുന്നു; എന്ന് പ്രചരിച്ചു. ഇത് പ്രവാചകനേയും വിശ്വാ സികളേയും വല്ലാതെ പ്രയാസപ്പെടുത്തുകയും ഇതിന് പ്രതികാരം ചെയ്യാനായി വിശ്വാസികൾ പ്രവാചകനോട് ആവശ്യപ്പെട്ടു. പ്രവാചകൻ (സ) അത് അംഗീകരിച്ചു; ഒ ന്നുകിൽ വിജയം അതല്ലെങ്കിൽ മരണം എന്നതിൽ ഉറച്ചു നിൽക്കുമെന്ന് വിശ്വാസികൾ ഒരു മരച്ചുവട്ടിൽ വെച്ച് ബൈഅത്ത് (ഉടമ്പടി) ചെയ്തു. ഇക്കാര്യം ഖുർആൻ ഫ





ത്ഹ് 18 ൽ വിവരിക്കുന്നുണ്ട്. ഇതാണ് **ബൈഅത്ത് രിദ്‌വാൻ** എന്ന് അറിയപ്പെടുന്നത്.

ഈ ഉടമ്പടി പൂർത്തിയാകുമ്പോഴേക്ക് ഉഥ്മാൻ(റ) സുര ക്ഷിതനായി തിരിച്ചെത്തി. മുസ്ലിംകളുടെ ഉടമ്പടിയുടെ കാര്യം അറിഞ്ഞ മുശ്രികുകൾ എത്രയും പെട്ടെന്ന് വിഷ യം അവസാനിപ്പിക്കുന്നതിന് വേണ്ടി സംസാരിക്കാൻ ചില വ്യവസ്ഥകളുമായി സുഹൈൽ(റ)വിനെ പറഞ്ഞയ ച്ചു. അദ്ദേഹം പ്രവാചകനുമായി താഴെ പറയുന്ന വ്യ വസ്ഥകളിൽ എത്തിച്ചേർന്നു.

1. ഈ വർഷം പ്രവാചകനും അനുയായിക ളും മട ങ്ങിപ്പോവുകയും അടുത്ത വർഷം വന്ന് ഉംറ നിർ വ്വഹിക്കുകയും ചെയ്യുക.
2. അടുത്ത പത്ത് വർഷത്തേക്ക് അന്യോന്യം യുദ്ധം ചെയ്യാതിരിക്കുക.
3. മുശ്രികുകളുടെ ഭാഗത്ത് നിന്ന് ആരെങ്കിലും മുസ്ലിംകളുടെ ഭാഗത്തേക്ക് എത്തിയാൽ അവരെ തിരിച്ചയക്കണം. എ ന്നാൽ മുസ്ലിം കളിൽനിന്ന് ആരെങ്കിലും മുശ്രികുകളുടെ ഭാഗത്തേക്ക് പോയാൽ അവരെ തിരിച്ചയ ക്കുന്നതല്ല.
4. ഈ കരാറിൽ ഏതെങ്കിലും വിഭാഗം കക്ഷി ചേരുകയാണെങ്കിൽ അവർക്കും കരാർ വ്യവസ്ഥകൾ ബാധകമായിരിക്കും.

ഈ കരാർ അംഗീകരിക്കാൻ മുസ്ലിംകൾ വൈമനസ്യം പ്രകടിപ്പിച്ചെങ്കിലും അവസാനം അംഗീകരിക്കപ്പെടുക ത ന്നെ ചെയ്തു.

പിന്നീട് കരാർ എഴുതി രേഖപ്പെടുത്താൻ മുസ്‌ലിംകളുടെ പക്ഷത്ത് നിന്ന് അലി(റ)വിനെ പ്രവാചകൻ തിരഞ്ഞെടുത്തു. പ്രവാചകൻ(സ) വാചകങ്ങൾ പറഞ്ഞു കൊടുത്തു. തുടക്കത്തിൽ ബിസ്മില്ലാഹി ർറഹ്മാനി ർറഹീം (കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ) ഇത് കേട്ട ഉടനെ സുഹൈൽ എതിർത്തു. അല്ലാഹു റഹ്മാനാണ് എന്ന് ഞങ്ങൾ അംഗീകരിക്കുന്നില്ല. എന്നാൽ എങ്ങിനെ തുടങ്ങണം ? അദ്ദേഹം പറഞ്ഞു: ബിസ്മികല്ലാഹുമ്മ (അല്ലാഹുവിൻെറ നാമത്തിൽ) അങ്ങിനെ അത് രേഖപ്പെടുത്തി. പിന്നെ, ഹാദാ മാ സ്വാലഹ അലൈഹി മുഹമ്മദുൻ റസൂലുല്ലാഹി മഅ സുഹൈലുബ്നു അംറ് (ഇത് അല്ലാഹുവിൻെറ റസൂൽ മുഹമ്മദ് സുഹൈലു ബ്നു അംറുമായി എഴുതുന്ന കരാർ) എന്ന് എഴുതാൻ പറഞ്ഞു; ഉടനെ വീണ്ടും സുഹൈൽ ഇടപെട്ടുകൊണ്ട് പറഞ്ഞു: നീ അല്ലാഹുവിൻെറ പ്രവാചകനാണ് എന്ന് ഞങ്ങൾ അംഗീകരിച്ചിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങൾക്കൊന്നും ഇടയുണ്ടാകുകയില്ലല്ലൊ. അതിനാൽ റസൂലുല്ലാ എന്നതിന് പകരം അബ്ദുല്ലയുടെ മകൻ മുഹമ്മദ് എന്ന് എഴുതണം. നബി(സ) അംഗീകരിച്ചുകൊണ്ട് പറഞ്ഞു. ശരി, പക്ഷേ നിങ്ങൾ എതിർത്താലും ഞാൻ അല്ലാഹുവിൻെറ പ്രവാചകൻ തന്നെയാണ്. റസൂലുല്ലാ എന്ന് എഴുതിയത് മായ്ക്കാൻ അലി(റ) വിസമ്മതിച്ചപ്പോൾ നബി(സ)തന്നെ അത് വെട്ടുകയും ശേഷം കരാർ മുകളിൽ പറയപ്പെട്ട വ്യവസ്ഥകൾ ഉൾപ്പടെ രണ്ട് കോപ്പി എഴുതി പ്രവാചകനും സുഹൈലും സാക്ഷികളും ഒപ്പ് വെച്ച് ഇരു വിഭാഗത്തേയും ഓരോ കോപ്പി ഏൽപ്പിച്ചു.

കരാർ ഒപ്പു വെക്കുന്നതിനിടയിൽ സുഹൈലിൻെറ മകൻ അബൂജൻദൽ(റ) തടവിൽ നിന്നും ചാടി കൈകാലുകളിൽ ചങ്ങലകൾ ബന്ധിക്കപ്പെട്ട നിലയിൽ, എന്നെ രക്ഷി





ക്കൂ എന്ന് വിളിച്ചു കരഞ്ഞുകൊണ്ട് അവിടെ എത്തി. ഉടനെ അദ്ദേഹത്തിൻെറ പിതാവ് മുഖത്ത് ഒരടികൊടുത്ത് കൊണ്ട് പോകാൻ പറഞ്ഞു; തുടർന്ന് കരാർ നടപ്പാക്കുന്നതിലെ ആദ്യ രംഗമാണിത്; അത്കൊണ്ട് അവനെ തിരിച്ചയക്കണം എന്ന് നബിയോടായി പറഞ്ഞു. നബി(സ) അബൂ ജൻദലിനോട് പറഞ്ഞു: ''അബൂജൻദൽ ക്ഷമിക്കുക, അല്ലാഹു താങ്കൾക്കും താങ്കളെപ്പോലെയുള്ള മററുള്ളവർക്കും ഒരു മാർഗ്ഗം കാണിച്ചുതരാതിരിക്കുകയില്ല. അത്കൊണ്ട് താങ്കൾ മടങ്ങിപ്പോകണം. ഞങ്ങൾ ഒരു കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു.'' ഉമർ(റ) വിനെപ്പോലുള്ളവർ അങ്ങേ യററം രോഷാകുലരായിരുന്നു പ്രസ്തുത സംഭവത്തിൽ. നബി(സ) എല്ലാവരേയും സമാധാനിപ്പിച്ചു ശാന്തരാക്കി.

ശേഷം ചില സ്ത്രീകളും ഖുറൈശികളിൽ നിന്നും രക്ഷപ്പെട്ട് പ്രവാചകൻെറ അടുക്കലെത്തി. അവരെയും തിരിച്ചയക്കാൻ മുശ്‌രികുകൾ ആവശ്യപ്പെട്ടുവെങ്കിലും കരാറിൽ സ്ത്രീകളുടെ കാര്യം പറയാത്തതിനാൽ പ്രവാചകൻ(സ) അത് നിരസിക്കുകയും അവർക്ക് അഭയം നൽകുകയും ചെയ്തു.

സന്ധിപ്രകാരം തിരിച്ചു പോരേണ്ടതിനാൽ ഇഹ്റാമിൽ നിന്ന് ഒഴിവായി ബലിമൃഗത്തെ അറുക്കാൻ പറഞ്ഞു. പക്ഷേ സ്വഹാബികൾ സന്ധിയിലും ഉംറ നിർവ്വഹിക്കാതെ തിരിച്ചു പോകുന്നതിലും തീർത്തും അസംതൃപ്തരായിരുന്നു. അതിനാൽ രണ്ട് മൂന്ന് തവണ ആവർത്തിച്ചു പറഞ്ഞിട്ടും സ്വഹാബികൾ ആരും എഴുന്നേൽക്കാത്തതിൽ പ്രവാചകൻ(സ) വിഷമിച്ചു. ഇനി എന്ത് ചെയ്യണം എന്ന് കൂടെയുണ്ടായിരുന്ന ഭാര്യ ഉമ്മുസൽമ(റ)യുമായി ആലോചിച്ചു അവർ പറഞ്ഞു: പ്രവാചകരെ, അങ്ങ് ആദ്യം

താങ്കളുടെ മൃഗത്തെ അറുക്കുകയും തലമുടി കളയുകയും ചെയ്യുക. അപ്പോൾ ബാക്കിയുള്ളവരും അത് അംഗീകരിച്ചുകൊള്ളും. പറഞ്ഞ പ്രകാരം നബി(സ) അറുക്കുകയും മുടി കളയുകയും ചെയ്തപ്പോൾ സ്വഹാബികളും അതുപോലെ പ്രവർത്തിച്ചു.

നബി(സ)യും സ്വഹാബികളും മദീനയിലേക്ക് തന്നെ തിരിച്ചുപോയി. വഴിക്ക് വെച്ച് സൂറത്തുൽ ഫത്ഹ് അവതരിച്ചു. ഇന്നാ ഫതഹ്നാ ലക ഫത്ഹൻ മുബീനാ (തീർച്ചയായും താങ്കൾക്ക് നാം വ്യക്തമായ ഒരു വിജയം നൽകിയിരിക്കുന്നു) പ്രമുഖരായ മുഫസ്സിറുകൾ ഫത്ഹൻ മുബീനാ എന്നത് ഹുദൈബിയാ സന്ധിയാണ് എന്ന് തന്നെയാണ് വിശദീകരിച്ചിട്ടുള്ളത്.

''ഹുദൈബിയാ സന്ധിയിലൂടെ മുസ്ലിംകൾക്ക് കൈവന്ന നേട്ടങ്ങൾ വലയിരുത്തിയാൽ പലരും ഏററവും വലിയ നേട്ടമായി കാണുന്ന മക്കം ഫത്ഹ് ഒന്നും തന്നെയല്ല'' എന്ന് അബൂബക്കർ (റ) വിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമുണ്ട്.

## ഹുദൈബിയ്യയിലെ നേട്ടങ്ങൾ

1 മുശ്രികുൾ ആട്ടിപ്പുറത്താക്കിയ മുസ്ലിംകളെ തങ്ങളോടൊപ്പം അംഗീകരിച്ചു. കാരണം തുല്യർ തമ്മിലാണല്ലൊ സന്ധിയിൽ ഏർപ്പെടുക.

2 പത്ത് കൊല്ലം യുദ്ധമില്ലാ കാലമാക്കി പ്രഖ്യാപിച്ചതിനാൽ ദഅ്വത്ത് (പ്രബോധനം) വ്യാപകമാക്കാൻ കഴിഞ്ഞു. അതിനാലാണ് ഹുദൈബിയ്യയിൽ 1500 പേർ





നബി(സ)യോടൊപ്പമുണ്ടായിരുന്നത് മക്കം ഫത്ഹ് സമയത്ത് 10000 ആയിട്ടുണ്ടായിരുന്നു.

3 മുസ്ലിംകൾക്ക് യാതൊരു ഭയവുമില്ലാതെ സമാധാനത്തോടെ ഉംറ നിർവ്വഹിക്കാൻ സാധിച്ചു.

4 മുസ്ലിമായി വന്നവരെ മുശ്രികുകളിലേക്ക് തിരിച്ചയക്കുക എന്നത് പ്രയാസകരമായി കണ്ടത് അസ്ഥാനത്തായിരുന്നു; എന്ന് മാത്രമല്ല അത് മുസ്ലിംകൾക്ക് ഗുണകരമായി ഭവിച്ചു. മുശ്രികുകൾ പിന്നീട് പ്രസ്തുത നിബന്ധന തന്നെ ഭേദഗതി വരുത്താൻ വരെ നിർബന്ധിതരായി.

5 ഇസ്ലാം പുറം നാടുകളിലേക്കുകൂടി വ്യാപിക്കുന്നതിന് ഇക്കാലയളവിൽ പ്രവാചകൻ നടത്തിയ എഴുത്തുകൾ വഴിതെളിയിച്ചു.

6 ഖാലിദ് ബ്നു വലീദ്, അംറുബ്നുൽ ആസ്, ഉഥ്മാനു ത്വൽഹ: എന്നീ പ്രമുഖരായ സ്വഹാബികളും ഈ അവസരത്തിലാണ് ഇസ്ലാമിലേക്ക് വന്ന ത്. അവർ മുസ്ലിമായി എത്തിയപ്പോൾ പ്രവാചക ൻ(സ) ''മക്ക അതിൻെറ കരളിതാ നമ്മിലേക്ക് ഇട്ടു തന്നിരിക്കുന്നു''എന്ന് പറഞ്ഞതായി ചരിത്രങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.

അബൂ ജൻദൽ(റ)വും അദ്ദേഹത്തെപ്പോലെ മടക്കി അയക്കപ്പെട്ട അബൂ ബസ്വീറും മക്കയിൽ ഖുറൈശികൾക്കെതിരിൽ ഒരു വലിയ സംഘത്തെ ഉണ്ടാക്കിയെടുത്തു. അവർ സകലവിധേനയും മുശ്രികുകളെ ദ്രോഹിച്ചുകൊണ്ടിരുന്നു. അവസാനം അബൂബസ്വീറിനെ തിരിച്ചുവിളിക്കാനും മേലിൽ മുസ്ലിമായി മക്കയിൽ നിന്നുംമദീനയിലേക്ക് വരുന്നവരെ തിരിച്ചയക്കേണ്ടതില്ലെന്നും ഖുറൈശികൾ നബി(സ)യോട് ആവശ്യപ്പെട്ടു. നോക്കൂ പ്രവാചകൻെറ ദീർഘദൃഷ്ടി !! മുസ് ലിംകളിൽനിന്ന് ഒരാ

ൾ മക്കയിലേക്ക് ശത്രുപക്ഷത്തേക്ക് മാറിയ ഒരാളെ മുസ്ലിംകൾക്ക് തന്നെ കിട്ടിയിട്ട് എന്ത് പ്രയോജനമാണ് ലഭിക്കുക. എന്നാൽ മുസ്ലിമായ ഒരു വ്യക്തി എവിടെയായിരുന്നാലും അല്ലാഹുവിൻെറ സഹായം ലഭിക്കുമെന്നുള്ളത് ഉറപ്പാണ് താനും. ഇക്കാര്യം ഹുദൈബിയ്യ സന്ധിയിലൂടെ വ്യക്തമാവുകയും ചെയ്തു.

## രാജാക്കന്മാരിലേക്കുള്ള പ്രബോധനം

ഹുദൈബിയ സന്ധിക്ക് ശേഷം പ്രവാചകൻ സ്വീകരിച്ച പ്രധാനമായ ഒരു പ്രബോധനമാർഗ്ഗമായിരുന്നു വിവിധ നാടുകളിലേക്ക് അവിടുത്തെ രാജാക്കന്മാരെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകൾ അയച്ചു എന്നുള്ളത്. ഇതനുസരിച്ച് റോമിലെ ഹിർക്കൽ, പേർഷ്യയിലെ കിസ്റാ, ഈജിപ്തിലെ മുഖൗഖിസ്, അബ്സീനിയയിലെ നജ്ജാശി, ബഹ്റയ്നിയിലെ മുൻദിറു ബ്നു സാവ, ബസ്വറയിലെ അമീർ, ഡമസ്കസിലെ അമീർ, യമാമയിലെ ഭരണാധികാരി, യമനിലെ ഹിംയർ, ഒമാനിലെ രാജാവ് എന്നിവർക്ക് അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകൾ അയക്കുകയുണ്ടായി.

ഹിർഖൽ ചക്രവർത്തി കത്ത് വായിച്ച് കൂടുതൽ വിവരങ്ങൾ ചോദിച്ചറിയാൻ പററുന്ന ഒരാളെ തിരയുകയും അതനുസരിച്ച് കച്ചവടാവശ്യാർത്ഥം ശാമിലേക്ക് പോയിരുന്ന അബൂസുഫ്യാനെ വിളിച്ച് കാര്യങ്ങൾ അന്വേഷിച്ചു. സത്യമാണ് എന്ന് ബോധ്യപ്പെട്ടപ്പോൾ തൻെറ കൊട്ടാര





നിവാസികളെ വിളിച്ചുകൊണ്ട് നിങ്ങൾക്ക് വിജയവും സന്മാർഗ്ഗവും പ്രാപിക്കേണമെങ്കിൽ; എഴുത്ത് വായിച്ച് കേൾപ്പിച്ചുകൊണ്ട് പ്രവാചകൻ(സ) യിൽ വിശ്വസിക്കാനും പിൻപററാനും ആവശ്യപ്പെട്ടു. കൂടാതെ തീർച്ചയായും അദ്ദേഹം എൻെറ ഈ സ്ഥാനം പോലും കയ്യടക്കുന്ന ഒരു കാലം വരും. ഞാൻ അദ്ദേഹത്തി നടുത്തുണ്ടാകുമെങ്കിൽ അദ്ദേഹത്തിൻെറ തൃപാദങ്ങൾ കഴുകിക്കൊടുക്കും എന്നു വരെ പറഞ്ഞു. അന്നേരം അവിടെയുണ്ടായിരുന്നവർ അത് അംഗീകരിക്കാൻ തയ്യാറില്ലാതെ ബഹളംവെച്ചു. ഉടനെ ഞാൻ നിങ്ങളെ പരീക്ഷിക്കാൻ പറഞ്ഞതാണ് എന്ന് പറഞ്ഞു. അന്നേരം എല്ലാവരും തൻെറ കാൽക്കൽ സാഷ്ടാംഗം നമിച്ചു. അതോടെ അധികാരം നഷ്ടമാകും എന്ന് കണ്ട് ആദർശത്തെ കയ്യൊഴിക്കുകയും ചെയ്തു.

ഈജിപ്തിലെ മുഖൗഖിസ് രാജാവ് കത്ത് ലഭിച്ചപ്പോൾ കത്തുമായി ചെന്ന ഹാതിബ് ബ്നു അബീ ബൽതഅയെ ആദരിച്ചു. അദ്ദേഹത്തോട് പ്രവാചകനെക്കുറിച്ച് ചോദിച്ചറിഞ്ഞ ശേഷം വരാനിരിക്കുന്ന ഒരു പ്രവാചകനെ സംബന്ധിച്ച് ഞാൻ മനസ്സിലാക്കിയിരുന്നത് അദ്ദേഹം ശാമിൽ നിന്നായിരിക്കും എന്നായിരുന്നു. എന്ന് മാത്രം അറിയിച്ചുകൊണ്ട് കത്തിന് മറുപടി നൽകിക്കൊണ്ട് മാന്യമായി പ്രതികരിക്കുകയും മാരിയത്ത് എന്ന അടിമ സ്ത്രീ അടക്കം ധാരാളം പാരിതോഷികങ്ങൾ കൊടുത്തയക്കുകയും ചെയ്തു. അധികാര മോഹത്താൽ അദ്ദേഹവും സത്യം അറിഞ്ഞിട്ടും വിശ്വാസിക്കാൻ തയ്യാറായില്ല എന്നാണ് മനസ്സിലാകുന്നത്.

അബ്സീനിയയിലെ നജ്ജാശീ രാജാവിന് കത്ത് ലഭിച്ചപ്പോൾ അദ്ദേഹം കത്തുമായി ചെന്ന വ്യക്തിയെ ആദരിക്കുകയും ഈസാ നബി(അ)യുടെ, പ്രവാചകനെ സംബ

ന്ധിച്ച സുവിശേഷം അനുസ്മരിച്ചുകൊണ്ട് മുസ്ലിമാവുകയും ചെയ്തു. ഹിജ്റ: ഒമ്പതാം കൊല്ലം അദ്ദേഹം മരണപ്പെട്ട വിവരം അല്ലാഹു നബി(സ)യെ അറിയിക്കുകയും നബി(സ) സ്വഹാബികളേയും കൊണ്ട് അദ്ദേഹത്തിന് വേണ്ടി ഗാഇബായ നിലക്ക് മയ്യത്ത് മുന്നിലില്ലാതെ മയ്യത്ത് നമസ്കരിക്കുകയും ചെയ്തു. മററ് അവസരങ്ങളിൽ മയ്യത്ത് മുന്നിൽ വെച്ചോ അതല്ലെങ്കിൽ ഖബ്റിന്നടുത്ത് വെച്ചോ അല്ലാതെ പ്രവാചകൻ(സ) ഒരാൾക്കും മയ്യത്ത് നമസ്കരിച്ചിട്ടുമില്ല.

എന്നാൽ മയ്യത്ത് നമസ്കരിക്കപ്പെട്ട നജ്ജാശി രാജാവ് നേരത്തെ മുസ്ലിംകൾ അങ്ങോട്ട് ഹിജ്റ പോയപ്പോൾ വിശ്വസിച്ചതായിരുന്നു. ഹുദൈബിയക്ക് ശേഷം കത്ത് അയക്കപ്പെട്ടത് അദ്ദേഹത്തിൻെറ പിൻഗാമിക്കായിരുന്നു. അദ്ദേഹം വിശ്വസിച്ചു എന്നതിന് കൃത്യമായ രേഖകളില്ല. എന്നും ചരിത്രകാരന്മാർ ഈ വിഷയത്തിൽ വ്യത്യസ്ത അഭിപ്രായക്കാരാണ്.

പേർഷ്യയിലെ രാജാവ് കിസ്റാ കത്ത് വായിച്ച് അത് കീറിനശിപ്പിക്കുകയാണുണ്ടായത്. ഇതറിഞ്ഞ പ്രവാചകൻ അയാളുടെ അധികാരവും അല്ലാഹു നശിപ്പിക്കട്ടെ എന്ന് പ്രാർത്ഥിച്ചു. കത്ത് നശിപ്പിച്ചതോടൊപ്പം യമനിലെ ഗവർണ്ണറായ ബാദാൻ എന്ന വ്യക്തിക്ക് ഉടനെ രണ്ടാളുകളെ അയച്ച് ഹിജാസിൽ നിന്നും എഴുത്തയച്ച വ്യക്തിയെ (പ്ര വാചകനെ) തൻെറ മുന്നിൽ ഹാജറാക്കാൻ കൽപ്പിക്കു കയും ചെയ്തു. കൽപ്പനയനുസരിച്ച് ബാദാൻ രണ്ടാളു കളെ നബിയുടെ അടുക്കലേക്ക് അയച്ചു. അവർ നബി (സ)യുടെ അടുത്ത് എത്തിയപ്പോൾ നബി(സ) അവരോട് ഇങ്ങിനെ പറഞ്ഞു:‘‘എൻെറ റബ്ബ് ബാദാൻെറ യജമാനനെ ഇന്നലെ കൊലപ്പെടുത്തിയിരിക്കുന്നു എന്ന് ചെന്ന് പറയു ക. നീ





മുസ്ലിമാവുകയാണ് എങ്കിൽ നിൻെറ അധികാര ങ്ങൾ എല്ലാം നിനക്ക് തുടർന്നും ലഭിക്കുന്നതുമായിരി ക്കും എന്നും അറിയിച്ചുകൊള്ളുക’’ ഈ വാർത്തയും കേട്ട് രണ്ട് പേരും നേരെ ബാദാൻെറ അടുക്കലെത്തിയപ്പോഴാണ്. പേർഷ്യൻ രാജാവിനെ മകൻ ശീറവൈഹി കൊലപ്പെടുത്തി അധികാരം കയ്യടക്കിയ വിവരവും പ്രവാചകനെ യാതൊരു നിലക്കും ആക്ഷേപിച്ച് പോകരുത് എന്ന താക്കീതുമായി പുതിയ രാജാവിൻെറ കത്തുമായി ദൂതൻ ബാദാൻെറ അടുക്കൽ എത്തുന്നത്. കത്ത് കിട്ടിയ ഉടനെ ബാദാനും യമനിലെ തൻെറ പ്രജകളും ഒന്നടങ്കം ഇസ്ലാം വിശ്വസിക്കുകയും ചെയ്തു.

ബഹ്റൈനിയിലെ രാജാവ് മുൻദിറു ബ്നു സാവ കത്ത് കിട്ടിയ ഉടനെ വിശ്വസിച്ച കൂട്ടത്തിൽ പെട്ട വ്യക്തിയാണ്. ഈ കത്തുകൾ ലഭിച്ചവർ വ്യത്യസ്ത നിലക്കുള്ള പ്രതികരണങ്ങളാണ് പ്രകടിപ്പിച്ചത് എന്ന് നിങ്ങൾ മനസ്സിലാക്കി. പക്ഷേ ഇതോടെ ഒട്ടുമിക്ക പ്രദേശങ്ങളിലും ഇസ്ലാമിനേയും പ്രവാചകനേയും സംബന്ധിച്ചുള്ള വിവരങ്ങൾ എത്തിക്കാൻ കഴിഞ്ഞു എന്നതാണ് ഏററവും വലിയ നേട്ടം.

## ഖൈബർ യുദ്ധം

ഹിജ്റ: ഏഴാം കൊല്ലത്തിലായിരുന്നു ഖൈബർ യുദ്ധം. ഹുദൈബിയ സന്ധിയോടുകൂടി മുശ്രികുകളുടെ ഭാഗം തീർത്തും സുരക്ഷിതമായി എന്ന് ഉറപ്പായതോടുകൂടി പിന്നീട് നബി(സ) ശ്രദ്ധിച്ചത് മുസ്ലിംകൾക്ക് എക്കാലത്തും അപകടം വരുത്തിവെക്കാൻ ശ്രമിച്ചിരുന്ന ജൂതന്മാരുടെ നേരെയായിരുന്നു. ഖൻദഖിൽ മുസ്ലികെൾക്കെതിരിൽ മുശ്രിഖുകളെ സഹായിച്ചിരുന്ന

ബനു നളീറുകാരും അ വരുടെ പ്രേരണയാൽ
മുസ്ലിംകളുമായുണ്ടായിരുന്ന ക രാർ ലംഘിച്ച ബനൂ
ഖുറൈളക്കാരുമെല്ലാം ഒത്തു കൂടി യിരുന്ന
സ്ഥലമായിരുന്നു ഖൈബർ. അതാകട്ടെ പിന്നീട്
മുസ്ലിംകൾക്കെതിരിൽ കുതന്ത്രങ്ങൾ ആസൂത്രണം ചെ
യ്യാനുള്ള കേന്ദ്രമായി മാറിയിട്ടുണ്ടായിരുന്നു. അതിനാൽ
ഏത് സമയത്തും അവരിൽ നിന്നുമുള്ള ഭീഷണി നേരി
ടുന്ന അവസ്ഥയായിരുന്നു മുസ്ലിംകൾക്ക് ഉണ്ടായിരു
ന്നത്. അതിനാൽ ഹുദൈബിയ്യയിൽ നിന്നും മടങ്ങിയ ഉട
നെ 1600 പേർ ഉൾക്കൊള്ളുന്ന ഒരു സംഘത്തേയും
കൊണ്ട് ഖൈബറിലേക്ക് പുറപ്പെട്ടു.

മുസ്ലിം സൈന്യം ഖൈബറിലെ കോട്ടകളെ വലയം
ചെയ്തുകൊണ്ട് നിലയുറപ്പിച്ചു. ഇരു സൈന്യങ്ങളും ത
മ്മിൽ ശക്തമായി പൊരുതി ജൂതന്മാർ പലരും മരിച്ചു വീ
ണു. അങ്ങിനെ ഒരു രാത്രി പ്രവാചകൻ ഇങ്ങനെ പറ
ഞ്ഞു: ''നാളെ ഞാൻ യുദ്ധപതാക അല്ലാഹു ഇഷ്ടപ്പെട്ട
അല്ലാഹു ഇഷ്ടപ്പെടുന്ന ഒരാളുടെ കയ്യിൽ കൊടുക്കും
അയാളുടെ കയ്യാൽ അല്ലാഹു നമുക്ക് വിജയം നൽകുക
തന്നെ ചെയ്യും'' അന്ന് രാത്രി പ്രവാചകൻ നാളെ എന്നെ
വിളിച്ചിരുന്നെങ്കിൽ എന്ന പ്രതീക്ഷയോടെ എല്ലാവരും
കിടന്നുറങ്ങി.

അടുത്ത പ്രഭാതത്തിൽ പ്രവാചകൻ(സ) അലി(റ)വിനെ
വിളിച്ച് പതാകയും വാളും ഏൽപ്പിച്ചു. അലി(റ)വിൻെറ
നേതൃത്വത്തിൽ നടന്ന പൊരിഞ്ഞ പോരാട്ടത്തിൽ കോട്ട
കൾ ഓരോന്ന് ഓരോന്നായി പിടിച്ചടക്കി.

അവസാനം ഖൈബറിൽ നിന്നും ജൂതന്മാരെ നാടുകട
ത്തുമെന്നായപ്പോൾ അവർ പ്രവാചകനുമായി സന്ധിയാ
വശ്യപ്പെട്ടു. അതനുസരിച്ച് ഖൈബറിലെ കൃഷിഭൂമിയിൽ



മുഹമ്മദ് നബി(ﷺ) ചരിത്ര സംഗ്രഹം سيرة النبي صلى الله عليه وسلم

കൃഷിചെയ്ത് കിട്ടുന്ന ഉൽപന്നങ്ങളുടെ പകുതി മുസ്ലിം
കൾക്ക് നൽകുമെന്ന വ്യവസ്ഥയിൽ അവരെ അവിടെ ത
ന്നെ കഴിഞ്ഞുകൂടാൻ അനുവദിച്ചു. തൊണ്ണൂററിമൂന്ന് ആ
ളുകൾ അവരിൽ നിന്നും കൊല്ലപ്പെട്ടപ്പോൾ മുസ്ലിം ക
ളിൽ നിന്നും പതിനഞ്ച് പേർ ശഹീദായി. ധാരാളം സമ്പ
ത്ത് ഗനീമത്തായി ലഭിച്ച ഒരു യുദ്ധമായിരുന്നു ഖൈബർ
യുദ്ധം.
ഗനീമത്ത് സ്വത്തുക്കളുടെ കൂട്ടത്തിൽ കാണപ്പെട്ട തൗറാ
ത്തിൻെറ ഏടുകൾ നബി(സ) ജൂതന്മാർക്ക് തന്നെ തിരി
ച്ചേൽപ്പിച്ചത് ആധുനിക സമൂഹം അനുകരിക്കേണ്ട ഒരു
മഹനീയ മാതൃകയാണ്. അന്യ മതസ്ഥരോടുള്ള വൈ
രാഗ്യം നിമിത്തം മററു മതസ്ഥരുടെ മതഗ്രന്ഥങ്ങൾ ക
ത്തിക്കുകയും ആരാധനാലയങ്ങൾ അക്രമിക്കുകയും മ
ലിനമാക്കുകയും ചെയ്യുന്ന പുരോഗമനവാദികളായ ആ
ധുനികരേക്കാർ എത്ര മാന്യമായ പെരുമാററമാണ് ഇസ്
ലാമിൻെറ പ്രവാചകൻ(സ) കാഴ്ചവെച്ചത് !! (മുഹമ്മദ്
അബൂ സഹ്ബയുടെ സീറത്തുന്നബവിയ്യ :419)

**വിഷം പുരട്ടിയ മാംസം**: ഖൈബറിൽ നിന്നും വിജയി
കളായി മടങ്ങവെ ജൂതന്മാരുടെ ആവശ്യമനുസരിച്ച് മാ
ന്യമായി പെരുമാറിയിട്ടും അവരുടെ ഭാഗത്ത് നിന്നുണ്ടാ
യ നീചമായ ഒരു സംഭവമായിരുന്നു വിഷം പുരട്ടിയ മാം
സം പ്രവാചകനും അനുയായികൾക്കും സൽക്കരിച്ചത് !

സലാമ് ബ്നു മിശ്കമിൻെറ ഭാര്യ സൈനബ നബി(സ)
യേയും അനുയായികളേയും ഭക്ഷണത്തിനായി ക്ഷണി
ച്ചു. പൊരിച്ച ആട്ടിൻ മാംസമായിരുന്നു വിഭവം. നബി
(സ) മുന്നിൽ കൊണ്ടുവെച്ച ഭക്ഷണത്തിൽ നിന്നും ഒരു
കഷ്ണം എടുത്ത് വായിലിട്ട് ഉടനെ തുപ്പിക്കളഞ്ഞു. അ
തിൽ വിഷം പുരട്ടിയിരിക്കുന്നു. അതിനാൽ തിന്ന്പോക

രുത് എന്ന് അല്ലാഹു അറിയിച്ചുകൊടുത്തു. അപ്പോഴേക്കും കൂടെയുണ്ടായിരുന്ന സ്വഹാബികളിൽ നിന്ന് ബിശ്ർ ബ്നുൽ ബർറാഅ് (റ) ഒരു കഷ്ണം എടുത്ത് തിന്നു കഴിഞ്ഞിരുന്നു; ഉടനെ അദ്ദേഹം അവിടെ മരിച്ചുവീണു. നബി(സ), എന്തിനാണ് ഈ കൊടും ചതി ചെയ്തത് എന്ന ചോദ്യത്തിന് താങ്കൾ സത്യപ്രവാചകനാണ് എങ്കിൽ അല്ലാഹു താങ്കളെ രക്ഷിക്കും; അതല്ല കള്ളപ്രവാചകനാണ് എങ്കിൽ നിങ്ങളുടെ ശല്യം നീങ്ങികിട്ടുകയും ചെയ്യുമല്ലൊ. എന്നും പറഞ്ഞു. പ്രവാചകൻ ബിശ്റ്(റ) നെ കൊന്നതിന് പ്രതിക്രിയ എന്ന നിലക്ക് പ്രസ്തുത സ്ത്രീയേയും കൊന്നുകളഞ്ഞു.

## ഉംറ നിർവ്വഹണം

ഹുദൈബിയയിലെ വ്യവസ്ഥ അനുസരിച്ച് നബി(സ) യും അനുയായികളും നഷ്ടപ്പെട്ട ഉംറ നിർവ്വഹിക്കാനായി ഒരുങ്ങി. ഹിജ്റ: എട്ട് ദുൽഖഅദ് മാസത്തിലായിരുന്നു സംഭവം. നബി(സ), കഴിഞ്ഞ വർ ഷം ഉംറ നിർവ്വഹിക്കാൻ കഴിയാതെ തിരിച്ചു പോരേണ്ടി വന്ന മുഴുവൻ ആളുകളോ ടും പുറപ്പെട്ടുകൊള്ളാൻ പറഞ്ഞു. കൂടാതെ പുതുതായി കുറേ ആളുകൾ വേറേയും പുറപ്പെട്ടു. സ്ത്രീകളും കുട്ടി കളും കൂടാതെ രണ്ടായിരം പേരുണ്ടായിരുന്നു അവർ. അറുപത് ബലിമൃഗത്തേയും അവർ കൂടെ കരുതിയിരുന്നു. ദുൽഹുലൈഫയിൽ നിന്നും അവർ ഇഹ്റാമിൽ പ്രവേശി ച്ചു. മുസ്‌ലിംൾ ഉംറ നിർവ്വഹിക്കാൻ വരുന്നത് കണ്ട് നിൽക്കാനാകാതെ മുശ്രികുകൾ മക്കയുടെ സമീപ പ്രദേശത്തേക്ക് ഒഴിഞ്ഞു പോയി. മുസ്‌ലിംകൾ ആരോഗ്യം ക്ഷയിച്ചവരും ക്ഷീണിതരുമാണെന്ന ഖുറൈശികളുടെ പ്രചരണം ശരിയല്ല എന്ന് കാണിച്ചു കൊടുക്കും വിധം വസ്ത്രം





വലത്തെ തോൾ ഒഴിവാക്കിക്കൊണ്ട് ആദ്യ മൂന്ന് ചുററൽ സ്പീഡിൽ നടന്ന് കൊണ്ടായിരുന്നു മുസ്‌ലിംകൾ തവാഫ് ചെയ്തത്. ശേഷം സ്വഫാ മർവക്ക് ഇടയിൽ സഅ്യ് നിർവ്വഹിച്ച് മർവക്ക് സമീപം വെച്ച് ബലിമൃഗത്തെ അറുക്കുകയും മുടിയെടുക്കുകയും ചെയ്തുകൊണ്ട് അവർ ഉംറയുടെ കർമ്മങ്ങളിൽ നിന്നും വിരമിച്ചു.

പിന്നീട് മൂന്ന് ദിവസം അവർ മക്കയിൽ തന്നെ സന്തോഷപൂർവ്വം കഴിച്ചുകൂട്ടി. നാലാം ദിവസം മക്കവിട്ട് പോകാനായി മക്കക്കാർ ആവശ്യപ്പെടുകയും ചെയ്തു. അതനുസരിച്ച് മക്കയോട് അടുത്ത സ്ഥലമായ സരിഫ് എന്ന സ്ഥലത്ത് അവർ ചെന്ന് ഇറങ്ങി. ഈ യാത്രയിലായിരുന്നു നബി(സ) മൈമൂന(റ) യെ വിവാഹം കഴിച്ചത്. ഉംറത്തുൽ ഖള്വാഅ്, ഉംറത്തുൽ ഖിസ്വാസ്, ഉംറത്തു സ്സുൽഹ് എന്നിങ്ങനെ വിവിധ പേരുകളിൽ ഈ ഉംറ അറിയപ്പെടുന്നുണ്ട്.

## മുഅ്തത്ത് യുദ്ധം

ഏററവും കൂടുതൽ രക്തച്ചൊരിൽ നടന്നതും ഭീകരത നിറഞ്ഞതുമായ യുദ്ധമായിരുന്നു മുഅ്തത്ത് യുദ്ധം. ഹിജ്റ: എട്ടാം വർഷം ജമാദുൽ അവ്വലിലായിരുന്നു പ്രസ്തുത യുദ്ധം.

ഹുദൈബിയ്യ സന്ധിക്ക് ശേഷം നബി(സ) വിവിധ രാഷ്ട്രത്തലവന്മാർക്ക് കത്തുകൾ അയച്ച കൂട്ടത്തിൽ ബസ്വറയിലെ രാജാവിനുള്ള കത്തുമായി ഹാരിഥു ബ്നു ഉമൈറുൽ അസദിയെ പറഞ്ഞയച്ചു. വഴിക്ക് വെച്ചു ബസ്വറയിലെ അമീർ ശാം പ്രദേശത്തേക്ക് നിയമിച്ചിരുന്ന ഗവർണ്ണറായിരുന്ന ശുറഹ്ബീലു ബ്നു അംറ് പ്രസ്തുത കത്ത് വാങ്ങി വലിച്ചുകീറുകയും കത്ത് കൊണ്ട് പോയിരുന്ന

ഹാരിഥിനെ വധിക്കുകയും ചെയ്തു. ഇതാണ് യുദ്ധത്തിന് വഴി വെച്ച പ്രധാന കാരണം.

ഒരു ദൂതൻ അകാരണമായി വധിക്കപ്പെടുക എന്നത് തുല്യതയില്ലാത്തതും ക്ഷമിക്കാൻ കഴിയാത്തതുമായ ഗുരുതരമായ കുററമാണ്. അത്കൊണ്ട്തന്നെ പ്രവാചകൻ (സ) മുവ്വായിരം പേരുൾക്കൊള്ളുന്ന ഒരു സൈന്യത്തെ ഹാരിഥ് ബ്നു അംറുൽ അസദിയെ കൊലപ്പെടുത്തിയവരോട് പ്രതികാരം ചോദിക്കുന്നതിനായി ശാമിലേക്ക് പുറപ്പെട്ടു. സാധാരണയിൽ നിന്നും വ്യത്യസ്തമായി സൈനിക നേതൃത്വം സൈദ് ബ്നു ഹാരിഥക്ക് നൽകിക്കൊണ്ട് മററുള്ളവരോടായി ഇപ്രകാരം പറഞ്ഞു; അദ്ദേഹം രക്തസാക്ഷിയായാൽ പിന്നെ ജഅ്ഫർ ബ്നു അബീത്വാലിബ്, അദ്ദേഹവും രക്ത സാക്ഷിയായാൽ പിന്നെ അബ്ദുല്ലാഹിബ്നു റവാഹ: ഇങ്ങിനെ ചുമതലപ്പെടുത്തുന്നത് മുമ്പൊന്നുമില്ലാത്ത ഒരു പ്രത്യേകതകൂടിയായിരുന്നു. കൂടാതെ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിങ്ങൾ ധീരമായി പൊരുതുക. കുട്ടികൾ, വൃദ്ധർ, സ്ത്രീകൾ, പുരോഹിതന്മാർ, മഠങ്ങളിലും മററും ആരാധനകളിൽ കഴിയുന്ന സന്യാസിമാർ എന്നിവരെ യാതൊരു കാരണവശാലും കൊലപ്പെടുത്തരുത്. ഈത്തപ്പനകൾ മുറിക്കുക, മററു മരങ്ങൾ വെട്ടി നശിപ്പിക്കുക, കെട്ടിടങ്ങൾ തകർക്കുക തുടങ്ങിയ നശീകരണ പ്രവർത്തനങ്ങളിൽ ഒരുകാരണവശാലും ഏർപ്പെടരുത്. തുടങ്ങിയ എക്കാലത്തുമുള്ള സൈനകർ പാലിക്കേണ്ടതായ വിലപ്പെട്ട പല നിർദ്ദേശങ്ങളും പ്രവാചകൻ അവർക്ക് നൽകുകയുണ്ടായി. അങ്ങിനെ പ്രവാചകനും മദീനയിൽ ശേഷിപ്പുള്ളവരും കൂടി സൈന്യത്തെ യാത്രയാക്കി.

സൈന്യം ശാമിനോടടുത്ത് എത്തിയപ്പോൾ ശാമിൽ നിന്നും പരിസരപ്രദേശങ്ങളിൽ നിന്നും സംഘടിച്ച ഒരു ലക്ഷം പേർ ഉൾപ്പെട്ട സൈന്യത്തിനു പുറമെ റോമിൽ നിന്ന് ലക്ഷം പേരടങ്ങുന്ന മറെറാരു സൈന്യത്തെ ഹിർക്കൽ രാജാവും അയച്ചിട്ടുണ്ടെന്ന വിവരം അവർക്ക് ലഭിച്ചു. ഇത് കേട്ട ചിലർ മുവ്വായിരം പേരടങ്ങുന്ന നാം എങ്ങിനെ രണ്ട് ലക്ഷത്തെ നേരിടും അത്കൊണ്ട് പ്രവാചകനെ വിവരമറിയിച്ച ശേഷമാകാം ബാക്കി കാര്യങ്ങൾ എന്ന് അഭിപ്രായപ്പെട്ടു. ഉടനെ അബ്ദുല്ലാഹിബ്നു റവാഹ(റ) ശഹീദാകാൻ താൽപ്പര്യമില്ലാത്തവരാണോ നിങ്ങൾ. നാം ഇതിൻെറ മുമ്പുണ്ടായിരുന്ന യുദ്ധങ്ങളിൽ ആളുകളുടെ ആധിക്യമോ ശക്തിയോ കണ്ടുകൊണ്ടല്ല പുറപ്പെട്ടിട്ടുള്ളത്. അല്ലാഹു നമ്മെ ആദരിച്ച് ബഹുമാനിച്ച മതത്തിനു വേണ്ടിയുള്ള ഒരു പോരാട്ടമാണിത്. രണ്ടാലൊരു നന്മ അവൻ നമുക്ക് നൽകുമെന്നത് ഉറപ്പാണ്; ഒന്നുകിൽ ശഹാദത്ത് (രക്തസാക്ഷിത്വം) അതല്ലെങ്കിൽ വിജയം !! അബ്ദുല്ലാഹിബ്നു റവാഹയുടെ സംസാരം കേട്ട എല്ലാവരും അതിനോട് അനുകൂലിച്ചു. അവർ എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിച്ച് മുന്നോട്ട് ഗമിച്ചു.

മുഅ്തത്തിൽ ഇരു വിഭാഗവും താവളമുറപ്പിച്ചു. സൈന്യങ്ങൾ പരസ്പരം കണ്ടുമുട്ടി. ചരിത്രത്തിൽ തുല്യതയില്ലാത്ത യുദ്ധം, രണ്ട് ലക്ഷത്തോട് മുവ്വായിരം പേരുടെ പോരാട്ടം ആരംഭിച്ചു. ആദ്യം മുസ്ലിം പക്ഷത്ത് നിന്നും സൈദ്ബ്നു ഹാരിഥ് പതാകയേന്തി. ശത്രുക്കളുമായി ധീരമായി പൊരുതി. അധികം താമസിയാതെ അദ്ദേഹം രക്ത സാക്ഷിയായി. പിന്നെ തൽസ്ഥാനം ജഅ്ഫറു ബ്നു അബീത്വാലിബ്(റ) ഏറെറടുത്തു. അദ്ദേഹം, ആദ്യം തൻെറ വലത് കൈ അററുവീണ ഉടനെ ഇടതു കൈയിൽ പതാക വഹിച്ചു. അതും മുറിഞ്ഞു വീണപ്പോൾ ശേഷിച്ചിരുന്ന തോൾ കൈകൾ ചേർത്തു പിടിച്ചു കൊണ്ട് പതാക വഹിക്കാൻ ശ്രമിച്ചെങ്കിലും അധികം താമസിയാതെ അദ്ദേഹ

വും രക്ത സാക്ഷിയായി. മരുച്ചുവീണപ്പോൾ അദ്ദേഹ ത്തിൻെറ ശരീരത്തിൽ തൊണ്ണൂറിലധികം മുറിവുകളുണ്ടാ യിരുന്നു എന്നും അവയെല്ലാം മുൻഭാഗത്ത് മാത്രമായിരു ന്നു എന്നും ദൃക്സാക്ഷിയായിരുന്ന ഇബ്നു ഉമർ(റ) വി ൽ നിന്ന് ഫത്ഹുൽ ബാരിയിൽ ഇബ്നു ഹജറുൽ അസ് ഖലാനി(റ) റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കൂടാതെ അദ്ദേ ഹം സ്വർഗ്ഗത്തിൽ രണ്ട് കൈകൾക്ക് പകരമെന്നോണം രണ്ട് ചിറകു കളോടെയായിരിക്കും എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അത്കൊണ്ട് തന്നെ ചരിത്രത്തിൽ ജഅ്ഫറു ത്വയ്യാർ (പറക്കുന്ന ജഅ്ഫർ) എന്നാണ് അദ്ദേ ഹം അറിയപ്പെടുന്നത്. മുപ്പത്തിമൂന്ന് വയസ്സായിരുന്നു അന്ന് അദ്ദേഹത്തിൻെറ പ്രായം.

പിന്നീട് അബ്ദുല്ലാഹിബ്നു റവാഹ(റ)വിൻെറ ഊഴമായി രുന്നു. അദ്ദേഹവും ഏറെ താമസിയാതെ ശഹീദായി. ശേ ഷം ഖാലിദു ബ്നുൽ വലീദ്(റ) നേതൃത്വം ഏററെടുത്തു. അദ്ദേഹം, നേരത്തെ സൈന്യത്തിൻെറ പിൻനിരയിലുണ്ടാ യിരുന്നവരെ മുന്നിലേക്കും ഇടത് ഭാഗത്തുണ്ടായിരുന്ന വരെ വലതു ഭാഗത്തേക്കും; വലത് ഭാഗത്തുണ്ടായിരുന്ന വരെ ഇടത് ഭാഗത്തേക്കും മാററി ക്രമീകരിച്ചുകൊണ്ട് മു ന്നേറി. ഇത് കണ്ട ശത്രുക്കൾ മുസ്ലിംകൾക്ക് പുതിയ സൈന്യം എത്തിയിട്ടുണ്ടെന്ന് കരുതി ഭയപ്പെട്ട് പിൻമാറി. അതോടെ യുദ്ധം അവസാനിക്കുകയും ചെയ്തു. മുവ്വാ യിരം പേർ രണ്ട് ലക്ഷം പേരുമായി ഏററു മുട്ടിയിട്ടുകൂടി പന്ത്രണ്ട് പേർ മാത്രമാണ് മുസ്ലിം പക്ഷത്ത് നിന്നും ശ ഹീദായത്. ശത്രുപക്ഷത്ത് നിന്നാകട്ടെ നിരവധിയാളുകൾ കൊല്ലപ്പെട്ടു.

## മക്കാ വിജയം





അല്ലാഹു തൻെറ മതത്തിനും അതിൻെറ അനുയായികൾ ക്കും നൽകിയ അതിമഹത്തായ വിജയങ്ങളിൽ ഒന്നാണ് മക്കാ വിജയം. അതു മുഖേന മനുഷ്യ സമൂഹത്തിനാക മാനം സന്മാർഗ്ഗവും നിർഭയത്വവുമായി നിശ്ചയിക്കപ്പെട്ട കഅബാ മന്ദിരവും അതുൾക്കൊള്ളുന്ന രാജ്യവും ശുദ്ധീ കരിക്കപ്പെട്ടു. ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്ലാമിലേക്ക് പ്രവേശിക്കുവാനും ഇസ്ലാമിൻെറ യശസ്സ് ഭൂമുഖത്താകെ വ്യാപിക്കുവാനും അത് കാരണമായി.

ഹുദൈബിയ്യയിൽ വെച്ച് മുസ്ലിംകളും മുശ്രികുകളും തമ്മിൽ ഒപ്പിട്ട് കൈമാറിയ സന്ധി വ്യവസ്ഥ പ്രകാരം ഇ രുവിഭാഗവുമായി സഖ്യത്തിലേർപ്പെടുന്ന കക്ഷികൾക്കും പ്രസ്തുത വ്യവസ്ഥകൾ പാലിക്കൽ ബാധകമായിരുന്നു. എന്നാൽ മുശ്രികളുമായി സഖ്യത്തിലേർപ്പെട്ടിരുന്ന ബ ക്ര് ഗോത്രം മുസ്ലിം സഖ്യ കക്ഷിയിൽ പെട്ട ഖുസാഅഃ ഗോത്രത്തെ അക്രമിച്ചതായിരുന്നു പ്രസ്തുത വിജയത്തി ൽ കലാശിച്ച യുദ്ധത്തിന് നിമിത്തമായി വർത്തിച്ചത്. ഹി ജ്റഃ എട്ടാം വർഷത്തിലായിരുന്നു പ്രസ്തുത സംഭവം.

ബക്റ് ഗോത്രം ഖുസാഅയെ ആക്രമിച്ചപ്പോൾ മുശ്രികു കൾ സന്ധി ലംഘിച്ചുകൊണ്ട് ബക്റുകാർക്ക് രഹസ്യമാ യി ആയുധങ്ങൾ എത്തിച്ചുകൊടുത്തു. തന്നെയുമല്ല ബ ക്റ് സൈന്യത്തോടൊപ്പം അവരുടെ നേതാക്കൾ യുദ്ധ ത്തിൽ പങ്കാളികളാവുകയും ചെയ്തു.

ഖുസാഅഃ ഗോത്രം ആത്മ രക്ഷാർത്ഥം ഹറമിൽ പ്രവേ ശിച്ചപ്പോൾ ബക്റുകാരുടെ നേതാവ് നൗഫൽ സ്വന്തം അനുയായികളുടെ വിലക്കുകൾ പോലും ലംഘിച്ച് പരി ശുദ്ധ ഹറമിൽ പ്രവേശിച്ചവരെ ആക്രമിക്കുകയുണ്ടായി.

ഈ സന്ദർഭത്തിൽ അവർ അംറു ബ്നു സാലിമുൽ ഖു സാഇയുടെ നേതൃത്വത്തിൽ പ്രവാചകൻ (സ) യുടെ അ

ടുക്കൽ ചെന്ന് സഹായം തേടുകയും പ്രവാചകൻ(സ) അവർക്ക് സഹായം വാഗ്ദാനം നൽകുകയും ചെയ്തു.

ഖുറൈശികളുടെ കരാർ ലംഘനവും വഞ്ചനയും മനസ്സിലാക്കിയ അബൂസുഫ്യാൻ അന്നേരം തന്നെ സന്ധി വ്യവസ്ഥകൾ പുന: സ്ഥാപിച്ചു കിട്ടാനായി മുസ്ലിംകളുമായി സംസാരിക്കാനായി നേരെ മക്കയിലേക്ക് പുറപ്പെട്ടു. അദ്ദേഹം നേരെ ചെന്നത് പ്രവാചകൻ (സ)യുടെ വീട്ടിലേക്ക് ആയിരുന്നു. അവിടെ തൻെറ മകളും പ്രവാചക പത്നിമാരിൽ ഒരാളുമായ ഉമ്മു ഹബീബ: (റ) മാത്രമായിരുന്നു അന്നേരം ഉണ്ടായിരുന്നത്. അവർ പിതാവ് കയറി വരുന്നത് കണ്ട ഉടനെ പ്രവാചകൻ (സ) ഉപയോഗിക്കുന്ന വരിപ്പ് മടക്കി വെക്കുകയുണ്ടായി ഉടനെ അബൂസുഫ്യാൻ ചോദിച്ചു ''ആ വിരിപ്പിന് ഞാൻ പററാത്തത് കൊണ്ടോ, അതല്ല ആ വരിപ്പ് എനിക്ക് പററാത്തത് കൊണ്ടോ !? എന്താണ് നീ അത് മടക്കി വെച്ചത് ?'' റസൂൽ (സ)യുടെ വിരിപ്പിൽ ഇരിക്കാൻ നിങ്ങൾക്ക് അർഹതയില്ല; നിങ്ങൾ മുശ്രിക്കും നജസുമാണ്. അവർ യാതൊരു മടിയും കൂടാതെ മറുപടി പറഞ്ഞു!!. എന്നെ പിരിഞ്ഞതി ന് ശേഷം നീ ഒരു പാട് മോശമായിട്ടുണ്ട് എന്നു മാത്രം പറഞ്ഞ് അബൂ സുഫ്യാൻ ഇറങ്ങി നടന്നു.

നോക്കൂ കഴിഞ്ഞു പോയ നമ്മുടെ മുൻ തലമുറയുടെ ജീവിത മാതൃകകൾ! തങ്ങളുടെ മാതാപിതാക്കളേക്കാളും മക്കളേക്കാളും മററു സർവ്വ ജനങ്ങളേക്കാളും അല്ലാഹുവിൻെറ റസൂലിനെ സ്നേഹിക്കുമ്പോൾ മാത്രമെ വിശ്വാസിയാവുകയുള്ളൂ (നബി വചനം). എന്നും ഭർത്താക്കളുടെ അസാന്നിധ്യത്തിൽ ഭർത്താവിന് ഇഷ്ടമില്ലാത്തവരെ തങ്ങളുടെ വീട്ടിൽ പ്രവേശിപ്പിക്കരുത് എന്നീ കൽപ്പനകൾ എല്ലാം എത്ര ശ്രദ്ധാപൂർവ്വമായിരുന്നത് അവർ പാലിച്ചു പോന്നിരുന്നത് !? ഇത്തരം മഹനീയ മാതൃ കകൾ ആധുനിക തലമുറ ഉൾക്കൊണ്ടിരുന്നുവെങ്കിൽ . . . . .!





പ്രതീക്ഷിച്ച പോലെ മകളിൽ നിന്നും തനിക്ക് യാതൊരു സഹായവും ലഭിക്കില്ലെന്ന് മനസ്സിലാക്കയ അബൂ സുഫ്യാൻ പിന്നെ നബി(സ), അബൂബക്കർ, ഉമർ(റ) എന്നിവരെയെല്ലാം ചെന്നു കണ്ടെങ്കിലും പ്രതികരണം നിരാശാജനകമായിരുന്നു.

ഖുറൈശികൾ സന്ധി ലംഘിച്ച് വഞ്ചനയും ആക്രമണവും നടത്തിയത് അറിഞ്ഞ പ്രവാചകൻ (സ) വലിയ ഒരു സൈന്യവുമായി മക്കയിലേക്ക് പുറപ്പെട്ടു. വഴിക്കു വെച്ച് ധാരാളം ആളുകൾ സൈന്യത്തിൽ ചേരുകയും ചെയ്തു. ഹിജ്റ എട്ടാം വർഷം റമദാൻ പത്തിന് ആയിരുന്നു ഇത്. പതിനായിരം പേരിൽ കുറയാത്ത എണ്ണമായിരുന്നു പ്രസ്തുത സൈന്യത്തിലെ അംഗ സംഖ്യ. നബി(സ)യും അനുയായികളും മക്കയെ ലക്ഷ്യം വെച്ച് നീങ്ങുന്നത് രഹസ്യമാക്കിവെക്കാൻ നബി(സ) അനുയായികളോട് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ഒരു വലിയ സംഘട്ടനവും രക്തച്ചൊരിച്ചിലും ഒഴിവാകുവാകുവാനും എന്നാൽ കഅബയുടേയും മക്കയുടേയും പവിത്രത കാത്തു സൂക്ഷിക്കാൻ ഇനി അത് തങ്ങൾക്ക് ലഭ്യമാക്കുകയും വേണം എന്ന മനസ്സായിരുന്നു ഈ പുറപ്പാടിൻേറയും രഹസ്യമാക്കലിൻേറയും പിന്നിലുള്ള ലക്ഷ്യം.

എന്നാൽ സഹാബിയായ ഹാതിബ് ബ്നു അബീ ബൽതഅ (റ) നബി(സ)യുടെ കൽപ്പനക്ക് വിരുദ്ധമായി വിശ്വാസികളുടെ പുറപ്പാടിനെ സംബന്ധിച്ച് ഖുറൈശികളെ വിവരമറിയിക്കുന്ന ഒരു കത്ത് ഒരു സ്ത്രീ വശം രഹസ്യമായി കൊടുത്തയക്കുകയുണ്ടായി. ഇത് അല്ലാഹു വഹ്യു മുഖേനെ നബി(സ)ക്ക് അറിയിച്ചു കൊടുത്തു. വിവ

രം അറിഞ്ഞ ഉടനെ പ്രവാചകൻ(സ) അലി, സുബൈർ, മിഖ്ദാദ് (റ) എന്നിവരെ വിളിച്ചു മക്കയിലേക്കുള്ള വഴിമദ്ധ്യെ എത്തിയിട്ടുള്ള പ്രസ്തുത സ്ത്രീയെ ചെന്നു കണ്ട് എഴുത്ത് വാങ്ങിച്ചു വരാൻ പറഞ്ഞയച്ചു. നബിയുടെ നിർദ്ദേശവും അടയാളങ്ങളുമനുസരിച്ച് അവർ സ്ത്രീയെ കണ്ടെത്തി എഴുത്ത് ആവശ്യപ്പെട്ടപ്പോൾ അവൾ ആദ്യം നിഷേധിച്ചു. തൽസമയം എഴുത്ത് തന്നില്ലെങ്കിൽ ഞങ്ങൾ വസ്ത്രാക്ഷേപം നടത്തും എന്ന് പറഞ്ഞപ്പോൾ അവൾ തൻെറ മുടിക്കെട്ടിനുള്ളിൽ ഒളിപ്പിച്ച് വെച്ചിരുന്ന എഴുത്ത് എടുത്ത് കൊടുത്തു. കത്ത് പ്രവാചകന് ലഭിച്ച ഉടനെ ഹാത്വിബ്(റ) വിനെ വിളിച്ച് നബി (സ) കാരണം തിരക്കി. ഉടനെ അദ്ദേഹം പറഞ്ഞത് ''നബിയേ, ഞാൻ മതത്തിൽ നിന്നും പുറത്ത് പോവുകയോ അവിശ്വാസത്തെ ഇഷ്ടപ്പെടുകയോ ചെയ്തിട്ടില്ല. മററു മുഹാജിറുകൾക്കെല്ലാം മക്കയിലെ അവരുടെ സ്വത്ത് സംരക്ഷിക്കാൻ കുടുംബക്കാരുണ്ട്. എനിക്ക് അങ്ങിനെ ആരുമില്ല. അതിനാൽ എൻെറ പ്രവർത്തനം മുഖേനെ ഖുറൈശികൾക്ക് എന്നോട് ഒരു അനുകമ്പ തോന്നി എൻെറ സ്വത്ത് സംരക്ഷിക്കപ്പെടുന്നതിന് വേണ്ടി ചെയ്തുപേയതാണ്'' എന്നു പറഞ്ഞു. അന്നേരം പ്രവാചകൻ (സ) അവൻ സത്യം പറഞ്ഞിരിക്കുന്നു എന്ന് പറഞ്ഞു. അന്നേരം ഉമർ(റ) നബിയേ, ഞാൻ അവൻെറ കഴുത്ത് വെട്ടിക്കൊള്ളട്ടെ എന്നു ചോദിക്കുന്നുണ്ടായിരുന്നു. പ്രവാചകൻ(സ) അന്നേരം സ്വഹാബികളെ ശാന്തരാക്കിക്കൊണ്ട് പറഞ്ഞു: ''അദ്ദേഹം ബദറിൽ പങ്കെടുത്ത വ്യക്തിയാണ്, അല്ലാഹു അവർക്ക് പൊറുത്ത് കൊടുത്തിരിക്കുന്നു. '' തുടർന്ന് ഖുർആൻ 60ാം അദ്ധ്യായമായ സൂറത്ത് മുംതഹിനയിലെ ആദ്യ വചനങ്ങൾ അവതരിച്ചു. അത് ഇപ്രകാരമാണ്, ''ഹേ, സത്യവിശ്വാസികളേ, എൻെറ ശത്രുവും നിങ്ങളുടെ ക



മുഹമ്മദ് നബി(ﷺ) ചരിത്ര സംഗ്രഹം سيرة النبي صلى الله عليه وسلم

ത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധം സ്ഥാപിച്ചു കൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കരുത്. നിങ്ങൾ നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൽ വിശ്വസിക്കുന്നതിനാൽ റസൂലിനേയും നിങ്ങളേയും അവർ നാട്ടിൽ നിന്നു പുറത്താക്കുന്നു. എൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുവാനും എൻെറ പ്രീതി തേടുവാനും നിങ്ങൾ പുറപ്പെട്ടിരിക്കുകയാണെങ്കിൽ (നിങ്ങൾ അപ്രകാരം മൈത്രീ ബന്ധം സ്ഥാപിക്കരുത്). നിങ്ങൾ അവരുമായി രഹസ്യമായി സ്നേഹബന്ധം സ്ഥാപിക്കുന്നു.നിങ്ങൾ രഹസ്യമാക്കിയതും പരസ്യമാക്കിയതും ഞാൻ നല്ലവണ്ണം അറിയുന്നവനാണ്. നിങ്ങളിൽ നിന്ന് വല്ലവനും അപ്രകാരം പ്രവർത്തിക്കുന്ന പക്ഷം അവൻ നേർമാർഗ്ഗത്തിൽ നിന്നു പിഴച്ചുപോയിരിക്കുന്നു. അവർ നിങ്ങളെ കണ്ടുമുട്ടുന്ന പക്ഷം അവർ നിങ്ങൾക്ക് ശത്രുക്കളായിരിക്കും. നിങ്ങളുടെ നേർക്ക് ദുഷ്ടതയും കൊണ്ട് അവരുടെ കൈകളും നാവുകളും അവർ നീട്ടുകയും നിങ്ങൾ അവിശ്വസിച്ചിരുന്നെങ്കിൽ എന്ന് അവർ ആഗ്രഹിക്കുകയും ചെയ്യും.'' (സൂറ: മുംതഹിന: 1,2).

നബി(സ)യും അനുയായികളും മക്കയെ ലക്ഷ്യം വെച്ച് നടന്നു നീങ്ങി. വഴിയിൽ വെച്ച് അബ്ബാസു ബ്നു അബ്ദിൽ മുത്തലിബും കുടുംബവും മുസ്ലിമായിക്കൊണ്ട് മദീനയിലേക്ക് മുഹാജിറുകളായി പുറപ്പെട്ടു വരുന്നത് കണ്ടു. പ്രവാചകൻ അന്നേരം കുടുംബത്തെ മദീനയിലേക്ക് അയച്ച് അദ്ദേഹത്തോട് തൻെറ വിശ്വാസം രഹസ്യമാക്കി വെക്കാൻ ആവശ്യപ്പെട്ടു. നബി(സ)യും അനുയായികളും മക്കയുടെ കവാടമായ മർറു ദ്വഹ്റാനിൽ എത്തിയപ്പോൾ നബി(സ) അനുയായികളോട് തീപന്തം കത്തിക്കുവാൻ ആവശ്യപ്പെട്ടു പതിനായിരത്തിലധികം വരുന്ന

സൈന്യം തീപന്തവുമേന്തി വരുന്നത് കണ്ട ഖുറൈശി കൾ അമ്പരന്നു.

വഴിക്കുവെച്ച് തീപ്പന്തം കണ്ട അബൂ സുഫ്യാൻ കൂടെ യുണ്ടായിരുന്ന ഹകീമു ബ്നു ഹുസാം, ബുദൈലു ബ്നു വർഖാഅ് എന്നിവരോട് എന്താണ് നാം ഇക്കാണുന്നത് അറഫയാണോ ? എന്ന് പരിഭ്രാന്തിയോടെ വിളിച്ചു പറ യാൻ തുടങ്ങി. അറഫയിലല്ലാതെ ഇങ്ങനെ ഒരു രംഗം അവർക്ക് പരിചയമില്ലായിരുന്നു. തൽസമയത്ത് അബ്ബാ സുബ്നു അബ്ദുൽ മുത്തലിബ് അവരുടെയടുക്കൽ അ വർക്ക് ഭയം ജനിക്കുന്ന വിധം പ്രവാചകൻെറ ആഗമന ത്തെക്കുറിച്ച് അറിയിച്ചു. ഭയവിഹ്വലനായ അബൂ സുഫ് യാനും കൂട്ടുകാരും അബ്ബാസ് (റ)വിനോട് സംരക്ഷണം ആവശ്യപ്പെടുകയും അദ്ദേഹം അവർക്ക് സംരക്ഷണം നൽകി നേരെ പ്രവാചകൻെറയടുക്കൽ ഹാജറാക്കുക യും ചെയ്തു. രംഗം കണ്ട ഉമർ(റ), അബൂ സുഫ്യാനെ വധിക്കുന്നതിന് പ്രവാചകനോട് അനുവാദം ചോദിച്ചു. പ്രവാചകൻ (സ) ഉമറിനോട് ശാന്തമാകാൻ ആവശ്യപ്പെ ട്ടു. അബ്ബാസ്(റ) വിനോട് അബൂസുഫ്യാനേയും കൊണ്ട് തൻെറ ടൻറിലേക്ക് പോകുവാനും നേരം പുലർന്ന ശേഷം അവരെ പ്രവാചകൻ(സ)യുടെ മുന്നിൽ ഹാജ രാക്കുവാനും പറഞ്ഞു.

ഒരു രാത്രി വിശ്വാസികളോടൊപ്പം കഴിയാൻ അവസരം ലഭിച്ച അബൂ സുഫ്യാൻ വിശ്വാസികൾക്കിടയിലെ പ്രവാ ചകൻെറ സ്ഥാനവും അദ്ദേഹത്തോട് അനുയായികൾ ക്കുണ്ടായിരുന്ന സ്നേഹവും കണ്ട് അമ്പരന്ന്; ഇങ്ങിനെ പറഞ്ഞു: ''കിസ്റയുടേയും കൈസറിൻേറയും അടുക്ക ൽ പോലും കണ്ടിട്ടില്ലാത്ത വല്ലാത്ത സ്നേഹബന്ധം !! അൽഭുതം തന്നെ !!''





അടുത്ത ദിവസം അബ്ബാസ് (റ) അബൂ സുഫ്യാനേയും കൊണ്ട് പ്രവാചകൻെറയടുക്കൽ ചെന്നു. പ്രവാചകൻ (സ) അദ്ദേഹത്തോട് അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് നിനക്ക് ബോധ്യമായോ ? എന്ന് ചോദിച്ചു. അദ്ദേഹം പറ ഞ്ഞു: ''ഇത് വരേക്കും ഒരു ദൈവവും എന്നെ സഹായി ച്ചിട്ടില്ല'' പിന്നീട് പ്രവാചകൻ ചോദിച്ചു: ''ഞാൻ അല്ലാഹു വിൻെറ റസൂലാണ് എന്നതിൽ നിനക്ക് ഇനിയും സംശയ മുണ്ടോ ?'' അതും അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടതായി അ റിയിച്ചു. പിന്നീട് ഒട്ടും താമസമുണ്ടായില്ല; ഇസ്ലാമിനും മുസ്ലിംകൾക്കുമെതിരിൽ ഒരു പാട് യുദ്ധങ്ങങ്ങൾക്ക് നായകത്വം വഹിച്ച അദ്ദേഹം ശഹാദത്ത് ഉച്ചരിച്ച് ഇസ് ലാമിൻെറ കാവൽ ഭടനായി മാറി.

നബിയും അനുയായികളും സംഘം സംഘമായി മക്കയി ൽ പ്രവേശിച്ചു. ഖുറൈശികൾ ഭയവിഹ്വലരായി നോക്കി നിൽക്കുക മാത്രം ചെയ്തു. തടിച്ചുതിങ്ങി നിൽക്കുന്ന ജനങ്ങളെ നോക്കി അവർ കാണത്തക്ക നിലയിൽ അബൂ സുഫ്യൻ (റ) വിനെ മുന്നിൽ നിർത്തിക്കൊണ്ട് പ്ര വാചകൻ വിളിച്ചു പറഞ്ഞു : ''വല്ലവരും സ്വന്തം വീടുക ളിൽ കടന്ന് വാതിൽ അടച്ചു നിന്നാൽ അവന് അഭയ മു ണ്ട്, പള്ളിയിൽ പ്രവേശിക്കുന്നവർക്കും അഭയമുണ്ട്, അ പ്രകാരം അബൂസുഫ്യാൻെറ വീട്ടിൽ കയറി നിൽക്കുന്ന വർക്കും അഭയമുണ്ട്.''

പിന്നീട് പ്രവാചകനും അനുയായികളും കഅബയെ ല ക്ഷ്യം വെച്ച് നീങ്ങി കഅബയെ ഏഴ് പ്രവശ്യം ത്വവാഫ് ചെയ്തു. കഅബക്ക് ചുററുമായി സ്ഥാപിക്കപ്പെട്ടിരുന്ന മുന്നൂറിൽ പരം വിഗ്രഹങ്ങളെ എടുത്തുമാററി. അന്നേരം പ്രവാചകൻ(സ) ''ജാഅൽ ഹഖ്ഖു വ സഹഖൽ ബാത്വി ലു ഇന്നൽ ബാത്വില കാന സഹൂഖാ (സത്യം വന്നിരിക്കു

ന്നു. അസത്യം മാഞ്ഞുപോയിരിക്കുന്നു. നിശ്ചയം അസത്യം മാഞ്ഞുപോകുന്നതാകുന്നു'' എന്ന ഖുർആനിക വചനം (ഇസ്റാഅ് 81) ഉരുവിട്ടുകൊണ്ടേയിരുന്നു. ശേഷം കഅബ തുറക്കാനാവശ്യപ്പെടുകയും അതിലുണ്ടായിരുന്ന ഇബ്റാഹീം നബിയുടേയും ഇസ്മാഈൽ നബിയുടേയും അടക്കം എല്ലാ ബിംബങ്ങളും പുറത്തേക്ക് എടുത്തിട്ട് തൻെറ കയ്യിലുണ്ടായിരുന്ന വടികൊണ്ട് തല്ലിത്തകർത്തു.

കഅബക്ക് അകത്ത് കയറി പ്രവാചകൻ രണ്ട് റക്അത്ത് നമസ്കരിച്ചു. മക്കക്കാർ കഅബക്ക് ചുററും തടിച്ചുകൂടിയിട്ടുണ്ട്. ഇനി എന്തായിരിക്കും സംഭവിക്കാൻ പോകുന്നത് എന്ന് വ്യാകുലചിത്തരായി നോക്കിനിൽക്കുകയാണ്. തങ്ങളുടെ എല്ലാ അടവുകളും പരാജയപ്പെട്ടതായി അവർക്ക് ബോദ്ധ്യമായി. നബി(സ)യുടെ മുഖത്തേക്ക് കാർക്കിച്ച് തുപ്പിയവർ, കഴുത്തിൽ മുണ്ടിട്ട് മുറുക്കി കൊല്ലാൻ ശ്രമിച്ചവർ, നാട്ടിൽ നിന്നും ആട്ടിയോടിച്ചവർ, കൂക്കി വിളിച്ചവർ എല്ലാവരും പ്രവാചകൻെറ മുഖത്തേക്ക് തുറിച്ചു നോക്കി, വിറപൂണ്ട മനസ്സുമായി എന്താണ് ചെയ്യേണ്ടത് എന്ന് അറിയാതെ പേടിച്ചു നിൽക്കുകയാണ്. ഇന്ന് എന്തായാലും ഒരു അറുകൊലയുടെ ദിവസം തന്നെയായിരിക്കും എന്ന് കണക്ക് കൂട്ടി നിൽക്കുന്നവരോടായി പ്രവാചകൻ (സ) അടുത്ത് ചെന്ന് ചോദിച്ചു: ''ഞാൻ നിങ്ങളെ എന്ത് ചെയ്യുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത് ? '' അവർ പറഞ്ഞു: ''നല്ലത് മാത്രമായിരിക്കും താങ്കൾ പ്രവർത്തിക്കുക. താങ്കൾ ഒരു മാന്യനാണ് മാന്യൻെറ പുത്രനുമാണ്''. അന്നേരം പ്രവാചകൻ (സ) പ്രഖ്യാപിക്കുകയാണ്: ''എൻെറ മുൻ പ്രവാചകരിൽ ഒരാളായ യൂസുഫ് (അ) തൻെറ സഹോദരങ്ങളോട് പറഞ്ഞ വാക്കുകളാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത് : ലാ തഥ്‌രീബ അ





ലൈക്കുമുൽ യൗമ, ഇദ്ഹബൂ അൻതുമു ത്ത്വുലഖാഅ് (ഇല്ല, നിങ്ങളോട് യാതൊരു പ്രതികാര നടപടികൾക്കും മുതിരുന്നില്ല; പൊയ്ക്കൊള്ളുക നിങ്ങളെയെല്ലാം വെറുതെ വിട്ടിരിക്കുന്നു''. എന്തൊരു വിശാലമായ പൊതുമാപ്പ് !! കാരുണ്യത്തിൻെറ ദിനം. ചരിത്രത്തിൽ തുല്യത കാണാത്ത ഒരു മാതൃക !!

പിന്നീട് ബിലാൽ (റ)വിനോട് ബാങ്ക് വിളിക്കാൻ ആവശ്യപ്പെടുകയും അങ്ങിനെ അല്ലാഹു അക്ബർ . . അശ്ഹദു അൻ. . . ലാ ഇലാ ഹ ഇല്ലല്ലാഹു .. . . . അശ്ഹദുഅന്ന മുഹമ്മദൻ റസൂലുല്ലാഹ്. .. എന്ന ശബ്ദം അന്നു മുതൽ ഇന്നുവരേയും, ശേഷം അല്ലാഹു ഉദ്ദേശിക്കുന്നത്രയും കാലം അവിടെയും ലോകത്തിൻെറ മറെറല്ലാ ദിക്കുകളിലും മുഴങ്ങിക്കൊണ്ടേയിരിക്കുന്നു. ലോകത്തിൻെറ സമയഗണ നയിലെ വ്യത്യാസമനുസരിച്ച് എല്ലാ നേരവും ലോകത്ത് ബാങ്കിൻെറ പദങ്ങൾ മുഴങ്ങിക്കൊണ്ടേയിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. ഹിജ്റ: എട്ടാം വർഷം റമ ദാൻ 17 ന് ആയിരുന്നു പ്രസ്തുത സംഭവം. 20ന് ആയിരുന്നു എന്നും അഭിപ്രായമുണ്ട്. അങ്ങിനെ യാതൊരു രക്തച്ചൊരി ച്ചിലുമില്ലാതെ കഅബയും അത് നിലകൊള്ളുന്ന പ്രദേശങ്ങളും തീർത്തും വിഗ്രഹങ്ങളിൽ നിന്നും ശിർക്കിൽ നിന്നും മുക്തമായി. ''ഇന്നാ ഫതഹ്നാ ലക ഫത്ഹൻ മുബീനാ'' (തീർച്ചയായും താങ്കൾക്ക് നാം പ്രത്യക്ഷമായ ഒരു വിജയം നൽകിയി രിക്കുന്നു) (സൂറ: ഫത്ഹ്) എന്ന അല്ലാഹുവിൻെറ പ്രഖ്യാപനം പുലരുക തന്നെ ചെയ്തു.

പിന്നീട് നബി(സ) കഅബയുടെ താക്കോൽ നേരത്തെ അതിൻെറ കൈവശക്കാരനായിരുന്ന ഉഥ്മാനുബ്നു ത്വൽഹ (റ) വിനെ വിളിച്ച് തിരിച്ച് ഏൽപ്പിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: ''ഇന്ന് നന്മയുടെയും കരാർ പൂർത്തീകരണ

ത്തിൻേറയും ദിവസമാണ്.'' ശേഷം പ്രവാചകൻ(സ) ഖുറൈശികളെ അഭിമുഖീകരിച്ച് ഒരു പ്രസംഗം നടത്തുകയുണ്ടായി. അതിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു: '' പൂർവ്വീകമായി നിലനിന്നു വരുന്ന ജാഹിലിയ്യത്തിൻെറ എല്ലാവിധ ജാടകളും താൻ പോരിമയും അല്ലാഹു ഇതാ നീക്കിക്കളഞ്ഞിരിക്കുന്നു. ശേഷം ''മനുഷ്യരേ, നിങ്ങളെ ഒരേ ആണിൽ നിന്നും പെണ്ണിൽ നിന്നുമാണ് നാം സൃഷ്ടിച്ചിരിക്കുന്നത് '' എന്ന ഖുർആനിക വചനം പ്രവാചകൻ പാരായണം ചെയ്തു. അടുത്ത ദിവസവും പ്രവാചകൻ സമൂഹത്തെ അഭിമുഖീകരിച്ച് പ്രസംഗിച്ചു. ''അല്ലാഹു ആകാശ ഭൂമികളുടെ സൃഷ്ടിപ്പ് നാൾ തൊട്ട് പവിത്രമായി ആദരവ് കൽപ്പിച്ചിട്ടുള്ള പ്രദേശമാണ് മക്ക. അത് അന്ത്യനാൾ വരെ പവിത്രതയോടെ നിങ്ങൾ കാത്ത് സൂക്ഷി ക്കേണ്ടതുണ്ട് ''എന്ന് പ്രത്യേകം ഊന്നിപ്പറഞ്ഞു. തുടർന്ന് പത്തൊമ്പത് ദിവസം പ്രവാചകനും അനുയായികളും മക്കയിൽ താമസിച്ചു ശേഷം മദീനയിലേക്ക് തന്നെ തിരിച്ചു പോകുകയും ചെയ്തു. അതിന്നിടയിൽ ധാരാളം സ്ത്രീ പുരുഷന്മാർ ഇസ്ലാമിൽ പ്രവേശിച്ച് പ്രവാചക ൻെറയടുക്കൽ വന്ന് ബൈഅത്ത് ചെയ്യുകയുണ്ടായി. അതോടെ മക്കയുടെ ആധിപത്യം പരിപൂർണ്ണമായും മുസ് ലിംകളുടെ കൈകളിലായിത്തീർന്നു.

## ഹുനൈൻ യുദ്ധം

മക്കം ഫത്ഹ്ന് ശേഷം അധികം കഴിയുന്നതിന് മുമ്പ് തന്നെ മുസ്ലിംകൾക്ക് മറെറാരു യുദ്ധത്തിന് തയ്യാറെടുക്കേണ്ടതായി വന്നു. മക്ക മുസ്ലിംകൾക്ക് കീഴ്പ്പെട്ടതോടുകൂടി പരിസര ഗോത്രങ്ങളെല്ലാം മുസ്ലിംകൾക്ക് കീഴ്പ്പെട്ടുവെങ്കിലും ഹവാസിൻ, ഥഖീഫ് ഗോത്രങ്ങൾ നബി





(സ)ക്ക് കീഴടങ്ങാൻ തയ്യാറായില്ല എന്നുമാത്രമല്ല അവർ ഒരു പ്രതികാര ബുദ്ധിയോടെ പ്രവാചകനും മുസ്ലിംകൾക്കുമെതിരിൽ തിരിയാൻ തീർച്ചപ്പെടുത്തുകയും അതിനായുള്ള ചരടുവലി ആരംഭിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ വേണ്ട തീരുമാനമെടുത്ത് എത്രയും പെട്ടന്ന് ഒരു യുദ്ധത്തിനായുള്ള പടയൊരുക്കാൻ മാലിക് ബ്നു ഔഫിനെ അവർ ചുമതലപ്പെടുത്തുകയും ചെയ്തു. തന്ത്രശാലിയായ മാലികിൽ നേതൃത്വം വന്നു ചേർന്നതോടെ ഹുനൈനിൽ മുസ്ലിംകൾക്ക് പരിചയമില്ലാത്ത മലമ്പാത തിരഞ്ഞെടുത്തു. നബിയുടെ പോററുമാതാവായിരുന്ന ഹലീമ യുടെ ഗോത്രമായ ബനൂ സഅദ് അടക്കം പല ഗോത്രങ്ങ ളുടേയും സഹകരണവും സഹായവും ഇക്കാര്യത്തിലേ ക്ക് കയ്യിലെടുത്തു കഴിഞ്ഞ ശേഷമായിരുന്നു ഈ നീക്കങ്ങളെല്ലാം. പിന്തിരിഞ്ഞ് ഓടാതിരിക്കാൻ സൈന്യത്തിൻെറപുറകി ലായി സ്ത്രീകളേയും കുട്ടികളേയും അണി നിരത്തുകയും ചെയ്തു.

ഈ നീക്കങ്ങൾ മനസ്സിലാക്കിയ പ്രവാചകൻ (സ) മക്കം ഫത്ഹിനായി തന്നോടൊപ്പം വന്നിരുന്ന 10 000 പേരും അതോടൊപ്പം മക്കയിൽ നിന്നുള്ള 2000 പേരുമടങ്ങുന്ന പന്ത്രണ്ടായിരം പേരടങ്ങുന്ന ഒരു വമ്പിച്ച സൈന്യവുമായി ഹുനൈനിലേക്ക് പുറപ്പെട്ടു. ഹിജ്റ എട്ടാം വർഷം ശവ്വാൽ അഞ്ചിനായിരുന്നു അത്. നബി(സ), അമുസ്ലിമായിരുന്ന സ്വഫ്വാനുബ്നു ഉമയ്യയിൽ നിന്ന് പോലും ഈ യുദ്ധത്തിന് വേണ്ടി വാളുകളും അങ്കികളും കടം വാങ്ങിയിരുന്നു; എന്നത് ഇക്കാലത്ത് നാം പ്രത്യേകം വിലയിരുത്തേ ണ്ട കാര്യമാണ്.

ഹുനൈനിലേക്കുള്ള യാത്രാമധ്യേ ഉണ്ടായ ഒരു സംഭവം പ്രത്യേകം സ്മരണീയമാണ്. ഇമാം തിർമുദി

റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രസ്തുത സംഭവത്തിൻെറ ചുരുക്കം ഇപ്ര കാരമാണ്: ഖുറൈശികൾക്ക് യുദ്ധത്തിൽ വിജയവും ബർക്കത്തും (അനുഗ്രഹവും) ലഭിക്കുന്ന തിനു വേണ്ടി യുദ്ധോ പകരണങ്ങൾ കൊളുത്തിയിട്ട് അവിടെ ഭജനമിരിക്കുകയും ബലിനടത്തുകയും ചെയ്യു ന്നതിന് 'ദാതു അൻവത്' (കൊളുത്ത് മരം) എന്ന പേരിൽ ഒരു മരമുണ്ടായിരുന്നു. ഇസ്ലാമിലേക്ക് വന്നിട്ട് അധികകാലമായിട്ടില്ലായിരുന്ന വിശ്വാസികളിൽ ചിലർ ഇത് കണ്ടപ്പോൾ പ്രവാചകനോട് ഇങ്ങനെ പറഞ്ഞു: ''നബിയേ, അവർക്ക് (മുശ്രികുകൾക്ക്) ദാത്വു അൻവാത് ഉള്ളത്പോലെ നമുക്കും ഒരു ദാത് അൻവാ ത് നിശ്ചയിച്ചു തരൂ. ഇത് കേട്ട പ്രവാചകൻ (സ) പറഞ്ഞു: അല്ലാഹു അക്ബർ !! നിങ്ങൾ ഇപ്പോൾ ആവശ്യപ്പെട്ടത് മുമ്പ് പ്രവാചകനായ മൂസ(അ) യുടെ ജ നത 'അവർക്ക് ഇലാഹുകൾ (ദൈവങ്ങൾ) ഉള്ളത്പോലെ ഞങ്ങൾക്കും ഒരു ഇലാഹിനെ നിശ്ചയിച്ചു തരൂ' എന്ന് പറഞ്ഞതിന് തുല്യമാണ്. നിശ്ചയം നിങ്ങൾ പൂർവ്വീകരു ടെ ചര്യ തുടരുക തന്നെയാണിത്.'' ഇവിടെ നമുക്ക് ഒരു കാര്യം ഇതിലൂടെ മനസ്സിലാക്കാം. അഭൗതികമായ നില യിൽ എന്തെങ്കിലും ഒരു വസ്തുവിൽ നാം ഗുണം പ്രതീ ക്ഷിക്കുകയോ തിന്മയിൽ നിന്ന് ശരണം തേടുകയോ ചെ യ്താൽ അത് ആ വസ്തുവിനെ ഇലാഹാക്കലാണ്. ഇലാ ഹ് ആണ് എന്ന വിശ്വാസം ഇല്ലാതെ ചെയ്താൽ പോലും അത് ഇലാഹ് ആകുന്നതാണ്.

നേരത്തെ തന്നെ ഹുനൈനിലെത്തിയിരുന്ന ശത്രു സൈ ന്യം മലമടക്കുകളിലായി വഴിയോരങ്ങളിൽ ഒളിച്ചു നിൽ ക്കുകയായിരുന്നു. പ്രവാചകനും അനുയായികളും തങ്ങ ളുടെ നേർക്ക് എത്തിയപ്പോൾ ശത്രുക്കൾ ഒററക്കെട്ടായി വിശ്വാസികളുടെ നേർക്ക് ചാടിവീണ് ആക്രമണം നട





ത്തി. അപ്രതീക്ഷിതമായുണ്ടായ ഈ അക്രമണത്തിൽ മു സ്ലിം സൈന്യം ചിന്നിച്ചിതറി. അവർ ഭയന്ന് നാലു ഭാഗ ത്തേക്കും ചിതറിയോടി.

ഈ അവസരത്തിൽ പ്രവാചകൻ (സ) ധൈര്യപൂർവ്വം ഉറച്ചു നിന്നു. അദ്ദേഹം ഉച്ചത്തിൽ ഇങ്ങനെ വിളിച്ചു പറ ഞ്ഞു: ''അന നബിയ്യുൻ ലാ കദിബ്, അനബ്നു അബ്ദു ൽ മുത്വലിബ് (ഞാൻ നബിയാണ്; കള്ളമല്ല പറയുന്നത്. ഞാൻ അബ്ദുൽ മുത്വലിബിൻെറ മകനാണ്'' നബിയോ ടൊപ്പം അബൂബക്കർ, ഉമർ, അലി, റബീഅ:, ഫദ്ല്, ഖുഥം അം, ഉസാമ:, അബ്ബാസ് (റ) തുടങ്ങിയ വിരലിലെണ്ണാവു ന്ന ആളുകൾ മാത്രമായിരുന്നു ഉറച്ചു നിന്നത്. അന്നേരം അബ്ബാസ് (റ) നബി(സ)യുടെ നിർദ്ദേ ശപ്രകാരം കഴിഞ്ഞ കാലങ്ങളിൽ ലഭിച്ച വിജയങ്ങ ളേയും സഹായങ്ങളേയും ഓർമ്മപ്പെടുത്തി ക്കൊണ്ട് അൻസ്വാറുകളോടും മുഹാജിറു കളോടും തിരിച്ചുവരാൻ ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. ''അൻസ്വാറുകളേ മു ഹാജിറുകളേ, തിരിച്ചുവരൂ ! മുഹമ്മദ് നബി ജീവി ച്ചിരിപ്പുണ്ട് . . . .''

ശബ്ദം കേട്ട ഭാഗത്തേക്ക് തോറേറാടിയ പട തിരിച്ചുവ ന്നു. മുസ്ലിംകൾക്ക് ധൈര്യവും ആത്മവിശ്വാസവും വീ ണ്ടുകിട്ടി. പ്രവാചകൻ (സ) അവരെ അഭിനന്ദിച്ചു. അദ്ദേ ഹം ഇങ്ങനെ പറയുകയും ചെയ്തു.''ഇപ്പോൾ യുദ്ധം ചൂ ടുപിടിച്ചു'' അതോടുകൂടി യുദ്ധത്തിൻെറ ഗതിമാറി. അ വർ ശക്തമായി പൊരുതി. ശത്രുക്കൾ ചിതറിയോടി. അ ല്ലാഹുവിൻെറ അനുഗ്രഹത്താൽ മുസ്ലിംകൾ വിജയി ക്കുകയും ചെയ്തു. ശത്രുനേതാവായിരുന്ന മാലികും കൂ ട്ടുകാരും ത്വാഇഫിൽ അഭയം തേടുകയും ചെയ്തു. സ് ത്രീകൾ അടക്കം നിരവധിയാളുകൾ ബന്ധനസ്ഥരാക്ക

പ്പെട്ടു. കണക്കില്ലാത്ത സ്വത്തുക്കൾ മുസ്ലിംകൾക്ക് ഗനീ
മത്തായി ലഭിക്കുകയും ചെയ്തു. ഇരുപത്തിനാലായിര
ത്തോളം ഒട്ടകം, നാൽപ്പതിനായിരം ആടുകൾ, നാലായി
രം ഊഖിയ വെള്ളി എന്നിവയായിരുന്നു അതെന്ന് ചരി
ത്രം രേഖപ്പെടുത്തുന്നുണ്ട്.

ഈ യുദ്ധത്തെ സംബന്ധിച്ച് അല്ലാഹു വ്യക്തമാക്കുന്ന
ത് ഇപ്രകാരമാണ്:
''തീർച്ചയായും ധാരാളം (യുദ്ധ) രംഗങ്ങളിൽ അല്ലാഹു
നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഹുനൈൻ (യുദ്ധ) ദിവസ
ത്തിലും (സഹായിച്ചു). അതായത് നിങ്ങളുടെ എണ്ണപ്പെരു
പ്പം നിങ്ങളെ ആഹ്ളാദം കൊള്ളിക്കുകയും, എന്നാൽ
അ ത് നിങ്ങൾക്ക് യാതൊരു പ്രയോജനവും
ഉണ്ടാക്കാതിരി ക്കുകയും, ഭൂമി വിശാലമായിട്ടും
നിങ്ങൾക്ക് ഇടുങ്ങിയ താവുകയും, അനന്തരം നിങ്ങൾ
പിന്തിരിഞ്ഞ് ഓടുകയും ചെയ്ത സന്ദർഭം. പിന്നീട്
അല്ലാഹു അവൻെറ ദൂതനും സത്യ വിശ്വാസികൾക്കും
അവൻെറ പക്കൽ നിന്നുള്ള സമാധാനം ഇറക്കിക്കൊടു
ക്കുകയും, നിങ്ങൾ കാണാത്ത ചില സൈന്യങ്ങളെ
ഇറക്കുകയും സത്യനിഷേധികളെ അവൻ ശിക്ഷിക്കു
കയും ചെയ്തു. അതത്രെ സത്യനിഷേ ധികൾക്കുള്ള
പ്രതിഫലം'' (തൗബ: 25, 26)

ആൾബലം കൊണ്ടോ സന്നാഹങ്ങൾ കൊണ്ടോ അല്ല മു
സ്ലിംകൾക്ക് ലഭിച്ച വിജയങ്ങൾ എന്ന് മനസ്സിലാക്കാൻ
ഹുനൈൻ യുദ്ധം മതിയായ തെളിവാണ്.

## തബൂക് യുദ്ധം

മുഅ്തത് യുദ്ധത്തിൽ തങ്ങൾക്ക് ഏററ പരാജയത്താൽ
ഒരു യുദ്ധത്തിന് തക്കം പാർത്ത് കാത്തിരുന്നവരായിരു





ന്നു റോമക്കാർ. ഈ സാഹചര്യത്തിലായിരുന്നു മുസ്ലിം
കൾ മക്ക അധീനപ്പെടുത്തുകയും ഏറെ താമസിയാതെ
ഹുനൈനും ത്വാഇഫുമെല്ലാം അവർക്ക് കീഴ്പ്പെടുകയും
ചെയ്ത സംഭവങ്ങൾ. ഇതിൽ സഹികെട്ട റോമക്കാർ സി
റിയയിൽ വമ്പിച്ച സന്നാഹങ്ങൾ ഒരുക്കി. അവർ മുസ്
ലിംകളെ ആക്രമിക്കാൻ തന്നെ തീരുമാനിച്ചു പുറപ്പെട്ടു.
വിവരമറിഞ്ഞ പ്രവാചകൻ (സ) ശത്രുക്കളുമായി ഏററു
മുട്ടാൻ തന്നെ തീരുമാനിച്ചു. എന്നാൽ ഈ യുദ്ധം വളരെ
പ്രയാസകരമായ ഒരു കാലഘട്ടത്തിലായിരുന്നു എന്നത്
ചരിത്രകാരന്മാരെല്ലാം വിവരിക്കുന്നുണ്ട്. ശക്തമായ ചൂട്,
വരൾച്ച, ഉള്ള കായ്കനികൾ പഴുത്ത് പറിക്കാറയതിനാ
ൽ ആളുകൾക്ക് പങ്കെടുക്കാനുള്ള വൈമനസ്യം, അതി
നേക്കാളെല്ലാമുപരി സാമ്പത്തിക പ്രതിസന്ധി. എന്നാലും
നബി(സ) യുദ്ധത്തിന് തയ്യാറെടുക്കാൻ തന്നെ തീരുമാനി
ച്ചു. സ്വഹാബികളോട് യുദ്ധഫണ്ടിലേക്ക് സംഭാവനകൾ
നൽകാനും ആവശ്യപ്പെട്ടു. ഇതനുസരിച്ച് സത്യത്തിൽ ഉ
ഥ്മാൻ (റ) മുന്നൂറ് ഒട്ടകങ്ങളും അതിനാവശ്യമായ എല്ലാ
വസ്തുക്കളും, ആയിരം ദീനാറും നൽകി. നബി(സ) അ
ദ്ദേഹത്തിന്വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു! അതു കേട്ട
പ്പോൾ അദ്ദേഹം പിന്നേയും പിന്നേയും നൽകിക്കൊണ്ടി
രുന്നു. അങ്ങിനെ പണത്തിന് പുറമെ തൊള്ളായിരം ഒ ട്ട
കങ്ങളും നൂറ് കുതിരകളും അദ്ദേഹം നൽകുകയുണ്ടാ
യി എന്ന് കാണാവുന്നതാണ്. അബൂബക്കർ (റ) തൻെറ
വിഹിതം, ഒരു ചെറിയ പൊതിയുമായി വരുന്നത് കണ്ട ഉ
മർ(റ) ഇക്കാര്യത്തിലെങ്കിലും എനിക്ക് അബൂബക്കറിനെ
തോൽപ്പിക്കണമെന്ന് കരുതി തൻെറ സ്വത്തിൻെറ നേർ
പകുതിയുമായി എത്തി. അത് നബിയുടെ മുന്നിൽ
വെച്ചു. അന്നേരം ഇത് എത്രയുണ്ട് എന്ന്
ആരാഞ്ഞപ്പോൾ പ്രവാചകരേ, ഞാൻ എൻെറ

സ്വത്തിൻെറ പകുതിയിതാ ന ൽകുന്നു എന്ന് പറഞ്ഞു.
അടുത്തത് അബൂബക്കർ(റ) നൽകുന്നത് കാണാൻ
ആകാംക്ഷയോടെ നിൽക്കുന്ന ഉമർ(റ), ഒരു ചെറിയ
പൊതി അബൂബക്കർ(റ) നബി (സ)ക്ക്
നേരെനീട്ടുന്നതാണ് കണ്ടത്. അന്നേരം അദ്ദേഹ ത്തോട്
ഇനി എന്താണ് ബാക്കിയുള്ളത് എന്ന് ചോദി ച്ചപ്പോൾ
നബിയേ, അല്ലാഹുവിലും റസൂലിലുമുള്ള വി ശ്വാസം
അത് മാത്രമാണ് ഇനി ബാക്കിയുള്ളത് എൻെറ സ്വത്ത്
മുഴുവനുമാണ് ഞാനീ കൊണ്ടുവന്നിരിക്കുന്നത്. ഇത്
കേട്ട ഉമർ(റ) പറഞ്ഞുപോയി: ഇല്ല, അബൂബക്കറേ,
ദുനിയാവിൽ താങ്കളെ കവച്ചുവെക്കാൻ ഒരാൾക്കും കഴി
യുകയില്ല.

അപ്രകാരം തന്നെ ഒരു നിലക്കും സ്വന്തമായി
വാഹനമൊ രുക്കി യുദ്ധത്തിന് പോകാൻ കഴിയാത്തവർ
പ്രവാചകൻ (സ)യുടെ അടുക്കൽ വന്ന് യുദ്ധഫണ്ടിൽ
നിന്നും വാഹനം നൽകി സഹായിക്കണം എന്ന് ആവശ്യ
പ്പെട്ട് പ്രവാചകൻെറ അടുക്കൽ എത്തിയപ്പോൾ നബി
ക്കും അവരെ സഹായിക്കാനായില്ല. അന്നേരം എങ്കിൽ
രക്ഷപ്പെട്ടു എന്ന ആശ്വാസവുമായി മടങ്ങിയിരിക്കും
എന്നായിരിക്കും വായനക്കാർ കരുതുന്നത്. എന്നാൽ നി
ങ്ങൾക്ക് തെററുപററി. അല്ലാഹു ആ രംഗം ലോകരെ
മുഴുവൻ അറിയിക്കുന്നത് നമുക്ക് വിശുദ്ധ ഖുർആനിൽ
നിന്നും ഇപ്രകാരം മനസ്സി ലാക്കാം:
''(യുദ്ധത്തിന് പോകാൻ) നീ അവർക്ക് വാഹനം നൽകു
ന്നതിനു വേണ്ടി അവർ നിൻെറ അടുത്ത് വന്നപ്പോൾ നീ
പറഞ്ഞു: നിങ്ങൾക്കു നൽകാൻ യാതൊരു വാഹനവും
ഞാൻ കണ്ടെത്തുന്നില്ല. അങ്ങനെ (യുദ്ധത്തിനുവേണ്ടി)
ചെലവഴിക്കാൻ യാതൊന്നും കണ്ടെത്താത്തതിൻെറ പേ





രിലുള്ള ദു:ഖത്താൽ കണ്ണുകളിൽനിന്ന് കണ്ണുനീർ ഒഴു
ക്കിക്കൊണ്ട് അവർ തിരിച്ചുപോയി.'' (തൗബ: 92)

എന്നാൽ സങ്കടവും കരച്ചിലും കണ്ടപ്പോൾ അവരെ അ
ബ്ബാസ്, ഉഥ്മാൻ, യാമീനുബ്നു അംറ്(റ) എന്നിവർ
വാഹ നം നൽകി സഹായിക്കുകയുണ്ടായി.

രണ്ടും മൂന്നും ആളുകൾ മാറിമാറിയായിരുന്നു ഒരു ഒട്ടക
പ്പുറത്ത് യാത്ര ചെയ്തിരുന്നത് എന്നത് ഈ യുദ്ധത്തി
ൻെറ പ്രയാസകരമായ അവസ്ഥയെയാണ് നമുക്ക് വിവ
രിച്ചു തരുന്നത്!! കൂടാതെ മുനാഫിഖുകൾ ശക്തമായ ദു
ഷ്പ്ര ചരണങ്ങളും റോമക്കാരെക്കുറിച്ച് പേടിപ്പെടുത്തലു
കളുമായി മുസ്ലിംകളെ പിന്തിരിപ്പിക്കാനും ശ്രമിച്ചുകൊ
ണ്ടിരുന്നു. എന്നിട്ടും മുപ്പതിനായിരത്തോളം വരുന്ന
സൈ ന്യവു മായി നബി(സ) തബൂക്കിലേക്ക് പുറപ്പെട്ടു.
ഹിജ്റ ഒമ്പതാം വർഷം റജബ് മാസത്തിലായിരുന്നു ഇത്.

നബി(സ)യും സ്വഹാബികളും തബൂക്കിൽ ഇറങ്ങി താവ
ളമടിച്ചു. അനന്തരം ശത്രുക്കളോട് ഏററുമുട്ടുന്നതിന് ആ
വേശമുണ്ടാകുന്നതിന് വേണ്ടി പ്രവാചകൻ (സ) ഐഹി
ക ജീവിതത്തിൻെറ നിസ്സാരതയും രക്തസാക്ഷിത്വത്തി
ൻെറ മഹത്വവും പരലോകത്തിൻെറ അനശ്വരതയുമെ
ല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പ്രസംഗം നടത്തുക
യുണ്ടായി !. ഇത് കേട്ട റോമൻ പട്ടാളക്കാർ ഭയന്ന് വിറ
ക്കാൻ തുടങ്ങി. അവർക്ക് അധികമൊന്നും ആ അവസ്ഥ
യിൽ പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. അവർ പിന്തിരി
ഞ്ഞു ഒടാൻ തുടങ്ങി.

അങ്ങിനെ ഒരു ഏററുമുട്ടലിന് മുമ്പായിത്തന്നെ റോമ
ക്കാർ തോറേറാടുകയാണുണ്ടായത്. നബി(സ)യും അനു
യായികളും രണ്ടാഴ്ചയോളം തബൂക്കിൽ താമസിച്ചു. അ
തിനിടയിൽ അയ്ല:, അദ്റഹ്, ജർബാഹ് തുടങ്ങിയ അ

തിർത്തി പ്രദേശങ്ങളെല്ലാം നബി(സ)യുമായി സന്ധിയി ലേർപ്പെടുകയും സമാധാനക്കരാർ കൈമാറുകയും ചെയ് തു.
തബൂക്ക്യുദ്ധത്തോടു കൂടി മുസ്ലിംകളുടെ ശക്തിയും ആധിപത്യവും ആരാലും തോൽപ്പിക്കാൻ കഴിയാത്തതാ ണ് എന്ന് ഒരിക്കൽ കൂടി ബോധ്യപ്പെടുകയും ചെയ്തു. ഇത് പ്രവാചകൻ(സ)യുടെ ജീവിതത്തിലെ അവസാന ത്തെ യുദ്ധവുമായിരുന്നു.

നബി(സ)യും അനുയായികളും തബൂക്കിലേക്ക് സഞ്ചരി ച്ചു കൊണ്ടിരിക്കെ ചിലർ പറഞ്ഞു: നബിയേ, പലരും കാ രണമില്ലാതെ യുദ്ധത്തിൽ പിന്നും വിട്ടുനിന്നിട്ടുണ്ട്. അ ന്നേരം പ്രവാചകൻ(സ) പറഞ്ഞു: ''അത് വിട്ടേക്കുക. അവരിൽ അല്ലാഹു നന്മ ഉദ്ദേശിച്ചവർ നിങ്ങളോടൊപ്പം എത്തിച്ചേക്കും, അല്ലാത്തവരിൽ നിന്നും അല്ലാഹു നിങ്ങ ളേയും രക്ഷപ്പെടുത്തും'' ഉടനെ ജനങ്ങളിൽ ചിലർ പറ ഞ്ഞു: നബിയേ, വാഹന പ്രശ്നം കാരണത്താൽ അബൂദ ർറ്(റ)വും എത്തിച്ചേർന്നിട്ടില്ല. നബി(സ) നേരത്തെ പറ ഞ്ഞ വാക്കുകൾ ആവർത്തിച്ചു. എന്നാൽ അബൂദർറ് ത ൻെറ വാഹനം നടക്കാതെയായപ്പോൾ അതിനെ ഉപേ ക്ഷിച്ച് അതിൻെറ പുറത്തുണ്ടായിരുന്ന തൻെറ ഭക്ഷണ വും മററു വസ്തുക്കളുമെല്ലാം തലയിൽ ചുമന്നുകൊണ്ട് തബൂകിന് നേരെ നടന്നു. അങ്ങിനെ അകലെനിന്നും ഒ രാൾ നടന്നുവരുന്നത് കണ്ടപ്പോൾ പ്രവാചകൻ(സ) പറ ഞ്ഞു: ''കുൻ അബാദർറ് (നീ അബൂ ദർറ് ആവുക)'' അ ടുത്ത് വന്നപ്പോൾ അത് അബൂദർറ് തന്നെയായിരുന്നു. ന ബി(സ) അദ്ദേഹത്തെ കണ്ടപ്പോൾ ''യർഹമുല്ലാഹു അ ബാ ദർറ്, യംശീ വഹ്ദഹു വ യമൂത്തു വഹ്ദഹു വ യ ബ്അഥു വഹ്ദഹു. (അല്ലാഹു അബൂദർറിന് കരുണ ചൊ രിയട്ടെ. അദ്ദേഹം ഒററക്ക് നടന്നു. ഇനി ഒററക്ക് മരണ





പ്പെടുകയും, ഒററക്ക് പുനർജനിക്കുകയും ചെയ്യും)'' (സീ റത്തുന്നബവിയ്യ: ഡോ: മുഹമ്മദ് അബൂ ശഹ്ബ:). എന്ന് പറഞ്ഞു. ഉഥ്മാൻ(റ)ൻെറ കാലത്ത് അദ്ദേഹം റബ്ദയി ലേക്ക് താമസം മാററുകയും മരണം വരെ തൻെറ ഭാര്യ യോടും ഭൃത്യനോടുമൊപ്പം കഴിച്ചുകൂട്ടുകയും ചെയ്തു. അദ്ദേഹം തൻെറ മരണമാസന്നമായപ്പോൾ ഭാര്യയോടും ഭൃത്യനോടുമായി പറഞ്ഞു: ''ഞാൻ മരണപ്പെട്ടാൽ നിങ്ങ ൾ രണ്ടുപേരും കൂടി എന്നെ കുളിപ്പിക്കുകയും കഫൻ ചെയ്യുകയും ചെയ്ത ശേഷം വഴിയോരത്തായി കൊണ്ടു പോയി വെക്കുക. യാത്രാസംഘം പോകുന്നതായി കണ്ടാ ൽ ഇത് റസൂലിൻെറ സ്വഹാബി അബൂദർറിൻെറ മയ്യത്താ ണ് എന്ന് പറയുക'' പറഞ്ഞ പ്രകാരം പ്രവർത്തിച്ചു.

അതുവഴി ഒരു സംഘത്തോടൊപ്പം വന്ന ഇബ്നുമസ്ഊദ് (റ) എന്താണ് എന്ന് അന്വേഷിക്കുകയും അവർ വിഷയം പറയുകയും ചെയ്തു. അന്നേരം അദ്ദേഹം ''യർഹമുല്ലാ ഹു അബാ ദർറ്, യംശീ വഹ്ദഹു വ യമൂത്തു വഹ്ദഹു . . . . പ്രവാചക വചനം അനുസ്മരിക്കുകയും, അദ്ദേഹം അവിടെ ഇറങ്ങി അബൂദർറ് (റ) വിൻെറ മയ്യത്ത് ഖബറട ക്കുകയും ചെയ്തു. അങ്ങിനെ പ്രവാചകൻെറ പ്രവചനം പുലരുകയും ചെയ്തു.

നബി(സ)യും അനുയായികളും തബൂക്കിൽ നിന്നും വിജ യശ്രീലാളിതരായി മടങ്ങിയെത്തി. ഹിജ്റ: ഒമ്പത് റമദാൻ മാസത്തിലായിരുന്നു അത്. ശേഷം പ്രവാചകൻ (സ) മദീ നാ പള്ളിയിൽ സ്വഹാബികളുമായി കഴിഞ്ഞുകൂടവെ യു ദ്ധത്തിൽ പലരും വന്ന് കാരണങ്ങൾ ബോധിപ്പിച്ചു. നബി (സ) അതെല്ലാം അംഗീകരിക്കുകയും ചെയ്തു. പലരും കളവ് പറഞ്ഞു രക്ഷപ്പെട്ടു. എന്നാൽ വിശ്വാസികളിൽ പെട്ട മൂന്ന് പേർ, കഅബ്ബ്നു മാലിക്, മുറാറത്തു ബ്നു

റബീഅ, ഹിലാലു ബ്നു ഉമയ്യ എന്നിവർക്ക് കാരണങ്ങളൊന്നും നിരത്താനുണ്ടായിരുന്നില്ല; അവർ കളവ് പറയുവാൻ തയ്യാറായതുമില്ല. സൗകര്യങ്ങളെല്ലാം ഉണ്ടായിട്ടും ആകാം ഇനിയും സമയമുണ്ടല്ലോ എന്ന അലംഭാവ മനസ്സ് മാത്രമായിരുന്നു അവരെ തടഞ്ഞത്. നബി(സ) അവരോട് എല്ലാ നിലക്കുമുള്ള ബഹിഷ്കരണം ഏർപ്പെടുത്തി. വിശ്വാസികളോട് അവരോട് സംസാരിക്കാൻ പോലും പാടില്ല; എന്നു വിലക്കി. അവരുടെ ഭാര്യമാരോട് അല്ലാഹു അവരുടെ വിഷയത്തിൽ ഒരു തീരുമാനം അറിയിക്കുന്നത് വരെ വിട്ടു നിൽക്കണമെന്ന് അറിയിച്ചു !. അങ്ങിനെ അമ്പത് ദിവസം അവർ ഭൂമിയിൽ തികച്ചും നരകയാതന അനുഭവിച്ച് കഴിഞ്ഞു കൂടേണ്ടി വന്നു. അവസാനം അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചു. അത് അവരുടെ ജീവിതത്തിലെ ഏററവും ആനന്ദകരമായ ദിവസമായിരുന്നു; എന്ന് അവർ പിന്നീട് പറഞ്ഞിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നുണ്ട്.

പ്രസ്തുത മൂന്ന് പേരുടെ തൗബ: സ്വീകരിച്ചത് അടക്കം തബൂക്ക് യുദ്ധവുമായി ബന്ധപ്പെട്ട അനേക വിഷയങ്ങൾ സൂറത്ത് തൗബയിലൂടെ വിശദീരിക്കുന്നുണ്ട്.

## അബൂബക്കർ (റ) ഹജ്ജിന് നേതൃത്വം നൽകുന്നു

ഹിജ്റ ഒമ്പതാം വർഷം ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷകരമായ ഒരു കാലമായിരുന്നു. മക്കം ഫത്ഹും, തബൂക്ക് യുദ്ധവും കഴിഞ്ഞപ്പോൾ ഇസ്ലാമിൻെറ കീർത്തി നാനാ ദിക്കുകളിലേക്കും വ്യാപിച്ചു. ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്ലാമിലേക്ക് പ്രവേശിച്ചു





കൊണ്ടിരുന്നു. മററു ദൂര ദിക്കുകളിൽ നിന്നും പ്രസിദ്ധമായ ഗോത്രങ്ങൾ അവരുടെ ഇസ്ലാം മതാശ്ലേഷണം അറിയിച്ചുകൊണ്ട് വഫ്ദുകളായി (നിവേദകസംഘങ്ങൾ) എത്തിക്കൊണ്ടിരുന്നു. അത ്കൊണ്ട് ഹിജ്റ ഒമ്പതാം വർഷം ആമുൽ വഫൂദ് (നിവേദക സംഘവർഷം) എന്നാണ് അറിയപ്പെടുന്നത്.

ജനങ്ങളുടെ കൂട്ടമായുള്ള മതത്തിലേക്കുള്ള പ്രവേശനം തുടർന്നുകൊണ്ടിരുന്നു. ഹജ്ജ് കാലമടുത്തപ്പോൾ നബി (സ) ഹജ്ജ് നിർവ്വഹിക്കാൻ ആഗ്രഹിച്ചു. പക്ഷേ മുശ്രികുകൾ നഗ്നരായി കഅബ ത്വവാഫ് ചെയ്യുന്നതിനെക്കുറിച്ച് ഓർത്തപ്പോൾ അത് വേണ്ടന്ന് വെക്കുകയും അതോടൊപ്പം അത് എങ്ങിനെ അവസാനിപ്പിക്കും എന്ന് ആലോചിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങിനെ ആ വർഷം ഹജ്ജ് നിർവ്വഹിക്കുന്നതിന് ജനങ്ങൾക്ക് നേതൃത്വം നൽകാൻ അബൂബക്കർ(റ)വിനെ ചുമതലപ്പെടുത്തി. സൂറത്ത് തൗബയുടെ ആദ്യഭാഗത്ത് അവതരിച്ച മുപ്പതോളം ആയത്തുകൾ ഹജ്ജ് വേളയിൽ ജനങ്ങളെ ഓതിക്കേൾ പ്പിക്കാൻ ഉത്തരവാദപ്പെടുത്തുകയും ചെയ്തു. ഈ വിഷ യവുമായി അബൂബക്കർ(റ) വിൻെറ പുറപ്പാടിന് ശേഷം അലി(റ)നെ പറഞ്ഞയക്കുകയാണ് ഉണ്ടായത് എന്നും അ ഭിപ്രായമുണ്ട്.

മുമ്പ് നടപ്പിലുണ്ടായിരുന്ന പല കാര്യങ്ങളും അതോടു കൂടി നിർത്തലാക്കുകയും മേലിൽ അത് ആവർത്തിക്കുന്നത് വിലക്കുന്നതുമായിരുന്നു പ്രസ്തുത വാക്യങ്ങളിലെ ഉള്ളടക്കം. അങ്ങിനെ അബൂബക്കർ(റ) ഹജ്ജിന് നേതൃത്വം നൽകുകയും ദുൽഹജ്ജ് പത്തിന് യൗമുന്നഹ്റിൻെറ ദിവസം അലി(റ) നബി(സ)യുടെ കൽപ്പന ജനങ്ങളിൽ വിളംബരം നടത്തുകയും ചെയ്തു. മുന്നൂറിൽ പരം

ആളുകൾ അന്ന് വിശ്വാസികളിൽ നിന്നും ഹജ്ജ് കർമ്മം നിർവ്വഹിക്കുകയുണ്ടായി.

ഈ വർഷത്തിന് ശേഷം മുശ്രികുകൾ ഹജ്ജ് നിർവ്വഹിക്കുന്നതും നഗ്നമായി കഅബ ത്വവാഫ് ചെയ്യുന്നതും അതോടെ അവസാനിപ്പിച്ചു. അറേബ്യൻ ഉപദ്വീപിൽ നിന്ന് വിഗ്രഹാരാധന പൂർണ്ണമായും തുടച്ചു നീക്കുന്നതിനു കൂടിയുള്ള കാഹളമൂതലായിരുന്നു അത്. നബി(സ)ക്ക് പരിശുദ്ധ ഹജ്ജ് നിർവ്വഹിക്കാനുള്ള കളമൊരുക്കലായിരുന്നു മേൽപറയപ്പെട്ട സംഭവങ്ങൾ എന്നു പറയലാവും ശരി.

## ഹജ്ജത്തുൽ വിദാഅ്

നബി(സ)യുടെ നിയോഗദൗത്യം ഏറെക്കുറെ പൂർത്തീകരിക്കപ്പെട്ടു. ഏകദൈവവിശ്വാസത്തിൽ ഊട്ടപ്പെട്ട ഒരു സമൂഹം വളർന്നുവന്നു. പ്രബോധന ഉത്തരവാദിത്വം അനുചരന്മാരിലും ഉണ്ടാക്കിയെടുത്തു. പലരേയും പ്രബോധകരായി മററു പ്രദേശങ്ങളിലേക്ക് പറഞ്ഞയച്ചു. ഏകദേശം തൻെറ ഇഹലോക ജീവിതം അവസാനിക്കാറായി എന്ന് സന്ദേശം ലഭിച്ചുകൊണ്ടിരുന്നു. പ്രവാചകൻ അത് അവസരം കിട്ടുമ്പോൾ അനുയായികളെ ഉണർത്തുവാനും മറന്നില്ല; അതിനൊരു ഉദാഹരണമാണ് ഹിജ്റ: പത്താം കൊ ല്ലം മുആദ്(റ)വിനെ യമനിലേക്ക് നിയോഗിച്ചപ്പോൾ ഇ ങ്ങിനെ പറഞ്ഞു: ''മുആദേ, ഈ വർഷത്തിനു ശേഷം നീ ഇവിടെ വെച്ച് എന്നെ കണ്ടുമുട്ടിയില്ല എന്നു വന്നേക്കും. നീ എൻെറ ഈ പള്ളിയുടെ അടുക്കലായി എൻെറ ഖബറിനടുത്തുകൂടി നടന്നേക്കും'' ഇതു കേട്ട് മുആദ്(റ) പൊട്ടിക്കരഞ്ഞു.





നബി(സ)യുടെ പ്രബോധനത്തിൻെറ ഫലം കാണിച്ചുകൊടുക്കുന്നതിന് എല്ലാ ദിക്കുകളിൽ നിന്നുമുള്ള അനുയായികളെ ഒരുമിച്ചുകൂട്ടുന്നതിനും അല്ലാഹു ഉദ്ദേശിച്ചിരിക്കാം. അതോടൊപ്പം തൻെറ ദൗത്യം താൻ പൂർത്തീകരിച്ചു എന്നതിന് അല്ലാഹുവിനെ മുൻനിർത്തി അവരെ സാക്ഷികളാക്കുവാനും അവസരമൊരുക്കി. ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിലൊന്നായ ഹജ്ജിന് തന്നിലൂടെ മാതൃക കാണിക്കുകയും വേണമല്ലൊ. അതിനായി നേരത്തെ അബൂബക്കർ(റ)നെ പറഞ്ഞയച്ച് പാതയൊരുക്കുകയും ചെയതു.

നബി(സ) ദുൽഖഅദ് മാസത്തിൽ താനിതാ ഈ വർഷം ഹജ്ജ് ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വിളംബരം നടത്തി. ഇത് അറിഞ്ഞ സ്വഹാബികൾ അതിരററ് ആഹ്ളാദിച്ചു. അവരും പ്രവാചകനോടൊത്ത് ഹജ്ജ് നിർവ്വഹിക്കാൻ തയ്യാറെടുത്തു. നാനാഭാഗത്ത് നിന്നും ജനങ്ങൾ വാഹനപ്പുറത്തും കാൽനടയായും എത്തിക്കൊണ്ടേയിരുന്നു.

ദുൽഖഅദ് മാസം ഇരുപത്തഞ്ചിന് ശനിയാഴ്ച ളുഹർ നമസ്കാര ശേഷം നബി(സ)യും അനുയായികളും ഹജ്ജ് കർമ്മം നിർവ്വഹിക്കാനായി പുറപ്പെട്ടു. നബി(സ)യോടൊപ്പം അവിടുത്തെ പത്നിമാരും കൂടെ പുറപ്പെട്ടു. ബലിയറുക്കുന്നതിനായുള്ള മൃഗങ്ങളേയും നബി(സ) കൂടെ കൊണ്ടുപോകുകയുണ്ടായി. അസ്വ്ർ നമസ്കാത്തിന് മുമ്പായി അവർ ദുൽഹുലൈഫയിൽ എത്തി അവിടെ നിന്നും അസ്വർ ഖസ്വ്റാക്കി (യാത്രക്കാർക്ക് നൽകപ്പെട്ട ആനുകൂല്യ മാണ് നാല് റക്അത്തുള്ള നമസ്കാരങ്ങൾ രണ്ട് റക്അത്ത് ആക്കി ചുരുക്കുക എന്നത് ഇതിന് ഖസ്വ്റ് എന്ന് പറയും. അതുപോലെ ളുഹറും അസ്വ്റും ഏതെങ്കിലും ഒരു നമസ്കാര സമയത്ത് ഒന്നിച്ച് ഒരു

ബാങ്കും ഓരോ നമ സ്കാരത്തിനും വേറെ വേറെ ഇഖാമത്തും കൊടുത്ത് നിർവ്വഹിക്കാൻ ഇളവനുവദിച്ചു. അപ്രകാരം തന്നെ മഗ്രി ബും ഇശാഉം. ഇതിന് ജംഅ് എന്നും പറയുന്നു) നമസ്ക രിച്ചു അന്ന് രാത്രി അവിടെ താമസിച്ചു. അടുത്ത ദിവസം ളുഹർ നമസ്കാരത്തിന് മുമ്പായി ഇഹ്റാമിനായി കുളിച്ച് ആയിഷ(റ) നബിക്ക് തലയിലും താടിയിലുമെല്ലാം സുഗ ന്ധം പുശിക്കൊടുത്തു. ശേഷം ഇഹ്റാമിൻേറതായ വസ് ത്രം ഒരു തുണി ഉടുക്കുകയും മറ്റൊന്ന് കൊണ്ട് തലമറ യാത്ത വിധം പുതക്കുകയും ചെയ്തു. ശേഷം ളുഹർ ഖ സ്വ്റാക്കി നമസ്കരിച്ച ശേഷം തൻെറ വാഹനമായ ഖസ്വ വാഅ് എന്ന ഒട്ടകപ്പുറത്ത് കയറി ഹജ്ജിനും ഉംറക്കു മായി ഇഹ്റാമിൽ പ്രവേശിക്കുന്ന വചനം (ലബ്ബൈക്കല്ലാ ഹുമ്മ ഉംറത്തൻ വഹജ്ജൻ) ഉരുവിട്ടു ശേഷം ഉച്ചത്തിൽ തൽബിയത്ത് ചൊല്ലിക്കൊണ്ടിരുന്നു. നബിയെ കണ്ട്കൊ ണ്ട് അനുയായികളും തൽബിയത്ത് ചൊല്ലിക്കൊണ്ട് യാ ത്രതുടർന്നു. നബി(സ) ഹജ്ജിനായി ഇഹ്റാമിൽ പ്രവേ ശിച്ച മദീനയുടെ ഭാഗത്തിലൂടെ വരുന്നവരുടെ മീഖാത്താ യ ദുൽഹുലൈഫയാണ് ഇന്ന് **അബ്യാർ അലി** എന്ന പേരിൽ അറിയപ്പെടുന്നത്.

മക്കയോട് അടുത്തുള്ള ദീത്വുവാ എന്ന സ്ലത്ത് രാത്രി താമസിച്ച ശേഷം ദുൽഹജ്ജ് നാലിന് സുബ്ഹി നമസ്കാ ര ശേഷം മക്കയിൽ ഹറമിൽ പ്രവേശിക്കുന്നതിനായി വീ ണ്ടും കുളിച്ച ശേഷം ഹറമിൽ പ്രവേശിച്ച് ത്വവാഫും സ അ്യും നിർവ്വഹിച്ചു. പിന്നീട് ബലിമൃഗത്തെ കൂടെ കരു തിയിട്ടില്ലാത്ത അനുയായികളോട് തങ്ങൾ നിർവ്വഹിച്ചത് ഉംറ മാത്രമാക്കി മുടി നീക്കി ഇഹ്റാമിൽ നിന്നും ഒഴിവാ കാൻ പറഞ്ഞു. എന്നാൽ എനിക്ക് ഇപ്പോൾ കിട്ടിയ വിവ





രം നേരത്തെ എനിക്ക് ലഭിച്ചിരുന്നുവെങ്കിൽ ഞാനും നി ങ്ങളെപ്പോലെ ഉംറമാത്രമാക്കി ഇഹ്റാമിൽ നിന്നും ഒഴി വായി ഹജ്ജ് സമയത്ത് രണ്ടാമത് ഇഹ്റാമിൽ പ്രവേശി ക്കുമായിരുന്നു; എന്ന് നബി(സ) അന്നേരം സഹാബി കളോടായി പറഞ്ഞു. ഇതിൽ നിന്നും നബി(സ) ഉംറയും ഹജ്ജും ഒന്നിച്ച് നിർവ്വഹിക്കുന്ന ഖിറാൻ രീതിയിലാണ് ഹജ്ജ് നിർവ്വഹിച്ചതെങ്കിലും ഉംറയും ഹജ്ജും വേറെ വേ റെ ഇഹ്റാമോട് കൂടി നിർവ്വഹിക്കുന്ന തമത്തുഅ് ആണ് ശ്രേഷ്ഠം എന്ന് മനസ്സിലാക്കാവുന്നതാണ്.

യൗമുത്തർവിയ എന്ന് അറിയപ്പെടുന്ന ദുൽഹജ്ജ് എട്ടി ന് മിനായിലേക്ക് പുറപ്പെട്ടു. ഇതോടെയാണ് ഹജ്ജ് കർ മ്മം ആരംഭിക്കുന്നത്. അന്ന് ളുഹർ മുതൽ ഒമ്പതിന് സു ബ്ഹി വരെയുള്ള അഞ്ച് സമയങ്ങളിലെ നമസ്കാരങ്ങൾ നാല് റക്അത്തുള്ളവ രണ്ടാക്കി ചുരുക്കി അതാതിൻെറ സമയങ്ങളിൽ നിർവ്വഹിച്ചു. ഒമ്പതിന് സൂര്യോദയത്തിന് ശേഷം എല്ലാവരും ഹജ്ജിലെ ഏററവും പ്രധാന കർമ്മ മായ അറഫയിൽ നിൽക്കുന്നത്തിനായി അറഫാ മൈതാ നം ലക്ഷ്യം വെച്ച് നീങ്ങി. നബി(സ) അറഫയുടെ സമീപ ത്ത് നമിറ എന്ന സ്ഥലത്ത് നിർമ്മിച്ച തമ്പിൽ ഉച്ചവരെ കഴിച്ചുകൂട്ടി. ളുഹറിൻെറ സമയമായപ്പോൾ നബി(സ) ത ൻെറ ഒട്ടകപ്പുറത്ത് കയറി ബത്വ്നുൽ വാദി എന്ന, ഇന്ന് അറഫയിലെ പള്ളി നിൽക്കുന്നിടത്ത് നിന്ന് ചരിത്ര പ്രസി ദ്ധമായ തൻെറ ഖുതുബത്തുൽ വിദാഅ് (വിടവാങ്ങൽ പ്ര സംഗം) നിർവ്വഹിച്ചു. ഒരു ലക്ഷത്തിൽ പരം ആളുകൾ ന ബിയുടെ പ്രസംഗം ശ്രവിച്ചുകൊണ്ട് നബി(സ)യോടൊ പ്പം ഹജ്ജ് നിർവ്വഹിക്കുകയുണ്ടായി.

## വിടവാങ്ങൽ പ്രസംഗം

വിവിധ പരമ്പരകളിലൂടെ വ്യത്യസ്ത ഹദീസ് ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ളതിൻെറ രത്നച്ചുരുക്കമാണ് താഴെ കൊടുക്കുന്നത്.
''മനുഷ്യരേ, ഇത് സശ്രദ്ധം ശ്രവിക്കുക. ഈ കൊല്ലത്തിനു ശേഷം ഈ സ്ഥാനത്ത് വെച്ച് ഇതുപോലെ ഇനി നാം കണ്ടുമുട്ടുമോ എന്ന് അറിഞ്ഞുകൂട. മനുഷ്യരേ, ഈ പ്രദേശത്തിൻെറ, ഈ മാസത്തിൻെറ, ഈ സുദിനത്തിൻെറ പവിത്രതപോലെ നിങ്ങൾ നിങ്ങളുടെ രക്തത്തിനും അഭിമാനത്തിനും സമ്പത്തിനും പരസ്പരം ആദരവ് കൽപ്പിക്കേണ്ടതാണ്.

നിങ്ങളുടെ കൈവശം ആരുടെയെങ്കിലും അമാനത്തുകൾ (സൂക്ഷിപ്പ് സ്വത്തുകൾ) ഉണ്ടെങ്കിൽ അത് കൊടുത്തു വീട്ടുക.

ജാഹിലിയ്യാ കാലത്തെ എല്ലാ ദുരാചാരങ്ങളേയും ഞാനിതാ കുഴിച്ചുമൂടുന്നു. എല്ലാവിധ പലിശയേയും ഞാനിതാ ചവിട്ടിത്താഴ്ത്തുന്നു. മൂലധനമല്ലാതെ ഒന്നും നിങ്ങൾക്ക് അവകാശപ്പെടുന്നില്ല; ഒരാളും അക്രമിക്കപ്പെടരുതല്ലോ. എൻെറ പിതൃവ്യൻ അബ്ബാസ്(റ)വിന് കിട്ടേണ്ടതായ പലിശ ഞാനിതാ ദുർബലപ്പെടുത്തിയിരിക്കുന്നു.

എല്ലാ നിലക്കുള്ള പ്രതികാരങ്ങളും ഇതാ അവസാനിപ്പിച്ചിരിക്കുന്നു; ഒന്നാമതായി അബ്ദുൽമുത്തലിബിൻെറ മകൻ ഹാരിഥിൻെറ മകൻ റബീഅയുടെ പ്രതികാരം ഇതാ ദുർബലപ്പെടുത്തുന്നു.

ജനങ്ങളേ, നിങ്ങളുടെ ഈ ഭൂമിയിൽ ഇനി പിശാച് ആരാധിക്കപ്പെടുന്നതിൽ നിന്നും അവൻ നിരാശനായിരിക്കുന്നു; എന്നാൽ ആരാധനയല്ലാതെ നീചപ്രവർത്തനങ്ങളാൽ അവൻ അനുസരിക്കപ്പെടുന്നതിൽ അവൻ തൃപ്തിയടയും. പിശാചിന് ആരാധനയുണ്ടാവുകയില്ല എന്നാൽ അനുസരണം ഉണ്ടാവും.





ജനങ്ങളേ, സ്ത്രീകളുടെ വിഷയത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം. അവർ നിങ്ങളുടെ അടുക്കൽ ഒരു അമാനത്താണ്. എന്നാൽ നിങ്ങളുടെ വിരിപ്പിൽ നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ പ്രവേശിപ്പിക്കാതിരിക്കുക എന്നത് അവർക്ക് നിങ്ങളോടുള്ള കടമയാണ്. നിങ്ങൾ അവരോട് മാന്യമായി പെരുമാറുക. അവർക്ക് ആവശ്യമായ ഭക്ഷണം വസ്ത്രം എന്നിവ മാന്യമായി നിങ്ങൾ നിർവ്വഹിച്ച് കൊടുക്കുക.

ഞാനിതാ കാര്യങ്ങളെല്ലാം നിങ്ങളിലേക്ക് എത്തിച്ചു തന്നിരിക്കുന്നു. രണ്ട് കാര്യങ്ങൾ ഞാനിതാ നിങ്ങളെ ഏൽപ്പിക്കുന്നു. അത് രണ്ടും മുറുകെ പിടിക്കുന്ന കാലത്തോളം നിങ്ങൾ പിഴച്ചുപോകുകയില്ല; അത് അല്ലാഹുവിൻെറ ഗ്രന്ഥവും അവൻെറ പ്രവാചകൻെറ ചര്യയുമാണ്.

ജനങ്ങളേ, എനിക്ക് ശേഷം ഇനി ഒരു പ്രവാചകനില്ല. നിങ്ങൾക്ക് ശേഷം ഒരു സമുദായവുമില്ല. നിങ്ങൾ നിങ്ങളുടെ നാഥനെമാത്രം ആരാധിക്കുക, അഞ്ച് സമയം നമസ്കരിക്കുക, റമദാനിൽ നോമ്പ് അനുഷ്ഠിക്കുക, സക്കാത്ത് നൽകുക, ഹജ്ജ് നിർവ്വഹിക്കുക, നിങ്ങളുടെ നേതൃത്വത്തെ അനുസരിക്കുക എങ്കിൽ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാം.

ജനങ്ങളേ, എന്നെ സംബന്ധിച്ച് നിങ്ങളോട് ചോദിക്കും അന്ന് നിങ്ങളെന്തായിരിക്കും മറുപടി പറയുക? താങ്കൾ ഞങ്ങൾക്ക് എത്തിച്ചു തന്നു, താങ്കളുടെ ദൗത്യം നിർവ്വഹിച്ചു എന്ന് ഞങ്ങൾ പറയും എന്ന് അവർ ഏക സ്വരത്തിൽ പറഞ്ഞു: അന്നേരം പ്രവാചകൻ തൻെറ ചൂണ്ടുവിരൽ മേൽപ്പോട്ട് ഉയർത്തി 'അല്ലാഹുവേ, നീ ഇതിന്

സാക്ഷി . . . നീ ഇതിന് സാക്ഷി . . . എന്ന് ആവർത്തിച്ചു പറഞ്ഞു.

ജനങ്ങളേ, നിങ്ങളെല്ലാം ഒരേ പിതാവിൽനിന്ന്. എല്ലാവരും ആദമിൽ നിന്ന് ആദം മണ്ണിൽനിന്നും സൃഷ്ടിക്കപ്പെട്ടു. നിങ്ങളിൽ ഏററവും ആദരണീയൻ ഏററവും ഭക്തിയുള്ളവനാണ്. അറബിക്ക് അനറബിയേക്കാൾ തഖ്‌വകൊണ്ടല്ലാതെ യാതൊരു ശ്രേഷ്ഠതയുമില്ല.

"ജനങ്ങളേ, ഇവിടെ ഹാജറുള്ളവർ ഹാജരില്ലാത്തവർക്ക് ഇത് എത്തിച്ചുകൊടുക്കുക. എത്തിക്കപ്പെടുന്നവർ എത്തിച്ചവരേക്കാൾ കാര്യം ഗ്രഹിച്ചേക്കാം."

നബി(സ)യുടെ പ്രസംഗശേഷം വിശുദ്ധ ഖുർആനിലെ താഴെ പറയുന്ന സൂക്തം അവതരിച്ചു: ''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എൻെറ അനുഗ്രഹം ഞാൻ നിങ്ങൾക്ക് നിറവേററിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തരികയും ചെയ്തിരിക്കുന്നു''(സൂ റ: മാഇദ: 3)

ഇത് പ്രവാചകൻ(സ) ഓതി കേൾപ്പിച്ചപ്പോൾ ഉമർ(റ) പൊട്ടിക്കരഞ്ഞു പോയി കാരണം അന്വേഷിച്ചപ്പോൾ; ഏതൊന്നും പൂർണ്ണതയിൽ എത്തിയാൽ പിന്നെ തളർച്ചയാണല്ലൊ ഉണ്ടാവുക. അതോടൊപ്പം പ്രവാചകൻ(സ)യുടെ മരണം അടുത്തതായി ഇത് അറിയിക്കുന്നുമുണ്ട്. എന്ന് അവർ ഇതിലൂടെ മനസ്സിലാക്കിയതായി പറഞ്ഞു.!

ശേഷം നബി(സ) ളുഹറും അസ്വറും ജംഉം ഖസ്വറുമായി നമസ്കരിച്ചു.





പിന്നീടുള്ള സമയം സൂര്യൻ അസ്തമിക്കുന്നത് വരെ അറഫയിൽ പ്രാർത്ഥനയിലും മററുമായി കഴിഞ്ഞുകൂടുകയും അസ്തമിച്ച ശേഷം മുസ്ദലിഫയിലേക്ക് നീങ്ങുകയും മുസ്ദലിഫയിൽ എത്തിയ ശേഷം മഗ്‌രിബും ഇശാഉം നമസ്കരിച്ച് ബാക്കി സമയം സുബഹി വരെ കിടന്ന് ഉറങ്ങുകയും ചെയ്തു.

സുബ്ഹി നമസ്കാരത്തിനു ശേഷം മശ്അറുൽ ഹറാമിൻെറ (ഇപ്പോഴത്തെ പള്ളിയുടെ) അടുത്ത് വെച്ച് പ്രാർത്ഥിച്ച ശേഷം സൂര്യോദയത്തിനു മുമ്പായി മിനായിലേക്ക് പോയി ജംറത്തുൽ അഖബയിൽ കല്ലേറ് നടത്തിതാൻ കൊണ്ടുവന്ന ഒട്ടകങ്ങളിൽ 63 എണ്ണം നബി(സ) സ്വന്തം അറുത്തു ബാക്കി 37 എണ്ണം അലി(റ)വിനെക്കൊണ്ട് അറുക്കാൻ ആവശ്യപ്പെട്ടു; അങ്ങിനെ 100 എണ്ണത്തെ പ്രവാചക ൻ(സ) അറുത്തു. ശേഷം തലമുടി നീക്കം ചെയ്തു കഅബയുടെ അടുക്കൽ ചെന്ന് ത്വവാഫ് നടത്തി ഹറമിൽ വെച്ച് ളുഹർ നമസ്കരിക്കുകയും ചെയ്തു. അനന്തരം മിനാ യിലേക്ക് തന്നെ തിരിച്ച് വന്ന് ദുൽഹജ്ജ് 11,12,13 തീയതി കളിൽ മിനായിൽ താമസിക്കുകയും ഓരോ ദിവസവും മൂന്ന് ജംറകളിലും കല്ലേറ് നടത്തുകയും ചെയ്തു. മിനായിൽ വെച്ചും ഓരോ ദിവസവും നബി(സ) ജനങ്ങളോട് പ്രസംഗിക്കുകയുണ്ടായി. പിന്നീട് കഅബയുടെ അടുക്കൽ ചെന്ന് വിടവാങ്ങൽ ത്വവാഫ് നിർവ്വഹിച്ച് മദീനയിലേക്ക് തിരിച്ചുപോയി.

ഇതോടുകൂടി ഇസ്‌ലാമിൻെറ എല്ലാ ആരാധനാനുഷ്ഠാനങ്ങളും പ്രവാചകൻ (സ) ജനങ്ങൾക്ക് മാതൃകാപരമായി നിർവ്വഹിച്ച് കാണിച്ചുകൊടുത്തു. പ്രത്യേകിച്ചും ഹജ്ജ് കർമ്മം എല്ലാ വിധ അനാചാരങ്ങളിൽ നിന്നും ജാഹിലിയ്യാ രീതികളിൽ നിന്നും ശുദ്ധീകരിക്കുകയും ചെയ്തു.

നബി(സ) ഒരു ഹജ്ജ് മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. അത് പ്രവാചകൻെറ ഹജ്ജത്തുൽ വദാഅ് (വിടവാങ്ങൽ ഹജ്ജ്) എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്നു.

## പ്രവാചകൻ(സ)യുടെ വിയോഗം

മക്കം ഫത്ഹിന് ശേഷമുള്ള പല സംഭവങ്ങളും പ്രവാചകൻ(സ)യുടെ വേർപാട് വിളിച്ചറിയിക്കുന്നതായിരുന്നു. ഹജ്ജിൻെറ സന്ദർഭത്തിൽ മിനായിൽ വെച്ച് സൂറത്ത് നസ്റ് അവതരിച്ചപ്പോൾ എൻെറ മരണവാർത്ത അറിയിക്കപ്പെട്ടു എന്ന് പറഞ്ഞതും, മുആദ്(റ)വിനെ യമനിലേക്ക് നിയോഗിച്ചിച്ചപ്പോൾ ഇനി താങ്കൾ ഒരു പക്ഷേ ഈ പള്ളി യുടെ അടുക്കൽ എൻെറ ഖബറിന് അടുത്തുകൂടെയാകും നടക്കുക. എന്ന് പറഞ്ഞതെല്ലാം അതാണ് സൂചി ിക്കുന്നത്.
ഹിജ്റ: 11ാം വർഷം സഫർ മാസം അവസാന ദിവസം നബി(സ) അല്ലാഹുവിൻെറ കൽപ്പനപ്രകാരം മസ്ജിദുന്നബവിയോട് തൊട്ടുള്ള ശ്മശാനം സന്ദർശിക്കുകയും ഖബറാളികൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ശേഷം തിരിച്ചുവരുന്ന അവസരത്തിലായിരുന്നു നബി(സ)ക്ക് രോഗ ലക്ഷണങ്ങൾ കണ്ടത്. നബി(സ)യുടെ കൂടെ തൻെറ ഭൃത്യനായ അബൂമുവയ്ഹിബയും ഉണ്ടായിരുന്നു. അന്നേരം പ്രവാചകൻ(സ) അദ്ദേഹത്തോട് ഇങ്ങിനെ പറഞ്ഞു: ''അല്ലാഹു ഐഹിക ജീവിതത്തിലെ ഖജനാവുകളുടെ താക്കോലുകൾ എനിക്ക് നൽകിക്കൊണ്ടുള്ള ശാശ്വത ജീവിതവും സ്വർഗ്ഗവും വേണോ അതല്ല അല്ലാഹുവിനെ കണ്ട്മുട്ടലും സ്വർഗ്ഗവും വേണോ എന്ന കാര്യത്തിൽ എനിക്ക് തിരഞ്ഞെടുക്കാൻ അവസരം തന്നു. ഞാൻ





അല്ലാഹുവിനെ കാണലും സ്വർഗ്ഗവും തിരഞ്ഞെടുത്തു !!'' എന്നു പറഞ്ഞു.

അന്ന് നബി(സ)യുടെ ഊഴം മൈമൂന(റ)യുടെ വീട്ടിലായിരുന്നു. പ്രവാചകൻ (സ) മററു ഭാര്യമാരെയെല്ലാം വിളിച്ചു വരുത്തിയ ശേഷം ആയിഷ(റ)യുടെ വീട്ടിൽ കഴിയാൻ അനുവാദം ചോദിക്കുകയും അവർ സമ്മതിച്ചത് അനുസരിച്ച് ആയിഷ(റ)യുടെ വീട്ടിലേക്ക് മാറുകയും ചെയ്തു; പിന്നീട് തൻെറ മരണംവരെ അവിടെത്തന്നെയായിരുന്നു പ്രവാചകൻ(സ) കഴിഞ്ഞു കൂടിയത്.

വിവരമറിഞ്ഞ് സന്ദർശകർ വന്നുപോയിക്കൊണ്ടേയിരുന്നു. ഒരു ദിവസം മകൾ ഫാത്വിമ (റ) വന്നപ്പോൾ നബി അവരെ തന്നോട് ചേർത്ത് ഇരുത്തിയ ശേഷം ചെവിയിൽ എന്തോ സ്വകാര്യമായി പറഞ്ഞു അന്നേരം ഫാതിമ(റ) വിതുമ്പിക്കരയാൻ തുടങ്ങി. അൽപ്പം കഴിഞ്ഞ് വീണ്ടും അദ്ദേഹം എന്തോ പറഞ്ഞു. അന്നേരം അവർ ചിരിക്കുകയും ചെയ്തു. ആയിഷ(റ) അതിനെക്കുറിച്ച് ചോദിച്ചപ്പോൾ അത് രഹസ്യമാക്കിവെക്കുകയും പിന്നീട് നബി(സ)യുടെ മരണ ശേഷം അവർ ഇപ്രകാരം പറഞ്ഞു: ''ആദ്യം തൻെറ മരണം അടുത്തിരിക്കുന്നു എന്നും അതിനാൽ തഖ്‌വയും ക്ഷമയും കൈക്കൊള്ളണമെന്ന് പറഞ്ഞപ്പോഴാണ് ഞാൻ കരഞ്ഞത്. പിന്നീട്, എന്നോടൊപ്പം ആദ്യമായി എൻെറ കുടുംബത്തിൽ നിന്നും വന്നുചേരുക നീ ആയിരിക്കുമെന്നും നീ സ്വർഗ്ഗ സ്ത്രീകളുടെ നേതാവായിരിക്കും എന്ന് പറഞ്ഞപ്പോഴാണ് ഞാൻ ചിരിച്ചത് എന്നും പറഞ്ഞു.' ഇക്കാര്യം ഇമാം ബുഖാരി(റ) തൻെറ സ്വഹീഹിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രവാചകന് പനി ശക്തമായിക്കൊണ്ടേയിരുന്നു. തലയിൽ വെള്ളം ഒഴിച്ചുകൊണ്ട് തണുപ്പിക്കുകയും, തുണി ചുററിനോക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ആയിഷ(റ) സൂറത്തുൽ മുഅവ്വദതൈനി ഓതി തൻെറ കൈകളിൽ ഊതി തടവിക്കൊടുക്കുന്നുമുണ്ട്. പ്രവാചകൻ ഒരു മുണ്ട് കൊണ്ട് മുഖം മൂടിയിട്ടുണ്ട് ഇടക്ക് അത് നീക്കിക്കൊണ്ട് തൻെറ അടുത്തായി ഒരു പാത്രത്തിലുള്ള വെള്ളത്തിൽ കൈമുക്കി മുഖം തുടക്കുകയും ലാഇലാഹ ഇല്ലല്ലാഹ് ഇ ന്നലിൽ മൗതി ലസകറാത്ത് (നിശ്ചയം മരണവേദന അ സഹ്യമായത് തന്നെയാണ്) എന്നും അല്ലാഹുവേ, മരണ വേദനയെത്തൊട്ട് ഞാൻ നിന്നോട് രക്ഷതേടുന്നു. എന്നും പറഞ്ഞുകൊണ്ടിരുന്നു. പ്രവാചകന് ഇടക്ക് ബോധം നഷ്ടപ്പെടുന്നതായി അനുഭവപ്പെട്ടു. ഒരിക്കൽ ഒരു രാത്രി ബോധം തെളിഞ്ഞപ്പോൾ ജനങ്ങൾ നമസ്കരിച്ചോ എന്ന് ചോദിച്ചു. ഇല്ല പ്രവാചകരേ, അവർ നിങ്ങളെ പ്രതീക്ഷിച്ച് ഇരിക്കുകയാണ് എന്ന് പറഞ്ഞു. അന്നേരം അൽപം ഉന്മേഷം ലഭിക്കാൻ കുറച്ച് വെള്ളം എടുത്ത് ത ലയിലൊഴിച്ച് കൊടുക്കാൻ പറഞ്ഞു. അവരത് പ്രകാരം ചെയ്തു; പള്ളിയിലേക്ക് പുറപ്പെടാൻ സമയം പിന്നേയും ബോധം നഷ്ടപ്പെട്ടു.അൽപംകഴിഞ്ഞ് ബോധം തെളിഞ്ഞപ്പോൾ അവർ നമസ്കരിച്ചോ എന്ന് ചോദിച്ച് ഇല്ല എന്ന് കേട്ടപ്പോൾ വീണ്ടും മേൽ പറഞ്ഞത്പോലെ ആവർ ത്തിച്ചു. ഇത് രണ്ട് മൂന്ന് തവണ ആവർത്തിച്ചു. അവസാനം പള്ളിയിൽ പോയി നമസ്ക രിക്കാൻ കഴിയില്ല എന്ന് തോന്നിയപ്പോൾ അബൂബക്കർ (റ)വിനോട് ജനങ്ങൾക്ക് ഇമാമായി നമസ്കരിക്കാൻ പറയാൻ ഏൽപ്പിച്ചു. അന്നേരം എൻെറ പിതാവ് ഖുർ ആൻ ഓതുന്ന സമയം പൊട്ടി ക്കരയുന്ന വ്യക്തിയാണ് അദ്ദേഹത്തിന് അതിന് കഴിയില്ല മററാരെയെങ്കിലും





ഏൽപ്പിക്കണമെന്ന് ആയിഷ(റ) പറഞ്ഞു നോക്കിയെങ്കിലും നബി(സ) അതനുവദിച്ചില്ല. അബൂബക്കർ(റ) ജനങ്ങൾക്ക് ഇമാമായി നമസ്കരിച്ചു. അന്നേരം നബിക്ക് അൽപം ആശ്വാസം തോന്നിയപ്പോൾ പള്ളിയിലെ ജമാഅത്തിൽ പങ്കെടുക്കാൻ നബി(സ) താൽപര്യം പ്രകടിപ്പിക്കുകയും രണ്ടാളുടെ ചുമലിൽ കൈവെച്ച് പള്ളിയിലേക്ക് പുറപ്പെട്ടു ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്ന പ്രസ്തുത ഹദീസിൽ കാല് എടുത്ത്വെക്കാൻ കഴിയാതെ കാല് വലിച്ചുകൊണ്ട് പള്ളിയിലേക്ക് നീങ്ങുമ്പോൾ, പോകുന്ന വഴിക്ക് കാല് വലിച്ച രണ്ട് വരകൾ കാണാമായിരുന്നു.!! എന്ന് രേഖപ്പെടുത്തുന്നുണ്ട്. നോക്കൂ ജമാഅത്തിന് പ്രവാചകൻ (സ) കണ്ടിരുന്ന ഗൗരവം എത്രയാണ് !!.

മറെറാരിക്കൽ നബി(സ) പള്ളിയിൽ വരുന്നത് കണ്ട അബൂബക്കർ പുറകോട്ട് നീങ്ങി നബിയെ ഇമാമാക്കാൻ ഒരുങ്ങി. അന്നേരം നബി(സ) നമസ്കാരം തുടരാൻ ആവശ്യപ്പെടുകയും അബൂബക്കർ(റ)വിൻെറ സമീപത്ത് ഇരുന്ന് നമസ്കരിക്കുകയും ചെയ്തു. ഇനിയൊക്കെ അബൂബക്കറാകട്ടെ എന്ന ഒരു സൂചനയായിരുന്നു അത് എന്ന് ചരിത്രകാരന്മാർ അതിനെ വിലയിരുത്തുന്നതായി കാണാം. പി ന്നീട് പ്രവാചകൻ(സ) മിമ്പറിൽ ഇരുന്ന്, ഹംദും സ്വലാ ത്തും ചൊല്ലി ജനങ്ങളോടായി പല വസ്വിയ്യത്തുകളും ന ൽകി.:

‘‘ജനങ്ങളേ, (മുഹാജിറുകളുടേയും അൻസാറുകളുടേയും ത്യാഗങ്ങളേയും സ്ഥാനങ്ങളേയും അനുസ്മരിച്ച ശേഷം) നിങ്ങൾ പരസ്പരം ബഹുമാനത്തോടെയും വിട്ടുവീഴ്ചാ മനസ്സോടെയും കഴിയണം; എന്ന് ഓർമ്മപ്പെടുത്തി. ശേഷം, ഒരു ദാസന് തൻെറ രക്ഷിതാവ് ഐഹിക സുഖം അതല്ലെങ്കിൽ പരലോകം രണ്ടിലൊന്ന് തിര

ഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകി. അപ്പോൾ ആ ദാസൻ പരലോകം തിരഞ്ഞെടുത്ത് കഴിഞ്ഞു. ഇത് കേട്ട അബൂ ബക്കർ പൊട്ടിക്കരയാൻ തുടങ്ങി. നബി(സ) അദ്ദേഹത്തെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ഞാൻ ആരെയെങ്കിലും ഖലീലായി തിരഞ്ഞെടു ക്കുമായിരുന്നു വെങ്കിൽ അബൂബക്കറിനെ തിരഞ്ഞെടുക്കുമായിരുന്നു. എന്നാൽ ഇസ്‌ലാമിൽ സ്നേഹവും സുഹൃദ്ബന്ധവുമാണല്ലൊ വലുത്.

ജനങ്ങളേ, ജൂതന്മാരേയും ക്രിസ്ത്യാനികളേയും അല്ലാഹുശപിക്കട്ടെ. അവർ അവരുടെ പ്രവാചകന്മാരുടേയും സജ്ജനങ്ങളുടേയും ഖബറുകളെ ആരാധനാ സ്ഥലങ്ങളാക്കിയവരാണ്. ഞാനിതാ അക്കാര്യം നിങ്ങളോട് വിരോധിക്കുന്നു. എൻെറ ഖബറിനെ നിങ്ങൾ ആരാധിക്കപ്പെടുന്ന ഒരു ബിംബമാക്കരുത്.

ഇതാ ആർക്കെങ്കിലും എന്നോട് ഏതെങ്കിലും പ്രതികാരം എടുക്കേണ്ട വിധം എന്നിൽ നിന്നും എന്തെങ്കിലും വാക്കോ പ്രവൃത്തിയോ ഉണ്ടായിട്ടുണ്ട് എങ്കിൽ ഞാനിതാ നിൽക്കുന്നു; എൻെറ ശരീരവുമിതാ നിങ്ങൾ പ്രതികാരം ചെയ്തുകൊള്ളുക. അങ്ങിനെ സുദീർഘമായി പല കാര്യങ്ങളും ഉപദേശിച്ചു.''

പ്രവാചകൻ(സ)യുടെ വിയോഗം നടന്ന ദിവസം സുബ്ഹി നമസ്കാരത്തിന് അബൂബക്കർ (റ) നേതൃത്വം നൽകിക്കൊണ്ടിരിക്കെ നബി(സ) തൻെറ മുറിയിൽനിന്നും അവിടെ കടന്നുവന്നു. അബൂബക്കർ(റ) നബിക്ക് തൽസ്ഥാനം നൽകാൻ ഒരുങ്ങിയെങ്കിലും നബി(സ) സമ്മതിച്ചില്ല. അബൂബക്കറിൻെറ നേതൃത്വത്തിൽ ജനങ്ങളെ ഐക്യത്തിലും സ്നേഹത്തിലും കണ്ട പ്രവാചകൻ അത്യധികം സന്തോഷിച്ചു.നമസ്കാര ശേഷം പ്രവാചകൻ(സ)യെ പതി





വിൽ കവിഞ്ഞ ഉന്മേഷത്തോടെ കണ്ട സ്വഹാബികൾ വളരെ സന്തോഷിച്ചു. പക്ഷേ അത് അവസാനത്തോടടുത്ത ഉന്മേഷമായിരുന്നു എന്ന് അവർക്ക് പിന്നീടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. നബി(സ)ക്ക് രോഗം സുഖം പ്രാപിച്ചുതുടങ്ങി എന്ന് കരുതി, സ്വഹാബികൾ പല ഭാഗത്തേക്കും പോയി. അബൂബക്കർ(റ)ഉം തൻെറ മകളായ പ്രവാചക പത്നി ആയിഷ(റ)യോട് പറഞ്ഞ് സ്ഥലം വിട്ടുപോയി.

ഏകദേശം ളുഹാ സമയമായപ്പോൾ പ്രവാചകൻ(സ)യുടെ അവസ്ഥക്ക് മാററം വന്നു. ആയിഷ(റ) തൻെറ മാറിലേക്ക് പ്രവാചകനെ ചാരിയിരുത്തി. നബി(സ) ഇടക്കിടക്ക് 'ഇലർ റഫീഖിൽ അഅ്‌ലാ ' (അല്ലാഹുവിൻെറ ഉന്നതമായ സവിധത്തിലേക്ക്) എന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. അതിനിടയിൽ 'അറേബ്യൻ ഉപഭൂഖണ്ഡത്തിൽ രണ്ട് മതം ഇനി ഉണ്ടായിക്കൂടാ', ''നിങ്ങൾ നമസ്കാരത്തിൻെറ കാര്യം പ്രത്യേകം ശ്രദ്ധിക്കണം നിങ്ങൾ ഉടമപ്പെടുത്തിയവരുടെ (സ്ത്രീകളുടെ) കാര്യവും'' എന്നും ഉപദേശിച്ചു. മേൽ പറഞ്ഞതായ വാക്കുകൾ ആണ് അവസാനമായി പ്രവാചകൻ (സ) ജനങ്ങളോടായി സംസാരിച്ചത് എന്നാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്.

അങ്ങിനെ ആയിഷ(റ) യുടെ മാറിൽ തലവെച്ചുകൊണ്ട് ലോകാനുഗ്രഹിയായ പ്രവാചകൻ (സ) റഫീഖുൽ അഅ്‌ലായിലേക്ക് (അല്ലാഹുവിങ്കലേക്ക്) യാത്രയായി. എന്നന്നേക്കുമായി ഈ ഭൗതികലോകത്തിൽ നിന്നും കണ്ണടച്ചു. (ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ).

ഹിജ്റ 11 റബീഉൽ അവ്വൽ 11 ന് തിങ്കളാഴ്ചയായിരുന്നു പ്രസ്തുത സംഭവം. എന്നാൽ പന്ത്രണ്ടിന്, ഒന്നിന് രണ്ടിന്

എന്നിങ്ങനെ വ്യത്യസ്ത അഭിപ്രായവും ഈ വിഷയത്തിൽ ചരിത്ര ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്.

ആയിഷ(റ) പ്രവാചകൻെറ തിരു ശിരസ്സ് എടുത്ത് താഴെ വെച്ച് പൊട്ടിക്കരഞ്ഞു. ദു:ഖം അണപൊട്ടിയൊഴുകി. കേട്ടവർ എല്ലാവരും അൽഭുതപ്പെട്ട് ഓടിയെത്തി. മരണവാർത്ത എല്ലായിടത്തും പരന്നു. ഉമർ(റ) നബി(സ) മരിച്ചു എന്ന് പറയാൻ കൂട്ടാക്കിയില്ല. ബോധം നഷ്ടപ്പെട്ടതാണ്. അതിനാൽ ആരെങ്കിലും നബി(സ) മരിച്ചു എന്നു പറഞ്ഞാൽ അവരുടെ കൈകാലുകൾ ഞാൻ കൊത്തി മുറിക്കും എന്ന് അട്ടഹസിച്ചു; ആകെ ഭീകരമായ ഒരവസ്ഥ. അന്നേരം വിവരമറിഞ്ഞ അബൂബക്കർ(റ) ഓടിയെത്തി നബി(സ)യുടെ മയ്യത്ത് കിടത്തിയിരുന്ന മുറിയിൽ കടന്ന് മൃതശരീരം മൂടിയിരുന്ന മുണ്ട് നീക്കി പ്രവാചകൻെറ ചേതനയററുകിടക്കുന്ന മുഖത്ത് ഒരു ചുംബനമർപ്പിച്ച ശേഷം, ജനങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഉമർ(റ)ൻെറ നേർക്ക് ചെന്ന് ശാന്തനാകാൻ പറഞ്ഞു. അദ്ദേഹം അനുസരിക്കുന്നില്ലെന്ന് കണ്ടപ്പോൾ ജനങ്ങളോടായി ഇങ്ങനെ പറഞ്ഞു:

''വല്ലവരും മുഹമ്മദിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ മുഹമ്മദ് ഇതാ മരണപ്പെട്ടിരിക്കുന്നു; അതല്ല ഏഴ് ആകാശങ്ങൾക്ക് ഉപരിലോകത്തുള്ള അല്ലാഹുവിനെയാണ് ആരാധിച്ചിരുന്നത് എങ്കിൽ അവൻ മരണമില്ലാത്തവനും എന്നെന്നും ജീവിച്ചിരിക്കുന്നവനുമാണ്. തുടർന്ന് വിശുദ്ധ ഖുർആനിൽ നിന്നും താഴെ പറയുന്ന വചനം ഓതിക്കേൾപ്പിച്ചു: ''മുഹമ്മദ് അല്ലാഹുവിൻെറ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതന്മാർ കഴിഞ്ഞു പോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ പുറകോട്ട്





തിരിച്ചുപോകുകയോ? ആരെങ്കിലും പുറകോട്ട് തിരിച്ചുപോകുന്നപക്ഷം അല്ലാഹുവിന് ഒരു ദ്രോഹവും അത് വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണ്.'' (ആലുഇംറാൻ 144)

അബൂബക്കർ (റ)വിൻെറ വാക്കുകൾ കേട്ട ഉമർ(റ) പൊട്ടിക്കരഞ്ഞുകൊണ്ട് ഇങ്ങിനെ പറഞ്ഞു: എൻെറ കാലുകൾക്ക് എന്നെ താങ്ങി നിർത്താൻ ശക്തിയില്ലാതെയാവന്നു; എന്ന് പറഞ്ഞ് നിലത്ത് ഇരുന്ന് പോയി. പ്രസ്തുത വചനങ്ങൾ അബൂബക്കർ(റ) പാരായണം ചെയ്യുന്നതിന് മുമ്പ് ഞങ്ങളാരും കേട്ടിട്ടില്ലാത്തത് പോലെ അനുഭവപ്പെട്ടു. പ്രവാചകൻ(സ) എന്നെന്നേക്കുമായി ഞങ്ങളിൽനിന്നും വേർപെട്ടിരിക്കുന്നു എന്ന് അതോടെ എനിക്ക് ബോധ്യമാവുകയും ചെയ്തു. എന്ന് അദ്ദേഹം പിന്നീട് പറഞ്ഞു.

## മയ്യത്ത് സംസ്കരണം

പിന്നീട് മുഹാജിറുകളും അൻസ്വാറുകളുമാകുന്ന മുഴുവൻ ജനങ്ങളും ബനൂസാഇദിൻെറ പന്തലിൽ ഒരുമിച്ചുകൂടുകയും റസൂൽ (സ)യുടെ പിൻഗാമിയായി അബൂബക്കർ (റ)വിനെ തിരഞ്ഞെടുക്കുകയും. അല്ലാഹുവിൻെറ റസൂൽ നമ്മുടെ മതകാര്യങ്ങൾക്ക് നേതാവായി നിശ്ചയിച്ചു തന്ന വ്യക്തിയെ നമുക്ക് എന്തുകൊണ്ട് നമ്മുടെ ദുൻയാകാര്യങ്ങൾക്കും തോവായി അംഗീകരിച്ചുകൂടാ !? എന്ന് പറഞ്ഞു കൊണ്ട് ഉമർ(റ) ആദ്യം ബൈഅത്ത് (അനുസരണപ്രതിജ്ഞ) ചെയ്തു. അതോടുകൂടി ബാക്കി എല്ലാവരും ബൈഅത്ത് ചെയ്തു. അങ്ങിനെ പ്രവാചകന് ശേഷം മുസ്ലിം സമൂഹത്തിൻെറ ഒന്നാമ

ത്തെ ഖലീഫയായി അബൂബക്കർ(റ) തിരഞ്ഞെടുക്കപ്പെട്ടു.

ചൊവ്വാഴ്ച പ്രവാചകൻ(സ)യുടെ ഭൗതിക ശരീരം കുളിപ്പിക്കാൻ എടുത്തു. അലി, അബ്ബാസ്, അബ്ബാസ്(റ)വിൻെറ രണ്ട് മക്കളായ ഫദ്ല്, കുഥമ്; ശക്റാൻ, ഉസാമ:, ഔസ് (റ) എന്നിവർ ചേർന്നാണ് കുളിപ്പിച്ചത്. അദ്ദേഹം മരണപ്പെടുന്ന അവസരത്തിൽ ധരിച്ചിരുന്ന വസ്ത്രം അഴിക്കാതെ തന്നെയാണ് കുളിപ്പിക്കൽ കർമ്മം നിർവ്വഹിച്ചത്. പിന്നീട് മൂന്ന് വസ്ത്രത്തിലായി അദ്ദേഹത്തെ കഫൻ ചെയ്യുകയും സുഗന്ധം പൂശുകയും ചെയ്തു.

കുളിപ്പിച്ച് കഫൻ ചെയ്ത ശേഷം ആദ്യം പുരുഷന്മാർ, പിന്നീട് സ്ത്രീകൾ, കുട്ടികൾ എന്നീ ക്രമത്തിലായി മയ്യത്ത് നമസ്കാരം നിർവ്വഹിച്ചു. ചെറു സംഘങ്ങളായി വന്ന് നമസ്കരിക്കുകയാണ് ഉണ്ടായത്. ആരും മററൊരാൾക്ക് ഇമാമായിട്ട് അല്ല നമസ്കാരം നിർവ്വഹിച്ചത്.

ശേഷം മയ്യത്ത് എവിടെ മറവു ചെയ്യണം എന്ന വിഷയത്തിൽ പലരും പല അഭിപ്രായങ്ങൾ മുന്നോട്ട് വെച്ചു. അന്നേരം ''പ്രവാചകൻമാർ എവിടെ വെച്ചാണോ മരണപ്പെടുന്നത് അവിടെ ഖബറടക്കപ്പെടുകയും ചെയ്യണം'' എന്ന് പ്രവാചകൻ(സ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് എന്ന് അബൂബക്കർ (റ) പറഞ്ഞതോടുകൂടി പ്രശ്നത്തിന് പരിഹാരമായി. അങ്ങിനെ ആയിഷ(റ)യുടെ മുറിയിൽ പ്രവാചകൻ(സ) മരണപ്പെട്ട അതേ സ്ഥാനത്ത് തന്നെ ഖബറടക്കാനുള്ള ഏർപ്പാടുകൾ ആരംഭിച്ചു.

മക്കക്കാർക്കിടയിൽ ഖബർ കുഴിക്കാറുണ്ടായിരുന്ന അബൂ ഉബൈദ(റ)വിൻെറ അടുത്തേക്കും. മദീനക്കാരിൽ ഖബർ കുഴിച്ചിരുന്ന വ്യക്തിയായ അബൂത്വൽഹ (റ)വിൻെറ അടുത്തേക്കും ആളെ പറഞ്ഞയച്ചുവെങ്കിലും.





അബൂത്വൽഹ(റ)ക്ക് ആയിരുന്നു ആ ഭാഗ്യം ലഭിച്ചത്. അദ്ദേഹം വന്ന് നബി(സ)യടെ പരിശുദ്ധ ദേഹം മറവു ചെയ്യുന്നതിനായി ലഹ്ദ് (ആഴത്തിൽ കുഴിച്ച് സൈഡിൽ മതിൽ തുരന്ന് മയ്യത്ത് അടക്കം ചെയ്യുന്ന രീതിയിൽ ഖബർ തയ്യാറാക്കുന്നതിനാണ് ലഹദ് എന്ന് പറയുക. സാധാരണ നമ്മുടെ നാട്ടിൽ ഖബർ കുഴിച്ച് അതിൻെറ നടുവിലായി വീണ്ടും കുഴിച്ച് മയ്യത്ത് അടക്കം ചെയ്യുന്ന രീതിയിലുള്ള ഖബറിന് ശഖ്ഖ് എന്നും പറയപ്പെടും) രീതിയിലായി ഖബർ തയ്യാറാക്കി. അങ്ങിനെ അലി, അബ്ബാസ്, ഖുഥമ്, ഫദ്ല്, ശക്റാൻ(റ) എന്നിവർ ചേർന്ന് പ്രവാചകൻ (സ) യുടെ പരിശുദ്ധ ശരീരം മണ്ണിലേക്ക് താഴ്ത്തി സംസ്കരിക്കപ്പെട്ടു. 'മിൻഹാ ഖലഖ്നാകും വഫീഹാ നുഈദുകും വമിൻഹാ നുഖ്രിജുകും താറതൻ ഉഖ്റാ.' (മണ്ണിൽ നിന്നും നാം നിങ്ങളെ സൃഷ്ടിച്ചു മണ്ണിലേക്ക് തന്നെ നിങ്ങളെ മടക്കുന്നു. അതിൽ നിന്നുതന്നെ നാം മററൊരു പ്രാവശ്യം നാം നിങ്ങളെ പുറത്ത് കൊണ്ടുവരികയും ചെയ്യും) എത്ര ഉന്നതരായാലും എല്ലാവരുടേയും അവസ്ഥ ഒന്നു തന്നെ. !!.

തിങ്കളാഴ്ച മരണപ്പെട്ട പ്രവാചകൻ (സ)യുടെ ജനാസ ചൊവ്വാഴ്ച അസ്തമിച്ച ശേഷം രാത്രി, വിങ്ങുന്ന മനസ്സോടും വിതുമ്പുന്ന ഹൃദയത്തോടും നനവാർന്ന കണ്ണുകളോടും കൂടി ഒരുമിച്ചുകൂടിയ പതിനായിരങ്ങളെ വിട്ടുകൊണ്ട് എന്നന്നേക്കുമായി യാത്രയായി.

പ്രവാചകൻ(സ) ലോകത്തെ വിട്ടുപിരിഞ്ഞെങ്കിലും അദ്ദേഹത്തിൻെറ മഹനീയ കാൽപ്പാടുകൾ നമ്മുടെ മുന്നിൽ പകൽ വെളിച്ചം പോലെ പരന്ന് കിടക്കുന്നു. അത് പിന്തുടർന്ന് ജീവിക്കലാണ് നമുക്ക് അദ്ദേഹത്തോടുള്ള ബാധ്യതകളിൽ പ്രഥമ പരിഗണനയർഹിക്കുന്നത്.

*എല്ലാ ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപ്പ് നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളു. അപ്പോൾ ആര് നരകത്തിൽ നിന്ന് അകററി നിർത്തപ്പെടുകയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത് (ഖുർആൻ 3/185)*

## പ്രവാചക പത്നിമാർ

പ്രവാചക പത്നിമാർ, അവർ ഇഹലോകത്തും പരലോകത്തും നബി(സ)യുടെ ഭാര്യമാരാണ്. അവർ സത്യവിശ്വാസികൾക്ക് തങ്ങളുടെ മാതാക്കളുടെ സ്ഥാനത്തുമാണ് **ഉമ്മഹാതുൽ മുഅ്മിനീൻ** (വിശ്വാസികളുടെ മാതാക്കൾ) എന്നാണ് അവരെ അല്ലാഹു വിശേഷിപ്പിച്ചിട്ടുള്ളത്. അവർക്ക് അന്തിമപ്രവാചകൻെറ ഭാര്യമാർ എന്ന നിലക്ക് ഒരുപാട് മഹത്വങ്ങളും ശ്രേഷ്ഠതകളുമുണ്ട്. നബി കുടുംബത്തിൽപെട്ട അവർ പരിശുദ്ധകളും, വിശുദ്ധരും, ഗുണവതികളും, പതിവ്രതകളും, എല്ലാവിധ മ്ലേഛതക ളിൽ നിന്നും മുക്തരും നിരപരാധിനിക ുമാണ്. അവരുടെ വിശുദ്ധിക്കോ അഭിമാനത്തിനോ കളങ്കമേൽപ്പിക്കുന്ന എല്ലാ വിഷയത്തിൽ നിന്നും അവർ മോചിതരുമാണ്. അതെ, നല്ല സ്ത്രീകൾ നല്ല പുരുഷന്മാർക്കും, നല്ല പുരുഷന്മാർ നല്ല സ്ത്രീകൾക്കുമാണ്. അല്ലാഹു അവരെ തൃപ്തിപ്പെടട്ടെ, (ആമീൻ).





## ഉമ്മഹാതുൽ മുഅ്മിനീൻ

നബി(സ)യുടെ ഭാര്യാപദവിയിൽ മരണംവരെ കഴിഞ്ഞുകൂടാൻ ഭാഗ്യം ലഭിച്ചവർ താഴെ പറയുന്നവരാണ്.

### 1, ഖദീജ ബിൻത് ഖുവൈലിദ് (റ)

പ്രവാചകൻ(സ)യുടെ ഒന്നാമത്തെ ഭാര്യയും ഇബ്റാഹീം എന്ന കുട്ടിയൊഴികെ മറെറല്ലാ കുട്ടികളുടേയും മാതാവ് എന്ന ബഹുമതിയും ഖദീജാ (റ)ക്കാണ്. അവരുടെ മൂന്നാമത്തെ ഭർത്താവായാണ് നബി(സ) അവരെ വിവാഹം കഴിച്ചത്. ആദ്യം അതീഖ് ബ്നു ആബിദും രണ്ടാമത് അബൂ ഹാലത്തു തമീമിയുമായിരുന്നു അവരുടെ മുൻ ഭർത്താക്കൾ. നുബുവ്വത്തിൻെറ പത്താം വർഷം മിഅ്റാജിൻെറ തൊട്ട് മുമ്പ് അവർ മരണപ്പെടുന്നത് വരെ നബി (സ) മററാരേയും വിവാഹം കഴിച്ചിട്ടില്ല. അല്ലാഹു ജിബ്രീൽ മുഖേനെ അവർക്ക് സലാം പറഞ്ഞയച്ചതായും, സ്വർഗ്ഗ ത്തിൽ അവർക്ക് ഭവനം ഒരുക്കിവെക്കപ്പെട്ടതായും മററും ഹദീസുകളിൽ വന്നിട്ടുണ്ട്.

### 2, ആയിഷ(റ):

അബൂബക്കർ(റ)വിൻെറ മകളായ അവരെ നബി(സ) വിവാഹം കഴിക്കുന്നതിനുമുമ്പ് രണ്ട് മൂന്ന് തവണ 'ഇവൾ നിൻെറ ഭാര്യയാകുന്നു നീ ഇവളെ വിവാഹം കഴിക്കുക' എന്ന് പ്രവാചകൻ (സ) സ്വപ്നം കണ്ടിരുന്നു. അവർക്ക് ആറ് വയസ്സുള്ളപ്പോൾ മക്കയിൽവെച്ച് നബി അവരെ വിവാഹം കഴിക്കുകയുണ്ടായെങ്കിലും മദീനയിൽ ചെന്ന ശേഷം മാത്രം അവരുടെ ഒമ്പതാമത്തെ വയസ്സിലായിരുന്നു അവരുമായി ദാമ്പത്യ ബന്ധത്തിലേർപ്പെട്ടത്. നബി (സ) വിവാഹം കഴിച്ച ഏക കന്യകയായിരുന്നു ആയിഷ

(റ). ഹിജ്റ 58 ാം വർഷം അവർ ഈ ലോകത്തോട് വേർപ്പെട്ടു.

### 3, സൗദ ബിൻത് സംഅത്തുൽ ആമിരിയ്യ(റ):

നബി(സ) അവരെ വിവാഹം കഴിക്കുന്നതിനു മുമ്പ് സുഹൈലു ബ്നു അംറിൻെറ സഹോദരനായ സക്റാനു ബ്നു അംറ് എന്ന മുസ്‌ലിം അവരെ വിവാഹം ചെയ്തിട്ടുണ്ട്. ഉമർ(റ)ൻെറ ഭരണ കാലത്തായിരുന്നു അവരുടെ മരണം; ഹിജ്റ: 54 ൽ ആണ് എന്നും അഭിപ്രായമുണ്ട്.

### 4, ഹഫ്സാ ബിൻത് ഉമറുബ്നുൽ ഖത്താബ്(റ)

ഉഹദ് യുദ്ധത്തിൽ കൊല്ലപ്പെട്ട, മുസ്‌ലിമായിരുന്ന ഖനീസ് ബ്നു ഹുദാഫ എന്നവർക്ക് ശേഷമായിരുന്നു നബി(സ) അവരെ വിവാഹം കഴിച്ചത്. ഹിജ്റ: 41 ൽ ആണ് അവർ മരണപ്പെട്ടത്.

### 5, സൈനബ ബിൻതു ഖുസൈമ:(റ)

ഉമ്മുൽ മസാകീൻ (അഗതികളുടെ മാതാവ്) എന്ന് അറിയപ്പെടുന്ന അവരെ നബി(സ) വിവാഹം കഴിച്ചത് അവരുടെ ആദ്യ ഭർത്താവ് ആയിരുന്ന അബ്ദുല്ലാഹിബ്നു ജഹ്ശ് ഉഹ്ദ് യുദ്ധത്തിൽ രക്തസാക്ഷിയായതിനു ശേഷമായിരുന്നു. നബി (സ)യോടൊപ്പമുള്ള വളരെ കുറഞ്ഞകാലത്തെ ദാമ്പത്യബന്ധത്തിനു ശേഷം ഹിജ്റ: 4 ാം വർഷം നബി യുടെ ജീവിതകാലത്ത് തന്നെ അവർ ഈ ലോകത്തോട് വിടപറഞ്ഞു. ഖദീജ(റ) യെ കൂടാതെ നബി(സ)യുടെ ജീവിതകാലത്ത് മരണപ്പെട്ടത് ഇവർ മാത്രമാണ്.





### 6, ഉമ്മു സൽമ: (റ)

ഹിന്ദ് ബിൻത് അബീ ഉമയ്യത്തുൽ മഖ്സൂമിയ്യ: എന്നാണ് അവരുടെ പൂർണ്ണനാമം. ഉഹ്ദിൽ സംഭവിച്ച മുറിവ് കാരണം മരണപ്പെട്ട അബ്ദുല്ലാഹിബ്നു അബ്ദുൽ അസദ് എന്ന അബൂസൽമയുടെ മരണശേഷമാണ് നബി (സ) അ വരെ വിവാഹം കഴിച്ചത്. ഹിജ്റ: 61 ലാണ് അവരുടെ മ രണം. നബി(സ)യുടെ ഭാര്യമാരിൽ ഏററവും അവസാന മായി മരണപ്പെട്ടത് ഉമ്മുസൽമ(റ) യാണ്. നബി(സ)യുടെ വിയോഗത്തിന് ശേഷം 51 കൊല്ലം അവർ ജീവിച്ചു.

### 7, സൈനബ ബിൻത് ജഹ്ശ് (റ):

അസദ് ഗോത്രക്കാരിയായ അവർ നബി(സ)യുടെ അമ്മായിയുടെ മകളാണ്. നബിയുടെ അടിമയായിരുന്ന സൈദ് (റ) അവരെ നേരത്തെ വിവാഹം കഴിച്ചിട്ടുണ്ടായിരുന്നു. ഇവരെ സംബന്ധിച്ച് അല്ലാഹു, ***താങ്കൾക്ക് നാം അവരെ ഭാര്യയാക്കിത്തന്നു (സൂറ: അഹ്സാബ്)*** എന്ന് ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യം അവർ ഇപ്രകാരം പ്രവാചകൻ(സ)യുടെ മററു ഭാര്യമാരുടെ മുന്നിൽ എടുത്ത് പറയാറുണ്ടായിരുന്നു: ‘‘നിങ്ങളെയെല്ലാം നിങ്ങളുടെ പിതാക്കളും കുടുംബക്കാരുമാണ് നബി(സ)ക്ക് വിവാഹം ചെയ്തുകൊടുത്തത്. എന്നെ ഏഴ് ആകാശങ്ങൾക്ക് ഉപരിലോകത്തുള്ളവനാണ് വിവാഹം ചെയ്തുകൊടുത്തത്.’’ ഹിജ്റ: അഞ്ചിലായിരുന്നു നബി(സ) അവരെ വിവാഹം കഴിക്കുന്നത്. ഹിജ്റ: 20 ൽ അവർ മരണപ്പെടുകയും ചെയ്തു.

### 8, ജുവൈരിയ്യ ബിൻത് ഹാരിഥ് (റ)

ഖുസാഅ: ഗോത്രക്കാരിയായ അവരെ നേരത്തെ മുസ്വാഫിഹ്ബ്നു സ്വഫ്വാൻ എന്ന ഒരാൾ വിവാഹം കഴിച്ചിരുന്നു; നേരത്തെ വിവാഹം കഴിച്ചിരുന്നത് മാലിക് ബ്നു സഫ്വാൻ ആയിരുന്നു എന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ഹിജ്റ: ആറിലാണ് നബി (സ) അവരെ വിവാഹം കഴിച്ചത് അവരുടെ മരണം ഹി ജ്റ: 56 ലുമാണ്.

## 9, ഉമ്മുഹബീബ: (റ)

അബൂസുഫ്യാൻ(റ) ന്റെ മകളായ ഇവരുടെ പേര് റംല എന്നാണ്. സ്വഹാബിയായതിന് ശേഷം മുർതദ്ദായി ക്രിസ്ത്യാനിയായി മരണപ്പെട്ട ഉബൈദുല്ലാഹി ബ്നു ജഹ്ശ് നേരത്തെ അവരെ വിവാഹം ചെയ്തിട്ടുണ്ടായിരുന്നു. ഹിജ്റ: 44 ൽ തന്റെ സഹോദരൻ മുആവിയ (റ)വിന്റെ ഭരണ കാലത്ത് മദീനയിൽ വെച്ച് അവർ മരണപ്പെട്ടു.

## 10, സ്വഫിയ്യബിൻത്ഹുയയ്യ് (റ)

ഹാറൂൻ നബിയുടെ സന്താന പരമ്പരയിൽ പെട്ട ബനുൻ നളീർ ഗോത്രക്കാരിയായിരുന്നു അവർ. അടിമയായിരുന്ന അവരെ അടിമത്വത്തിൽ നിന്നും മോചിപ്പിക്കുക എന്ന മഹ്ർ അനുസരിച്ചായിരുന്നു നബി(സ) അവരെ വിവാഹം കഴിച്ചത്. ആദ്യം സലാമ് ബ്നു മുശ്കമും അതിനുശേഷം ഹിജ്റ 6ാം കൊല്ലം ഖൈബർ വിജയ ദിവസം കിനാന ത്തു ബ്നു അബുൽ ഹഖീഖ് എന്ന വ്യക്തിയും അവരെ വിവാഹം കഴിച്ചിട്ടുണ്ടായിരുന്നു. ഹിജ്റ: 50ൽ ആയിരു ന്നു അവരുടെ മരണം.

## 11, മൈമൂന ബിൻത് ഹാരിഥുൽ ഹിലാലിയ്യ(റ):





ഹിജ്റ 7ാം വർഷം, ഹുദൈബിയ സന്ധിക്ക് ശേഷം ഉംറ യാത്രയിലായിരുന്നു നബി(സ) അവരെ വിവാഹം കഴിച്ചത്. സരിഫ് എന്ന സ്ഥലത്ത് വെച്ചായിരുന്നു നബി(സ) അവരുമായി ദാമ്പത്യത്തിലേർപ്പെട്ടത്. നേരത്തെ ഇബ്നു അബ്ദു യാലീൽ, അബൂറഹ്മ്ബ്നു അബ്ദുൽ ഉസ്സ എന്നിവർ അവരെ വിവാഹം കഴിച്ചിട്ടുള്ളവരായിരുന്നു. ഹിജ്റ: 51 ലായിരുന്നു അവരുടെ മരണം.

മുകളിൽ പറയപ്പെട്ട പതിനൊന്ന് പേരും ഉമ്മുൽ മുഅ്മിനീൻ എന്ന പദവിയോട് കൂടിയാണ് ഈ ലോകത്തോട് വിടപറഞ്ഞത്. അവരിൽ ഖദീജ:, സൈനബ ബിൻത് ഖുസൈമ(റ) എന്നിവർ നബി(സ)യുടെ ജീവിതകാലത്ത് മരണപ്പെട്ടവരും ബാക്കി ഒമ്പത് പേർ നബിയുടെ വഫാത്ത് സമയത്ത് ജീവിച്ചിരിപ്പുള്ളവരുമായിരുന്നു.

മുകളിൽ പറയപ്പെട്ട 11 രേ കൂടാതെ രണ്ട് പേരെ കൂടി നബി(സ) വിവാഹം ചെയ്തുവെങ്കിലും അവരുമായി ദാമ്പത്യ ജീവിതത്തിൽ കഴിഞ്ഞുകൂടിയിട്ടില്ല. അത്കൊണ്ട് അവർ മുകളിൽ പറഞ്ഞവരുടെ ശ്രേഷ്ഠത കൾക്കോ മത വിധിക്കോ അർഹരാകുന്നില്ല. അവർ താഴെ പറയുന്നവരാണ്.

## 1, അസ്മാഅ് ബിൻത് നുഅ്മാൻ (റ)

കിൻദ ഗോത്രക്കാരിയായ അവരെ നബി(സ) വിവാഹം കഴിച്ചെങ്കിലും അവരെ ഒഴിവാക്കുകയാണുണ്ടായത്. ഒഴിവാക്കുവാനുണ്ടായ കാരണം എന്ത് എന്നതിൽ വ്യത്യസ്ത അഭിപ്രായമാണുള്ളത്. അവരെ പിന്നീട് മുഹാജിറുകളിൽ പെട്ട ഇബ്നു അബീ ഉമയ്യ എന്നവർ വിവാഹം കഴിക്കു കയുണ്ടായി.

## 2, ഉമൈമബിൻത് നുഅ്മാൻ അൽ ജൗവനിയ്യ(റ)

അവർ നബി(സ)യോട് أعــوذ بـــالله منــك (ഞാൻ നിങ്ങളെത്തൊട്ട് അല്ലാ ഹുവോട് രക്ഷതേടുന്നു) എന്ന് പറഞ്ഞ കാരണത്താലാണ് അവരെ ഒഴിവാക്കിയത് എന്ന് പറയപ്പെടുന്നു. യാഥാർത്ഥ്യം അല്ലാഹുവിനറിയാം.

> *പ്രവാചകൻ (സ) സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളേക്കാളും അടുത്ത (ബാധ്യതകളുള്ള) ആളാകുന്നു. അദ്ദേഹത്തിൻെറ ഭാര്യമാർ അവരുടെ (വിശ്വാസികളുടെ) മാതാക്കളുമാകുന്നു. (ഖുർആൻ 33/6)*

## പ്രവാചക സന്തതികൾ

പ്രവാചകൻ(സ)ക്ക് മൂന്ന് ആൺമക്കളും നാല് പെൺ മക്കളുമാണ് ജനിച്ചിട്ടുള്ളത്.

**കാസിം:** നബി(സ)യുടെ പ്രവാചകത്വത്തിന് മുമ്പ് ആയിരുന്നു ഈ കുഞ്ഞ് ജനിച്ചത് രണ്ടാമത്തെ വയസ്സിൽ മരണപ്പെടുകയും ചെയ്തു. ഈ കുട്ടിയിലേക്ക് ചേർത്ത് പ്രവാചകൻ(സ) അബുൽ കാസിം എന്ന് വിളിക്കപ്പെടുന്നത് പ്രസിദ്ധമാണ്.

**അബ്ദുല്ല:** പ്രവാചകത്വത്തിന് ശേഷമായിരുന്നു ഈ കുട്ടിയുടെ ജനനം. ഈ കുട്ടി ത്വാഹിർ, ത്വയ്യിബ് എന്നീ പേരുകളിലും അറിയപ്പെടുന്നുണ്ട്. ഇതും അധികകാലം ജീവിച്ചിരുന്നിട്ടില്ല. ശിശു പ്രായത്തിൽ തന്നെ മരണപ്പെടുകയാണുണ്ടായത്.

**ഇബ്റാഹീം:** നബി(സ) ക്ക് മാരിയത്തുൽ ഖിബ്ത്വിയ്യയിൽ പിറന്ന സന്താനമാണ് ഇബ്റാഹീം. നബിയുടെ മദീന ജീവിതത്തിൽ ജനിക്കുകയും ഹിജ്റ: പത്താം വർഷം





മുലകുടി പ്രായത്തിൽ തന്നെ മരണപ്പെടുകയും ചെയ്തു. പതിനേഴോ പതിനെട്ടോ മാസമായിരുന്നു മരണ സമയത്തെ പ്രായം.

**സൈനബ്:** നബിയുടെ പെൺമക്കളിൽ മൂത്ത സന്തതിയായിരുന്നു സൈനബ(റ). നബിയുടെ ഭാര്യാസഹോദരിയുടെ മകൻ അബുൽ ആസ് ആയിരുന്നു അവരുടെ ഭർത്താവ്. ബദർ യുദ്ധ വേളയിൽ ശത്രു പക്ഷത്തായിരുന്ന അദ്ദേഹം പിന്നീട് മുസ്ലിമാവുകയുണ്ടായി. അവർക്ക് അലി, ഉമാമ: എന്നീ സന്താനങ്ങൾ ജനിച്ചെങ്കിലും അലി ചെറുപ്പത്തിൽ തന്നെ മരണപ്പെടുകയാണുണ്ടായത്. ഉമാമയെ ഫാത്വിമ(റ) ക്ക് ശേഷം അലി(റ) വിവാഹം ചെയ്തു.

**ഫാത്വിമ:** നബി(സ)യുടെ സന്തതികളിൽ അദ്ദേഹത്തിൻെറ വഫാത്ത് സമയത്ത് ജീവിച്ചിരിപ്പുള്ളത് ഫാത്വിമ(റ) മാത്രമായിരുന്നു. തൻെറ പിതൃവ്യപുത്രൻ അലി(റ) വായിരുന്നു അവരെ വിവാഹം ചെയ്തത്. അവർക്ക് ഹസൻ, ഹുസൈൻ, മുഹ്സിൻ, സൈനബ്, ഉമ്മുകുൽഥും എന്നിങ്ങനെ അഞ്ച് മക്കളായിരുന്നു അവർക്ക് സന്തതികൾ. ഫാത്വിമ(റ)യുടെ മരണ ശേഷം അലി(റ) വേറെ വിവാഹം കഴിക്കുകയും സന്താനങ്ങൾ ജനിക്കുകയും ചെയ്തിട്ടുണ്ട്.

**റുഖിയ്യ:, ഉമ്മു കുൽഥൂം:** നബി(സ)യുടെ പെൺമക്കളിൽ രണ്ടാമതായി ജനിച്ചവരാണ് റുഖിയ്യ. ഉഥ്മാനുബ്നു അഫ്ഫാൻ(റ) വാണ് അവരെ വിവാഹം കഴിച്ചിരുന്നത്. അധികം താമസിയാതെ അവർ മരണപ്പെടുകയാണുണ്ടായത്. പിന്നീട് നബിയുടെ മററൊരു മകളായ ഉമ്മുകുൽഥൂം(റ)യെ നബി(സ) അദ്ദേഹത്തിന് വിവാഹം ചെയ്തു കൊടുത്തു. അത്കൊണ്ടാണ് ദുന്നൂറൈൻ (രണ്ട് പ്രകാശത്തിൻെറ ഉടമ) എന്ന് ഉഥ്മാൻ (റ) അറിയപ്പെടാ

നുള്ള കാരണം. റുഖിയ്യ(റ)യിൽ അബ്ദുല്ല എന്നൊരു സന്തതി ഉഥ്മാൻ(റ)വിന് ജനിക്കുകയുണ്ടായി.

മൂന്ന് ആണും നാല് പെണ്ണും അങ്ങിനെ ഏഴ് മക്കളാണ് നബി(സ)ക്ക് ഉണ്ടായിരുന്നത്. ആൺമക്കളെല്ലാം ചെറു പ്രായത്തിൽ തന്നെ മരണപ്പെട്ടു. നബി(സ) മരണപ്പെടുന്ന അവസരത്തിൽ ഫാത്വിമ (റ) മാത്രമാണ് നബി(സ)യുടെ മക്കളിൽ ജീവിച്ചിരിപ്പുണ്ടായിരുന്നത്. അവരും നബി(സ) യുടെ മരണ ശേഷം ആറു മാസം പിന്നിട്ടപ്പോൾ മരണ പ്പെടുകയും ചെയ്തു. നബി(സ)യുടെ മക്കളിൽ ഇബ് റാ ഹീം എന്ന കുട്ടി ഒഴികെ ബാക്കി എല്ലാവരുടേയും മാതാ വ് ഖദീജ(റ) യായിരുന്നു. ഇബ്റാഹീം എന്ന കുട്ടിയുടെ മാതാവ് മാരിയത്തുൽ ഖിബ്ത്വിയ്യ എന്നവരുമായിരുന്നു.

# ഖുലഫാഉർ റാഷിദൂൻ

## അബൂബക്കർ(റ)

അദ്ദേഹത്തിൻെറ യഥാർത്ഥപേര്, അബ്ദുല്ലാഹിബ്നു ഉഥ്മാനു ബ്നു ആമിർ എന്നാണ്. തൈമ് ബ്നു മുർറത്ത് ബ്നു കഅബ് ഗോത്രക്കാരനായ അദ്ദേഹമാണ് പ്രവാചക രിൽ വിശ്വസിച്ച ഒന്നാമത്തെ പുരുഷൻ. കൂടാതെ പ്രവാ ചകനോടൊന്നിച്ച് ഹിജ്റ പോയ വ്യക്തി, നമസ്കാരത്തി ലും ഹജ്ജിലുമെല്ലാം പ്രവാചകനെ പ്രതിനിധീകരിച്ച വ്യ ക്തി, പ്രവാചകൻെറ സമൂഹത്തിലെ ഒന്നാമത്തെ ഖലീ ഫ: എന്നീ ബഹുമതികൾക്കെല്ലാം അർഹനായ വ്യക്തി കൂടിയാണ് അദ്ദേഹം. അദ്ദേഹത്തിൻെറ കൈകളിലാണ് സ്വർഗ്ഗംകൊണ്ട് സന്തോഷ മറിയിക്കപ്പെട്ട ഉഥ്മാൻ, സുബൈർ, ത്വൽഹ:, അബ്ദുർ റഹ്മാനു ബ്നു ഔഫ്,





സഅദ് ബ്നു അബീവഖാസ്(റ) എന്നീ അഞ്ച് പേർ മുസ്ലിമായിട്ടുള്ളത്. ഹിജ്റ: 13ാം കൊല്ലം ജമാദുൽ

ആഖിറിൽ തൻെറ 63-ാ മ ത്തെ വയസ്സിൽ അദ്ദേഹം ഈ ലോകത്ത് നിന്ന് വിട പറഞ്ഞു. മേൽ പറയപ്പെട്ട അഞ്ച് പേർ, അബൂബക്കർ, അ ലി, സൈദ് ബ്നു ഹാരിഥ്(റ) എന്നീ എട്ട് പേരാണ് പ്രവാ ചകരിൽ വിശ്വസിച്ച ആദ്യ പുരുഷന്മാർ എന്ന് പ്രസിദ്ധ ചരിത്രകാരനായ ഇബ്നു ഇസ്ഹാഖ് രേഖപ്പെടുത്തിയി ട്ടുണ്ട്.
അദ്ദേഹത്തിൻെറ ഭരണ കാലം ഹിജ്റ: 11 റബീഉൽ അ വ്വൽ 13 മുതൽ ഹിജ്റ: 13 ജമാദുൽ ആഖിർ 22 വരെ നീ ണ്ടുനിന്ന രണ്ട് വർഷവും മൂന്ന് മാസവും ഒമ്പത് ദിവസ വുമായിരുന്നു.

## ഉമറുബ്നുൽ ഖത്താബ് (റ)

അദ്ദേഹത്തിൻെറ മുഴുവൻ പേര്, അബൂ ഹഫ്സ: അൽ ഫാറൂഖ് ഉമറു ബ്നുൽ ഖത്താബ് എന്നാണ്. ബനൂ അദി യ്യ് കഅബ് ബ്നു ലുഅയ്യ് ആണ് അദ്ദേഹത്തിൻെറ ഗോ ത്രം. പ്രവാചകൻെറ നുബുവ്വത്ത് ആറാം കൊല്ലമാണ് അ ദ്ദേഹം ഇസ്ലാമിലേക്ക് വന്നത്. അന്ന് മുസ്ലിംകൾ അത്യ ധികം സന്തോഷിക്കുകയും, അന്ന് മുതൽ ഇസ്ലാമിക പ്ര ബോധനം മക്കയിൽ പരസ്യമാക്കുകയും ചെയ്തു.

അദ്ദേഹത്തെയാണ് അബൂബക്കർ (റ) തൻെറ പിൻഗാമി യായി മുസ്ലിം ഉമ്മത്തിൻെറ ഖലീഫയായി നിശ്ചയിച്ച ത്. പ്രസ്തുത സ്ഥാനത്ത് അദ്ദേഹം സ്തുത്യർഹമാം വി ധം തൻെറ അന്ത്യം വരെ തുടർന്നു. ഹിജ്റ: 23 ദുൽഹ ജ്ജ് മാസം തൻെറ 63ാം വയസ്സിൽ താൻ രക്തസാക്ഷി

ത്വം വരിക്കുന്നത് വരെ അദ്ദേഹം പ്രസ്തുത സ്ഥാനത്ത് തുടരുകയുണ്ടായി .

ഹിജ്റ: 13 ജമാദുൽ ആഖിർ 23 മുതൽ ഹിജ്റ: 23 ദുൽഹജ്ജ് 26 വരെ നീണ്ടു നിന്ന കാലഘട്ടത്തിലായി പത്ത് വർഷവും ആറ് മാസവും മൂന്ന് ദിവസവുമായിരുന്നു അദ്ദേഹത്തിൻെറ ഭരണകാലം.

## ഉഥ്മാനു ബ്നു അഫ്ഫാൻ (റ)

അബൂ അബ്ദുല്ല ദുന്നൂറൈൻ ഉഥ്മാനുബ്നു അഫ്ഫാൻ എന്നതാണ് അദ്ദേഹത്തിൻെറ പൂർണ്ണ നാമം. ബനൂഉമയ്യ അബ്ദുശ്ശംസ് ബ്നു അബ്ദു മനാഫ് ആണ് അദ്ദേഹത്തിൻെറ ഗോത്രം. പ്രവാചകൻ(സ) ദാറുൽ അർഖമിൽ വെച്ച് രഹസ്യപ്രബോധനം ആരംഭിക്കുന്നതിനു മുമ്പ് തന്നെ അദ്ദേഹം ഇസ്ലാം വിശ്വസിച്ചു കഴിഞ്ഞിരുന്നു. അദ്ദേഹം ധനികനും ധർമ്മിഷ്ടനുമായ വ്യക്തിയായിരുന്നു. ഉമർ (റ) വിൻെറ വധത്തിനു ശേഷം, മരണത്തിനു മുമ്പ് അദ്ദേഹം ചുമതലപ്പെടുത്തി യിരുന്ന കൂടിയാലോചനാ സമിതിയുടെ ഐക്യകൺഠേനയുള്ള തീരുമാന പ്രകാരം അദ്ദേഹം മുസ്ലിംകളുടെ മൂന്നാം ഖലീഫയായി സ്ഥാനമേററു. ഹിജ്റ: 35 ദുൽ ഹജ്ജ് മാസം തൻെറ തൊണ്ണൂറാം വയസ്സിൽ അദ്ദേഹം രക്തസാക്ഷിയാകുന്നത് വരെ തൽസ്ഥാനത്ത് അദ്ദേഹം തുടർന്നു.

ഹിജ്റ: 26 ദുൽഹജ്ജ് മുതൽ 35 വരെ നീണ്ട പത്ത് വർഷമായിരുന്നു അദ്ദേഹത്തിൻെറ ഭരണകാലം.

## അലിയ്യു ബ്നു അബീത്വാലിബ് (റ)

അബുൽ ഹസൻ അലിയ്യു ബ്നു അബീത്വാലിബ് എന്നാണ് അദ്ദേഹത്തിൻെറ മുഴുവൻ പേര്. അബൂത്വാലിബി





ൻെറ പേരാകട്ടെ അബ്ദുമനാഫ് ബ്നു അബ്ദുൽ മുത്വലിബ് എന്നുമാണ്. അദ്ദേഹമാണ് കുട്ടികളിൽ നിന്നും ആദ്യമായി ഇസ്ലാം വിശ്വസിച്ച വ്യക്തി. നബി (സ) അദ്ദേഹത്തെയായിരുന്നു ഖൈബർ യുദ്ധ ദിവസം യുദ്ധ പതാക ഏൽപ്പിച്ചത്; അദ്ദേഹത്തിൻെറ കൈകളാൽ ആ യുദ്ധത്തോടെ മുസ്ലിംകൾ ഖൈബർ ജയിച്ചടക്കുകയും ചെയ് തു.

ഉഥ്മാൻ(റ) വിൻെറ രക്തസാക്ഷിത്വത്തിനു ശേഷം അദ്ദേഹം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു ഹിജ്റ: 40 ൽ തൻെറ 63ാം വയസ്സിൽ അദ്ദേഹവും രക്തസാക്ഷിയായി ഈ ലോകത്ത് നിന്നും യാത്രയായി.

അദ്ദേഹത്തിൻെറ ഭരണകാലം ഹിജ്റ: 35 ദുൽഹജ്ജ് 19 മുതൽ 40 റമദാൻ 19 വരെയുള്ള നാല് വർഷവും ഒമ്പത് മാസവുമാണ്.

ഇവരെ സംബന്ധിച്ചാണ് നബി(സ) ഖുലഫാഉർറാഷിദൂൻ (സച്ചരിതരായ ഭരണകർത്താക്കൾ) എന്ന് പറഞ്ഞിട്ടുള്ളതും:

മേൽ പറയപ്പെട്ട നാല് ഖുലഫാഉർറാഷിദുകളുടെ ഭരണകാലം 29 വർഷം 6 മാസം 4 ദിവസമാണ്.

അതിനു ശേഷം ഹസനു ബ്നു അലി(റ)നെ തൻെറ പിതാവ് അലി(റ)വിൻെറ മരണശേഷം ഖലീഫയായി ബൈഅത്ത് ചെയ്തുവെങ്കിലും ഹിജ്റ: 41 റബീഉൽ അവ്വലിൽ അദ്ദേഹം തൻെറ അധികാരം മുആവിയ(റ)വിനെ ഏൽപ്പിക്കുകയാണുണ്ടായത്. അതിലൂടെ നബി(സ) പറഞ്ഞ ''എൻെറ കാലശേഷം ഖിലാഫത്ത് മുപ്പത് വർഷമായിരിക്കും'' (അബൂദാവൂദ്, തുർമുദി) ഈ ഹദീസിനെ സംബന്ധിച്ച് നാസ്വിറുദ്ദീൻ അൽബാനി(റ) ഹസൻ (നല്ലത്) ആണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നതും താഴെ പറ

യുന്ന ഹദീസിലൂടെ വ്യക്തമാക്കിയ മറെറാരു പ്രവചന വും പുലരുന്നതായി നമുക്ക് കാണാം:

''എൻെറ ഈ മകൻ ഒരു നേതാവായിത്തീരും, അവനെ ക്കൊണ്ട് മുസ്ലിംകൾക്കിടയിലെ വലിയ രണ്ട് വിഭാഗങ്ങ ൾക്കിടയിൽ അല്ലാഹു രഞ്ജിപ്പുണ്ടാക്കും'' (ബുഖാരി).

## സ്വർഗ്ഗം കൊണ്ട് സന്തോഷമറിയിക്കപ്പെട്ടവർ

സ്വർഗ്ഗാവകാശിയെന്ന് നിർണ്ണയിക്കപ്പെട്ടവർ ധാരാളമുണ്ട്. അവരിൽ പെട്ടവരാണ് അശ്റത്തുൽ മുബശ്ശിറൂൻ (സ്വർഗ്ഗം കൊണ്ട് സന്തോഷമറിയിക്കപ്പെട്ട പത്ത് പേർ). അവരെ എല്ലാവരേയും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവാച കൻ (സ) പറഞ്ഞതായ ഹദീസ് പ്രസിദ്ധമാണ്:

''അബൂബക്കർ സ്വർഗ്ഗത്തിലാണ്, ഉമറും സ്വർഗ്ഗത്തിലാണ്, ഉഥ്മാനും സ്വർഗ്ഗത്തിലാണ്, അലിയ്യും സ്വർഗ്ഗത്തിലാണ്, ത്വൽഹയും സ്വർഗ്ഗത്തിലാണ്, സുബൈറും സ്വർഗ്ഗത്തി ലാണ്, അബ്ദുർ റഹ്മാനുബ്നു ഔഫും സ്വർഗ്ഗത്തിലാ ണ്, സഅദ് ബ്നു അബീവഖാസ്വും സ്വർഗ്ഗത്തിലാണ്, സഈദ്ബ്നു സൈദും സ്വർഗ്ഗത്തിലാണ്'' (തുർമുദി. നാസ്വിറുദ്ദീനുൽ അൽബാനി ഇത് സ്വഹീ ഹായ ഹദീസാ ണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്)
ഇവരിൽ ഖുലഫാഉർ റാഷിദുകളായ നാലുപേരുടെ വിവ രണം കഴിഞ്ഞുപോയതാണ്. അത് ആവർത്തിക്കുന്നില്ല. ബാക്കിയുള്ള വരുടെ ഹ്രസ്വമായ വിവരണം താഴെ ചേർ ക്കുന്നു.





### ത്വൽഹ: (റ)

ഇദ്ദേഹം ബനീതമുബ്നു മുർറ: ഗോത്രക്കാരനാണ്. പി താവിൻെറ പേർ അബ്ദുല്ല എന്നുമാണ്. ആദ്യമായി ഇസ് ലാം സ്വീകരിച്ച എട്ടുപേരിൽ ഒരാളാണ് ഇദ്ദേഹം. ഹിജ്റ: 36ാം കൊല്ലം ജമൽ യുദ്ധത്തിൽ വെച്ച് തൻെറ 64ാം വയ സ്സിൽ കൊല്ലപ്പെടുകയുണ്ടായി.

### സുബൈറു ബ്നുൽ അവ്വാം (റ):

നബി(സ)യുടെ അമ്മായിയുടെ പുത്രനായ ഇദ്ദേഹം ബ നൂ ഖുസ്സ്ബ്നു കിലാബ് ഗോത്രക്കാരനാണ്. അലി(റ) വി നോടൊപ്പം യുദ്ധം ചെയ്യുന്നതിൽ നിന്നും പിന്തിരിഞ്ഞു പോരുന്നതിനിടയിൽ ഇബ്നു ജർമൂസ് അദ്ദേഹത്തെ ക ണ്ടുമുട്ടുകയും കൊലപ്പെടുത്തുകയുമാണുണ്ടായത്. അത് ഹിജ്റ 33ാം കൊല്ലമായിരുന്നു; അന്ന് അദ്ദേഹത്തിന് 67 വ യസ്സായിരുന്നു പ്രായം.

### അബ്ദുർറഹ്മാനുബ്നു ഔഫ് (റ)

ബനൂ സുഹ്റ ഗോത്രക്കാരനായ ഇദ്ദേഹം ഹിജ്റ: 32ാം കൊല്ലം തൻെറ 72ാം വയസ്സിൽ മരണപ്പെടുകയുണ്ടായി; ബഖീഇൽ ആണ് ഇദ്ദേഹത്തെ ഖബറടക്കിയിട്ടുള്ളത്.

### സഅദ് ബ്നുഅബീവഖാസ്(റ):

ഇദ്ദേഹം ബനൂ അബ്ദു മനാഫ് ബ്നുസുഹ്റ ഗോത്രത്തി ൽ പെട്ട മാലികിൻെറ പുത്രനാണ്. അല്ലാഹുവിൻെറ മാർ ഗ്ഗത്തിൽ ഒന്നാമതായി കുന്തം പ്രയോഗിച്ച വ്യക്തിയാണ് അദ്ദേഹം. മദീനയിൽനിന്നും പത്ത് മൈൽ അകലെയുള്ള ബുഖൈഖിലുള്ള തൻെറ കോട്ടയിൽ വെച്ചാണ് അദ്ദേഹം മരണപ്പെട്ടത്. ബുഖൈഖിൽ തന്നെ ഖബറടക്കപ്പെടുക

യും ചെയ്തു. ഹിജ്റ: 55 ൽ ആയിരുന്നു അത്. അന്ന് അദ്ദേഹത്തിന് 82 വയസ്സായിരുന്നു പ്രായം.

## അബൂ ഉബൈദത്തുൽ ജർറാഹ്(റ):

ഫിഹ്ർ ഗോത്രക്കാരനായ അദ്ദേഹത്തിൻെറ യഥാർത്ഥ പേര് ആമിറുബ്നു അബ്ദുള്ള എന്നാണ്. ഇസ്ലാമിലേക്ക് ആദ്യഘട്ടത്തിൽ തന്നെ കടന്നുവന്ന വ്യക്തികളിൽ ഒരാളാണ് ഇദ്ദേഹം. ഹിജ്റ: 18 ൽ തൻെറ 58ാം വയസ്സിൽ ജോർഡാനിൽ വെച്ചായിരുന്നു ഇദ്ദേഹത്തിൻെറ മരണം.

സ്വർഗ്ഗാവകാശികളാണ് എന്ന് പ്രവാചകൻ(സ) സാക്ഷ്യം വഹിച്ചവരിൽ പെട്ടവരാണ് ഹസൻ, ഹുസൈൻ, ഥാബിത് ബിൻ ഖൈസ് (റ) എന്നിവർ. ഇക്കാര്യം താഴെ പറയുന്ന ഹദീസുകളിൽ നിന്നും വ്യക്തമാകുന്നതാണ്.
''ഹസനും ഹുസൈനും സ്വർഗ്ഗത്തിലെ യുവാക്കളുടെ നേതാക്കളായിരിക്കും'' (തുർമുദി)
ഥാബിത് ബിൻ ഖൈസ്(റ) വിനെ സംബന്ധിച്ച് നബി(സ) പറഞ്ഞത് കാണുക: ''തീർച്ചയായും താങ്കൾ നരകാവകാശിയല്ല, എന്നാൽ നിങ്ങൾ സ്വർഗ്ഗാവകാശികളിൽ പെട്ട ആളാകുന്നു'' (ബുഖാരി).

## ഹസൻ(റ):

ഇദ്ദേഹം നബി(സ)യുടെ പൗത്രനാണ്. റൈഹാനത്തുർറസൂൽ (നബിയുടെ സുഗന്ധം) എന്ന് ഇദ്ദേഹത്തെ സംബന്ധിച്ച് ഹദീസിൽ വന്നിട്ടുണ്ട്. അമീറുൽ മുഅ്മിനീൻ അലി(റ) വിൻെറ മകൻ അമീറുൽ മുഅ്മിനീൻ ഹസൻ (റ) ഹിജ്റ: 3 റമദാൻ 15 ന് ജനിച്ച ഇദ്ദേഹത്തിൻെറ മരണം ഹിജ്റ: 50 റബീഉൽ അവ്വലിൽ മദീനയിൽ വെച്ചായിരുന്നു. ബഖീഇൽ ആണ് അദ്ദേഹത്തെ ഖബറടക്കപ്പെട്ടിട്ടുള്ളത്.





## ഹുസൈൻ(റ):

നബിയുടെ പൗത്രരിൽ പെട്ട ഇദ്ദേഹവും നബി(സ)യുടെ സുഗന്ധം എന്ന പേരിൽ അറിയപ്പെടുന്നു. അമീറുൽ മുഅ്മിനീൻ അലി(റ) വാണ് ഇദ്ദേഹത്തിൻേറയും പിതാവ്. ഹിജ്റ: നാല് ശഅ്ബാനിൽ ജനിച്ച ഇദ്ദേഹം ഹിജ്റ: 61 മുഹർറം 10 ന് കർബലായിൽ വെച്ച് രക്തസാക്ഷിയായി.

## ഥാബിത് ബിൻ ഖൈസ്(റ):

ഖസ്റജ് ഗോത്രക്കാരനായ ഇദ്ദേഹത്തിൻെറ മുഴുവൻ പേര്: ഥാബിത് ബ്നുൽ ഖൈസ് ശമ്മാസുൽ അൻസാരി എന്നാണ്. അൻസ്വാറുകളിലെ പ്രസംഗകൻ കൂടിയായിരുന്ന ഇദ്ദേഹം ഹിജ്റ 11 ൻെറ അവസാനം യമാമ: യുദ്ധത്തിൽ വെച്ച് രക്തസാക്ഷിയായി വധിക്കപ്പെടുകയാണുണ്ടായത്. ഹിജ്റ: 12 ൻെറ ആദ്യത്തിലെന്നും അഭിപ്രായമുണ്ട്.

## പ്രവാചകനോടുള്ള ബാധ്യതകൾ

ഒരാൾ മുസ്ലിമായിത്തീരുന്നത് അല്ലാഹുവല്ലാതെ മററൊരു ആരാധ്യനുമില്ലെന്ന് മനസ്സാ വാചാ കർമ്മണാ പ്രഖ്യാപിക്കുന്നതോടൊപ്പം മുഹമ്മദ് നബി(സ) അല്ലാഹുവിൻെറ ദൂതനാണ് എന്നു കൂടി പ്രഖ്യാപിക്കുമ്പോൾ മാത്രമാണ്. അതുകൊണ്ട് തന്നെ ചുണ്ടുകൾകൊണ്ടുള്ള ഉരുവിടൽ മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അതിന് അനേകം ഘടകങ്ങളുണ്ട്. അവയിൽ ചിലത് താഴെ ചേർക്കുന്നു.

1. അദ്ദേഹം അല്ലാഹുവിൽ നിന്നുള്ള ദൂതനാണെന്ന് വിശ്വസിക്കൽ.
2 അദ്ദേഹം അറിയിച്ച കാര്യങ്ങൾ മുഴുവനും സത്യമാണ് എന്ന് അംഗീകരിക്കൽ.
3 അദ്ദേഹം കൽപ്പിച്ച കാര്യങ്ങൾ അനുസരിക്കൽ.
4 അദ്ദേഹം വിരോധിച്ച കാര്യങ്ങൾ കയ്യൊഴിക്കൽ.
5 അദ്ദേഹം കാണിച്ചു തന്ന രൂപത്തിൽ അല്ലാഹുവിനെ ആരാധിക്കൽ.
6 നമ്മുടെ സ്വന്തം ശരീരത്തേക്കാൾ അദ്ദേഹത്തെ സ്നേഹിക്കൽ.
7 അദ്ദേഹത്തിൻെറ പേര് കേൾക്കുമ്പോൾ സ്വലാത്ത് ചൊല്ലൽ (അദ്ദേഹത്തിന് നന്മക്കും രക്ഷക്കും വേണ്ടി പ്രാർത്ഥിക്കൽ).





8 അദ്ദേഹം അവസാനത്തെ പ്രവാചകനാണ്; ഇനി ഒരു പ്രവാചകൻ വരാനില്ലെന്ന് വിശ്വസിക്കൽ.
9 അദ്ദേഹം മുഴുവൻ ജനങ്ങളിലേക്കുമുള്ള പ്രവാചകനാണ് എന്ന് അംഗീകരിക്കൽ.
10 അദ്ദേഹത്തിന് പരലോകത്ത് ലഭിക്കാനിരിക്കുന്ന വസീല, ഫദീല എന്നീ സ്ഥാനങ്ങൾ ലഭിക്കാൻ പ്രാർത്ഥിക്കൽ.

അല്ലാഹുവേ, മുഹമ്മദ് നബിയിലും കുടുംബത്തിനും അദ്ദേഹത്തിൻെറ കാൽപ്പാടുകൾ പിന്തുടർന്ന് ജീവിക്കുന്ന മുഴുവൻ ജനങ്ങളിലും നിൻെറ കരുണാ കടാക്ഷങ്ങൾ ചൊരിയേണമേ. പ്രവാചകനോടും അവിടുത്തെ സഖാക്കളോടുമൊപ്പം നിൻെറ സ്വർഗ്ഗത്തിൽ ഞങ്ങളേയും ഞങ്ങളുടെ കുടുംബത്തേയും പ്രവേശിപ്പിക്കേണമേ (ആമീൻ)

وصلّى الله وسلّم على خير خلقه نبينا محمد وآله وسلم

# ഉള്ളടക്കം


| | വിഷയം | പേജ് |
|---|---|---|
| 1 | ആമുഖം | 4 |
| 2 | കുടുംബവും പിതാമഹൻമാരും | 6 |
| 3 | ജനനം | 7 |
| 4 | ശൈശവം | 8 |
| 5 | മാതാവിൻെറ വിയോഗം | 10 |
| 6 | പിതൃവ്യൻെറ ലാളനയിൽ | 11 |
| 7 | ക്രിസ്തീയ പാതിരിയുമായുള്ള കൂടിക്കാഴ്ച | 12 |
| 8 | വ്യാപാര രംഗത്തേക്ക് | 13 |
| 9 | വിവാഹം | 14 |
| 10 | അൽ അമീൻ | 15 |
| 11 | തർക്കം പരിഹരിക്കുന്നു | 17 |
| 12 | പ്രവാചകത്വത്തിൻെറ തുടക്കം | 19 |
| 13 | പ്രബോധനത്തിൻെറ തുടക്കം | 22 |
| 14 | പരസ്യ പ്രബോധനം | 23 |
| 15 | സാഹിത്യകാരന്മാർ മുട്ടുമടക്കുന്നു | 28 |
| 16 | ഒന്നാം ഹിജ്റ | 29 |
| 17 | ഹിജ്റയും ഖുറൈശികളുടെ കുതന്ത്രവും | 31 |
| 18 | അബൂ ത്വാലിബിൻെറ മുന്നിൽ | 35 |
| 19 | ഹംസ (റ) ഇസ്ലാം മതാശ്ലേഷണം | 37 |
| 20 | ഉമറും ഇസ്ലാമിലേക്ക് | 38 |
| 21 | ഉത്ബത്തിൻെറ ഭരണ വാഗ്ദാനം | 41 |
| 22 | ബഹിഷ്കരണം | 43 |
| 23 | ദു:ഖ വർഷം | 45 |
| 24 | അബൂത്വാലിബിൻെറ വേർപാട് | 46 |







| | വിഷയം | പേജ് |
|---|---|---|
| 25 | ഖദീജ(റ)യുടെ വഫാത് | 47 |
| 26 | ഇസ്റാഉം മിഅ്റാജും | 50 |
| 27 | ഒന്നാം അഖബ ഉടമ്പടി | 55 |
| 28 | രണ്ടാം അഖബ ഉടമ്പടി | 56 |
| 29 | ഹിജ്റയുടെ തുടക്കം | 58 |
| 30 | മുശ്രികുകളുടെ ഗൂഢാലോചന | 60 |
| 31 | പ്രവാചകൻ (സ)യുടെ ഹിജ്റ | 62 |
| 32 | ഥൗർ ഗുഹയിൽ | 65 |
| 33 | യാത്രയിലെ അനുഭവങ്ങൾ | 66 |
| 34 | യഥ്രിബിലേക്കുള്ള വരവേൽപ്പ് | 69 |
| 35 | മുഹാജിറുകളും അൻസ്വാറുകളും | 71 |
| 36 | ജൂതന്മാരുമായുള്ള കരാർ | 72 |
| 37 | ബദർ യുദ്ധം | 73 |
| 38 | ഉഹ്ദ് യുദ്ധം | 79 |
| 39 | റജീഅ്,ബിഅ്ർ മഊന സംഭവങ്ങൾ | 87 |
| 40 | ബനൂ മുസ്തലഖ് യുദ്ധം | 90 |
| 41 | ഹദീസുൽ ഇഫ്ക് (അപവാദാരോപണം) | 91 |
| 42 | ഖൻദഖ് (അഹ്സാബ്) യുദ്ധം | 93 |
| 43 | അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ | 99 |
| 44 | ഹുദൈബിയാ സന്ധി | 102 |
| 45 | ഹുദൈബിയയിലെ നേട്ടങ്ങൾ | 108 |
| 46 | രാജാക്കന്മാരിലേക്കുള്ള പ്രബോധനം | 110 |
| 47 | ഖൈബർ യുദ്ധം | 112 |
| 48 | ഉംറ നിർവ്വഹണം | 116 |
| 49 | മുഅ്തത്ത് യുദ്ധം | 117 |
| 50 | മക്കാ വിജയം | 119 |

| | വിഷയം | പേജ് |
|---|---|---|
| 51 | ഹുനൈൻ യുദ്ധം | 129 |
| 52 | തബൂക്ക് യുദ്ധം | 133 |
| 53 | അബൂബക്കർ (റ) നേതൃത്വത്തിൽ ഹജ്ജ് | 139 |
| 54 | ഹജ്ജത്തുൽ വദാഅ് | 141 |
| 55 | വിടവാങ്ങൽ പ്രസംഗം | 144 |
| 56 | പ്രവാചകൻ (സ)യുടെ വിയോഗം | 149 |
| 57 | മയ്യത്ത് സംസ്കരണം | 157 |
| 58 | പ്രവാചക പത്നിമാർ (ഉമ്മഹാതുൽ മുഅ്മിനീൻ) | 160 |
| 59 | പ്രവാചക സന്തതികൾ | 165 |
| 60 | ഖുലഫാഉർറാഷിദൂൻ | 167 |
| 61 | സ്വർഗ്ഗം കൊണ്ട് സന്തോഷ മറിയിക്കപ്പെട്ടവർ | 171 |
| 62 | പ്രവാചകനോടുള്ള ബാധ്യതകൾ | 175 |